# പാപ്പിനിശ്ശേരിഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

നവമ്പർ '96



അധികാരം ജനങ്ങളിലേക്ക്

141-5

3

# പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

# വികസന റിപ്പോർട്ട് - 96

★

6-11-96ന് ചേർന്ന പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച്
പ്രസിദ്ധീകരിക്കുന്നത്

# പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതി

## 1996-2000

1 എൻ. ഉണ്ണിക്കണ്ണൻ മാസ്റ്റർ (പ്രസിഡണ്ട്)

2 പട്ടേരി രവീന്ദ്രൻ (വൈസ് പ്രസിഡണ്ട്)

3 വി. വി. കണ്ണൻ (സ്റ്റാൻറിങ്ങ് കമ്മററി ചെയർമാൻ)

4 പി. സുശീല

5 കെ. വി. നളിനി

6 പി. എം. ഹംസ

7 വി. മോഹനൻ

8 കെ. ശാന്ത

9 ഉത്തൻ നാരായണി

10 സി. കെ. ഇബ്രാഹിം

11 എം. പി. കുഞ്ഞിമുഹമ്മദ്

12 കെ. കെ. ഇബത്തുള്ള

## വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന്

## നേതൃത്വം നൽകിയവർ

എൻ.ഉണ്ണിക്കണ്ണൻ മാസ്റ്റർ
പി.പി ബാലകൃഷ്ണൻ മാസ്റ്റർ
എ.വി അജയകുമാർ
കെ.പി വത്സലൻ
എൻ.പി എഴിൽരാജ്
പി.കെ. ലക്ഷ്മണൻ മാസ്റ്റർ
പി.എം. ഗോവിന്ദൻ മാസ്റ്റർ
പി.പി. ഗോപാലകൃഷ്ണൻ
ഇ. തിലകൻ
അബ്ദുൾ ഗഫൂർ
ഡോ: മോഹനൻ
എ.വി. നാരായണൻ
കെ.വി. അശോകൻ
സി. രാജൻ
പി. രവീന്ദ്രൻ
വി. മോഹനൻ
പോള രവീന്ദ്രൻ
കെ.വി. രമേശൻ
ഇ. ബാലചന്ദ്രൻ
കെ. സുരേന്ദ്രൻ
കെ. രമേശൻ
പി.പി. ലത
പി. സുശീല

## വിഷയ വിവരം

ആമുഖം

ചരിത്രം

ഭൂപ്രകൃതി-ജനപ്രകൃതി

സാമൂഹ്യ–സാമ്പത്തിക മേഖലകൾ

കൃഷി–ജലസേചനം

മൃഗസംരക്ഷണം, മത്സ്യബന്ധനം

സാമൂഹ്യക്ഷേമം, വ്യവസായം

വിദ്യാഭ്യാസം

കുടിവെള്ളം പൊതുജനാരോഗ്യം

പരിസര ശുചിത്വം

ഗതാഗതം, ഊർജ്ജം ,മാർക്കറ്റ്

പാർപ്പിടം

സംസ്ക്കാരം

വനിതാക്ഷേമം

സഹകരണം

പട്ടികജാതി പട്ടികവർഗക്ഷേമം

വിഭവസമാഹരണം

—O—

# പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്



# ആമുഖം

സമ്പന്ന ഭാരതം പഞ്ചവത്സര പദ്ധതികളിലൂടെ എന്ന മുദ്രാവാക്യവുമായുള്ള പ്രയാണം എട്ടാമത് പദ്ധതിയുടെ അവസാന ഘട്ടത്തിലെത്തിയിരിക്കുന്നു. ആസൂത്രിത വികസനത്തിന്റെ കാലഘട്ടമായിരുന്നു ഇത് എങ്കിലും ജനപങ്കാളിത്തത്തിന്റേയും ലക്ഷ്യബോധത്തിന്റെയും അഭാവം കേവലം ഔദ്യോഗിക പരിപാടികളായി മാറുകയാണുണ്ടായത്. അമിതമായ അധികാര കേന്ദ്രീകരണവും ഭരണ സംവിധാനത്തിന്റെ മേൽക്കോയ്മയും കൂടിയായപ്പോൾ ജനാഭിലാഷങ്ങളും താല്പര്യങ്ങളും മാനിക്കപ്പെടാതായി. അശാസ്ത്രീയമായ മുൻഗണനാക്രമവും പ്രവർത്തനവും ഈ പദ്ധതികളെ വൃഥാവിലാക്കി. പൂർവ്വാനുഭവങ്ങളിലെ പാളിച്ചകൾ പുതിയൊരദ്ധ്യായത്തിന് വഴി തുറന്നിരിക്കയാണ്.

പുതിയ ഭരണഘടനാ ഭേദഗതികൾ (73,74) കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധികാരത്തിലും ഘടനയിലും വൻ മാററങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കേവലം മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതിൽ നിന്ന് (രാഷ്ട്ര) ഭരണക്രമത്തിന്റെ അനിവാര്യവും അവിഭാജ്യവുമായ ഘടകങ്ങളായി മാറിയിരിക്കുന്നു പഞ്ചായത്തുകൾ. കൃത്യസമയത്ത് തെരഞ്ഞെടുക്കപ്പെടുന്ന പ്രാതിനിധ്യ സ്വഭാവമുള്ള പഞ്ചായത്ത് ഭരണസമിതികൾ, വോട്ടർമാരുടെ പ്രത്യക്ഷ പങ്കാളിത്തമുള്ള ഗ്രാമസഭകൾ തുടങ്ങിയവ ഈ ഭരണഘടനാ ഭേദഗതിമൂലം ഉണ്ടായതാണ്. ഇങ്ങനെയുള്ള പഞ്ചായത്തിലാണ് അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കാനുദ്ദേശിച്ചു കൊണ്ടുള്ള ജനകീയാസൂത്രണ പ്രസ്ഥാനം രൂപം കൊള്ളുന്നത്. യഥാർത്ഥ ഉപഭോക്താവിന്റെ ആവശ്യങ്ങൾ നിറവേററപ്പെടാത്ത ഒരവസ്ഥയുടെ അന്ത്യമാണ് ഈ പുതിയ തിരിച്ചറിവിന്റെ ഫലം. ഒൻപതാം പദ്ധതിയുടെ പ്രസക്തിയും അതാണ്. പ്രാദേശികമായി ബഹുജന പ്രവർത്തകരും, വിദഗ്ദരും, ഉദ്യോഗസ്ഥരും ചേർന്ന് കൊണ്ട് അവിടുത്തെ സാധ്യതകളും ഉൽപ്പന്നങ്ങളുടേയും വെളിച്ചത്തിൽ രൂപപ്പെടുത്തുന്ന പദ്ധതികൾ. ഒൻപതാം പദ്ധതിയുടെ 30/40 ശതമാനം പഞ്ചായത്തുകളിലൂടെയാണ് വിനിയോഗിക്കാൻ പോകുന്നത്. ഗതകാല പാരമ്പര്യ രീതിയിയിൽ നിന്നുള്ള അനിവാര്യമാററം ജനകീയാസൂത്രണ പ്രസ്ഥാനം പോലുള്ള ഒരു ജനകീയ മുന്നേററത്തിന് മാത്രം ഉണ്ടാക്കാൻ കഴിയുന്ന ഒന്നാണ്.

അധികാര വികേന്ദ്രീകരണത്തിന്റെ വെളിച്ചത്തിൽ ജനങ്ങൾ ജനങ്ങൾക്കുവേണ്ടി ഒരാസൂത്രണം നടത്തുന്നതിന്റെ ഉത്സാഹ ചിത്രമായിരുന്നു നമ്മുടെ ഗ്രാമസഭകളിൽ നാം കണ്ടത്. സപ്തംബർ ആദ്യവാരം മുതൽ ഒക്ടോബർ 2 വരെയുള്ള ഞായറാഴ്ചകളും പൊതു അവധിദിവസങ്ങളും ഗ്രാമസഭകൾക്കു വേണ്ടി വിനിയോഗിച്ചു. നമ്മുടെ ആവശ്യങ്ങളും അതിനുള്ള സാധ്യതകളും നിരത്തിവെച്ച് കൊണ്ട് പ്രാദേശിക തലത്തിൽ തന്നെയുള്ള ഉൽപ്പന്നങ്ങളുടേയും വിഭവങ്ങളുടേയും ഒരു പട്ടിക നിരത്തിവെച്ച ഗ്രാമസഭയുടെ ഊർജ്ജം ഈ പദ്ധതിയുടെ ജനകീയത മാത്രമല്ല പ്രായോഗികത പോലും വിളിച്ചറിയിക്കുകയാണ്.

പന്ത്രണ്ടു വിഷയങ്ങൾ പ്രത്യേക ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ പ്രശ്നത്തേയും അതിന്റെ സാധ്യതകളേയും ആഴത്തിൽ പഠിച്ച് ജനകീയ തലത്തിൽ തന്നെ റിപ്പോർട്ടുകൾ രൂപപ്പെടുത്തുകയാണ് ചെയ്തത്. ഗ്രാമസഭകൾക്ക് പുറമേ പഞ്ചായത്തിലേയും അതിനടുത്ത പ്രദേശത്തിലേയും ജനകീയ ബഹുജന പ്രസ്ഥാന പ്രവർത്തകർ, തല മുതിർന്ന കാരണവൻമാർ, ഗവേഷകർ, കലാസമിതി/ഗ്രന്ഥശാല,സുവനീറുകൾ എന്നിവിടങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങളും ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ഏറെ സഹായകരമായിരുന്നു. പ്രാദേശിക ഭരണ സ്ഥാപനങ്ങളിലെ സ്ഥിതി വിവര കണക്കുകൾ ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ ഇവയൊക്കെ ചേർന്ന റിപ്പോർട്ടാണ് നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

കടന്നുപോയകാലത്തേക്കാളും തീവ്രമായ പുതിയ വെല്ലുവിളികൾ മുന്നിലേക്ക് നോക്കുമ്പോൾ കാണുന്നുണ്ട്. അതിനെ നേരിടാനുള്ള ഒരു സജ്ജമായ പ്രവർത്തനമാണ് ഇനി നാം കാഴ്ചവെക്കേണ്ടത്.

## പാപ്പിനിശ്ശേരി പഞ്ചായത്ത്-പൊതുവിവരങ്ങൾ

| | | | |
|---|---|---|---|
| 1 | പഞ്ചായത്തിന്റെ പേര് | : | പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് |
| 2 | അതിലുൾപ്പെടുന്ന റവന്യു വില്ലേജുകളുടെപേര് | : | പാപ്പിനിശ്ശേരി |
| 3 | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | പാപ്പിനിശ്ശേരി |
| 4 | ബ്ലോക്ക് പഞ്ചായത്ത് | : | തളിപ്പറമ്പ് |
| 5 | താലൂക്ക് | : | കണ്ണൂർ |
| 6 | ജില്ല | : | കണ്ണൂർ |
| 7 | അസംബ്ലിമണ്ഡലം | : | അഴീക്കോട് |
| 8 | വിസ്തീർണ്ണം | : | 5.75 ചതുരശ്രമൈൽ |
| 9 | ജനസംഖ്യ | : | 30754 (1991 സെൻസസ്സ്) |
| | പുരുഷൻ | : | 15186 |
| | സ്ത്രീ | : | 15568 |
| 10 | വാർഡുകളുടെ എണ്ണം | : | 12 |
| 11 | പ്രസിഡണ്ടിന്റെ പേര് | : | എൻ.ഉണ്ണിക്കണ്ണൻമാസ്ററർ |
| 12 | വൈസ് പ്രസിഡണ്ടിന്റെ പേര് | : | പട്ടേരി രവീന്ദ്രൻ |

## ഭരണ ചരിത്രം

1937- 38വരെ: നോമിനേററഡ് പ്രസിഡണ്ട് : ശ്രീ. കുഞ്ഞികൃഷ്ണൻ നമ്പ്യാർ
കൈപൊക്കി വോട്ട് ചെയ്തതിലൂടെ ശ്രീ എം. കെ. പി. ഉസ്സൻ കുട്ടി ഹാജി

| | | |
|---|---|---|
| 1954-63 | പ്രസിഡണ്ട് | ശ്രീ. പി. കെ. ഗോപാലൻ. |
| 1963-79 | ,, | ശ്രീ, എം. വി. രാഘവൻ. |
| 1979-84 | ,, | ശ്രീ. പി. എം. ഗോപാലൻ. |
| 1984-88 | ഉദ്യോഗസ്ഥ ഭരണം | |
| 1988-95 | പ്രസിഡണ്ട് | ശ്രീ. ഇ പി കുഞ്ഞിരാമൻ. |

## അതിർത്തി

| | | |
|---|---|---|
| കിഴക്ക് | : | വളപട്ടണം പുഴ |
| കിഴക്ക് വടക്ക് | : | ആന്തൂർപഞ്ചായത്ത് |
| വടക്ക് | : | കല്യാശ്ശേരിപഞ്ചായത്ത് |
| പടിഞ്ഞാറ് | : | വളപട്ടണം പുഴ |
| തെക്ക് | : | വളപട്ടണംപുഴ |

## പഞ്ചായത്തതിർത്തിയിലെ സർക്കാർ ഓഫീസുകൾ,..സ്ഥാപനങ്ങൾ etc

[a] കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ
- റെയിൽവെ സ്റേറഷൻ
- തപ്പാലാപ്പീസ്

(b) സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ
- കൃഷിഭവൻ
- വില്ലേജ് ഓഫീസ്
- പി.എച്ച്.ഡി
- മൃഗാശുപത്രി
- ആയുർവേദ ഡിസ്പെൻസറി
- ഇ.എസ്.ഐ
- ഇ.എസ്.ഐ ഡിസ്പെൻസറി
- വില്ലേജ് എക്സ്ററൻഷൻ ഓഫീസ്
- വിദ്യാഭ്യാസഓഫീസ്[എ.ഇ.ഒ)
- എക്സൈസ് റേഞ്ച്ഓഫീസ്
- കുടുംബക്ഷേമകേന്ദ്രം

(c) ബോർഡ് സ്ഥാപനങ്ങൾ
- ഇലക്ട്രിക്കൽ മേജർ സെക്ഷൻ (KSEB)
- കേരള ഖാദി വില്ലേജ് ഇൻഡസ്ട്രീസ്
- കേരള ക്ലേസ് & സിറാമിക്സ്

(d) ധനകാര്യസ്ഥാപനങ്ങൾ
- സഹകരണ ബാങ്കുകൾ
- ദേശസാൽകൃത ബാങ്കുകൾ

## പൂർവ്വാനുഭവങ്ങളിലൂടെ ...........

സവർണ്ണ നാടുവാഴിത്തത്തിന്റെയും സൂര്യനസ്തമിക്കാത്ത സാമ്രാജ്യ വാദികളുടെയും ജന്മി-മാടമ്പിമാരുടേയും കീഴിലുള്ള ഒരു പ്രദേശമായിരുന്ന ഈ നൂററാണ്ടിന് തൊട്ടുമുമ്പും ആദ്യകാല ഘട്ടത്തിലേയും പാപ്പിനിശ്ശേരി എങ്കിലും തനിമയാർന്ന ഒരു സാംസ്കാരിക പാരമ്പര്യം ഇവിടുത്തെ മണ്ണിനുണ്ട്. അപൂർവ്വം ചില ഭരണ സാരഥികളെ മാററി നിർത്തിയാൽ തികഞ്ഞ ഒരു കാർഷിക ജനതയായിരുന്നു ഇവിടുണ്ടായിരുന്നത് കോലത്തിരി രാജവംശത്തിന്റെ നെല്ലറയായിരുന്ന കോലത്തുവയലിന്റെ ഒരു ഭാഗം ഈ പഞ്ചായത്തിലുൾപ്പെടുന്നു. കഴിഞ്ഞ നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അരോളി കൂലോത്ത് പറമ്പിൽ ഉണ്ടായിരുന്ന ഗുരിക്കളുടെ എഴുത്ത് പള്ളിക്കൂടം [1908ൽ ഗുരിക്കൾ സ്മാരക സ്ക്കൂളായി വേളാപുരത്തേക്കു വന്നു. ഇന്ന് ഈ സ്ഥാപനത്തിന്റെ പേര് പാപ്പിനിശ്ശേരി എൽ.പി. സ്ക്കൂൾ എന്നാണ്] വിദ്യാഭ്യാസ പരമായ ഒരടിസ്ഥാന സ്വഭാവം രൂപീകരിക്കുന്നതിന് നിസ്സീമമായ പങ്കുവഹിച്ചു. സവർണ്ണ അവർണ്ണ വ്യത്യാസത്തിലും തീണ്ടൽ, തൊടീൽ ഉണ്ടായിരുന്നെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ പ്രവേശനത്തിന് വേണ്ടി ഒരു പ്രക്ഷോഭമുണ്ടായതായി അറിവില്ല. വേളാപുരം കോളനിക്കടുത്ത് [പോന്തായ] ഒരു ആദിദ്രാവിഡ സ്ക്കൂളും കല്ലൈക്കലിൽ ഒരു മാപ്പിളസ്ക്കൂളും മുമ്പുണ്ടായിരുന്നു, ഈ രണ്ടു സ്ഥാപനങ്ങളും ഇപ്പോൾ നിലവിലില്ല.

ലിഖിത ചരിത്രത്തിൽ സവർണ്ണ മേധാവിത്വത്തിന്റെ ഒരു കറുത്ത കാലഘട്ടം സൂചിപ്പിക്കുന്നുണ്ടെങ്കിലും ക്രൂരതയുടെ മുഖം പാപ്പിനിശ്ശേരിയുടെ ചിത്രത്തിലില്ല. സവർണ്ണ നായർ നമ്പ്യാർ കുടുംബങ്ങളുടെ തണൽപററി നിന്നിരുന്ന തീയ കുടുംബങ്ങളും സാമ്പത്തികമായി അല്പം മുന്നിലായിരുന്നു. തീയരടക്കമുള്ള സമുദായക്കാർ ഹരിജനങ്ങളെ അകററി നിർത്തിയിരുന്നു. നാല്പതടി ദൂരെ എന്ന സാമാന്യ വ്യവസ്ഥ എല്ലാവരും പാലിക്കുകയും ഒരു സംഘർഷത്തിന്റെ അവസ്ഥ ഇല്ലാതിരിക്കാനുള്ള കൊറെറക്കൊടുക്കകൾ പരസ്പരം ആചരിക്കുകയും ചെയ്തിരുന്നു. വണ്ണാത്തിമാററ് ആചരിച്ചവരിൽ തീയരും ഉൾപ്പെടുന്നു. ദേശീയ പ്രസ്ഥാനത്തിലേക്ക് തൊഴിലാളികളുടേയും കർഷകരുടേയും കടന്നുവരവും വ്യാവസായികമായ പാപ്പിനിശ്ശേരിയുടെ ഉന്നമനവുമാണ് തീണ്ടൽ-തൊടീൽ തുടങ്ങിയ അനാചാരങ്ങൾ അവസാനിപ്പിച്ചത്. വ്യവസായി ആയ ശ്രീ. സാമുവൽ ആറോൺ കൃസ്ത്യാനിയായിരുന്നതും അവരുടെ സ്ഥാപനത്തിൽ തൊഴിൽ വില്ക്കുന്നവൻ മാത്രം എന്ന തുറന്ന സമീപനമുണ്ടായതും ജാതീയതയുടെ പിടിയിൽ നിന്ന് പാപ്പിനിശ്ശേരിയെ അകററി നിർത്തിയതിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

ബ്രാഹ്മണരുടെ തൊട്ട് താഴെയുള്ള ഒരു ജാതി സമൂഹമായിരുന്നു പാപ്പിനികൾ മൂഷകവംശം രാജ്യത്തിൽ നിന്ന് അഹിമണൻ എന്ന രാജാവ് പണിത അഹിമണേശ്വരം [ഇന്നത്തെ പാപ്പിനിശ്ശേരി ശിവക്ഷേത്രം] ക്ഷേത്രത്തിനടുത്താണ് ഈ സമൂഹം ജീവിച്ചത്, ഈ ദേശത്തിന് പാപ്പിനിശ്ശേരി എന്ന പേര് വരാൻ കാരണവും ഇതുതന്നെ പാമ്പണിച്ചേരി പാപ്പിനിശ്ശേരിയായി മാറിയതാണ് എന്ന വാദവും നിലവിലുണ്ട്. ചിറക്കൽ കോവിലകത്തെ പ്രധാന ഭരണ കേന്ദ്രമായിരുന്ന അരോളി- ക്രി- പി-7ാം നൂററാണ്ടോട് കൂടി തന്നെ മൂഷിക വംശവും കോലത്തിരി രാജവംശവും തമ്മിൽ ചേർന്ന നിലയിലായിരുന്നുവെന്ന് ചിറക്കൽ ടി. ബാലകൃഷ്ണൻ നായർ അവകാശപ്പെടുന്നുണ്ട് അരോളി = അരയ + ഒളി = അരചന്റെ ഗ്രാമം ആലശുദ്ധി എന്ന സംസ്കൃത സംജ്ഞയുടെ ഭാഷാരൂപം. ഇതിന് തെളിവായ് കോട്ടയുടെ അവശിഷ്ടങ്ങളുള്ള കൊന്തളംപറമ്പ് മുരു ഒട്ടിപ്പിടിച്ച മോറോന്ന് (മുഴുവർ കുന്ന്), കാവൽ മാടമുണ്ടായിരുന്ന കമ്മാടത്ത് മൊട്ട, മൂഷക വംശത്തിലെ വടുക വർമ്മനാൽ നിർമ്മിതമായ അഷ്ടദളത്തോട് കൂടിയ( കേരളത്തിൽ അപൂർവ്വം) വടേശ്വരം അമ്പലം പൊളിഞ്ഞ അമ്പലത്തിന്റെ അവശിഷ്ടമുള്ള പള്ളിക്കുന്ന് പറമ്പ് ഇവ ഈ രാജ ഗ്രാമത്തിന്റെ ബാക്കിപത്രം. അരോളി, പാപ്പിനിശ്ശേരി എന്ന രണ്ട് ദേശങ്ങളുടെ സംഗമം പാപ്പിനിശ്ശേരി പഞ്ചായത്ത്. ഘൃതതടിനി,നെയ്യാറ് എന്നൊക്കെ അറിയുന്ന വളപട്ടണം പുഴ ഈ പഞ്ചായത്തിനെ തൊട്ടൊഴുകുന്നു.

സവർണ്ണഭരണകുടുംബത്തിന്റെ ക്രൂരതക്കു പാത്രമാകുകയും പ്രായശ്ചിത്തത്തിലൂടെ ദൈവികത കൈവരിക്കുകയും ചെയ്ത ഒരു ദേവിയുടെ ചിത്രം പാപ്പിനിശ്ശേരിയുടെ ഐതിഹ്യഭണ്ഡാരത്തിലുണ്ട്. തോട്ടുങ്ങപ്പോതി (തോട്ടിൻകരഭഗവതി). താഴ്ന്ന ജാതിക്കാരിയായ ഒരുസ്ത്രീ കൂടെകൂടെയുള്ള തന്റെ പുത്രവിയോഗത്തിൽ ആശ്വാസം കണ്ടെത്താൻ രാമായണപാരായണം ചെയ്തതിനെ കുററമായി കണ്ടെത്തിയ കോവിലകം ഭരണാധികാരികൾ തലയിൽ നെരിപ്പോട് വെച്ച് തീ കൊടുത്ത് ഓടിക്കുകയും ചുങ്കത്തിനടുത്തുള്ള കാക്കത്തോടിൽ അവർ വീണു മരിക്കുകയും ചെയ്തുവെന്ന് പഴമ. പ്രായശ്ചിത്തമായി അവരെ ദൈവമായി ആരാധിക്കാനും തെയ്യമായി കെട്ടിയാടിക്കാനും ചിറക്കൽ കോവിലകംതന്നെ പാപ്പിനിശ്ശേരി മുല്ലപ്പള്ളി കോക്കുന്നത്ത് നമ്പ്യാർ തറവാട്ടുകാരെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നാട്ടുവാഴ്ചയുടേയും നാടുവാഴ്ചയുടേയും കാലഘട്ടത്തിൽ ഇതുപോലുള്ള പ്രാദേശിക മിത്തുകൾ ഏറെ രൂപപ്പെട്ടിട്ടുണ്ടെങ്കിലും പാപ്പിനിശ്ശേരിയുടെ മൗലികത ഈ സംഭവത്തിൽ ഏകമാനമാണ്. നമ്പൂതിരി, നായർ, നമ്പ്യാർ തറവാടുകൾക്ക് പൊതുവായി അമ്പലങ്ങളും കാവുകളുമുണ്ടായിരുന്നു മററിതര സമുദായക്കാർക്ക് കാവുകളും ഹരിജനങ്ങൾക്ക് തറകളുമുണ്ടായിരുന്നു. എന്നാൽ സവർണ്ണകാവുകളിലെ തെയ്യക്കോലങ്ങളെ തീയരും കെട്ടിയാടിച്ചിരുന്നു. വർണ്ണപരമായ ആ കാലഘട്ടത്തിലെ അത്തരം കാവുകളുടെ നിർമ്മാണത്തിലും അനുഷ്ഠാനത്തിലും കാണാം. അവർണ്ണരുടെ കൂളിത്തറകളിൽ അടിമപ്പണവും കാണിക്കയും വെച്ച് പിൻമാറുന്നതൊഴികെ അനുഷ്ഠാനങ്ങളെ കാത്തുസൂക്ഷിച്ച് പഴമയോടുള്ള ആദരവായി ഇന്നും ഏതാണ്ടതുപോലെതന്നെ അനുഷ്ഠിക്കുന്നുണ്ട് ജാതിയതയുടെ ബാക്കിപത്രമായി ചിലസമുദായക്ഷേത്രങ്ങളിൽ ഇന്നും സമുദായം തിരിഞ്ഞുതന്നെ നടത്തുന്ന ആചാരങ്ങൾ നിലനിർത്തിപ്പോരുന്നത് തുടരണമോ എന്ന ചോദ്യം പ്രസക്തമാണ്.

മതസഹിഷ്ണുതയുടെ ഉത്തമോദാഹരണമാണ് പാപ്പിനിശ്ശേരി. മൂന്നുപെററുമ്മപള്ളി മിത്തുകളുടെ പിൻബലത്തിലും നാമറിയുന്ന നാട്ടുപുരാണത്തിലും മുസ്ലീം മതാനുയായികൾ ഭരണം കൈയ്യാളുന്ന ഈ പള്ളിയിലേക്ക് ചക്കരച്ചോറിനുള്ള അരിയും മററുമെത്തിക്കുന്നത് പാക്കൻ കുടുംബക്കാരാണ്. പാപ്പിനിശ്ശേരിയിലെവിടെ പ്രസവം നടന്നാലും ഒരു മീററർ മല്ല് (വെള്ളത്തുണി) ഖബറിലണിയുന്ന ചടങ്ങ് അപൂർവ്വം ചിലരെങ്കിലും ഇപ്പോഴും ആചരിക്കുന്നുണ്ട്. അനേകം മുസ്ലീം പള്ളികളും ക്രൈസ്തവ ദേവാലയങ്ങളും ഹൈന്ദവ കാവുകളും അടുത്തടുത്ത് നില്ക്കുന്നത് മത സഹിഷ്ണതയുടെ വിശാലത സൂചിപ്പിക്കുന്ന പാപ്പിനിശ്ശേരിയുടെ ഹൃദയ നൈർമ്മല്യതയെയാണ്. ബാസൽ മിഷന്റെ നൂറാം വാർഷിക സ്മാരകമായി പണിത സി.എസ്.ഐ പള്ളിയും റവ: മൊക്കെറോണി സ്ഥാപിച്ച അമലോത്ഭവ മാതാ ദേവാലയവും (കത്തോലിക്ക) മാണ് പാപ്പിനിശ്ശേരിയിലെ ക്രൈസ്തവ ദേവാലയങ്ങൾ.

വർണ്ണ വ്യവസ്ഥക്കനുസൃതമായി ജോലി വിതരണമുണ്ടായിരുന്ന ഒരു ഗ്രാമമായിരുന്നു നമ്മുടേത് അമ്പലവും ഭരണവും നടത്താൻ നമ്പൂതിരി, സഹായികളായി നമ്പ്യാർ, നായർ തറവാട്ടുകാർ പാലുകറക്കുന്നതിനും കല്ല് പണിയുന്നതിനും മണിയാണിമാർ, മരപ്പണിക്ക് ആശാരി, ഇരുമ്പിന് കൊല്ലൻ, സ്വർണ്ണത്തിന് തട്ടാൻ, എണ്ണയ്ക്ക് വാണിയൻ, അലക്കിന് വെളുത്തേടൻ, തെങ്ങുകയററം, ചെത്ത്, മരംമുറിക്ക് തീയ്യൻ, കൃഷിക്ക് ഹരിജൻ, മീൻ പിടിക്കാൻ വള്ളുവൻ. ബാലചികിത്സക്കും പീഡഅകററുന്നതിനും പുള്ളുവൻ, പ്രസവം എടുക്കുന്നതിനും തെയ്യത്തിനും മലയൻ, കുടതുന്നുന്നതിനും തെയ്യത്തിനും വണ്ണാൻ. ഗണനത്തിലും ഓലക്കുട ഉണ്ടാക്കുന്നതിനും കണിശൻ, ക്ഷുരകവൃത്തിക്ക് നാവുതിയൻ, കാവുതിയൻ കലത്തിന് കുശവൻ. മുളള് കൊത്താനും കുട ഉണ്ടാക്കാനും ചിങ്ങത്താൻ, വസ്ത്രം നെയ്യാൻ ചാലിയൻ, കച്ചവടത്തിന് മാപ്പിള (മുസ്ലീം), അമ്പലത്തോട് ചുററി പററി നിന്ന മാരാർ, പുഷ്പകൻ തുടങ്ങിയവർ ഇങ്ങിനെ വൈവിധ്യമായ ഒരു സമുദായ കെട്ട് [Social Coliesion] ഇവിടെ നിലനിന്നിരുന്നു. ഇന്നും പലപ്പോഴും ഇതിന്റെ ''മിനിയേച്ചറുകൾ'' ഗ്രാമക്കാവുകളിൽ കാണാം. മതസൗഹാർദ്ദത്തിന് ഊനം വരുത്തിയ 2 സംഭവങ്ങൾ പാപ്പിനിശ്ശേരിയിലുണ്ടായിരുന്നുവെന്ന് പഴമക്കാർ പറയുന്നു. നാടാച്ചേരി പുതിയ ഭഗവതി കാവിൽ നിന്ന് പോന്തായയിലേക്ക് പോകുന്ന എഴുന്നള്ളത്ത് [എളിച്ച] സംഘത്തെ തടയാൻ നിന്നതും കല്ലൂരി പുതിയ ഭഗവതി ക്ഷേത്രത്തിലെ പൂരോത്സവ എഴുന്നളളത്തു പിടിച്ച് വെച്ചതും. ഗ്രാമത്തിന്റെ മററുഭാഗത്തേക്ക് പടർന്ന് കയറാതെ സൗഹൃദത്തിന്റെ ഭാഷയിലേക്ക് അനുനയിച്ച് കൊണ്ടുവന്ന ഒരു തൊഴിലാളിവർഗ്ഗ സഹൃദയ പാരമ്പര്യം പാപ്പിനിശ്ശേരിക്കുണ്ടായി

രുന്നു. 1945ൽ ആറോൺ കമ്പനിയിലെ തൊഴിലാളി യൂനിയൻ ജോയിൻറ് സെക്രട്ടറിയായിരുന്ന കെ.പി. സ്റ്റാൻലിയുടെ സഹോദരിയുടെ കുട്ടി മരണപ്പെട്ടപ്പോൾ, സ്റ്റാൻലിയോട് പകയുണ്ടായിരുന്ന (സമരവും സംഘടനയുമായി ബന്ധപ്പെട്ട്) സാമുവൽ ആറോൺ ആ ശവം പള്ളിസെമിത്തേരിയിൽ അടക്കം ചെയ്യാൻ വിട്ടില്ല. തൊഴിലാളി വർഗ്ഗബോധമുള്ള നാട്ടുകാർ പ്രസ്തുത ജഡം അടുത്തുള്ള തീയശ്മശാനമായ മുതിരക്കൊവ്വലിൽ സംസ്കരിച്ചു. തിരിച്ചറിവിൻെറ ഗുണപാഠങ്ങൾ സ്വായത്തമായിരുന്ന പ്രബുദ്ധതയുടെ ചിത്രം ഇവിടെ വ്യക്തം.

ലോക കമ്പോള വ്യവസ്ഥയുടെ വികേന്ദ്രീകരണം മൂന്നാം ലോകരാഷ്ട്രങ്ങളിലെ വൻ വ്യവസായ കേന്ദ്രങ്ങളിലും സ്വാധീനം ചെലുത്തിയിരുന്നു, ഈ നൂററാണ്ടിൻെറ ആദ്യഘട്ടത്തിൽതന്നെ മിഷനറി പ്രവർത്തകരുടെ നേതൃത്വത്തിൽ നടത്തിയിരുന്ന വ്യവസായ ശൃംഖലകൾ നമ്മുടെ പ്രദേശത്തും വന്നു തുടങ്ങി. ബാസൽ മിഷൻെറ നേതൃത്വത്തിൽ കോമൺവെൽത്ത് കമ്പനികൾ ആവിഷ്ക്കരിക്കപ്പെട്ട സമയത്തുതന്നെ ചിരുതക്കാടൻ ആറോൺ ഇവിടെ സ്ഥാപിച്ച ഓട്ടുകമ്പനിയും നെയ്ത്തുശാലയും പാപ്പിനിശ്ശേരിയുടെ സാമൂഹ്യഗതിക്രമത്തിൽ കാതലായ ദിശാമാററമുണ്ടാക്കി. 1902ൽ സ്ഥാപിതമായ ഈ കമ്പനിയുടെ നായകനായി അറിയപ്പെടുന്ന സാമുവൽ ആറോൺെറ പിതാവായിരുന്നു അദ്ദേഹം. പവർലൂം, ഹാൻറ്ലൂം,ഓട്ട് കമ്പനി ഇവയുടെ സംയുക്തമായിരുന്നു ഈ കമ്പനി. കാർഷിക സംസ്ക്കാരത്തിൽ നിന്ന് വ്യാവസായിക സംസ്ക്കാരത്തിലേക്കുള്ള പാപ്പിനിശ്ശേരിയുടെ മാററം ഇവിടെ തുടങ്ങുന്നു.

ഒരു വ്യവസായി എന്ന നിലയിൽ മാത്രമല്ല ദേശീയപ്രസ്ഥാനത്തോടൊട്ടിനിൽക്കുന്ന ഒരു കോൺഗ്രസ്സുകാരൻകൂടിയായ സാമുവൽ ആറോണിന് അടിസ്ഥാന തൊഴിലാളി വർഗ്ഗ സംസ്ക്കാരത്തിൻെറ ഹൃദയമിടിപ്പ് കണ്ടെത്താൻ കഴിഞ്ഞില്ല എന്നത് മുപ്പത്തഞ്ചുകൾക്ക്ശേഷമുള്ള തൊഴിലാളി സമരങ്ങൾ തെളിയിക്കുന്നു. പിന്നീട് നെയ്ത്ത്ശാലകൾ വേറെയും ഓട്ട് കമ്പനി വേറെയും ആയി സ്ഥാപനം പിരിയുകയും 54 ൽ മാനേജ്മെൻറ് മാറി ദി വെസ്റ്റേൺ ഇന്ത്യാ കോട്ടൺസ് ആകുകയും ചെയ്തു. ഇതേ കാലഘട്ടത്തിൽതന്നെ കുടിൽവ്യവസായങ്ങളും പാപ്പിനിശ്ശേരിയുടെ വിവിധഭാഗങ്ങളിൽ തഴച്ചുവളർന്നു.

കലം, വെളിച്ചെണ്ണ, കൂട എന്നിവയോടൊപ്പം വ്യാവസായിക അടിസ്ഥാനത്തിൽ ഇരുമ്പുകച്ചവടവും നടന്നു. പാപ്പിനിശ്ശേരി പടിഞ്ഞാറ് ജ: ഹമീദിൻെറ മാനേജ്മെൻറിൽ നടന്ന കത്തിക്കമ്പനിയും അരോളിയിൽ തീയ്യഞ്ചേരി കൃഷ്ണൻനമ്പ്യാരുടെ നേതൃത്വത്തിലുണ്ടായിരുന്ന ട്രിക്കൻസ് കത്തിക്കമ്പനിയും അവരുടെ ഉൽപ്പന്നങ്ങൾക്ക് വിദേശമാർക്കററ്കൂടി ഉണ്ടായിരുന്നു എന്നത് പ്രസ്താവ്യമാണ്. സിലോൺ, മലായ് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് വൻ ഓർഡറുകൾ ആ കാലഘട്ടത്തിൽ അവർക്കുണ്ടായിരുന്നു. ഇന്നും പാപ്പിനിശ്ശേരി കത്തി അന്വേഷിച്ച് ആളുകൾ എത്തുന്നത് ഉൽപ്പന്നത്തിൻെറ ഉന്നതനിലവാരത്തെപ്പററിയുള്ള പാപ്പിനിശ്ശേരിയുടെ ബോധം എത്ര അഗാധമാണെന്ന് കാണിക്കുന്നതാണ്. രണ്ടാം ലോകമഹായുദ്ധത്തോട് കൂടി രൂപപ്പെട്ടുവന്ന ആധുനിക മുതലാളിത്തത്തിൻെറ ആഗോള കമ്പോള വ്യവസ്ഥ ഈ ചെറുകിട സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിച്ചു. പ്ലൈവുഡ്, മരം, കൈത്തറി, സോമിൽ, യന്ത്രത്തറി, ബീഡി, ക്രഷറുകൾ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, കയർ,ഓട്, സിനിമ തുടങ്ങി വൈവിധ്യങ്ങളായ വ്യവസായങ്ങൾ ഇന്ന് പാപ്പിനിശ്ശേരിയുടെ അഭിമാനമായി വളർന്നുകൊണ്ടിരിക്കുന്നു ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായ ഈ സ്ഥാപനങ്ങളിലെ തൊഴിലാളികളെയും അവരുടെ വർഗ്ഗബോധം തിരിച്ചറിഞ്ഞ് ദേശീയ പാതയിലേക്ക് അവരെ നയിച്ച ധീരരായ രാഷ്ട്രീയ നേതാക്കളും ഒരു തൊഴിലാളിവർഗ്ഗ സംസ്ക്കാരം ഇവിടെ കെട്ടിപ്പടുക്കുന്നതിൽ വഹിച്ച പങ്ക് വ്യാവസായികതയുടെ, പാപ്പിനിശ്ശേരിയുടെ ഉന്നമനത്തിൽ നിസ്സീമമാണ്.

ദേശീയവാദപ്രസ്ഥാനവുമായി ബന്ധപ്പെട്ട തനതായ ഒരു പ്രവർത്തനം ഇല്ലെങ്കിലും വിദ്യാഭ്യാസ പരമായ വളർച്ച അതോടടുത്ത് പെരുമാറുവാനും സഹകരിക്കുന്നതിനും പാപ്പിനിശ്ശേരിയെ സഹായിച്ചു. കർഷകത്തൊഴിലാളികൾ കോൺഗ്രസ്സ് അനുഭാവികളായിരുന്ന ഉന്നത കർഷകരുടെയും തൊഴിലാളികൾ പൊതുവെ സാമ്രാജ്യസഭയിലംഗമായിരുന്ന സാമുവൽ ആറോൺെറയും കീഴിലായിരുന്നു. കോൺഗ്രസ് പാരമ്പര്യത്തിൽ ഏറെ അഭിമാനം കൊണ്ടിരുന്ന ഇദ്ദേഹം തൊഴിലാളികളുടെ ഇടതുപക്ഷ ചിന്താഗതിയിൽ വിരുദ്ധനായിരുന്നു. 1935-39 കാലഘട്ടത്തിൽ നിരന്തരമായ പിരിച്ചുവിടലുകൾക്കെ

തിരെ ജനശ്രദ്ധതിരിക്കുന്നതിന് വേണ്ടി കോൺഗ്രസ്സ് കമ്മററിയുടെ ആഭിമുഖ്യത്തിൽ പാപ്പിനിശ്ശേരിയിലും അയൽ പ്രദേശങ്ങളിലും നിരന്തരയോഗങ്ങൾ സംഘടിപ്പിച്ചരുന്നു. തുടർച്ചയായ പിരിച്ചുവിടലുകൾക്ക് വിധേയമായ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ടുള്ള ഒരു യൂനിയൻ ഇക്കാലത്ത് ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ. കെ നായനാർ സെക്രട്ടറിയായിക്കൊണ്ട് പ്രവർത്തിച്ചിരുന്നു. ഈ കാലഘട്ടത്തിൽ ജനാർദ്ദനഷേണായ്, വില്യം.എം സ്നെലൻസ്, കെ. പി.ആർ ഗോപാലൻ, കെ.പി ഗോപാലൻ കെ.എ.കേരളീയൻ, വിഷ്ണുഭാരതീയൻ, ടി.സി.നാരായണൻനമ്പ്യാർ, എ. വി കുഞ്ഞമ്പു മുതലായ നേതാക്കളും പാപ്പിനിശ്ശേരി കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്നു. അക്കാലത്ത് ആറോൻ മില്ല് തൊഴിലാളികൾക്കുവേണ്ടി പി.കൃഷ്ണപ്പിള്ള കരുതിക്കൊണ്ടുവന്ന ചെങ്കൊടി ആറോൻ മില്ലിലെ തൊഴിലാളികൾ പാപ്പിനിശ്ശേരിയിലുയർത്താൻ തയ്യാറാവാഞ്ഞതു കാരണം കല്ല്യാശ്ശേരിയിൽ കൊണ്ടുപോയി ഉയർത്തേണ്ടിവന്നു. പിന്നീട് ആ കൊടിയും അതിന്റെ സന്ദേശവും ഈ നാടിന്റെ തന്നെ ചരിത്രമായിമാറുന്ന രംഗമാണുണ്ടായത്. കെ.പി.ആറിന്റെയും, എ.കെ.ജിയുടെയും പി. കൃഷ്ണപ്പിള്ളയുടെയും നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന സംഘടിത തൊഴിലാളിവർഗ്ഗം ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമാക്കുകയായിരുന്നു. 1936 ൽ ചിറക്കൽ താലൂക്ക് കിസ്സാൻസഭ പറശ്ശിനിക്കടവിൽ ചേർന്നപ്പോൾ പാപ്പിനിശ്ശേരിയിലെ ധനിക പ്രമാണിമാരായിരുന്ന അരോളി വീട്ടിൽ രയരപ്പൻ മണിയാണി, നിട്ടൂർ രാമൻ, നിട്ടൂർ കണ്ണൻ, കടാങ്കോടൻ ഗോപാലൻ നമ്പ്യാർ തുടങ്ങിയവർ ഈ നാടിനെ പ്രതിനിധീകരിച്ചിരുന്നു. 1938 ൽ മാങ്ങാട്ട് പറമ്പിൽ– ഇന്നത്തെ കെ.എ.പി ക്യാമ്പ് (ബക്കളം സമ്മേളനം) ചേർന്ന കേരള സംസ്ഥാന കോൺഗ്രസ്സ് 10ാം സമ്മേളനത്തിൽ പാപ്പിനിശ്ശേരിയുടെ വിവിധഭാഗങ്ങളിൽ നിന്ന് ഓലയും ഫലങ്ങളും സംഭരിക്കുകയും കാൽനടയായി അവിടെ എത്തിച്ച് ആ സമ്മേളനത്തിന് സഹൃദയപരമായ ഒരു മനസ്സ്കാട്ടുകയയും ചെയ്തു. ഇ.എം.എസ്സിന്റെയും, മുഹമ്മദ് അബ്ദുൾറഹ്മാൻ സാഹിബിന്റെയും നേതൃത്വത്തിൽ നടന്ന ഈ സമ്മേളനത്തിൽ കോൺഗ്രസ്സിലെ മിതവാദിനേതൃത്വം സഹകരിച്ചില്ലെങ്കിലും കെ.പി.ആറിന്റെ നേതൃത്വത്തിൽ സോഷ്യലിസ്ററാശയമുള്ള തൊഴിലാളി വർഗം സമ്പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചതായി കാണാം. പ്രതിനിധികളായി കാന്തലോട്ട് കുഞ്ഞമ്പു, കടാങ്കോടൻ ഗോപാലൻ, നാദിയൻകണ്ണൻ മാഷ് തുടങ്ങിയവർ പങ്കെടുത്തു. പാപ്പിനിശ്ശേരിയുടെ രാഷ്ട്രീയ തിരിച്ചറിവ് ഒരർത്ഥത്തിൽ ഇവിടെ തുടങ്ങുന്നു. എ കെ ജി യുടെ നേതൃത്വത്തിൽ നടന്ന പട്ടിണിജാഥയിലും, വർഷങ്ങൾക്കു ശേഷമുണ്ടായ ഗോവാ വിമോചനസമരത്തിലും ഈ നാടിന്റെ പങ്കാളിത്തമുണ്ടായിരുന്നു. 1940 സപ്തംബർ 15 പ്രസിദ്ധമായ മോറാഴ സംഭവത്തിന്റെ തുടക്കം കീച്ചേരിയിൽവെച്ചായിരുന്നു. ഏകപക്ഷിയമായി ഇന്ത്യയെ ലോകമഹായുദ്ധത്തിൽ പങ്കാളികളാക്കിയ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ നടപടിയിയിൽ പ്രതിഷേധിക്കാൻ കേരളപ്രദേശ് കോൺഗ്രസ്സ് കമ്മററി ആഹ്വാനം ചെയ്ത യോഗം ചിറക്കൽ താലൂക്കിൽ കീച്ചേരിയിൽ നിശ്ചയിച്ചെങ്കിലും വിളറിപൂണ്ട ഭരണവർഗ്ഗത്തിന്റെ നിരോധനം മൂലം അഞ്ചാംപീടികയിലേക്ക് മാററുകയാണുണ്ടായത്. നാൽപതുകൾക്ക് ശേഷമുള്ള കാലയളവ് തീഷ്ണമായ സമരാനുഭവത്തിന്റേതായിരുന്നു. 1946 ഫെബ്രുവരി 20 RIN കലാപം ആരംഭിച്ചു. തുടർന്നുണ്ടായ വെടിവെപ്പിൽ നൂറുകണക്കിന് തൊഴിലാളികളും പട്ടാളക്കാരും മരിച്ചു വീണു. നാവികരെയും തൊഴിലാളികളെയും വെടിവെച്ച് വീഴ്ത്തിയതിൽ പ്രതിഷേധിച്ച് ഫെബ്രുവരി 26 ന് ആറോൺമിൽ തൊഴിലാളികളും പണിമുടക്കി ഹർത്താലിൽ പങ്കെടുത്തു. യൂനിയൻ നേതാക്കളായ സി. കണ്ണനും, കാന്തലോട്ട് കുഞ്ഞമ്പുവും, പി. കൃഷ്ണപിള്ളയും ഈ ഹർത്താലിന്റെ പ്രാധാന്യം വിവരിച്ചു കൊടുത്തു. 27ാം തീയ്യതി പണി മുടക്കിൽ പങ്കെടുത്തവരെ പിരിച്ചു വിട്ടുകൊണ്ട് ആറോൻ നോട്ടീസ് വിട്ടു. 110 ദിവസം നീണ്ടു നിന്ന മഹത്തായ സമരത്തിന്റെ തുടക്കം ഇതായിരുന്നു. തൊഴിലാളികളുടെ ദേശാഭിമാന ബോധത്തെ ചോദ്യം ചെയ്ത ആറോൻ മാപ്പപേക്ഷിച്ചാൽ തിരിച്ചെടുക്കാമെന്ന ഉടമ്പടിയുമായി വന്നെങ്കിലും പൊരുതി വീണ പോരാളികളോടുള്ള മാനസിക ഐക്യം കൊണ്ട് അവർ അതിനു തയ്യാറായില്ല. ഇതിനോടനുഭാവം പ്രകടിപ്പിച്ച് കർഷകസംഘം ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തി. ഈ പ്രക്ഷോഭത്തിൽ പങ്കാളികളായ ഒട്ടേറെ പേർക്ക് സ്വാതന്ത്ര്യ സമര പെൻഷൻ പിന്നീടനുവദിക്കപ്പെട്ടിട്ടുണ്ട്. ദേശീയ പ്രസ്ഥാനത്തോടനുഭാവം പ്രകടിപ്പിച്ച ആദ്യത്തെ രാഷ്ട്രീയ സമരങ്ങളിൽ ഒന്നാണിത്.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ വിപ്ലവകരമായ എല്ലാ മുന്നേറ്റങ്ങളിലും പാപ്പിനിശ്ശേരിയുടെ സജീവ സാന്നിധ്യമുണ്ടായിട്ടുണ്ട്.

1906ൽ പാപ്പിനിശ്ശേരിയിൽ സ്ഥാപിക്കപ്പെട്ട തളിപ്പറമ്പ് റോഡ് റെയിൽവേസ്റ്റേഷൻ (ഇന്നത്തെ പാപ്പിനിശ്ശേരി) വാണിജ്യ പരമായ വളർച്ചയിൽ ഏറെ പങ്കുവഹിച്ചിട്ടുണ്ട്. പുഴയിലൂടെയും, കുതിര വണ്ടി,കാളവണ്ടി, തുടങ്ങിയ ചെറുകിട വാഹനങ്ങളുമാണ് അതുവരെ യാത്രയെ സഹായിച്ചത്. പഴഞ്ചിറ തോട്, വേളാപുരം തോട്, ഇവയിലൂടെയായിരുന്നുവത്രെ പാപ്പിനിശ്ശേരിയിലെയും അരോളിയിലേയും പല വൻകിട കെട്ടിടങ്ങളുടെയും പാവ് കല്ലുകളും മരങ്ങളും കടത്തിയിരുന്നത്. പാപ്പിനിശ്ശേരിയിലെ തുണി,ഓട്,കയർ, കത്തി തുടങ്ങിയ സകലമാന ഉല്പന്നങ്ങളും കയററുമതി ചെയ്തത് ഈ റെയിൽവേ സ്റേറഷൻ വഴിയായിരുന്നു. റെയിൽപ്പാലം റോഡ് പാലമായതോടെ ചങ്ങാടം കടത്ത്,ബോട്ട് സർവ്വീസുകൾ ഇവിടെ അന്യമായി. യാന്ത്രികതയുടെ കടന്നുകയററം കരിവണ്ടിയിൽ നിന്ന് പെട്രോൾ/ഡീസൽ വാഹനങ്ങളായി മാറിയപ്പോൾ ഒരു പുതിയ നൂററാണ്ടിലേക്കുള്ള മനുഷ്യരാശിയുടെ പ്രയാണത്തിൽ ഈ നാടും പങ്കാളികളാവുകയായിരുന്നു.

ആറോൺ കമ്പനിയുമായി ബന്ധപ്പെട്ടു വന്ന തപ്പാൽ സംവിധാനം മററൊരു പ്രധാന നാഴികക്കല്ലാണ്. നാട്ടുവൈദ്യൻമാരുടെയും അപ്പോത്തിക്കരിമാരുടേയും സേവനം ഇവിടെ മുമ്പേ ലഭ്യമായിരുന്നു. വിഷചികിത്സ പാരമ്പര്യ ചികിത്സയായിരുന്നു എന്നത് പാപ്പിനിശ്ശേരിയുടെ ഈ രംഗത്തെ പ്രാഗത്ഭ്യത്തെ തെളിയിക്കുന്നു. 1934ൽ ആരംഭിച്ച വിഷചികിത്സാകേന്ദ്രം ഈ നാടിൻെറ അഭിമാനമാണ്.

കുടിപ്പള്ളിക്കൂടത്തിൽ നിന്ന് വിദ്യാഭ്യാസ സ്ഥാപനത്തിലേക്കുള്ള വളർച്ചയിൽ വിദ്യാഭ്യാസരംഗം സജീവമായെങ്കിലും 1935 നു ശേഷമാണ് ഗ്രന്ഥശാലാ സംഘങ്ങൾ സജീവമാകുന്നത്. 1935ൽ കോൺഗ്രസ്സ് പ്രസിഡണ്ടായ ബാബുരാജേന്ദ്രപ്രസാദിൻെറ മലബാർ പര്യടനം ഈ രംഗത്ത് ഊർജ്ജം നല്കിയെന്ന് പറയാം. പാപ്പിനിശ്ശേരിയിലെ ഒരു ഹരിജൻ സ്ത്രീ കൊയിലേര്യൻ ചോയിച്ചി അദ്ദേഹത്തെ മാലയിട്ട് സ്വീകരിച്ചത് സാംസ്കാരിക ചരിത്രത്തിലെ ഒരു നിർണ്ണായക മുഹൂർത്തമായിരുന്നു. ഇന്നത്തെ അരോളി സെൻട്രൽ സ്ക്കൂളിനടുത്ത് രാജൻ ബാബു വായനശാലക്ക് ഗ്രന്ഥാലയം എന്ന ഒരു സ്ഥാപനം ഈ കാലഘട്ടത്തിൽ ഉടലെടുത്തു. സ്വാഭിമാനി പത്രം വരുത്തുകയും ഒഴിവുള്ള സമയം എല്ലാവരും ഒത്തുകൂടി പല കാര്യങ്ങളെപ്പററിയും ചർച്ചകൾ ചെയ്യുകയും ചെയ്തിരുന്നു. അന്നത്തെ യുവകവി ശ്രീ. കെ.ജി നായർ സെക്രട്ടറിയും K.C ചന്തുക്കുട്ടി നമ്പ്യാർ പ്രസിഡണ്ടും വിദ്യാസമ്പന്നരും അല്ലാത്തവരുടേതുമായ ഒരു വർക്കിംഗ് കമ്മററിയുടെ നേതൃത്വത്തിൽ ആ സ്ഥാപനം കുറെകാലം നല്ല നിലയിൽ പ്രവർത്തിച്ചു.

ബാബു രാജേന്ദ്രപ്രസാദ്, മഹാകവി ചങ്ങമ്പുഴ,കുട്ടമത്ത്,പി. കുഞ്ഞിരാമൻ നായർ ചിറക്കൽ ടി തുടങ്ങിയ പ്രമുഖർ ഇവിടുത്തെ പരിപാടികളിൽ പങ്കെടുത്തിരുന്നു. അതുപോലെ റെയിൽവേ സ്റ്റേഷനടുത്ത് വൈ.എം.എം.എ, വായനശാല, ഇന്നത്തെ പഞ്ചായത്താഫീസിനടുത്ത് യംഗ്മാൻ സ്പോർട്സ് & റീഡിംഗ്റൂം വേളാപുരം, പി.കുഞ്ഞിക്കണ്ണൻ സ്മാരക ഗ്രന്ഥാലയം തുടങ്ങിയ സ്ഥാപനങ്ങൾ വായനാശീലം വളർത്തുന്നതിൽ വഹിച്ച പങ്ക് ഏറെ പ്രസ്താവ്യമാണ്. 1955ൽ പഞ്ചായത്ത് ഗ്രന്ഥാലയം സ്ഥാപിച്ചതോടെ പ്രാദേശിക ഗ്രന്ഥാലയങ്ങളുടെ സജീവ സാധ്യത നഷ്ടപ്പെട്ടുകൊണ്ടേയിരുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ കേരളപ്പിറവിക്കും എത്രയോ മുമ്പ് പാപ്പിനിശ്ശേരിയിലും പരിസരത്തും കലാസമിതികൾ രൂപംകൊണ്ടു. പരേതരായ ടി. രാഘവൻ നായർ, പൊക്കൻ മാസ്ററർ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ ഏറെ പ്രസ്താവ്യമാണ്.

സ്വാതന്ത്ര്യ സമര കാലഘട്ടത്തിലും പിന്നീടുമായി ഇവിടെ സന്ദർശിച്ച ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി, കേളപ്പജി, രാമമൂർത്തി, പി.പി ഗിരി, ഇ.എം.എസ്, എ.കെ.ജി, കേരളീയൻ, പി.കൃഷ്ണപ്പിള്ള, എ.വി.കുഞ്ഞമ്പു, വിനോഭാജി, ആചാര്യ കൃപലാനി,മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് തുടങ്ങിയവർ ഈ ഗ്രാമത്തിലെ സാംസ്കാരിക മണ്ഡലത്തെ പുഷ്ടിപ്പെടുത്തി. ഗാന്ധിജി ഇതുവഴി തീവണ്ടിയിൽ പോയപ്പോൾ റെയിൽവേ സ്റേറഷനിൽ നിർത്തി ജനങ്ങളെ കണ്ടതും ദേശീയ പ്രസ്ഥാനത്തോടൊട്ടി നില്ക്കാൻ പാപ്പിനിശ്ശേരിയിലെ ജനതയെ പ്രേരിപ്പിച്ചതും പ്രത്യേകം പ്രസ്താവ്യമാണ്.

# ഭൂപ്രകൃതി - ജനപ്രകൃതി

ഈ നൂററാണ്ടിന്റെ ആരംഭത്തിലും ഒരു നാല് പതിററാണ്ട് വരെയും മിക്കവാറും ഭൂമിയും ചിറക്കൽ, അറക്കൽ, കോവിലകത്തിന്റെയും വടേശ്വരം, അഹിരണേശ്വരം, അരയാല തുടങ്ങിയ ദേവസ്വത്തിന്റെയും ഇടവാഴ്ചക്കാരായ കൊഴക്കാട് താവാട്ട്കാരുടേതുമായിരുന്നു. വാണിജ്യത്തിലൂടെയും അദ്ധ്വാനത്തിലൂടെയും ജന്മം വാങ്ങിയവരും കാണത്തിന് സ്ഥലം ഏററെടുത്തവരുമായിരുന്നു പിന്നീട് ഭൂമി കൈവശം വെച്ചത്. തലശ്ശേരി കേയി കുടുംബത്തിന് കല്ലൂരിയിൽ രണ്ട് വലിയ പാണ്ടികശാലകൾ ഉണ്ടായിരുന്നു. പാപ്പിനിശ്ശേരി പഞ്ചായത്ത് രണ്ട് ദേശമാണെന്ന് നേരത്തെ പറഞ്ഞുവല്ലോ. ഭൂമി കൈവശം വെച്ച സമുദായം-ദേവസ്വം പട്ടിക താഴെ കൊടുക്കുന്നു.

| കോവിലകം ഇടവാഴ്ച | ദേവസ്വം | നമ്പ്യാർ,നായർ | തീയ്യർ | മുസ്ലീം-ക്രിസ്ത്യൻ |
|---|---|---|---|---|
| ചിറക്കൽ | പാപ്പിനിശ്ശേരി | ചേണിച്ചേരി | കരിക്കൻ | മുട്ടോറി കുന്നോ |
| അറക്കൽ | തളിപ്പറമ്പ | തീയഞ്ചേരി | കൂത്തൽ | ന്റെകത്ത് |
| കൊഴക്കാട് | അക്ലിയത്ത് | പുളുക്കൂൽ | പാക്കൻ | സാമുവൽ റിച്ചാർഡ് |
| സാമന്തൻ | പയ്യാവൂർനെയ്യമൃത് | കടാങ്കോടൻ | നിട്ടൂർ | ചൂരക്കാടൻ |
| കരക്കാട്ടിടം | ഇരിണാവ് | മുല്ലപ്പള്ളി | എലിയൻ | കല്ലൂരിയകത്ത് |
| കല്യാട് | നാറാത്ത് | പുളിയാങ്കോടൻ | പോള | സീന്റെകത്ത് |
| തലശ്ശേരി | പാലോട്ട്കാവ് | അരോളിവീട് | പട്ടേരി | പി.ടി.പി |
| കേയിമാർ | പറക്കോത്ത് | തീയാടൻ | പണ്ണേരി | കച്ചായി ഒടിയിൽ |
| | മണക്കുളങ്ങര | തെക്കുമ്പാടൻ | കീരി | കുഴിച്ചാട് |
| | വടേശ്വരം | കാരാടൻ | | പി.കെ.പി |
| | അരയാല | | | തെക്കൻ |
| | വേട്ടക്കൊരുമകൻ | | | |
| | കാക്കാങ്കോവിൽ | | | |

ലിസ്ററ് പൂർണ്ണമല്ല. (ഏററവുമധികം ഭൂമി കൈവശം വെച്ചതാണ് കൊടുത്തിരിക്കുന്നത്)

കാണത്തിനും പുറപ്പാടിനുമായി വാങ്ങിയതും നടപ്പിന് കൊടുത്തതും ജൻമം വാങ്ങിയതുമായ ഭൂമി കുടുംബങ്ങളുടെ കൈയിലുണ്ടായിരുന്ന തീയ സമുദായത്തിനും മററു സമുദായത്തിലെ പോലെ തന്നെ ഏറെ ഭൂമി ഉണ്ടായത് ഇവിടുത്തെ പ്രത്യേകതയാണ്. ഇന്നത്തെ പഞ്ചായത്തിന് കിഴക്കുള്ള തുരുത്തിയിലും പടിഞ്ഞാററ് തട്ടിൻപുറം ഭാഗത്തുമായിരുന്നു ഹരിജനങ്ങളുടെ താമസസ്ഥലം. മുൻകാലഘട്ടങ്ങളിൽ ഏറെ ഭൂമിയിലും നെല്ലുല്പാദിപ്പിച്ചിരുന്നു. തെരെഞ്ഞെടുത്ത സ്ഥലങ്ങളിൽ തെങ്ങ്,കവുങ്ങ്,കുരുമുളക്, പ്ലാവ്, മാവ്, വാഴ, പച്ചക്കറികൾ തുടങ്ങിയവക്കൊപ്പം ഗൃഹനിർമ്മാണത്തിനും വേലിക്കും വേണ്ടി പല നാട്ട് മരങ്ങളും വെച്ച് പിടിപ്പിച്ചിരുന്നു. കാർഷിക ബിൽ പാസ്സായതോടെ കൃഷിഭൂമി കൃഷിക്കാരന് ലഭിക്കുകയും 10 സെൻറ് ഭൂമി കുടികിടപ്പാവകാശമായി ലഭിക്കുകയും ചെയ്തതോടെ പാപ്പിനിശ്ശേരിയിലെ 80 ശതമാനം കുടുംബങ്ങൾക്കും സ്വന്തമായി ഭൂമി കിട്ടി. ഭൂമി തുണ്ടം തുണ്ടമാക്കുകയും പാർപ്പിടം ഒരത്യാവശ്യമാകുകയും കുടുംബം എന്ന സംജ്ഞയുടെ അർത്ഥാന്തരം വിപുലമാക്കുകയും ചെയ്തപ്പോൾ കൃഷിഭൂമികൾ വീടുകൾക്കും വ്യവസായങ്ങൾക്കും വഴിമാറി കൊടുത്തു.

പഞ്ചായത്തിലെ ഭൂവിഭാഗങ്ങളെ ഇങ്ങനെ തരംതിരിക്കാം

| അരോളി ദേശം | പാപ്പിനിശ്ശേരിദേശം |
|---|---|
| പുഴയോട് ചേർന്ന ചതുപ്പു നിലം (കയ്പാട്) | പുഴയോട് ചേർന്ന ചതുപ്പ് നിലം |
| എക്കൽ മണ്ണുള്ള വയൽപ്രദേശം വയലിനോട് ചേർന്ന താഴ്‌വരകൾ കുന്നിൻ പ്രദേശം | മണൽ മണ്ണ് |

ഇതിൽ ചിറോറാത്തിടം വയൽ, വടേശ്വരം താഴെവയൽ, താവ, പുലക്കറ, പാടശേഖരങ്ങളിൽ ചളി മണ്ണാണ്. കല്ലൂരി, തുരുത്തി വയൽപ്രദേശവും മേൽപ്പറഞ്ഞ പ്രദേശവും ഏറെ ഫലഭൂയിഷ്ടമാണ്. നെല്ലുൽപാദനം ഉന്നതമായ ഈ പ്രദേശങ്ങളെ അപേക്ഷിച്ച് കോലത്തുവയലുൾപ്പെടുന്ന പാപ്പിനിശ്ശേരി ദേശത്തിലെ മണ്ണിന്റെ ഉൽപാദന ക്ഷമത താരതമ്യേന കുറവാണ്.

## കാലാവസ്ഥ

ജൂൺ മാസത്തോടെ ആരംഭിക്കുന്ന ഇടവപ്പാതിയും നവമ്പർ അവസാനം വരെ നീണ്ടുനിൽക്കുന്ന തുലാവർഷവും ശരാശരി അളവിൽ ലഭിക്കുന്നു. ഡിസംബർ പകുതി മുതൽ ഫെബ്രവരി പകുതി വരെ തണുപ്പുകാലം. ഫെബ്രുവരി പകുതി മുതൽ മെയ്‌വരെ ഉഷ്ണകാലം.

## മഴയുടെ ലഭ്യത

| മഴ | ജനുവരി | ഫെബ്രവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | വാർഷിക വർഷപാതം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| പാപ്പിനിശ്ശേരി | 4 | 4 | 8 | 64 | 244 | 891 | 1085 | 570 | 249 | 226 | 99 | 23 | 3467 |
| സംസ്ഥാന ശരാശരി | 14 | 17 | 39 | 112 | 256 | 691 | 760 | 433 | 247 | 288 | 163 | 42 | 3062 |

## താപനില-സെൽഷ്യസിൽ

| | ജന: | ഫിബ്ര: | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗ: | സപ്ത: | ഒക്ടോ: | നവ: | ഡിസം: |
|---|---|---|---|---|---|---|---|---|---|---|---|---|
| ഉയർന്ന താപനില | 22 0 | 22.9 | 24.7 | 25.2 | 25.6 | 23.4 | 22 7 | 23.1 | 23,3 | 23.2 | 23.6 | 21.4 |
| താഴ്ന്ന താപനില | 32.8 | 33.8 | 34.1 | 33.3 | 32,9 | 28 7 | 28,1 | 29.3 | 31 1 | 31.4 | 32.2 | 33.2 |

## ജലലഭ്യത

മഴയിലൂടെ ലഭിക്കുന്ന വെള്ളം പുലക്കറ താവഭാഗത്ത് ഡിസംബർ അവസാനം വരെ ഉപയോഗപ്പെടുത്താൻ കഴിയുന്നുണ്ട്. തോടുകളിലൂടെ ഒഴുകി പുഴയിൽ പതിക്കുന്നതൊഴിച്ചു നിർത്താനുള്ള സാദ്ധ്യകൾ ഏറെ ഉണ്ട്. താവ പ്രദേശത്തിലെ ജലസംഭരണികൾ, കുളങ്ങൾ, എന്നിവയിലെ ജലം ഉപയോഗപ്പെടുത്തേണ്ടതുണ്ട്. മാങ്കടവ്, ചാലിൽ ഭാഗത്തും പടിഞ്ഞാറ് തുരുത്തി, തട്ടിൻപുറം ഭാഗത്തും ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഉപ്പുവെള്ളത്തിന്റെ ശല്യവും പാപ്പിനിശ്ശേരിയെ ബാധിക്കുന്ന പ്രധാന പ്രശ്നമാണ്. ആകെയുള്ള 35 കുളങ്ങളിൽ പകുതിയിലേറയും മാർച്ച് അവസാനത്തോടെ വററുന്നതാണ്.

## ഭൂവിനിയോഗം

| | | |
|---|---|---|
| പുരയിടം | 1041.42 Acre | |
| നിലം | 1901,04 Acre | |
| പുറമ്പോക്ക് | 802.85 Acre | |

| (ഏക്കറിൽ) റോഡ് | തോട് | കുളം | പുഴ | റെയിൽവേ | റവന്യൂ | ഗേത്സിങ് അയലഡ് | കളിസ്ഥലം സ്കൂൾ ect |
|---|---|---|---|---|---|---|---|
| 48.45 | 6.96 | 0.77 | 284,38 | 18. 46 | 27.92 | 10.43 | 5.54 |

ഫലഭൂയിഷ്ടമായ പ്രദേശങ്ങളിൽ വൈവിദ്ധ്യങ്ങളായ കൃഷി ഇറക്കിയിരുന്ന പഞ്ചായത്തിൽ വൈവിദ്ധ്യങ്ങളില്ലെന്ന് മാത്രമല്ല കൃഷിയിടങ്ങൾ തന്നെ നാലിൽ ഒന്നായി കുറഞ്ഞിരിക്കുന്നു. സെറ്റിൽമെൻറ് രജിസ്റ്ററിലേയും ഏററവുമവസാനം നടത്തിയ പഠന പര്യടനത്തിലേയും വസ്തുതകൾ ഇത് സൂചിപ്പിക്കുന്നു. പുഴയോരത്തെ കയ്പ്പാടുകൾ ചുള്ളിയും കീച്ചിയും നിറഞ്ഞിരിക്കുന്നതു കൊണ്ട് ഉപയോഗിക്കാതായിരിക്കുന്നു.

## സസ്യ ജൈവ സമ്പത്ത്

വൈവിധ്യങ്ങളായ ജൈവ സമ്പത്ത് നമ്മുടെ തീരപ്രദേശത്തുണ്ട്. കണ്ടൽക്കാടുകളാണ് പഞ്ചായത്തിൻെറ മുന്നതിർത്തിയിലുള്ളത്. കയ്യാടത്ത് മൊട്ടയുടെ താഴ്വരയിലും വടേശ്വരം താഴ്വാരത്തിലും അപൂർവ്വ ആയുർവ്വേദ ഔഷധ ചെടികളുണ്ട്. നെല്ല്, തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുമാവ്, ഉഴുന്ന്, പയർ, എന്നിവ പ്രധാന കൃഷി. മുതിര, എള്ള് തുടങ്ങിയവ മുൻകാലങ്ങളിൽ ധാരാളമായി കൃഷി ചെയ്തിരുന്നുവെങ്കിലും ഇന്ന് തീരെ ഇല്ല എന്ന് പറയാം. മൂന്നും നാലും മാസം കന്നുകാലികൾ ഇളകി മേഞ്ഞ് നടന്ന് വയർ നിറച്ചിരുന്നു. പാപ്പിനിശ്ശേരിയിലെ പഴയ പുൽപ്പാടങ്ങൾ ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. പഞ്ചായത്തതിർത്തിയിലെ മണൽ സമ്പത്ത് വാരിയെടുക്കുന്നത് ഭാവിയിലുയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ചിന്തനീയമാണ്. മത്സ്യസമ്പത്ത് വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല. മാനാം വയൽ ഭാഗത്തുള്ള പുഴയിൽ നിന്നു വാരിയെടുത്തിരുന്ന ഇളമ്പക്ക അപ്രത്യക്ഷമായിരിക്കുകയാണ്,

## മനുഷ്യവിഭവം

കഴിഞ്ഞ ആറുപതിററാണ്ട് കൊണ്ട് ഈ പഞ്ചായത്തിലെ ജനസംഖ്യ നാല് മടങ്ങിനടുത്തായി വർദ്ധിച്ചിരിക്കുന്നു. 1991ലെ സെൻസസിൽ 30754 ആണ് ജനസംഖ്യ. പുരുഷന്മാർ 15186 സ്ത്രീകൾ 15568 അഭ്യസ്തവിദ്യരുടെ എണ്ണം ഏറെ വർദ്ധിച്ചിട്ടുണ്ട്. സാക്ഷരതയുടെ കാര്യത്തിൽ ഏറെ മുന്നിൽ നില്ക്കുന്ന ഈ പഞ്ചായത്തിൽ തൊഴിലില്ലായ്മയുടെ നിരക്ക് കൂടിയതായി കാണാം. സ്വയം തൊഴിൽ ചെയ്യുന്നവരും, സ്ഥിര ശമ്പളക്കാരും താല്കാലിക ശമ്പളക്കാരും, വിദേശങ്ങളിൽ ജോലി ചെയ്യുന്നവരും ഉണ്ട്. ആകെ 6076 വീടുകളും 617 കുടിലുകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ കേരളപ്പിറവിക്കു ശേഷവും ബഹുദൂരം മുമ്പോട്ട് പോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ, വിദ്യാഭ്യാസ, വ്യാവസായിക രംഗങ്ങളിലും മൃഗചികിത്സ, വിഷചികിത്സ തുടങ്ങിയ ആതുര രംഗങ്ങളിലും ബാങ്കുകൾ, സൊസൈററികൾ എന്നിങ്ങനെ ജീവിതത്തിൻെറ നാനാതുറയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും.

# കൃഷിയും ജലസേചനവും

ഈ നൂററാണ്ടിന്റെ ആദ്യവർഷങ്ങളിൽ തന്നെ വ്യവസായ സംരംഭം പാപ്പിനിശ്ശേരിയിൽ കടന്നുവന്നിരുന്നുവെങ്കിലും ഇതൊരു കാർഷിക ഗ്രാമമായിരുന്നു എന്ന് തന്നെ പറയാം. തെക്ക്, തെക്ക് കിഴക്ക് വളപട്ടണം പുഴയുടേയും വടക്കും പടിഞ്ഞാറും കല്ല്യാശ്ശേരി പഞ്ചായത്തിന്റെയും വടക്ക് കിഴക്ക് ആന്തൂർ പഞ്ചായത്തിന്റെയും ഇടയിലാണ് നമ്മുടെ ഗ്രാമം സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിന്റെ 1, 2, 3, 4, 5, 6, 11, 12 വാർഡുകൾ ഉൾപ്പെട്ട പാപ്പിനിശ്ശേരി ദേശം പൂർണ്ണമായും 7, 8, 9, 10 വാർഡുകൾ ഉൾപ്പെട്ട അരോളി ദേശം ഭാഗികമായും ഉൾപ്പെടെ പഞ്ചായത്തിന്റെ ഏതാണ്ട് 60 ശതമാനത്തോളം ഭൂമിയും പൂഴികലർന്ന ചളി മണ്ണാണ്. ബാക്കി ഭാഗങ്ങൾ കുന്നുകളും ചരിവുകളുമടങ്ങുന്ന ചെമ്മൺ പ്രദേശങ്ങളാണ്. കൃഷിക്കനുയോജ്യമായ ഫലഭൂയിഷ്ഠത നിറഞ്ഞുള്ള മണ്ണുകൊണ്ടനുഗ്രഹിക്കപ്പെട്ട ഭൂമിയാണ് നമ്മുടേത്. ഉയർന്ന സമതലങ്ങളിലും ചെരിവുകളിലും കശുവണ്ടി, തെങ്ങ്, വാഴ, മാവ് കുരുമുളക്, കവുങ്ങുകൾ എന്നിവയും തീരപ്രദേശങ്ങളിൽ നെല്ലും തെങ്ങുമാണ് കൃഷി ചെയ്തുവരുന്നത്. കയ്പാട് പ്രദേശത്ത് മുഖ്യമായും നെൽകൃഷി മാത്രമേ ഉള്ളൂ. കണ്ടൽ ചെടികൾ കൊണ്ടനുഗ്രഹിക്കപ്പെട്ടതും ഈ ഭാഗങ്ങളിലാണ്.

1928-ലെ സെററിൽമെൻറ് റജിസ്റ്ററിലെ വിവരങ്ങളുമായി ഇന്നത്തെ പാപ്പിനിശ്ശേരിയെ താരതമ്യം ചെയ്താൽ കാർഷിക മേഖലയിൽ വന്നിട്ടുള്ള മാററങ്ങളുടെ ഒരു ചിത്രം നമുക്ക് കിട്ടും.

### 1928ലെ സെററിൽമെൻറ് റജിസ്റ്റർ പ്രകാരമുള്ള ഓരോ വിളയും കൃഷി ചെയ്തത് സംബന്ധിച്ച വിവരം

| വിളകൾ | വിസ്തീർണ്ണം |
|---|---|
| നെല്ല് | 1942 ഏക്ര |
| തെങ്ങ് | 533 ,, |
| കുരുമുളക് | 208 ,, |
| വാഴ | 152 ,, |
| മുതിര | 8 ,, |
| മുത്താറി | 5 ,, |
| കവുങ്ങ് | 5 ,, |
| പുളി | 3 ,, |
| ഇഞ്ചി | 2 ,, |
| ആകെ | 2858 ഏക്ര |

ചിറക്കൽ കോവിലകത്തിന്റേയും അവരുടെ കീഴിലുണ്ടായിരുന്ന അരയാല ദേവസ്വം, വടേശ്വരം ദേവസ്വം, തളിപ്പറമ്പ് ദേവസ്വം, പുതിയ കാവ് ക്ഷേത്രം, മണക്കുളങ്ങര പൊക്യാരത്ത്, അക്കിയത്ത്, കുണ്ടമ്പള്ളി മാത്തിൽകൂടി നില്ക്കുന്ന പയ്യാവൂർ നെയ്യമൃത്സംഘം കേയികുടുംബം തുടങ്ങിയവരുടെ കയ്യിലായിരുന്ന ഭൂമിയുടെ ഭൂരിഭാഗവും. ഇവരിൽ നിന്ന് വാരവും പാട്ടവും നല്കികൊണ്ട് ഭൂമിയിൽ നടപ്പവകാശം വാങ്ങുകയാണ് കൃഷിക്കാർ ചെയ്തിരുന്നത്. ഏതവസരത്തിലും നടപ്പവകാശത്തിൽ നിന്ന് പുറത്താക്കാൻ അധികാരമുള്ള ജന്മിമാർ തന്നെ ആയിരുന്നു, വാരത്തിന്റേയും പാട്ടത്തിന്റേയും അളവ് നിശ്ചയിച്ചിരുന്നത്. അക്കാലത്തെ പ്രധാന കർഷകരായിരുന്നു ഒടിയിൽ മമ്മദ്, പാലക്കീൽ കൃഷ്ണൻ നമ്പ്യാർ, കടാങ്കോടൻ രാമൻ നമ്പ്യാർ, കരിക്കൻ കണ്ണൻ, മല്ലൻ പൊക്കൻ എന്നിവർ. കർഷക തൊഴിലാളികളിൽ ഭൂരിഭാഗം പേരും ഹരിജനങ്ങളും തിയ്യരും ആയിരുന്നു. ഇവർക്ക് ചില പ്രത്യേക അവകാശങ്ങളും കടമകളുമുണ്ടായിരുന്നു. ഓണം, വിഷു തുടങ്ങിയ വിശേഷ ദിവസങ്ങളിൽ വസ്ത്രം, നെല്ല് തുടങ്ങിയവ ജന്മിമാർ നല്കുന്ന പതിവുണ്ടായിരുന്നു. ഇങ്ങനെ ലഭിച്ചവർ ആ വർഷം മുഴുവനും ഈ ജന്മിമാർക്കല്ലാതെ മററാർക്കും ജോലിചെയ്യാൻ അവകാശമുണ്ടായിരുന്നില്ല. അക്കാലത്ത് ലഭിച്ചിരുന്ന കൂലി മൊത്തം ഉല്പാദിപ്പിച്ച നെല്ലിന്റെ പത്തിൽ ഒന്നായിരുന്നു. പിന്നീടത് എട്ടിൽ ഒന്നാക്കി വർദ്ധിപ്പിച്ചു.

അന്നും മഴയെ ആശ്രയിച്ച് മാത്രമാണ് കൃഷി ചെയ്തിരുന്നത്. കൃഷിഭൂമിയുടെ 67.94% വും നെൽകൃഷിയാണ് ചെയ്തിരുന്നത്. 18.64% തെങ്ങ് കൃഷിയും 7.27% കുരുമുളകും 5.31% വാഴയുമാണ് കൃഷിചെയ്തിരുന്നത്.

തീരപ്രദേശത്തുള്ള വയലുകളിൽ അക്കാലത്ത് ഒരൊററ വിളമാത്രമേ എടുത്തിരുന്നുള്ളൂ, നെല്ലിന് ശേഷം ഉഴുന്ന്, പയർ, പച്ചക്കറി എന്നിവയും കൃഷി ചെയ്തിരുന്നു. ഉയർന്ന പ്രദേശത്തുള്ള വയലുകളിൽ രണ്ടാം വിളയും എടുത്തിരുന്നു. കൂടാതെ മുതിര, ഉഴുന്ന്, പച്ചക്കറി എന്നിവയും കരപ്പറമ്പിൽ നെൽകൃഷിയെ കൂടാതെ വാഴ, കൊള്ളികിഴങ്ങ്, പച്ചക്കറി എന്നിവയും കൃഷിചെയ്തിരുന്നു.

പച്ചക്കറിയിൽ വെള്ളരി, മത്തൻ തുടങ്ങിയവ ധാരാളമായി കൃഷിചെയ്തിരുന്നു. പുഞ്ച വെള്ളരി ഉച്ചാരവെള്ളരി എന്നിങ്ങനെ രണ്ടുപ്രാവശ്യം കൃഷി ചെയ്തിരുന്നു. കൊവ്വൽ കുത്തിയാണ് ജലസേചനം നടത്തിയിരുന്നത്. വെള്ളരി കൃഷിയിൽ കാലി കയറാതിരിക്കാൻ കിളകെട്ടിയിരുന്നത് ഉല്പാദന പ്രക്രിയയിലെ കൂട്ടായ്മയുടെ തെളിവാണ്.

താഴ്ന്ന പ്രദേശങ്ങളിൽ കഴമയും ഉയർന്ന സ്ഥലത്ത് വടക്കൻ, മലയുടമ്പൻ എന്നിവയും വെള്ളം കൂടുതലുള്ള പ്രദേശത്ത് തവളകണ്ണനും കൃഷി ചെയ്തിരുന്നു. കയ്പാട് പ്രദേശത്ത് മണ്ണ് കൂട്ടി കൂനകൃഷിയാണ് ഉണ്ടായിരുന്നത്. ഓക്കഴമ ചേറുകഴമ, കതിര്, ആര്യൻ, കുറായി, കുഞ്ഞി നെല്ല് എന്നിവയും അന്ന് കൃഷി ചെയ്തിരുന്നു.

ചാണകം, പച്ചില. വെണ്ണീർ തുടങ്ങിയ ജൈവ വളങ്ങളാണ് അക്കാലത്ത് ഉപയോഗിച്ചിരുന്നത്. വയലുകളിൽ ചാണകം ലഭിക്കുന്നതിനായി കാലി കൂട്ടങ്ങളെ വയലുകളിൽ മേയാൻവിടുന്ന സമ്പ്രദായങ്ങളും ഉണ്ടായിരുന്നു.

എത്ര വിളവെടുത്താലും അളവിലെ കൃത്രിമങ്ങളാലും കടുത്ത നിബന്ധനകളാലും കൃഷിക്കാരന് എപ്പോഴും ദുരിതവും ദാരിദ്ര്യവും തന്നെയായിരുന്നു മിച്ചം. ഇതിനൊരു അറുതിവന്നത് 1959-ലെ കാർഷിക പരിഷ്കരണ നിയമത്തോടു കൂടിയാണ്. അതുവരെ നടപ്പവകാശമുള്ള കൃഷിക്കാർ ആദ്യമായി ഭൂമിയുടമസ്ഥന്മാരായി. ജന്മിമാർ ചരിത്ര രേഖകളിലേക്ക് കുടിയേറി.

1928ൽ നിന്നും 1996ൽ എത്തുമ്പോഴേക്കും കൃഷിഭൂമിയിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്. 1928ൽ 2858 ഏക്ര ഭൂമിയിലായിരുന്നു കൃഷിചെയ്തിരുന്നതെങ്കിൽ ഇന്നത് 3132 ഏക്രയായി വർദ്ധിച്ചു. എന്നാൽ നമ്മുടെ വിളക്രമത്തിൽ കാര്യമായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്.

**1996ലെ വിള വിസ്തീർണ്ണവും ഉൽപാദനവും (അവലംബം കൃഷിഭവൻ)**

| വിള | വിസ്തീർണ്ണം (ഏക്ര) | മൊത്തം ഉല്പാദനം kg | ഉല്പാദന ക്ഷമത |
|---|---|---|---|
| നെല്ല് ഒന്നാംവിള | 520 (ഏക്ര) | 551200Kg | 2650Kg/H |
| ,, രണ്ടാംവിള | 105 ,, | 104538 ,, | 2489 ,, |
| പയർ മൂന്നാംവിള | 250 ,, | 300000 ,, | 3000 ,, |
| തെങ്ങ് | 2152 ,, | 3010000,, | 3500 ,, |
| കവുങ്ങ് | 32.5 ,, | 2000 ,, | 155 ,, |
| വാഴ | 30 ,, | 180000 ,, | 15000 ,, |
| മരച്ചീനി | 30 ,, | 50000,, | 4166 ,, |
| എള്ള് | 75 ,, | 3000 ,, | 3000 ,, |
| കശുമാവ് | 5 ,, | 4000,, | 2000 ,, |
| പച്ചക്കറി | 5 ,, | 100000,, | 50000 ,, |

1928ലേയും 1996ലേയും കണക്കുകൾ പരിശോധിച്ചാൽ നമ്മുടെ വിളക്രമത്തിലുണ്ടായ മാററം വ്യക്തമാവും. 19'28ൽ 1942 ഏക്ര നെല്ല് കൃഷി ചെയ്തിടത്ത് ഇന്ന് വെറും 625 ഏക്ര മാത്രമേ ചെയ്യുന്നുള്ളു. വാഴകൃഷി 1928ൽ 152 ഏക്ര ചെയ്തിടത്ത് 30 ഏക്രയായി കുറഞ്ഞിരിക്കുന്നു. എന്നാൽ ഈ കുറവുകളെല്ലാം പരിഹരിച്ചത് തെങ്ങ് കൃഷിയിലാണ്. 1928ൽ 533 ഏക്രയിൽ മാത്രം കൃഷിചെയ്തിരുന്ന തെങ്ങ് കൃഷി ഇന്ന് 2152 ഏക്രയിലേക്ക് വളർന്നിരിക്കുന്നു. കവുങ്ങ് കൃഷിയിലും വർദ്ധനവുണ്ടായിട്ടുണ്ട്. 5 ഏക്രയിൽ നിന്നും 30 ഏക്രയിലേക്ക് വളർന്നു. അന്നുണ്ടായിരുന്ന മുതിരയും ഇഞ്ചികൃഷിയും ഏതാണ്ട് അപ്രത്യക്ഷമായിരിക്കുന്നു. നെൽപാടങ്ങളുടെ ഭീതിജനകമായ കുറവിന് കാരണം മുഖ്യമായും തെങ്ങ് കൃഷിക്ക് വേണ്ടിയും പാർപ്പിടത്തിന് വേണ്ടിയും പാടങ്ങൾ നികത്തപ്പെടുന്നത് കൊണ്ടാണ്. ഈ ദിശാ സൂചന കാണിക്കുന്നത് നമ്മൾ നെൽകൃഷി ഉപേക്ഷിക്കുന്നതിലേക്കും തെങ്ങു കൃഷി വ്യാപിപ്പിക്കുന്നതിലേക്കുമാണ്. ഇതിന്റെ മറെറാരു പ്രത്യാഘാതം പച്ചക്കറി കൃഷിയും നഷ്ടപ്പെട്ടുപോകുന്നു എന്നതാണ്. കാർഷിക മേഖലയിൽ ഗൗരവമായ ഒരു സാമൂഹ്യ ഇടപെടൽ ആവശ്യമായ കാലഘട്ടമാണ് ഇതെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.

## വളം ഉപഭോഗം

കൃഷിക്കാർക്ക് ആവശ്യമായ രാസവളം വിതരണം ചെയ്യുന്നത്. നമ്മുടെ പഞ്ചായത്തിൽ പാപ്പിനിശ്ശേരി സർവ്വീസ് സഹകരണ ബാങ്കാണ്. കൂടാതെ ചിലരെങ്കിലും പുതിയതെരു, തളിപ്പറമ്പ് തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും വാങ്ങി ഉപയോഗിക്കുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് പരിശോധിച്ചാൽ രാസവളത്തിന്റെ ഉപഭോഗത്തിൽ കുറവ് വന്നതായി കാണാം. ജൈവവളങ്ങൾ കർഷകർ കൂടുതൽ ഉപയോഗിച്ചുവരുന്നതും രാസവളത്തിന്റെ അമിതമായ വിലവർദ്ധനവും ഇതിന് കാരണമാണ്.

**കഴിഞ്ഞ മൂന്ന് വർഷത്തെ രാസവള ഉപഭോഗത്തിന്റെ കണക്ക്**

| വർഷം | രാസവളം Kg |
|---|---|
| 1993-94 | 71726 Kg |
| 1994-95 | 76500 ,, |
| 1995-96 | 64195 ,, |

## കഴിഞ്ഞ സപ്തംബർ മാസത്തെ വള ഉപഭോഗം ഇനം തിരിച്ച്

| വളം | അളവ് Kg |
|---|---|
| നൈട്രജൻ | 1063.92 Kg |
| ഫോസ്ഫറസ് | 921.48 Kg |
| പൊട്ടാസ്യം | 1427.03 Kg |

## കാർഷിക രോഗങ്ങൾ

നെൽകൃഷിക്ക് അങ്ങിങ്ങായി മഞ്ഞളിപ്പ്, പ്രാണിശല്യവും തെങ്ങിന് കുമ്പ്ചീയൽ, കൊമ്പൻ ചെല്ലി, കറചാടൽ, ഓല ചുരുട്ടി പുഴശല്യം എന്നിവയാണ് കണ്ടുവരുന്നത്. ഇതിൽ കറ ചാടൽ രോഗമാണ് ഗുരുതരമായ നിലയിൽ കാണപ്പെട്ടന്നത്. ആവശ്യം വരുമ്പോൾ കൃഷിക്കാർ കീടനാശിനികൾ ഉപയോഗിക്കുന്നു.

## പ്രധാനരോഗങ്ങളും അവ ബാധിച്ച തെങ്ങുകളുടെ എണ്ണവും

| രോഗം | എണ്ണം |
|---|---|
| കറചാടൽ | 7800 |
| വേര്ചീയൽ | 1400 |
| മററുരോഗങ്ങൾ | 600 |

## വിത്തുകൾ, വായ്പകൾ

കൃഷിഭവൻ മുഖാന്തിരം നല്ലിവരുന്നതും പ്രാദേശികമായി ലഭിക്കുന്ന വിത്തുകളുമാണ് കൃഷിക്കാർ ഉപയോഗിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ കൃഷിക്കാർക്ക് ആവശ്യമായ കാർഷിക വായ്പ കൊടുക്കുന്നത് പ്രധാനമായും പാപ്പിനിശ്ശേരി സർവ്വീസ് സഹകരണബാങ്ക്, പാപ്പിനിശ്ശേരി സഹകരണ റൂറൽ ബാങ്ക്, സ്റ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവയാണ്.

## കൃഷിഭവൻ

പാപ്പിനിശ്ശേരി ചുങ്കത്തിനടുത്താണ് കൃഷിഭവന്റെ ഓഫീസ് പ്രവർത്തിക്കുന്നത്. അതിന്റെ സങ്കല്പത്തിനനുസരിച്ച് കൃഷിഭവൻ ഉയർന്ന് വരേണ്ടതുണ്ട്. കൃഷിക്കാർ കൃഷിഭവനുകളെ സമീപിക്കുന്നതും പൊതുവെ കുറവാണ്. കാർഷികവൃത്തിയിൽ ശാസ്ത്രീയ പരിശീലനം ലഭിച്ച കൃഷി ഉദ്യോഗസ്ഥരുടെ അറിവും കഴിവും കൃഷിക്കാർക്ക് ലഭ്യമാകത്തക്ക വിധത്തിൽ അതിന്റെ പ്രവർത്തനം ക്രമീകരിക്കേണ്ടതുണ്ട്.

കൃഷിഭവന കീഴിൽ ഒരു പഞ്ചായത്ത് തല കേരസമിതിയും 5 പാടശേഖര സമിതിയും പ്രവർത്തിക്കുന്നുണ്ട്. പാടശേഖര സമിതികളുടെ പേര് വിവരം താഴെ പറയുന്നു

1. ഇരുത്തി പാടശേഖര സമിതി
2. അരയാല ,,
3. കല്ലൂരി ,,
4. പുലക്കറ ,,
5. തട്ടിൻപുറം ,,

കൃഷിഭവൻ മുഖേന താഴെ പറയുന്ന കാർഷികോപകരണങ്ങൾ വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്.

പവർ ടില്ലർ — 8
തെങ്ങ് കയററയന്ത്രം — 2
റോക്ക്സ്പ്രയർ — 27
പോർട്ടബ്ൾ പമ്പ് — 22
നാപ്സ്റ്റോക്ക് സ്പ്രയർ — 12
നാടൻ കലപ്പ — 1
മെതിയന്ത്രം — 1

കൃഷിഭവൻ വഴി നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ ഇവയാണ്

1. പ്രത്യേക ഘടക പദ്ധതി
2. പ്രകൃതി ക്ഷോഭ ദുരിതാശ്വാസപദ്ധതി
3. സമഗ്രസുഗന്ധ വിള പദ്ധതി
4. മിനി കിററ് പദ്ധതി
5. ഫലവൃക്ഷതൈ വിതരണ പദ്ധതി
6. ഉല്പാദന ബോണസ് വിതരണം
7. വിള ഇൻഷൂറൻസ് പദ്ധതി
8. സമഗ്ര തെങ്ങ് വികസന പദ്ധതി
9. വിള മത്സരം
10. നടീൽ വസ്തുക്കളുടെ വിതരണം

കർഷക തൊഴിലാളികൾക്ക് ഒരു ഏകീകരിച്ച കൂലി നിരക്ക് ഈ പഞ്ചായത്തിലില്ല. ആവശ്യത്തിന് കർഷക തൊഴിലാളികളെ ലഭിക്കാത്തത് ഒരു വലിയ പ്രശ്നമാണ്.

**ശരാശരി കൂലി നിരക്ക് താഴെ ചേർക്കുന്നു**

| തൊഴിൽ | ജോലിസമയം | ശരാശരി കൂലിനിരക്ക് പുരുഷൻ രൂപ. | സ്ത്രീ രൂപ |
|---|---|---|---|
| നിലംഉഴുതിടൽ | 3മണിക്കൂർ | 125 രൂപ | |
| നിലംകിളക്കൽ | 9മണിക്കൂർ | 125 ,, | |
| ,, ,, | 5മണിക്കൂർ | 80 ,, | |
| ഞാറുനടൽ | 9മണിക്കൂർ | | 45 രൂപ |
| കൊയ്ത്ത് /മെതി | ,, | | 10 സേര് |
| തേങ്ങപറിക്കൽ | | 125 ,, | |

ഇതിന് പുറമേ തൊഴിലാളികൾക്ക് ഭക്ഷണവും നല്കിവരുന്നു

കാർഷികോല്പന്നങ്ങളിൽ തേങ്ങയും കശുവണ്ടിയും അടക്കയും കുരുമുളകുമാണ് കൃഷിക്കാർ വില്പന നടത്തുന്നത്. തേങ്ങ കൊപ്രകളാക്കി സമീപത്തുള്ള സ്വകാര്യമില്ലുകളിലും മാറും ഉല്പന്നങ്ങൾ തളിപ്പറമ്പിലും കൊണ്ടുപോയി വില്ക്കുന്നു. നെല്ല് ഉല്പാദിപ്പിക്കുന്ന കൃഷിക്കാർക്ക് അവരുടെ ആവശ്യത്തിന് മാത്രമേ ലഭിക്കുന്നുള്ളു എന്നതിനാൽ വില്പനയുടെ പ്രശ്നം ഉദിക്കുന്നില്ല. തെങ്ങ് കൃഷിയിൽ ഒരു വർഷം മുതൽ 3 വർഷം വരെ പാട്ടത്തിന് കൊടുക്കുന്ന സമ്പ്രദായവും നിലവിലുണ്ട്.

## ജലസേചനം

നമ്മുടെ പഞ്ചായത്തിൽ ചെറുതും വലുതുമായ 26 തോടുകൾ ഉണ്ട്. പ്രധാനപ്പെട്ട തോടുകളിൽ ക്രോസ് ബാറുകൾ നിർമ്മിച്ച്കൊണ്ട് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുള്ള സംവിധാനമുണ്ട്. നിലവിലുള്ള തോടുകൾ ആഴവും വീതിയും കൂട്ടി ഭിത്തികെട്ടി സംരക്ഷിച്ചാൽ രണ്ടാം വിളവെടുപ്പിനും പച്ചക്കറി കൃഷിക്കും ആവശ്യമായ ജലസേചന സൗകര്യം ഉറപ്പാക്കാൻ കഴിയും. വാച്ചാൽ തോട്, കയാൻറിൽതോട്, ചേനകിതോട്, കല്ലൂരി മേച്ചുതോട്, നാലകത്ത്തോട്, മുണ്ടോം, കണ്ടി തോട് എന്നിവക്കാണ് ക്രോസ്ബാറുകൾ ഉള്ളത്. അായല, മംഗലശ്ശേരിതാവ എന്നിവിടങ്ങളിൽ ക്രോസ്ബാറുകളുടെ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

## പ്രശ്നങ്ങൾ

1 ജലസേചന സൗകര്യത്തിൻെറ അഭാവമാണ് നെൽകൃഷി അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നം രണ്ടാം വിളവെടുപ്പിന് പ്രത്യേകിച്ചും.

2 ആവശ്യത്തിനും സമയത്തിനും കർഷക തൊഴിലാളികളെ ലഭിക്കുന്നില്ല. തൊഴിൽ സുരക്ഷിതത്വമില്ലായ്മയാണ് പ്രധാന കാരണം.

3 ശാസ്ത്രീയ കൃഷി രീതികൾ പഠിക്കുന്നതിൽ കൃഷിക്കാർ വിമുഖരാണ്.

4 അശാസ്ത്രീയമായ വള പ്രയോഗവും വിത്ത് തെരഞ്ഞെടുക്കലും വിളവിൻെറ ഉല്പാദന ക്ഷമത കുറക്കുന്നു.

5 മണ്ണ് പരിശോധനയുടെ ആവശ്യം കൃഷിക്കാർക്ക് ബോധ്യമല്ല മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ രാസവള പ്രയോഗം നടത്താനുള്ള സംവിധാനങ്ങൾ കൃഷികാര്ക്ക് ലഭ്യമല്ല.

6 കൃഷി ഭവൻെറ പ്രവർത്തനം എല്ലാ കർഷകരിലും എത്തുന്നില്ല.

7 ദേശഭേദമനുസരിച്ചുള്ള വിത്ത്കൊണ്ടുവരാനും യഥാസമയം തന്നെ വിത്തുകൾ വിതരണം ചെയ്യാനും കഴിയുന്നില്ല.

8 കാർഷികമേഖലയിൽ യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നത് താരതമ്യേന കുറവാണ്. പവർ ടില്ലറുകൾ മാത്രമേ ഉപയോഗിക്കുന്നുള്ളു.

9 രാസവള വിലവർദ്ധനവും കാർഷികമേഖലയിലെ കൂലി വർദ്ധനവും തൊഴിലാളികളുടെ ദൗർബല്യവും കൃഷി ഭൂമി തരിശിടുന്ന പ്രവണത വർദ്ധിപ്പിക്കുന്നു.

10 കൃഷി ഭൂമിയുടെ തുണ്ടുവല്ക്കരണം കൃഷി പ്രവർത്തിയെ പ്രയാസപ്പെടുത്തുന്നു.

11 കൃഷി ഭൂമിയുടെ വർദ്ധനഫലമായി തേങ്ങ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ടെങ്കിലും ഉൽപ്പാദനക്ഷമത കുറവാണ്.

12 നാളികേരത്തിൻെറ വിലക്കുറവും വിലയിലുള്ള അസ്ഥിരതയും ഈ കൃഷിയുടെ ആകർഷണീയതയെ ബാധിച്ചിട്ടുണ്ട്.

13 തീരസമതലങ്ങളിൽ മഴക്കാലത്ത് നീർക്കെട്ടും വേനൽകാലത്ത് വരൾച്ചയുമാണ് തെങ്ങിനെ ബാധിക്കുന്ന മുഖ്യപ്രശ്നം.

14 ആവശ്യത്തിനുള്ള അകലം സൂക്ഷിക്കാതെയുള്ള ഇന്നത്തെ തെങ്ങ് കൃഷിരീതി ഉല്പാദനക്ഷമത കുറക്കുന്നു.

15 മണ്ഡചീയൽ, കറചാടൽ, കൊമ്പൻചെല്ലി, ഓലചുരുട്ടി എന്നീ രോഗങ്ങളും തെങ്ങിനെ ബാധിക്കുന്നു.

16 മഞ്ഞളിപ്പ്, കൃമിശല്യം തുടങ്ങിയ നെൽകൃഷിയെ ബാധിക്കുന്ന രോഗങ്ങളാണ്.

17 പുരയിടങ്ങളിൽ കൃഷി ചെയ്യാവുന്ന ഇടവിളകളിൽ കൃഷിക്കാർ താൽപ്പര്യപ്പെടുന്നില്ല

18 ലാഭകരമായി നടത്താവുന്ന പുഷ്പകൃഷി, കൂൺകൃഷി, ഔഷധകൃഷി തുടങ്ങിയവയിൽ കൃഷിക്കാർ അജ്ഞരാണ്.

19 പച്ചക്കറി കൃഷി കുറഞ്ഞുവരുന്നു.

20 കാർഷിക മേഖലയോട് പൊതുവെ നിഷേധാത്മക സമീപനമാണുള്ളത്.

21 കൃഷി പ്രായേണ നഷ്ടമാണ്.

22 ഭൂരിഭാഗം കൃഷിക്കാരും ഉപതൊഴിൽ എന്ന നിലയിലാണ് കൃഷി നടത്തുന്നത്.

23 വിള ഇൻഷ്വറൻസ് പദ്ധതിയെപ്പററി കൃഷിക്കാർക്ക് വേണ്ടത്ര അറിവില്ല.

24 നിലവിലുള്ള ഇൻഷ്വറൻസ് ആനുകൂല്യം കീടബാധ, രോഗം ഇവമൂലം നശിക്കുന്ന വിളകൾക്ക് കിട്ടുന്നില്ല.

25 കെട്ടിട നിർമ്മാണത്തിന് കൃഷി ഭൂമി നികത്തപ്പെടുന്ന സ്ഥിതി ഉണ്ട്.

26 യഥാസമയം ജൈവ, രാസവളങ്ങൾ ലഭിക്കുന്നില്ല.

27 നെൽകൃഷിയിൽ കൂട്ടായ്മ നല്കാത്തതിനാൽ വ്യത്യസ്ത സമയങ്ങളിൽ വ്യത്യസ്ത വിത്തുകൾ ഉപയോഗിക്കുന്നത് കൃഷിയെ പ്രയാസകരമാക്കുന്നു.

## നിർദ്ദേശങ്ങൾ–സാദ്ധ്യതകൾ

1 ചേനങ്കി തോടിനുള്ള അണക്കെട്ട് പുതുക്കി പണിയണം.

2 മുള്ളൻതോട്, പഴഞ്ചിറതാവ, ഈച്ചാട്ട്പാലം ഹാജിറോഡ് തോട്, ഹരിജൻകോളനി-ചുങ്കം തോട്, വേളാപുരം ചിറകുററിതോട്, മെരളി പഴഞ്ചിറ തോട്, കോളനി–ചുങ്കം തോട്, മംഗലശ്ശേരി-താവതോട്, മാർക്കററ് തോട്, കാട്ടിലെപ്പള്ളി തോട്, പുതിയകാവിന് പടിഞ്ഞാറ് റോഡിൽ കലുങ്കിന് വടക്ക്വശത്ത് നാലോത്തെ തോട് എന്നിവക്ക് ക്രോസ് ബാറുകൾ നിർമ്മിക്കണം.

നീർകെട്ട് ഒഴിവാക്കുന്നതിനായ് താഴെ പറയുന്നിടങ്ങളിൽ ഓവുചാലുകൾ നിർമ്മിക്കേണ്ടതാണ്.

3 ആന വളപ്പിൽ ചേനങ്കിതോടിലേക്കും, ഇല്ലിപ്പുറം സ്രാമ്പിക്ക് കിഴക്ക് ഭാഗത്ത് ചേനങ്കി തോടിലേക്കു ഓവുചാലുകൾ നിർമ്മിക്കണം.

4 II-ാം വാർഡിൻെറ വടക്കേ അററത്തുള്ള റെ. പാലത്തിനടിയിലൂടെയുള്ള നിലവിലുള്ള തോട്ടിലെ വെള്ളം പടിഞ്ഞാറെ താവ വഴി എൽ പി സ്കൂളിനടുത്തുള്ള തോട്വഴി തെക്കോട്ട് ഒഴുകി അമ്പലം വഴി പടിഞ്ഞാറ് വശത്ത് കൂടി ഒഴുക്കാനുള്ള ഓവ്ചാല് വേണം. ഈ തോട്ടിലേക്ക് ശിവക്ഷേത്രത്തിന് സമീപത്ത് നിന്നും മറെറാരു ഓവുചാൽകൂടി നിർമ്മിക്കേണ്ടതാണ്.

5 റെ സ്റ്റേഷന് കിഴക്ക് ഭാഗത്ത് നിന്നും ഓവുചാൽ നിർമ്മിച്ച് റെ. ഗേററിന് സമീപമുള്ള തോട്ടിലേക്കും, എലിക്കൊവ്വൻ റോഡിന് സമീപത്ത് നിന്നും ഓവുചാൽ നിർമ്മിച്ച് റെ. സ്റ്റേഷൻ തോടിലേക്കും വെള്ളം ഒഴുക്കേണ്ടതാണ്.

6 VI-ാം വാഡിൽ ഭൂരിഭാഗം സ്ഥലത്തും നീർകെട്ട് അനുഭവപ്പെടുന്നതിനാൽ ആവശ്യമായ സ്ഥലങ്ങളിൽ ഓവുചാലുകൾ നിർമ്മിക്കേണ്ടതാണ്.

7 VII-ാം വാർഡിലും IV-ാം വാർഡിലും ചില ഭാഗങ്ങളിലെ നീർക്കെട്ടുകൾ കളയാൻ ഓവ്ചാലുകൾ നിർമ്മിക്കണം.

8 ചെക്കിക്കണ്ട് റോഡു മുതൽ സ്റേറഷൻ റോഡിൻെറ സൈഡിൽ കൂടി ഓവുചാല് നിർമ്മിച്ച് വെൽഫെയർ സ്കൂളിനു സമീപത്തുള്ള റോഡുമായി ബന്ധിപ്പിക്കണം.

9 പുതിയ കാവിനു പടിഞ്ഞാറ് പുതിയ തോട് നിർമ്മിക്കണം.

10 കല്ല്യാശ്ശേരി പഞ്ചായത്തിലെ കാക്കാംകോവിലിൽ നിന്നും വരുന്ന തോടിന് വീതി കൂട്ടണം

11 പാപ്പിനിശ്ശേരി ക്ഷേത്രം മുതൽ പുയിനാൻറി തോടു വരെ ഓവു ചാലു നിർമ്മിക്കണം.

12 നീർക്കെട്ടു കളയുന്നതിൻെറ ഭാഗമായി 5-ാം വാർഡിൽ ഒരുതോടു നിർമ്മിക്കണം. തണ്ണീർ തടമാക്കി ശുദ്ധ ജല വിതരണത്തിനുപയോഗിക്കണം.

13 മേച്ചിര കല്ലൂരി തോട്, നാടാച്ചേരിതോട് കയിൻറാനിൽതോട്, പൊട്ടിൻറകത്തോട് എന്നിവ വീതിയും ആഴവും കൂട്ടണം.

14 പഴഞ്ചിറ താവ ആരംഭിക്കുന്നിടത്തും WIC മില്ലിന് പടിഞ്ഞാറും പാങ്കുളം, അരയാല എന്നിവിടങ്ങളിൽ പുതിയ കുളങ്ങൾ കുഴിക്കണം.

15 ഖാദിബോർഡിന് മുൻവശത്തുള്ള കാലിക്കുളം പുലക്കറ വയൽ കിഴക്ക് വടക്ക് ചടയൻകണ്ട് എന്നിവ ആഴം കൂട്ടി ഭിത്തികെട്ടണം.

16 കല്ലൂരി മേച്ചിറ വയലിലും കപ്പൈക്കൽ താഴെ വളപ്പിലും കുളവും പമ്പ്ഹൗസും നിർമ്മിക്കണം.

17 ആന്തൂർ–പാപ്പിനിശ്ശേരി അതിർത്തിയിലെ കുഞ്ഞുകുളം വിസ്തീർണ്ണം കൂട്ടണം.

18 ഒരമ്പിലെ കുളം വർഷാവർഷം ശുദ്ധീകരിക്കണം.

19 4-ാം വാർഡിലും 7-ാം വാർഡിലുമായി 50ലെറെ ഏക്രകളിൽ നിലനില്ക്കുന്ന ചുള്ളി കാടുകൾ വെട്ടി നീക്കി കൃഷിക്ക് ഉപയോഗപ്രദമാക്കുക.

20 പഞ്ചായത്ത് കേന്ദ്രമാക്കി മണ്ണു പരിശോധന സൗകര്യം ഏർപ്പാടാക്കണം.

21 കൃഷി ഉദ്യോഗസ്ഥരും കൃഷിക്കാരും വാർഡു തലങ്ങളിൽ മാസത്തിൽ ഒരു തവണയെങ്കിലും ഒത്തുകൂടി ആശയവിനിമയം നടത്താനുള്ള അവസരം ഉണ്ടാവണം.

22 കഷ്കക്ക് വായ്പ സംവിധാനം എളുപ്പമാക്കണം, വിത്തിനും വളത്തിനും സബ്സിഡി ഏർപ്പെടുത്തണം.

23 രണ്ടാം വിളയെടുക്കാത്ത കൃഷിയിടങ്ങളിൽ പച്ചക്കറി കൃഷി നടത്താൻ കൃഷിക്കാരെ പ്രേരിപ്പിക്കേണ്ടതാണ്. അവർക്ക് വിത്തും വളവും സൗജന്യമായോ സബ്സിഡിയോടെയോ നല്കുക.

24 സ്വന്തം വീട്ടുവളപ്പിൽ നടാവുന്ന ഹ്രസ്വകാല ദീർഘകാല കൃഷിയെക്കുറിച്ച് ആളുകളെ ബോധവല്കരിക്കണം.

25 തരിശിടുന്ന നെൽപ്പാടങ്ങൾ പഞ്ചായത്ത് മുഖാന്തിരം താല്പര്യമുള്ള കർഷകർക്ക് കൃഷി ചെയ്യാനുള്ള അവസരം ഉണ്ടാക്കികൊടുക്കുക.

26 വിള ഇൻഷുറൻസ് പദ്ധതി എല്ലാ വിധത്തിലുമുള്ള വിള നാശത്തിനും ബാധകമാക്കണം.

27 പുഷ്പകൃഷി, കൂൺകൃഷി, ഔഷധകൃഷി എന്നിവയുടെ സാധ്യത ഉപയോഗപ്പെടുത്തുക. പഞ്ചായത്തിലെ ഉയർന്ന പ്രദേശത്ത് റബ്ബർ കൃഷിയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

28 ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികളും മററു ഉല്പന്നങ്ങളും പഞ്ചായത്തിൽതന്നെ വിററഴിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്.

29 നെൽവയലുകൾ നികത്തി കെട്ടിടം നിർമ്മിക്കുന്നത് നിരുത്സാഹപ്പെടുത്തുകയും നിയമ നടപടികൾ കൈകൊള്ളുകയും വേണം.

30 കാഷി വൃത്തിയോടുള്ള ജനങ്ങളുടെ മനോഭാവം മാററാനുള്ള നടപടികൾ സ്വീകരിക്കണം.

31 തൊഴിൽ രഹിതരുടെ സംഘം രൂപീകരിക്കുയും കാർഷിക മേഖലയിൽ സ്ഥിരം ജോലിയും ക്ഷേമ പദ്ധതികളും നടപ്പിൽ വരുത്തി അവരെ അവിടെ നിലനിർത്തുകയും വേണം.

32 ഭൂപരിധി ഒഴിവാക്കി ആവശ്യമുള്ള എല്ലാ വിഭാഗം കഷ്കക്കും ആനുകൂല്യം ലഭ്യമാക്കണം

33 സ്ഥലഭേദമനുസരിച്ച് ശാസ്ത്രീയ കൃഷിരീതി, രാസ, ജൈവ വളപ്രയോഗം കീടനാശിനിയുടെ ഉപയോഗം എന്നിവ കർഷകരെ കൃഷി ഉദ്യോഗസ്ഥർ പഠിപ്പിക്കണം.

34 കൃഷി ആകർഷകവും ആദായകരവുമാക്കാനുള്ള എല്ലാ സംവിധാനവും നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കണം.

35 വീട്ടുവളപ്പിൽ ചിട്ടയായും ആവശ്യമുള്ളതുമായ കൃഷി രീതിയെക്കുറിച്ച് കർഷകരെ ബന്ധപ്പെട്ടവർ ബോധവൽക്കരിക്കണം.

36 ഔഷധചെടികൾ ഉദ്യാനചെടികൾ, നല്ല ഇനം ഫലവൃക്ഷതൈകൾ തുടങ്ങിയ നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാൻ പഞ്ചായത്തിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ നേഴ്സറി ഗാർഡൻ സ്ഥാപിക്കണം.

37 ജലസംരക്ഷണപദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണം.

38 പുഴയോരത്ത് കരയിടിച്ചൽ തടയാൻ കരിങ്കൽഭിത്തി കെട്ടുക.

39 ഭഗത്സിംഗ് അയലണ്ട് ഭിത്തികെട്ടി സംരക്ഷിക്കുകയും കരയോടുചേർന്ന പ്രദേശത്ത് നിന്നു് പൂഴിവാരൽ കർശനമായി നിരോധിക്കുകയും ചെയ്യുക

40 ഭഗത്സിംഗ് അയലണ്ടിൽ ഒഴിവുള്ള ഭാഗത്തിൽ തെങ്ങ്കൃഷി വ്യാപിപ്പിക്കുക.

## കൈവശ ഭൂമി വിസ്തീർണ്ണം

| നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1-2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) |
|---|---|---|
| 4296 | 116 | 26 |

## തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| — | 857 Ha | 75000 | 55000 | 1,30,000 | — | — | 400 Nos | 1800 | 600 | 2800 |

| Name of Crops | Area | Production | Productivity |
|---|---|---|---|
| 1 Coconut | 857 ha | 25 / Nuts per palm | 40 Nuts / palm |
| 2 Paddy | 350 ha | 1500 Kg / ha | 2000 Kg / ha |

## നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993 - 94 | 1994 - 95 | 1995 - 96 |
| തെങ്ങ് | Wet. 800 TxD. 65 | Wet 700, TXD. 70, DXT. 35 | Wet. 700, DXT. 10 TXD. 50 |
| കശുമാവ് | — | 20 | — |
| കുരുമുളക് | 1500 | 4000 | 3500 |
| Bush Pepper | — | — | 100 |
| കവുങ്ങ് | — | 100 | 1320 |
| നേന്ത്രവാഴ | — | 179 | 100 |
| ഒട്ടുമാവ് | 280 | — | 50 |
| സപ്പോട്ട | — | — | 10 |
| പേര | — | — | 10 |
| ജാതിക്ക | 40 | — | 65 |

### വിള വിസ്തീർണ്ണവും ഉൽപ്പാദനവും

| വിള | വിസ്തീർണ്ണം | മൊത്തം ഉൽപാദനം | ഉൽപാദനക്ഷമത (ഹെക്ടറിന്) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 208 ഹെക്ടർ | 551200 കിലോ | 2650 kg / Ha (250 സെന്ററിൽ) |
| നെല്ല് (രണ്ടാം വിള) | 42 ഹെക്ടർ | 104538 കിലോ | 2489 / Ha |
| നെല്ല് (മൂന്നാംവിള) | 100 ഹെക്ടർ | 300000 കിലോ | 3000 / Ha (250 സെന്ററിൽ) |
| പയർ | | | |
| എള്ള് | 3 ഹെക്ടർ | 3000 kg. | 3000 / Ha |
| പച്ചക്കറികൾ | 2 ഹെക്ടർ | 1,00000 kg. | 50000 / Ha |
| തെങ്ങ് | 857 Ha | 30,10000 kg, | 3500 / Ha |
| വാഴ | 12 Ha | 180,000 kg. | 15000 / Ha (6കി tone) |
| മരച്ചീനി | 12 Ha | 50000 kg | 4166 kg. |
| കുരുമുളക് | 12 Ha | 40,000 kg. | 3333 kg. / Ha |
| പ്ലാവ് | | | |
| കശുമാവ് | 2 Ha | 400,0 kg. | 2000 kg, |
| മാവ് | 2 Ha | 5,00,000 kg. | 250,000 kg. |
| റബ്ബർ | — | — | — |
| കവുങ്ങ് | 13 Ha | 2000 kg. | 156 കിലോ / Ha |
| ............ | | | |
| ............ | | | |
| ............ | | | |

**രാസവള-കീടനാശിനി വിപണനം**

വിൽപന സ്ഥാപനം—സർവ്വീസ് ബേങ്ക്, പാപ്പിനിശ്ശേരി

93-94 വിറ്റ രാസവളങ്ങൾ—ഫോസ്ഫറസ്, യൂറിയ, മിക്സർ, പൊട്ടാഷ്
17 : 17 : 17, 20 : 20

ആകെ അളവ് 71726 കി. ഗ്രാം

94 - 95ൽ ആകെ വിറ്റത് 76500 കി. ഗ്രാം

95 - 96ൽ ആകെ വിറ്റത് 64195 കി. ഗ്രാം

കീടനാശിനി വിപണനമില്ല.

### കാർഷികോപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങുകയറ്റ യന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രേയർ | നാപ്സ്സാക്ക് സ്പ്രേയർ | മറ്റുള്ളവ | | | |

# പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത്
## പണി പൂർത്തിയായ പദ്ധതികളുടെ വിവരങ്ങൾ (ജലസേചനം)

| ക്രമ നമ്പർ | പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് Lakhs | ആയക്കെട്ട് Plan | Hecture Benefit |
|---|---|---|---|---|---|---|---|
| 1 | Cross bar across Vachal Thodu (Class I work) | — | 1968 Verified on 13-1-'83 | — | 0 . 99 | 81 . 48 | 81 . 52 |
| 2 | Constructing a weir across Kuyyanthil thodu (Class II work) | — | 1964 Verified on 13-1-'83 | — | 0 . 04 | 2 . 67 | 2 . 73 |
| 3 | Constructing a SWECB across Chenaukai thodu (Class II work) | — | 1961 Verified on 18-10-'82 | — | 0 . 46 | 46 09 | 44 . 88 |
| 4 | Widening and deepening Kallovivayal thodu and constructing a SWECB (Class II work) | — | 1965 Verified on 13-1-'83 | — | 0 . 12 | 11 . 14 | 9 . 49 |
| 5 | VCB across Nalakath thodu (Class II Work) | — | 1968 Verified on 13-1-'83 | — | 0 . 16 | 19 . 24 | 13 . 91 |
| 6 | Excauating a tank at Keecherithava (Class II work) | — | Verified on 13-1-'82 | — | — | 8 . 13 | 8 . 13 |
| 7 | Widening deepening and side protecting Keecheri-Mangalasseri thodu (Jaladhara) | — | 1994 (5 / 94) | — | 3 . 55781 | 35 | — |
| 8 | Constructing a bridge cum regulator across Mundankandy thodu (Class II work) | — | 1994 (11 / 94) | — | 4 . 48828 | 29 | — |

### പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ

| ക്രമ നമ്പർ | പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് Lakhs | ആയക്കെട്ട് Plan | Hecture Benefit |
|---|---|---|---|---|---|---|---|
| 1 | Constructing SWECB across Arayala thodu (Class II Work) (Est. No. 17 / 95-96) | 1995 | 50 % completed | 1. 90 | — | 16 | — |
| 2 | Flood Damage Side protection of Keecheri Mangalasseri-thodu (Est No. 127 / 94 - 95) | — | — | 2. 00 | — | — | — |

# മൃഗ സംരക്ഷണം

ഇന്ന് ഭാരതത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കാര്യമായ സംഭാവനയാണ് മൃഗ സംരക്ഷണ മേഖല നൽകിപ്പോരുന്നത്. മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 10% സംഭാവന ചെയ്യുന്നത് മൃഗ സംരക്ഷണ മേഖലയാണ്. എന്നാൽ പദ്ധതി വിഹിതത്തിന്റെ ഏതാണ്ട് 1.09% മാത്രമെ ഈ മേഖലക്ക് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചതായി കാണുന്നുള്ളു.

പാപ്പിനിശ്ശേരി പഞ്ചായത്ത് ഒരു കാർഷിക മേഖലയായി ഇന്ന് കണക്കാക്കാൻ സാദ്ധ്യമല്ലെങ്കിലും ധാരാളം വികസന സാദ്ധ്യതകളുള്ള ഒരു ഗ്രാമ പഞ്ചായത്താണ്. ഈ നൂററാണ്ടിന്റെ ആദ്യ കാലത്ത് വിശാലമായ നെൽപാടങ്ങളുണ്ടായിരുന്ന ഒരു പ്രദേശമായിരുന്നു പാപ്പിനിശ്ശേരി. ഭൂരിപക്ഷം വരുന്ന ജനങ്ങളും കാർഷിക വൃത്തിയെ ആശ്രയിച്ച് കഴിഞ്ഞുവന്നവരായിരുന്നു. കൃഷിയുടെ അവിഭാജ്യ ഘടകമാണല്ലോ കന്നുകാലിവളർത്തൽ. ഉഴവുമാടുകളെന്ന നിലയിൽ കാളകളെയും മററാവശ്യങ്ങൾക്കായി പശുക്കളെയും ധാരാളമായി സംരക്ഷിച്ച് പോന്നിരുന്നു. പശുക്കളെ വളർത്തിയിരുന്നത് പാലുല്പാദിപ്പിക്കുക എന്നതിലുപരി ജൈവവളാവശ്യങ്ങൾ നിർവ്വഹിക്കുക എന്ന പ്രധാന ലക്ഷ്യത്തോടെയായിരുന്നു. മോട്ടോർ വാഹനങ്ങൾ നിലവിലില്ലാതിരുന്ന അക്കാലത്ത് കാളവണ്ടികളായിരുന്നു പ്രധാന ആശ്രയം. വണ്ടി വലിക്കുന്നതിന് കാളകളെയും ധാരാളമായിവളർത്തിയിരുന്നു. ആട് വളർത്തലും ഒരുപ്രധാന ഉപജീവനമാർഗ്ഗമായിരുന്നു അക്കാലത്ത്.

ആദ്യകാലങ്ങളിൽ കന്നുകാലികളെ തൊഴുത്തിൽ നിന്ന് തുറന്ന് വിട്ട് യഥേഷ്ടം മേയാൻ വിടുന്ന പതിവായിരുന്നു. കൂട്ടമായി തെളിച്ച് കൊണ്ടുപോയി മാങ്ങാട്ട് പറമ്പ് പോലുള്ള വിശാലമായ പുറമ്പോക്ക് പ്രദേശങ്ങളിൽ മേയാൻ വിട്ട് വൈകുന്നേരങ്ങളിൽ ഉടമസ്ഥരുടെ വീടുകളിൽ എത്തിച്ചു കൊടുക്കുന്ന ചുരുക്കം ചില തൊഴിലാളികളുമുണ്ടായിരുന്നത്കൊണ്ട് കന്നുകാലികർഷകർക്ക് മൃഗപരിപാലനം ഒരു പ്രശ്നമായിരുന്നില്ല ഉരി, നാഴി, ഇരുന്നാഴി, മുന്നാഴി എന്നിങ്ങനെ ചുരുങ്ങിയ അളവിൽ പാൽനൽകിയിരുന്ന നാടൻകന്നുകാലി ഇനങ്ങളായിരുന്നു അന്നുണ്ടായിരുന്നത്. ഇരുന്നാഴി അല്ലെങ്കിൽ മുന്നാഴി പാൽ നല്കിയിരുന്ന പശുക്കളെയെല്ലാം നല്ല ജനുസ്സിൽ പെട്ടവയായാണ് അന്ന് കണക്കാക്കിയിരുന്നത്. പറമ്പുകളിൽ സ്വതന്ത്രമായി മേഞ്ഞു നടന്നിരുന്ന കാളക്കുട്ടന്മാർ തന്നെ ഇണ ചേർന്ന് സന്തത്യുല്പാദനം നടക്കുകയായിരുന്നു പതിവ്. ഇണ ചേർക്കാൻ പ്രത്യേക സംവിധാനമൊന്നുമുണ്ടായിരുന്നില്ല. വിശാലമായ നെൽപാടങ്ങൾ കൊയ്ത്ത് കഴിഞ്ഞാൽ കന്നുകാലികളെ യഥേഷ്ടം മേയാൻ ഉപയോഗപ്പെടുത്തിയിരുന്നു. നാടൻ ഇനം പശുക്കൾക്ക് കാര്യമായ രോഗങ്ങളൊന്നും പിടിപെടാറുണ്ടായിരുന്നില്ല. അഥവാ വല്ല രോഗവും പിടിപെട്ടാൽ തന്നെ കന്നുകാലി കർഷകർ തന്നെ ശീലിച്ച ചില പച്ച മരുന്നു പ്രയോഗങ്ങൾ കൊണ്ട് രോഗം മിക്കവാറും ഭേദപ്പെടുത്തിയിരുന്നു.

പാലിന് ആവശ്യക്കാർ കുറവായിരുന്നത്കൊണ്ട് പാൽ വിപണനം തന്നെ വിരളമായിരുന്നു. ചായക്കടകൾപോലും പഞ്ചായത്തിൽ ചുരുക്കമേ ഉണ്ടായിരുന്നുള്ളു. ഉള്ളവ തന്നെ പാലിന് തുച്ഛമായ വില മാത്രമെ കൊടുത്തിരുന്നുള്ളൂ. അന്ന് പ്രധാനമായും കർഷകരുടെ ജൈവ വളാവശ്യം നിർവ്വഹിക്കുക എന്ന ഉദ്ദേശം മാത്രമെ നടത്തിയിരുന്നുള്ളു.

കാർഷികബന്ധ മേഖലയിൽ ഉണ്ടായ മാററം, കൂട്ടുകുടുംബ വ്യവസ്ഥയിൽ വന്ന മാററം എന്നിവകൊണ്ട് ഭൂമി തുണ്ടംതുണ്ടമായി ഭാഗിച്ച് പാർപ്പിട നിർമ്മാണവും മററും തുടങ്ങിയപ്പോൾ ഒരു കുടുംബത്തിനുള്ള ഭൂമിയുടെ വിസ്തൃതി വളരെ കുറഞ്ഞുവന്നു. തുണ്ടംതുണ്ടായ ഭൂമികൾ നെൽകൃഷിക്കുപകരം നാണ്യ വിളകൾ കൃഷിചെയ്യാൻ തുടങ്ങിയതോടെ കന്നുകാലികർഷകരിൽ ഒരു വലിയ പങ്ക് കാലി വളർത്തൽ ഉപേക്ഷിച്ചു. നെൽകൃഷി കുറഞ്ഞുവന്നതോടെ കന്നുകാലികൾക്കുള്ള തീററ ലഭ്യതയും കുറഞ്ഞുവന്നു. കൂടാതെ കാർഷികവൃത്തിയിലേർപ്പെട്ടിരുന്ന ഭൂരിപക്ഷം ജനങ്ങളും മററു മേഖലകളിൽ തൊഴിൽതേടിപോകാൻ തുടങ്ങിയതോടെ കന്നുകാലി വളർത്തിവന്നിരുന്ന കുടുംബങ്ങളുടെ എണ്ണം കുറഞ്ഞുവന്നു.

കാളവണ്ടികൾ മോട്ടോർ വാഹനങ്ങൾക്ക് വഴി മാറിക്കൊടുത്തതോടെ വണ്ടിവലിക്കുന്നതിന് ഉപയോഗിച്ചിരുന്ന കാളകൾ നിശ്ശേഷം നാമാവശേഷമായി. നെൽവയലുകളുടെ വിസ്തൃതി കുറഞ്ഞു വന്നതോടെയും പവർ ടില്ലറുകൾ നിലം ഉഴുവാൻ ഉപയോഗിക്കാൻ തുടങ്ങിയതോടെയും ഉഴവു കാളകളെ കയ്യൊഴിയാൻ കർഷകർ നിർബ്ബന്ധിതരായി. കൂടാതെ വൈക്കോലിനും മററ് കാലിത്തീററകൾക്കും വില കൂടിക്കൊണ്ടിരുന്നത് ഉഴവു കാളകളെ പോററി വളർത്തിയിരുന്നവർക്ക് ഒരു ഭാരമായി തീർന്നു എന്നുള്ളതും ഒരു വസ്തുതയാണ്. ആകെ 15 കാളകൾ മാത്രമാണ് പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തതിർത്തിയിൽ ഇപ്പോൾ ഉള്ളത്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കുടുംബങ്ങൾ പ്രത്യേകിച്ചും മാങ്കടവ്പോലുള്ള പ്രദേശങ്ങളിൽ ധാരാളം ആടുകളെ വളർത്തിയിരു

ന്നുവെങ്കിലും ക്രമേണ ആടുവളർത്തലും കുറഞ്ഞു വന്നു. മററ് പല പ്രദേശങ്ങളിൽനിന്നും ആടുകളെ വാങ്ങിക്കൊണ്ടുവന്നിട്ടാണ് ആട്ടിറച്ചിയുടെ ആവശ്യം നിർവ്വഹിക്കുന്നത്. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ 100 ആടുകളെ വിവിധ കുടുംബങ്ങൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

ആദ്യകാലങ്ങളിൽ ഓരോ വീട്ടിലും നാലും അഞ്ചും കോഴികളെ വളർത്തിയിരുന്നു. ഇന്ന് അത്തരം കുടുംബങ്ങൾ കുറഞ്ഞു വരുന്നു. പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഒരു കോഴി വളർത്തു കേന്ദ്രമുണ്ടായിരുന്നു. അത് കുറെ കാലമായി പൂട്ടിക്കിടക്കുകയാണ്. പഞ്ചായത്തിലെ 25 കോഴി കൃഷി യൂണിററുകൾ ഉൾപ്പെടുന്ന പൌൾട്രി സൊസൈററി പുനരുദ്ധരിച്ച് വിപണന സൗകര്യം കൂടി മെച്ചപ്പെടുത്തിയാൽ കർഷകന് സ്ഥിരവും ന്യായവുമായ പ്രതിഫലം ലഭിക്കാൻ വഴി തെളിയിക്കും.

നാടൻ പശുക്കളിൽ കൃത്രിമ ബീജസങ്കലനം വഴി അത്യുല്പാദന ശേഷിയുള്ള പശുക്കളെ ഉല്പാദിപ്പിക്കാൻ ആരംഭിച്ചതും പാലിന്റെ ഉപഭോഗം വർദ്ധിച്ചു വന്നതോടും കൂടി കന്നുകാലി പരിപാലനത്തിൽ പുതിയ ഉണർവുണ്ടായി. ഇന്നുള്ളതിൽ ഭൂരിപക്ഷം പശുക്കളും സങ്കരവർഗ്ഗ ഇനത്തിൽപെട്ടവയാണ്. സങ്കരയിനം പശുക്കളിൽ അധികവും ഇളം ചുവപ്പോ, ബിസ്ക്കററ് നിറത്തിലോ ഉള്ള ജഴ്സി പശുക്കളാണ്. സ്വിസ്സ്ബ്രൌൺ ഇനത്തിൽപെട്ട പശുക്കളും ഉണ്ട്. പാലുല്പാദനത്തിൽ ജഴ്സി പശുക്കളാണ് മുന്നിലെന്ന് അനുഭവസ്ഥർ അഭിപ്രായപ്പെടുന്നു.

1995 ൽ മൃഗസംരക്ഷണ വകുപ്പ് പാപ്പിനിശ്ശേരിയിൽ നടത്തിയ സർവ്വേയിൽ 336 കുടുംബങ്ങളിൽ നിന്ന് ശേഖരിച്ച വിവരങ്ങളിൽ 50.59% കർഷകരും കാലിവളർത്ത് നഷ്ടമാണെന്ന് പറഞ്ഞതായും 25.59 ശതമാനം കർഷകർ ലാഭകരമാണെന്ന് അഭിപ്രായപ്പെട്ടതായും കാണുന്നു. 14.84 ശതമാനം കർഷകർ ലാഭവുമില്ല നഷ്ടവുമില്ല എന്ന അഭിപ്രായത്തിലാണ്. ഒന്നിലധികം പശുക്കളെ വളർത്തുന്ന കർഷകരാണ് കന്നുകാലികൃഷി ലാഭകരമാണെന്ന് പ്രതികരിച്ചതായി മനസ്സിലാക്കുന്നു. കൂടാതെ നഷ്ടത്തിൽ അധികവും ബ്രൌൺ സ്വിസ്സ് പശുക്കളെ വളർത്തുന്ന കർഷകർക്കാണെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. മററു തൊഴിലൊന്നും ചെയ്യാൻ വയ്യാത്തതുകൊണ്ട് പശുക്കളെ പോററുന്നു എന്ന അഭിപ്രായക്കാരും കർഷകരുടെ ഇടയിലുണ്ട്. പാപ്പിനിശ്ശേരിയിൽ പശുക്കളും കന്നുകുട്ടികളും അടക്കം 1400 എണ്ണം 1995 ലെ ഏകദിന സെൻസസ്സ് പ്രകാരം ഉള്ളതായിക്കാണുന്നു.

പാപ്പിനിശ്ശേരി പഞ്ചായത്തിനടുത്തായി സ്ഥിതി ചെയ്യുന്ന ഒരു മൃഗാശുപത്രിയാണ് മൃഗസംരക്ഷണത്തിനുള്ള ഏക സ്ഥാപനം. ശരാശരി 1.25 കി. മീററിലധികം ദൂരം പശുക്കളെ നടത്തിച്ച് കൊണ്ടുപോയാണ് കർഷകർ ഇണ ചേർക്കാനായി കൊണ്ടുപോകുന്നത്. ഇതുമൂലം പശുക്കൾക്ക് ചെന പിടിക്കാനുള്ള കാലതാമസവും പ്രയാസവും അനുഭവപ്പെടുന്നു. കൂടാതെ സാമ്പത്തിക നഷ്ടവും വന്നു ചേരുന്നു. ഇത് കർഷകന്റെ വീട്ടു പറമ്പിൽ വെച്ച് ചെയ്യാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്. കൂടാതെ പഞ്ചായത്തിൽ തന്നെ മാങ്കടവിലും കരിക്കൻകുളത്തും ഓരോ സബ് സെൻററെങ്കിലും ആരംഭിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു.

പാപ്പിനിശ്ശേരിയിലെ കന്നുകാലികളിൽ 93.6%ത്തിനും യാതൊരുവിധ ഇൻഷൂറൻസ് സംവിധാനവും ഇല്ലാത്തവയാണ്. ഇവ പരിഹരിക്കാൻ ക്ഷീരോല്പാദക സഹകരണസംഘം മുഖേന ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കേണ്ടതാണ്. അകിട് വീക്കം ഒരു സാധാരണ രോഗമായി കന്നുകാലികളിൽ കാണുന്നു. അകിടു വീക്ക നിയന്ത്രണ പദ്ധതി പ്രകാരം എല്ലാ കർഷകർക്കും അകിടു വീക്ക നിയന്ത്രണത്തിനുള്ള ഓരോ കിററ് കൊടുക്കുന്നത് അഭികാമ്യമായിരിക്കും.

പാപ്പിനിശ്ശേരി പഞ്ചായത്തിൽ ഒരു ക്ഷീരോൽപാദക സഹകരണ സംഘമുള്ളതുകൊണ്ട് ക്ഷീര വിപണനത്തിന് വലിയ പ്രയാസം അനുഭവപ്പെടുന്നില്ല. കർഷകർക്ക് ന്യായവിലയും ലഭ്യമാകുന്നുണ്ട്. പാപ്പിനിശ്ശേരിയിൽ ശരാശരി ഒരു കുടുംബത്തിന്റെ പാൽ ഉപഭോഗം 0.557 ലിററാണെന്ന് ഏകദിന സർവ്വേയിൽ കണ്ടെത്തിയതായി കാണുന്നു.

ക്ഷീര കർഷകരെ അലട്ടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് പച്ചപ്പുല്ലിന്റെ ദൌർലഭ്യവും കാലിത്തീററയുടെ വിലക്കൂടുതലും ആകുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്ന് ലോറികളിൽ കൊണ്ടുവരുന്ന വൈക്കോലും ഗുണനിലവാരം കുറഞ്ഞതും വിലക്കൂടുതലുമുള്ളതുമായ കാലിത്തീററയുമാണ് പശുക്കൾക്കുളള പ്രധാന ആഹാരം. പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനും ആദായകരമായ കന്നുകാലി സംരക്ഷണത്തിനും പച്ചപ്പുൽകൃഷിവർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ ഗുണനിലവാരമുള്ള കാലിത്തീററ നിർമ്മിക്കാൻ സാധി

ക്കുന്ന ഒരു യൂണിറ്റെങ്കിലും പഞ്ചായത്തിൽ സ്ഥാപിക്കണം.

പഞ്ചായത്തിൻെറ പ്രത്യേകതകൾ കണക്കിലെടുത്താൽ ഇനിയും മുന്നോട്ട് പോവാൻ കഴിയുന്ന മേഖലകളാണ് മുട്ടക്കോഴി,ഇറച്ചിക്കോഴി,താറാവ്, ആട്,മുയൽ എന്നിവയെ വളർത്തൽ. ഈ മേഖലയിൽ ശ്രദ്ധ ഊന്നി പ്രവർത്തിച്ചാൽ ധാരാളം തൊഴിലവസരം സൃഷ്ടിക്കാനും പഞ്ചായത്തിലെ ജനങ്ങളുടെ മുട്ട,മാംസം എന്നിവയുടെ ആവശ്യം നിർവ്വഹിക്കാനും പ്രയാസമുണ്ടാവുകയില്ല.

ശാസ്ത്രീയമായി നിർമ്മിച്ച അറവുശാലകളുടെ അഭാവം പഞ്ചായത്തിലുണ്ട്. സാംക്രമിക രോഗങ്ങൾ പടർത്താൻ ഇതുമൂലം ഇടയാക്കും, പരിഹാരമായി മാങ്കടവ്, പാപ്പിനിശ്ശേരി, കരിക്കൻകുളം എന്നിവിടങ്ങളിൽ ഓരോ അറവ് ശാലയെങ്കിലും നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പാപ്പിനിശ്ശേരി പഞ്ചായത്ത് പേ വിമുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും എല്ലാ നായ്ക്കളേയും കുത്തിവെപ്പിന് വിധേയമാക്കാൻ സാധിച്ചിട്ടില്ല. ബാക്കിയുള്ളവയെ കൂടി കുത്തിവെപ്പിന് വിധേയമാക്കുകയും അലഞ്ഞുതിരിയുന്നവയെ നശിപ്പിക്കുകയും ചെയ്യേണ്ടതാണ്.

സപ്തമ്പർ മാസം 15 മുതൽ ഒക്ടോബർ 2 വരെയുള്ള തീയ്യതികളിൽ നടന്ന പഞ്ചായത്തിലെ 12 വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭകൾ മൃഗപരിപാലനത്തെ സംബന്ധിച്ച് വിശദമായി ചർച്ചചെയ്യുകയുണ്ടായി. പ്രസ്തുത ഗ്രാമ സഭകളിലെ ചർച്ചകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും സാദ്ധ്യതകളും ചുവടെ കൊടുക്കുന്നു.

## പ്രധാന പ്രശ്നങ്ങൾ

1 കാലിത്തീററ ഗുണനിലവാരം കുറഞ്ഞതും അധികരിച്ച വിലയുള്ളതുമാണ്.

2. പച്ചപ്പുല്ല് യഥേഷ്ടം ലഭിക്കുന്നില്ല. പച്ചപ്പുല്ലു കൃഷി ചെയ്യാൻ ആവശ്യമായ സ്ഥലം കിട്ടുന്നില്ല.

3. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനം പഞ്ചായത്തിൻെറ എല്ലാഭാഗത്തും ഫലപ്രദമായി ഉപയോഗപ്പെടുന്നില്ല.

4. പശുക്കളെ വളരെദൂരം നടത്തിച്ചുകൊണ്ടു പോയി ഇണചേർക്കേണ്ടതുകൊണ്ട് ചെന പിടിക്കാൻ കാലതാമസവും പ്രയാസവും നേരിടുന്നു.

5 ആടുവളർത്തലിനും മുയൽ വളർത്തലിനും നല്ല ഇനം കുഞ്ഞുങ്ങളെ കിട്ടാനില്ല.

6 കോഴിത്തീററ കുറഞ്ഞ വിലക്ക് ലഭ്യമല്ലാത്തതിനാൽ മുട്ടക്കോഴികളേയും ഇറച്ചിക്കോഴികളേയും വളർത്തുന്നത് നഷ്ടത്തിൽ കലാശിക്കുന്നു.

7. ഇറച്ചിക്കോഴിയും മുട്ടയും വിപണനം ചെയ്യാൻ പ്രത്യേക സംവിധാനമില്ല.

8. ശാസ്ത്രീയമായി നിർമ്മിച്ച അറവുശാലകളില്ലാത്തതിനാൽ സാംക്രമിക രോഗം പടരുന്നു.

9. ആട്, കോഴി, മുയൽ എന്നിവ കൃഷി ചെയ്യുന്നതിന് ബോധവൽക്കരണം നടക്കുന്നില്ല.

## സാദ്ധ്യതകളും പ്രധാന നിർദ്ദേശങ്ങളും

### a കന്നുകാലി വളർത്തൽ

1 ഇടവിളയായി തീററപ്പുൽ കൃഷി ചെയ്യാനുള്ള സംവിധാനം വേണം. കൂടാതെ ഭഗത്സിങ്ങ് ഐലൻറ് പോലുള്ള സ്ഥലങ്ങളിലും ശ്മശാന ഭൂമിപോലുള്ള തരിശുനിലങ്ങളിലും വ്യാപകമായ തോതിൽ തീററപ്പുൽ കൃഷി ചെയ്യാൻ സാധിക്കണം

2 പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കാലിത്തീററ ചുരുങ്ങിയ ചെലവിൽ നിർമ്മിക്കാനുള്ള ഒരു ചെറുകിട കാലിത്തീററ നിർമ്മാണ യൂണിററ് പഞ്ചായത്തിൽ സ്ഥാപിക്കണം.

3 പശുക്കളിലെ വന്ധ്യതാ നിവാരണത്തിനായി ബ്ലോക്കടിസ്ഥാനത്തിൽ ഒരു സഞ്ചരിക്കുന്ന വെററിനററി ക്ലിനിക്ക് സ്ഥാപിക്കണം.

4 ഇന്നുള്ള പശുപരിപാലനത്തിൻെറ ഭാഗമായി ഗർഭിണികളായ പശുക്കൾക്ക് ആരംഭം മുതൽ പ്രസവിക്കുന്നതു വരെ സൗജന്യ നിരക്കിൽ കാലിത്തീററ നൽകാനുള്ള പദ്ധതി വേണം.

5 പശുക്കളെ ഇണചേർക്കാൻ വളരെദൂരം നടത്തിച്ചു കൊണ്ട് പോകേണ്ടി വരുന്നത് കൊണ്ട് ചെനപിടിക്കാനുള്ള പ്രയാസവും കാലതാമസവും ഒഴിവാക്കുന്നതിന്ന് കർഷകന്റെ വീട്ടുവളപ്പിൽ വെച്ച് കൃത്രിമ ബീജസങ്കലനം നടത്തുന്നതിനുള്ള പദ്ധതി വേണം.

6. സിമന്റ് തറയോട് കൂടിയുള്ള ശാസ്ത്രീയമായ കാലിത്തൊഴുത്ത് നിർമാണത്തിന് 2000 രൂപയെങ്കിലും സബ്സിഡി അനുവധിക്കാനുള്ള പദ്ധതി ആവശ്യമാണ്.

7. അകിട്‌വീക്ക നിയന്ത്രണ പദ്ധതിപ്രകാരം എല്ലാ ക്ഷീരകർഷകർക്കും അകിടുവീക്കനിയന്ത്രണ കിററ് ലഭ്യമാക്കുകയും ആവശ്യമായ പരിശീലനം നൽകുകയും വേണം.

8. പഞ്ചായത്തിലെ എല്ലാ പശുക്കളെയും മാസ്ററർ പോളിസിയിൽ ഇൻഷൂർ ചെയ്യുക. 50 ശതമാനം തുക മാത്രം കർഷകരിൽ നിന്നും ഈടാക്കുക.

9 മൃഗാശുപത്രിയുടെ ഒരു സബ് സെൻറർ മാങ്കടവിലും കരിക്കൻകുളത്തും സ്ഥാപിക്കുക

10 ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ ഒരു യൂണിററ് കരിക്കൻ കുളത്ത് സ്ഥാപിക്കുക.

11 കൃത്രിമ ഭ്രൂണ മാററ പദ്ധതി ജില്ലാതലത്തിൽ ആവിഷ്ക്കരിക്കണം.

12 ചെന പിടിക്കാത്ത കിടാരികളെ നഷ്ടവിലക്ക് കൊടുക്കേണ്ടി വരുമ്പോൾ അതിന്റെ നഷ്ട പരിഹാരം കർഷകന് ലഭ്യമാക്കുക.

13 എല്ലാ കന്നുകുട്ടികളെയും കാലാകാലങ്ങളിൽ റജിസ്റ്റർ ചെയ്ത് 50% തീററ സൗജന്യമായി നല്കാനുള്ള സംവിധാനം ഉണ്ടാക്കുക.

14 പഞ്ചായത്തിലെ അഭ്യസ്ഥ വിദ്യകളായ 10 പെൺകുട്ടികൾക്കെങ്കിലും പശുക്കളെയും കോഴികളെയും വാക്സിനേഷൻ നടത്തുന്നതിനുള്ള ട്രെയിനിങ്ങ് നല്കി സജ്ജമാക്കുക.

15 ശാസ്ത്രീയമായ അറവുശാലകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി മൂന്നെണ്ണമെങ്കിലും സ്ഥാപിക്കുക.

## b) ആടുവളർത്തൽ

1 ഒരു വീട്ടിൽ രണ്ടോ മൂന്നോ ആട് വളർത്തലിനുള്ള പദ്ധതി വേണം

2 10 ആട് വീതമുള്ള ഓരോ യൂണിററ് തുടങ്ങുന്ന പദ്ധതിയും വേണം.

## c) മുയൽ വളർത്തൽ

1 സ്ത്രീകൾക്കായി 10 മുയൽ വളർത്താനുള്ള ഒരു പദ്ധതി തയ്യാറാക്കുക.

2 50 വിദ്യാർത്ഥികൾക്ക് 2 മുയൽ കുഞ്ഞുങ്ങളെ നല്കുക.

## d) താറാവ് വളർത്തൽ

1 ധാരാളം ചതുപ്പ്നിലങ്ങളുള്ള പാപ്പിനിശ്ശേരിയിൽ താറാവ് വളർത്താൻ നല്ല സാദ്ധ്യതയുണ്ട്. ഒരു കുടുംബത്തിന് 5 താറാവ് കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ നല്കാനുള്ള പദ്ധതി വേണം.

## e) കോഴി വളർത്തൽ

1 ഓരോ വീട്ടുകാർക്കും 5 കോഴിക്കുഞ്ഞുങ്ങളെ വീതം 50 ശതമാനം സബ്സിഡിയോട് കൂടി നല്കുക.

2 വനിതാസഹകരണ സംഘം ഉണ്ടാക്കി ഓരോ കുടുംബത്തിനും 50 ഇറച്ചിക്കോഴികളെ വളർത്താനുള്ള യൂണിററ് തുടങ്ങുക.

3 ഇന്ന് നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി യൂണിററുകൾ പുനരുദ്ധരിക്കുകയും സൗജന്യനിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ നൽകുകയും ചെയ്യുക.

4 മാർക്കററിങ്ങു സംവിധാനത്തിന് പൌൾട്രി ഫാർമേർസ് സഹകരണ മുണ്ടാക്കി വിപണന സാദ്ധ്യത ഉറപ്പുവരുത്തുക.

5 കോഴിത്തീററ സൗജന്യ നിരക്കിൽ ലഭ്യമാക്കുക

6 എഗ്ഗർ നർസറി സ്ഥാപിച്ച് ഒരു ദിവസം പ്രായമായ കുഞ്ഞുങ്ങളെ 45 ദിവസം വളർത്തി വില്ക്കാനുള്ള ഒന്നോ രണ്ടോ യൂണിററ്

പഞ്ചായത്തിൽ തുടങ്ങാനുള്ള പദ്ധതി ആവിഷ്കരിക്കുക.

7. കോഴിക്കുഞ്ഞുങ്ങളെ വിരിയിക്കാനുള്ള ഒരു സംവിധാനം പഞ്ചായത്തിൽതന്നെ ഉണ്ടാക്കണം. 500 കോഴിക്കുഞ്ഞുങ്ങളെ വിരിയിക്കാൻ കഴിയുന്ന 3 യൂണിറ്റെങ്കിലും മാങ്കടവ്, പാപ്പിനിശ്ശേരി, കരിക്കൻകുളം എന്നിവിടങ്ങളിൽ ആരംഭിക്കണം.

## വളർത്തു മൃഗങ്ങളുടെ പട്ടിക

| | 1987 | 1996 ഏകദിന കന്നുകാലി സെൻസസ് | |
|---|---|---|---|
| പശു | 1010 | 625 | |
| കിടാരി (കടിച്ചി) | | 447 | |
| കന്നുകുട്ടികൾ | | 328 | |
| എരുമ, പോത്ത് | 118 | 3, 2 | |
| കാള | 141 | 15 | |
| ആട് | 634 | 187 | |
| പട്ടി | | 367 | |
| പന്നി | 1 | 6 | |
| മുയൽ | | 17 | |
| പൂച്ച | | 2393 | |

## വളർത്തു പക്ഷികളുടെ പട്ടിക 1996 ൽ

| | | | |
|---|---|---|---|
| കോഴി | 6165 | 2311 | |
| താറാവ് | 81 | 59 | |
| ടർക്കി കോഴി | | 2 | |
| ലൗബേർഡ്സ് | | 494 | |
| പ്രാവ് | | 229 | |
| തത്ത | | 46 | |
| പരുന്ത് | | 1 | |

# മത്സ്യബന്ധനം

പാപ്പിനിശ്ശേരി ഒരു കടലോര ഗ്രാമമല്ല. എങ്കിലും പഞ്ചായത്തിന്റെ മൂന്ന് അതിരിലൂടെ ഒഴുകി കടലിൽ ചേരുന്ന വളപട്ടണം പുഴയും പഴയങ്ങാടി പുഴയും 15 കിലോമീററോളം നീണ്ടു കിടക്കുന്ന ഉപരിതല ജല സ്രോതസ്സാണ്. ഇത് മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ടുകിട ക്കുന്നു. അഴിമുഖത്തിനടുത്ത് കിടക്കുന്ന ഈ പുഴ യോരം വിവിധയിനം ചെമ്മീൻ, തിരുത, കട്ല, ചെമ്പല്ലി, കരിമീൻ, ഏട്ട എന്നിവ കൊണ്ട് സമ്പുഷ്ടമായിരുന്നു. കണ്ടൽച്ചെടിയോടുകൂടിയ ചതുപ്പു നിലങ്ങളിൽ ചെമ്മീൻ കൂട്ടങ്ങൾ വന്ന് മുട്ടയിട്ട് വംശ വർദ്ധന വരുത്തിയിരുന്നതു കൊണ്ട് എല്ലാ കാലത്തും ചെമ്മീൻ ധാരാളമായി കിട്ടിക്കൊണ്ടിരുന്ന പ്രദേശമായിരുന്നു. ചതുപ്പ് നിലങ്ങളിൽ നിന്ന് ചെമ്മീൻ തപ്പിപ്പിടിക്കുന്ന സമ്പ്രദായം ആദ്യകാലത്തുണ്ടായിരുന്നു.

പുഴയിൽ ഊന്നിവല കെട്ടി മത്സ്യം പിടി ക്കുന്നതിന് ഫിഷറീസ് വകുപ്പിൽ നിന്ന് ലൈസ ൻസ് സമ്പാദിച്ച് മത്സ്യം പിടിച്ച് ഉപജീവനം കഴിക്കുന്ന കുറച്ച് മത്സ്യത്തൊഴിലാളികൾ പഞ്ചായത്തിലുണ്ട്. ചെറുവള്ളങ്ങളിൽ പുഴയിൽ പോയി പാച്ച്വല, വീശുവല, ചൂണ്ട എന്നിവ ഉപയോഗിച്ച് മത്സ്യം പിടിക്കുന്ന മത്സ്യത്തൊ ഴിലാളികളും വർഷകാലമൊഴിച്ചുള്ള സീസണിൽ പുഴയിൽ നിന്ന് സ്ഥിരമായി ഇളമ്പക്ക വാരി വിററ് ഉപജീവനം കഴിക്കുന്നവരുമായ മത്സ്യ ത്തൊഴിലാളികളും ഉണ്ട്.

ശക്തിയായ മഴയും വെള്ളപ്പൊക്കവും മററും ഉള്ള നാളുകളൊഴിച്ച് മറെറല്ലായ്പ്പോഴും പുഴ യിൽ നിന്ന് മത്സ്യവും ചെമ്മീനും ലഭിക്കാ റുണ്ട്. സ്വന്തമായി വള്ളവും വലയും ഉള്ള തൊഴിലാളികൾ കുറവാണ്

മത്സ്യത്തൊഴിലാളികളെല്ലാം മത്സ്യത്തൊ ഴിലാളിക്ഷേമസംഘത്തിൽ പേർ റജിസ്റ്റർ ചെയ്ത വരാണ്. അവർക്ക് ക്ഷേമനിധിയും പെൻഷൻ ആനുകൂല്യങ്ങളുമുണ്ട് കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളി ക്ഷേമ സംഘം മത്സ്യത്തൊഴിലാളികളുടെ ക്ഷേമ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു. മത്സ്യ ബന്ധനത്തിലേർപ്പെട്ട 96 മത്സ്യത്തൊഴിലാളി കൾ പാപ്പിനിശ്ശേരിയിൽ ഉണ്ട് 16 പേർ മത്സ്യത്തൊഴിലാളി പെൻഷൻ ലഭിച്ചുവരുന്നവ രായി പഞ്ചായത്തിലുണ്ട് ഇതിൽ രണ്ടുപേർ മരണ പ്പെട്ടതായും അറിയുന്നു.

മത്സ്യത്തൊഴിലാളികളുടെ കുട്ടികളെല്ലാം സ്കൂളിൽ പോകുന്നവരാണ്. ഉന്നത വിദ്യാഭ്യാ സത്തിന് സ്കോളർഷിപ്പ് സൌകര്യം ഫിഷ റീസ് വകുപ്പ് മുഖേന നൽകിവരുന്നുണ്ട്.

പഞ്ചായത്തിലുള്ള ചതുപ്പ് നിലങ്ങളിൽ ചെമ്മീൻ കൃഷി നടത്താൻ സാദ്ധ്യതയുണ്ട്. ചെ മ്മീൻ കൃഷിയിലേർപ്പെട്ടിരിക്കുന്ന 2 പേർ പഞ്ചാ യത്തിലുണ്ട്. ചെമ്മീൻ കൃഷി ഇനിയും വ്യാപി പ്പിക്കാൻ സൗകര്യമുണ്ടെങ്കിലും പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിരിൽ ചതുപ്പ് നിലമുള്ളി ടത്ത് കണ്ണൂർ പവർ പ്രൊജക്ടിന്റെ നിർദ്ദി ഷ്ട വൈദ്യുത പദ്ധതി നിലവിൽ വരികയാ ണെങ്കിൽ ചെമ്മീൻ കൃഷി വ്യാപിപ്പിക്കുന്ന പദ്ധതിക്ക് സ്ഥലം കുറഞ്ഞുപോകാനിടയുണ്ട്.

1960 കളുടെ മദ്ധ്യത്തിൽ റജിസ്റ്റർ ചെയ്ത ഒരു മത്സ്യ ഉൽപ്പാദക സഹകരണ സംഘം പഞ്ചായത്തിലുണ്ടായിരുന്നു. സംഘത്തിന് ഫിഷ റീസ് വകുപ്പിൽ നിന്ന് തവണ വ്യവസ്ഥയിൽ യന്ത്രവൽകൃത ബോട്ട് അനുവദിച്ചിരുന്നുവെങ്കി ലും ബോട്ടുകളുടെ വായ്പ ഇനത്തിലുള്ള തിരി ച്ചടവ് കുടിശ്ശിക കൂടിവന്നത് കാരണം യന്ത്ര വൽകൃതബോട്ടുകൾ പിടിച്ചെടുത്ത് പുനർവിതര ണം നടത്തുകയാണുണ്ടായത് പ്രസ്തുതസഹകര ണസംഘത്തിന്റെ പ്രവർത്തനം അവസാനിപ്പിച്ച് ലിക്വിഡേററ് ചെയ്യുകയും ചെയ്തിരുന്നു.

മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന ധാരാളം തൊഴിലാളികൾ പഞ്ചായത്തിലുണ്ട്. പ്രസ്തുത വിപണനത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചു വരുന്ന നിയമ പരിഗണന ലഭ്യമാക്കേണ്ടതാണ്. മത്സ്യ വിപണനത്തിന് പാപ്പിനിശ്ശേരി റെയിൽവേ സ്റ്റേഷൻ പരിസരത്തുള്ള ഒരു മാർക്കററ് മാത്രമേ നിലവിലുള്ളൂ. കീച്ചേരി, കരിക്കൻകുളം എന്നിവിട ങ്ങളിലും ഓരോ മത്സ്യ മാർക്കററ് ഉണ്ടാക്കുന്ന ത് നല്ലതാണ്.

പുഴയിലേക്ക് വ്യവസായ ശാലകളിൽ നിന്നു ള്ള മലിനജലം ഒഴുക്കുന്നതും സാമൂഹ്യ വിരുദ്ധർ

സ്ഫോടക വസ്തുക്കളുപയോഗിച്ച് മത്സ്യം പിടിക്കുന്നത് കൊണ്ട് മത്സ്യത്തിന് വംശനാശം സംഭവിക്കുന്നത് തടയാനുള്ള പദ്ധതികൾവേണം. പുഴയിൽ നിന്ന് പൂഴി വാരുന്നത് ഒഴിവാക്കേണ്ടതാണ്.

പുഴയിൽ ചീനവലകെട്ടി മത്സ്യം പിടിക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്. ചീനവല കെട്ടി മത്സ്യം പിടിക്കുന്നതിന് പഞ്ചായത്ത് ഒരു വ്യക്തിക്ക് അനുമതിക്കായി ശുപാർശ ചെയ്തിരുന്നുവെങ്കിലും തുറമുഖ വകുപ്പ് അനുമതി കൊടുക്കാത്തത് കൊണ്ട് ഫിഷറീസ് വകുപ്പിൽ നിന്ന് ലൈസൻസ് നൽകിയിട്ടില്ല. തുറമുഖ വകുപ്പിന്റെ തടസ്സം ഒഴിവാക്കേണ്ടതാണ്.

വിപുലമായ തോതിൽ ശുദ്ധജല മത്സ്യ കൃഷിക്ക് അനുയോജ്യമായ കുളങ്ങൾ പഞ്ചായത്തിൽ കുറവാണ്. എന്നിരുന്നാലും കണ്ണൻകുളം, പാലോട്ട്വയൽകുളം, താവ എന്നീ കുളങ്ങളിൽ മത്സ്യ കൃഷിക്കുള്ള സാദ്ധ്യത പരീക്ഷിച്ചു നോക്കേണ്ടതാണ്.

ഗ്രാമ സഭയിൽ ഉയർന്ന് വന്ന പ്രധാന പ്രശ്നങ്ങളും സാദ്ധ്യതകളും നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

## പ്രധാന പ്രശ്നങ്ങൾ

1. എല്ലാ മത്സ്യത്തൊഴിലാളികൾക്കും സ്വന്തമായി വള്ളവും വലയുമില്ല.
2. വ്യവസായശാലകളിൽ നിന്ന് മലിനജലം പുഴയിലേക്ക് ഒഴുക്കുന്നത് കാരണം മത്സ്യ സമ്പത്ത് നശിക്കുന്നു.
3. സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് മത്സ്യം പിടിക്കുന്നത് മൂലം മത്സ്യത്തിന് വംശനാശം സംഭവിക്കുന്നു.
4. പൂഴി വാരൽ കാരണം മത്സ്യ ബന്ധനത്തിന് തടസ്സം നേരിടുന്നു.
5. പ്രധാന കേന്ദ്രങ്ങളിൽ മത്സ്യ മാർക്കററ് ഇല്ല.

## പ്രധാന നിർദ്ദേശങ്ങൾ

1. ചതുപ്പു നിലങ്ങളിൽ ചെമ്മീൻ കൃഷി ചെയ്യണം.
2. ശുദ്ധജല മത്സ്യകൃഷിക്ക് സാദ്ധ്യതയുള്ള കുളങ്ങളിൽ മത്സ്യകൃഷി ആരംഭിക്കണം.
3. പുഴയിലേക്ക് മലിനജലം ഒഴുക്കുന്നതും സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് മത്സ്യം പിടിക്കുന്നതും കർശനമായി തടയണം.
4. മത്സ്യത്തൊഴിലാളികൾക്ക് ഒരു ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘം ഉണ്ടാക്കണം.
5. കീച്ചേരി,കരിക്കൻകുളം എന്നീ പ്രധാന കേന്ദ്രങ്ങളിൽ മത്സ്യ വിപണനത്തിനായി മാർക്കററ് സ്ഥാപിക്കണം.
6. ചീനവല കെട്ടി മത്സ്യം പിടിക്കുന്നതിന് പോർട്ട് അധികൃതരുടെ തടസ്സം ഒഴിവായി കിട്ടണം.
7. ബോട്ട്ജെട്ടി മത്സ്യ ബന്ധനത്തിന് സഹായകമായ രീതിയിൽ പുനർ നിർമ്മാണം നടത്തണം.

# സാമൂഹ്യ ക്ഷേമം

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള സമൂഹത്തിന്റെ കൂട്ടായുള്ള പ്രവർത്തനത്തിന്റെ ഫലമാണ് ഇന്ന് നാം കാണുന്ന പ്രദേശത്തെ മാററങ്ങൾ പഞ്ചായത്ത് പ്രദേശത്ത് സാമൂഹ്യക്ഷേമരംഗത്ത് പ്രധാനപ്പെട്ട പല പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയനുസരിച്ച് ഗ്രാമത്തിന്റെ മുഖച്ഛായ തന്നെ മാററുവാൻ സാധിച്ചു. വളരെക്കാലം മുമ്പ് തന്നെ അംഗൻവാടികൾ ഉയർന്നുവന്നിരുന്നു. അങ്ങിനെ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിച്ചതോടെ പട്ടികജാതി കുടുംബങ്ങളിൽപ്പെട്ട കുട്ടികളെ ഒരു വിധത്തിൽ നഴ്സറി വിദ്യാഭ്യാസം നൽകാൻ സാധിച്ചു. കൂടാതെ ശിശുക്ഷേമ പദ്ധതികൾ നടപ്പിലാക്കി.

പാപ്പിനിശ്ശേരി പഞ്ചായത്തിൽ 1992 ഐ.ആർ.ഡി.പി സർവെ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ ജനറൽ വിഭാഗത്തിൽ 987 എണ്ണവും പട്ടികജാതി വിഭാഗത്തിൽ 60 എണ്ണവുമാണുള്ളത്. അവയിൽ 55 എണ്ണം പട്ടികജാതി കുടുംബങ്ങൾക്ക് ദാരിദ്ര്യനിർമാർജന പരിപാടിയിൽ I.R.D.P ലഭിച്ചിട്ടുണ്ട് കൂടാതെ ജനറൽവിഭാഗത്തിൽ 34 കുടുംബങ്ങൾക്കും IRDP ലഭിച്ചിട്ടുണ്ട് ഗ്രാമശുചിത്വ പരിപാടിയനുസരിച്ച് C.R.S.P. പദ്ധതിയിൽ 17 എണ്ണം പട്ടികജാതി കുടുംബങ്ങൾക്കും 20 എണ്ണം മററ് വിഭാഗക്കാർക്കും കക്കൂസ് നിർമ്മാണ ഗ്രാൻറ് അനുവദിച്ചു. കൂടാരത ഐ.ആർ.ഡി.പിയുടെ ഭാഗമായി ഉപഗ്രൂപ്പായി 3 എണ്ണം D.W.C.R.A യൂനിററ് (ഗ്രാമീണ വനിത ശിശുവികസന യൂണിററ്) നമ്മുടെ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

1995-ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ വിവിധ ധന സഹായ പദ്ധതികൾ ലഭിക്കുന്നവരുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്. (വിവിധ ഓഫീസുകളിൽ നിന്ന് സംഭരിച്ചത്)

| | | |
|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | — 342 എണ്ണം |
| 2 | വാർദ്ധക്യകാല പെൻഷൻ | — 69 ,, |
| 3 | വിധവാ പെൻഷൻ | — 113 ,, |
| 4 | വികലാംഗ പെൻഷൻ | — 45 ,, |
| 5 | സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള പെൻഷൻ | 70 ,, |
| 6 | കാൻസർ രോഗ പെൻഷൻ | — 1 |
| 7 | ആവശകലാകാരൻമാർക്കുള്ള പെൻഷൻ | 2 എണ്ണം |
| 8 | കായികതാരങ്ങൾക്കുള്ള പെൻഷൻ | — 1 |
| 9 | തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവരുടെ വിവരം | ലഭിച്ചിട്ടില്ല |

## പ്രശ്നങ്ങൾ

1 നിരവധി കുടുംബങ്ങൾ IRDP സർവ്വെ ലിസ്റ്റിൽ ഉൾപ്പെടാതെ വിട്ടു പോയിട്ടുണ്ട്. അനർഹർ കടന്നുകൂടിയിട്ടുമുണ്ട്.

2 ഇപ്പോൾ നിലവിൽ പഞ്ചായത്തിൽ 447 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കാൻ സാധിച്ചില്ല.

3 എല്ലാ വാർഡിലും അംഗൻ വാടികളില്ല. കൂടാതെ നിലവിൽ സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻ വാടികളുമുണ്ട്.

4 വാർദ്ധക്യകാല പെൻഷൻ ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിച്ചതിനുശേഷം പുതിയ അപേക്ഷയൊന്നും അംഗീകരിച്ചു വന്നിട്ടില്ല.

5 യഥാകാലം ധനസഹായം ലഭിക്കുന്നില്ല.

6 ഗ്രാമീണ ജനതയെ ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൽ കൊണ്ടുവന്നിട്ടില്ല.

## നിർദ്ദേശങ്ങൾ

1 പാപ്പിനിശ്ശേരി പഞ്ചായത്തിൽ ഒരു കല്ല്യാണ മണ്ഡപം സ്ഥാപിക്കണം.

2 പാപ്പിനിശ്ശേരി പഞ്ചായത്ത് പ്രദേശത്ത് ഒരു വൃദ്ധ മന്ദിരം സ്ഥാപിക്കണം.

3 കെട്ടിടമില്ലാത്ത വായനശാലയ്ക്ക് കെട്ടിടം പണിയണം.

4 സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം പണിയണം. നിലവിലില്ലാത്ത വാർഡുകളിൽ അംഗൻവാടികൾ സ്ഥാപിക്കണം.

5 ട്രൈസം പദ്ധതി പ്രകാരം പരിശീലനം നേടുന്നവർക്ക് തൊഴിൽ ലഭിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കാൻ സഹായം ലഭിക്കണം.

=O=

# ട്രൈസം-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| I | ബോട്ട് ഫ്രാങ്ക് | 4 | 4 Wageemployee | | |
| | ടൈപ്പ് റൈറ്റിങ്ങ് | 1 | 1 Wageemployee | | |
| | ഗാർമെന്റ്സ് | 1 | 1 | | |
| II | വീവിങ്ങ് | 1 | 1 | | |
| III | | | | | |
| IV | വീവിങ്ങ് | 2 | 2 | | |
| | വൂളൻ നെറ്റിങ്ങ് | 3 | 3 | | |
| V | ഗാർമെന്റ്സ് | 3 | 3 | | |
| | ടർണറിങ്ങ് | 2 | 2 Wage employee | | |
| VI | ടൈപ്പ്റൈറ്റിങ്ങ് | 1 | 1 Wage employee | | |
| | ഗാർമെന്റ്സ് | 1 | 1 | | |
| | വൂളൻ നെറ്റിങ്ങ് | 2 | 2 | | |
| VII | കോഴിവളർത്തൽ | 1 | 1 | | |
| | വീവിങ്ങ് | 2 | 2 | | |
| | ഹാൻഡിക്രാഫ്റ്റ് | 1 | 1 | | |
| VIII | | | | | |
| IX | കൊല്ലപ്പണി | 1 | 1 | | |
| | ടൈപ്പ് റൈറ്റിങ്ങ് | 1 | 1 | | |
| | പേപ്പർ ബോഗ്സ് | 5 | 5 | | |
| | ബുക്ക് ബൈൻഡിങ്ങ് | 5 | 5 | | |
| X | വയറിങ്ങ് | 1 | 1 | | |
| | ടൈപ്പ് റൈറ്റിങ്ങ് | 2 | 2 Wage employee | | |
| | ഗാർമെന്റ്സ് | 3 | 3 | | |
| | ടൈലറിങ്ങ് | 1 | 1 | | |
| XI | ബോട്ട് ഫ്രാങ്ക് | 2 | 2 Wage employee | | |
| | പ്രിന്റിങ്ങ് | 1 | 1 Wage employee | | |
| | ടൈലറിങ്ങ് | 1 | 1 | | |
| XII | | | | | |

ദാരിദ്ര്യ രേഖയ്ക്കു താഴെ യുള്ളവിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയആകെ കുടുംബങ്ങളുടെഎണ്ണം | ഇതിൽSC/ɔT കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖ യ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ |
|---|---|---|---|---|---|
| I | 35 | 4 | 9 | 6 | 8 |
| II | 64 | 2 | 4 | 3 | 4 |
| III | 82 | 3 | 4 | 3 | 4 |
| IV | 47 | 6 | 11 | 10 | 10 |
| V | 73 | 3 | 25 | 22 | 22 |
| VI | 156 | 4 | 4 | 3 | 4 |
| VII | 87 | 9 | 15 | 11 | 14 |
| VIII | 142 | 4 | 11 | 9 | 10 |
| IX | 127 | 5 | 8 | 5 | 8 |
| X | 104 | 3 | 16 | 10 | 16 |
| XI | 77 | 4 | 20 | 17 | 17 |
| XII | 3 | – | – | – | (With oldSC) |

1991 ലെ സെൻസസിനെ അടിസ്ഥാനപ്പെടുത്തി തൊഴിൽ പങ്കാളിത്ത ന`രക്ക്

പൂർണ്ണ തൊഴിൽ ചെയ്യുന്നവർ

| | പുരുഷൻ | സ്ത്രീ |
|---|---|---|
| ഭാഗീക തൊഴിൽ | 5791 | 1106 |
| ചെയ്യുന്നവർ | 547 | 296 |
| ആകെ | 6338 | 1402 |
| ജനസംഖ്യയിൽ തൊഴിൽ നിരക്ക് | 41.74% | 9.04% |

മൊത്തം : 6897

മൊത്തം നിരക്ക് : 50.78%

# വ്യവസായം

പാപ്പിനിശ്ശേരിയിലെ പഴയകാലത്തെ വ്യവസായ ചരിത്രം പരിശോധിക്കുമ്പോൾ ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ നിലവിലിരുന്നത് ഏതാനും കുടിൽവ്യവസായങ്ങളായിരുന്നു എന്ന് കാണാം. ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷിയായിരുന്നു. ഭൂപ്രഭുത്വവും ജന്മിത്വവും കൊടികുത്തി വാണിരുന്ന അക്കാലത്ത് കൃഷിഭൂമി ജന്മിമാരുടെ വകയായിരുന്നു. കർഷക കുടുംബത്തിലെ മുതിർന്ന അംഗങ്ങൾ ആൺ പെൺ ഭേദമില്ലാതെ കൃഷിപ്പണിയിൽ ഏർപ്പെട്ടു. കടുത്ത ചൂഷണത്തിനും മർദ്ദനത്തിനും വിധേയമായി കാർഷിക വൃത്തിയെ ആശ്രയിച്ച് ജനങ്ങൾ ജീവിച്ചു. തൊഴിലുകൾ കുലത്തൊഴിലായിരുന്നു.

കർഷക കുടുംബങ്ങളിലേക്കും ജന്മികുടുംബങ്ങളിലേക്കും ആവശ്യമുള്ള പായ, കൊട്ട വട്ടി (കുരിയ) പാച്ചാ കുറിയ, മുതലായവ കൈതയോല ഉപയോഗിച്ച് മടഞ്ഞ് വിപണനം ചെയ്തിരുന്നത് പുലയ സമുദായക്കാരായിരുന്നു. അതിനു പ്രതിഫലമായി നെല്ലാണ് അവർക്ക് നൽകിയിരുന്നത്. ചകിരി തല്ലി ചൂടി പിരിച്ചുണ്ടാക്കുന്ന പ്രവർത്തിയിലും ഇവർ ഏർപ്പെട്ടിരുന്നു.

തെങ്ങ് ചെത്തി കള്ളിൽ നിന്ന് ചക്കരയുണ്ടാക്കി വിപണനം നടത്തുന്ന ജോലി തീയ്യരുടേതായിരുന്നു. കാർഷികവൃത്തിയിലും വ്യാപകമായി അവർ ഏർപ്പെട്ടിരുന്നു.

തേങ്ങയിൽ നിന്ന് കൊപ്രയുണ്ടാക്കലും എണ്ണ ആട്ടലും, എണ്ണ പിണ്ണാക്ക് എന്നിവയുടെ വിപണനവും വാണിയ സമുദായക്കാരുടെ കുലത്തൊഴിലായിരുന്നു. ഇവർ കാർഷിക വൃത്തിയിലും ഏർപ്പെട്ടു

തുണിനെയ്ത്ത് കുലത്തൊഴിലായി സ്വീകരിച്ചവരായിരുന്നു ചാലിയ സമുദായക്കാർ. കുഴിത്തറികളിൽ അവർ പരുക്കൻ വസ്ത്രങ്ങളാണ് ഉണ്ടാക്കിയിരുന്നത്. വലിയ ജന്മികുടുംബങ്ങളിലും കൃഷിവല കുടുംബങ്ങളിലും അവർ വസ്ത്രങ്ങൾ വിപണനം ചെയ്തു, പ്രതിഫലമായി നെല്ലും സ്വീകരിച്ചിരുന്നു.

ഉച്ചൂളി ചുട്ടെടുത്ത് കുമ്മായം ഉണ്ടാക്കുന്ന വ്യവസായവും നിലവിലിരുന്നു. കെട്ടിട നിർമ്മാണത്തിന്ന് കുമ്മായമാണ് ഉപയോഗിച്ചിരുന്നത്. കുമ്മായ ചൂള നടത്തിപ്പുകാർ മിക്കവാറും മുസ്ലീം സമുദായത്തിൽ പെട്ടവരായിരുന്നു.

സമൂഹത്തിന്ന് വേണ്ട പണി ആയുധങ്ങൾ കത്തി, കത്ത്യാൾ, മഴു, പൂട്ട്, താക്കോൽ മുതലായവ നിർമ്മിച്ചിരുന്നത് കൊല്ല സമുദായത്തിൽ പെട്ടവരായിരുന്നു. ആഭരണനിർമ്മാണം നടത്തിയിരുന്നതും ഇതേ സമുദായക്കാർ തന്നെ. അവർ തട്ടാൻ, സ്രാപ്പ് എന്നീ പേരുകളിൽ അറിയപ്പെട്ടു. സമ്പന്ന കുടുംബങ്ങളിലെ ഭവനങ്ങളിൽ വെച്ച് തന്നെ ആഭരണങ്ങൾ നിർമ്മിക്കുകയായിരുന്നു അവരുടെ പതിവ്. കുലത്തൊഴിൽ മാറി ജോലി ചെയ്യുന്ന പതിവ് പഴയ കാലത്ത് ഇല്ലായിരുന്നു.

പാപ്പിനിശ്ശേരിയിലെ കുലത്തൊഴിൽ രംഗത്ത് പെട്ടെന്ന് ഒരു മാറ്റം സംഭവിച്ചത് 1896 - 98 കാലഘട്ടത്തിലാണ്. ശ്രീ. ചൂരിക്കാടൻ ആറോൺ എന്ന ക്രിസ്ത്യാനിയായ വ്യവസായി ഒരു ഓട്ടുകമ്പനി ചുങ്കത്ത് ഈ കാലത്ത് സ്ഥാപിച്ചു. 1902 - ൽ അദ്ദേഹത്തിന്റെ മകനായ സാമുവൽ ആറോണിന്റെ വകയായി അവിടെ തന്നെ സ്പിന്നിംഗ് & വീവിംഗ് മില്ലും സ്ഥാപിച്ചു. കൈത്തറി നെയ്ത്ത് ശാലയായിരുന്നു അത്. ഈ സ്ഥാപനങ്ങൾ പാപ്പിനിശ്ശേരിക്ക് ആധുനിക വ്യവസായ ഭൂപടത്തിൽ സ്ഥാനം നൽകി.

ഓട് നിർമ്മാണത്തിനാവശ്യമായ കളിമണ്ണ് കുഴക്കാൻ വലിയ ഇരുമ്പ് ചക്രവും ചക്ക് പോലുള്ള ഒരു സംവിധാനവുമാണ് ഉണ്ടായിരുന്നത്. കാളകളെ ഉപയോഗിച്ചാണ് ചക്രം തിരിച്ചിരുന്നത്.

ബാസൽ മിഷൻകാരാണ് കുഴിമഗ്ഗത്തിനു പകരം കൈത്തറി മഗ്ഗം ഉപയോഗിച്ച് തുണി നെയ്യുന്ന രീതി കൊണ്ടുവന്നത്. കോഴിക്കോട്ടുള്ള കോമൺവെൽത്ത് കമ്പനിയിൽ കൈത്തറി നെയ്ത്ത സമ്പ്രദായം അക്കാലത്ത് നിലവിലുണ്ടായിരുന്നു. രണ്ടാം ലോക മഹായുദ്ധ കാലത്ത് കൈത്തറി തുണിക്ക് വിദേശങ്ങളിൽ വലിയ പ്രിയമുണ്ടായി. 1949 - ൽ 4 യന്ത്രത്തറികൾ സ്ഥാപിച്ചു കൊണ്ട് ആറോൺ തന്റെ തുണി വ്യവസായം യന്ത്രവൽക്കരിക്കുന്നതിന് തുടക്കം കുറിച്ചു. തുടർന്നുള്ള വർഷങ്ങളിൽ 374 യന്ത്രത്തറികൾ സ്ഥാപിക്കുകയും അതിനനുസരിച്ച് കൈത്തറി മഗ്ഗങ്ങൾ ഒഴിവാക്കുകയും ചെയ്തു. കൈത്തറിമഗ്ഗങ്ങളിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് 6രൂ. വെച്ച് കൈത്തറി മഗ്ഗം വില്ക്കുകയാണുണ്ടായത്. ഗോൾത്തവണ

യായി അവർ വില കൊടുത്തു തീർക്കണമെന്നായിരുന്നു വ്യവസ്ഥ. ഇതിന്റെ ഫലമായി കൈത്തറി വ്യവസായം പാപ്പിനിശ്ശേരിയുടെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിക്കുകയും ധാരാളം പേർക്ക് തൊഴിലവസരം ലഭിക്കുകയും ചെയ്തു.

മുമ്പ് കുലത്തൊഴിൽ മാത്രം ചെയ്തിരുന്ന വിവിധ സമുദായങ്ങളിലെ പലരും ഓട്ടുകമ്പനിയിലും, സ്പിന്നിങ്ങ് & വീവിംഗ് മില്ലിലും ജോലിക്കാരായി. എന്നാൽ ആറാം വേദക്കാരനായ സാമുവൽ ആറോൺ നടത്തുന്ന കമ്പനിയിൽ ജോലി ചെയ്ത് വേതനം പററി ജീവിക്കുന്നത് സമുദായത്തിന്റെ അന്തസ്സിന് നിരക്കാത്തതായാണ് ചില സമുദായങ്ങൾ കണക്കാക്കിയത്. ഇക്കാര്യത്തിൽ ആദ്യകാലത്ത് വലിയ എതിർപ്പ് ഉണ്ടായിരുന്നുവെങ്കിലും, ക്രമേണ അതില്ലാതായി. മിക്കവാറും എല്ലാ സമുദായങ്ങളിൽ നിന്നും തൊഴിലാളികൾ ഉണ്ടായിരുന്നു. സ്ത്രീകളേയും ജോലിക്ക് ചേർത്തിരുന്നു. കമ്പനിക്കുള്ളിൽ ജാതിപരമായി ഒരു പരിഗണനയും ഇല്ലായിരുന്നു. ഇത് ക്രമേണ കമ്പനിക്കു പുറത്ത് സമുദായങ്ങൾ തമ്മിൽ ഉച്ചനീചത്വം ഇല്ലാതാകുന്നതിലേക്ക് വഴിതെളിയിക്കാൻ ഗണ്യമായി സഹായിച്ചു എന്നത് പ്രസ്താവ്യമാണ്.

1934 ൽ ആറോൺ കമ്പനിയിൽ ഒരു പണിമുടക്കം ഉണ്ടായി. കമ്പനിയിലെ ഒരു തൊഴിലാളിയും വീവിംഗ് മാസ്റ്ററും തമ്മിലുള്ള കലഹമായിരുന്നു കാരണം. വ്യവസായം വളരുന്നതോടൊപ്പം തൊഴിലാളി വർഗ്ഗപ്രസ്ഥാനവും വളരുകയായിരുന്നു. വർഗ്ഗബോധവും സംഘടനാബോധവും തൊഴിലാളികളിൽ വളർന്നു. മാനേജ്മെന്റിന്റെ അനീതിക്കെതിരായ ഒരു സമരമായിരുന്നു അത്.

ഐക്കാൽ രാമൻ എന്നയാൾ പാപ്പിനിശ്ശേരിയിൽ മോട്ടോർ വ്യവസായം ആരംഭിച്ചു. യുണൈറ്റഡ് മോട്ടോർ സർവ്വീസ് എന്നായിരുന്നു പേർ. പാപ്പിനിശ്ശേരി റെയിൽവേസ്റ്റേഷൻ മുതൽ കുററിക്കോൽ പുഴ വരെയായിരുന്നു ബസ്സ് സർവ്വീസ് നടത്തിയിരുന്നത്.

1946 ൽ ആറോൺ കമ്പനിയിൽ ഉണ്ടായ മറെറാരു പണിമുടക്ക് 110 ദിവസം നീണ്ടുനിന്നു കുറെ തൊഴിലാളികൾ പിരിച്ചു വിടപ്പെട്ടു ഇന്ത്യയിലെ സാമ്രാജ്യത്വ വിരുദ്ധസമരങ്ങളുടെ ഭാഗമായി നടന്ന ഐതിഹാസികമായ സമരമായിരുന്നു അത്.

കായ്യത്ത ദാമോദരൻ എന്നയാൾ പപ്പിനിശ്ശേരിയിലെ കടവിന് സമീപത്ത് ബലിയപട്ടം സോമിൽ എന്ന ഈർച്ച കമ്പനി സ്ഥാപിച്ചു.

പാപ്പിനിശ്ശേരിയിലെ പേനക്കത്തി വളരെ പ്രസിദ്ധമായിരുന്നു. വ്യവസായികമായ അടിസ്ഥാനത്തിൽ കത്തികൾ നിർമ്മിക്കുന്നതിന് 'ടിംടി' കമ്പനി സ്ഥാപിച്ചു. അരോളിയിൽ ട്രിക്കൻസ് എന്ന കത്തിക്കമ്പനി ഉണ്ടായിരുന്നു. സിലോണിലേക്കായിരുന്നു കത്തികൾ അധികവും അയച്ചിരുന്നത്. എങ്കിലും അമ്പതുകളിൽ കത്തിക്കമ്പനികൾ പൂട്ടിപ്പോയി.

1950ൽ ആറോൺ കമ്പനി അതിന്റെ ജൂബിലി ആഘോഷിച്ചു. എങ്കിലും 1955 ആകുമ്പോഴേക്കും വമ്പിച്ച കടബാദ്ധ്യത മൂലം കമ്പനി വിൽക്കേണ്ടി വന്നു. 1955ൽ ആറോൺ കമ്പനിയുടെ സ്ഥാനത്ത് വെസ്റ്റേൺ ഇന്ത്യാ കോട്ടൺ മിൽസ് നിലവിൽ വന്നു.

തടി വ്യവസായം പുരോഗമിച്ച് ഈസ്റ്റേൺ പ്ലൈവുഡ്സ് എന്ന പേരിൽ ഒരു പ്ലൈവുഡ് കമ്പനി നിലവിൽ വന്നു. അതാണ് പിന്നീട് പുരുഷോത്തം ഗോകുൽദാസ് കമ്പനിയായി രൂപപ്പെട്ടത്.

ചകിരി വ്യവസായം കൂടുതൽ അഭിവൃദ്ധിപ്പെട്ടു. സേലത്തു നിന്നും തമിഴർ പാപ്പിനിനിശ്ശേരിയിൽ വന്ന് ചകിരി നാരും ചൂടിയും ശേഖരിച്ച് സേലത്തേക്ക് കൊണ്ടുപോയിരുന്നു. ക്രമേണ സേലത്തേക്ക് ചകിരി നാരുകൾ വൻ തോതിൽ കയററുമതി ചെയ്തു പോന്നു. അക്കാലത്ത് പാപ്പിനിശ്ശേരി റെയിൽവേ സ്റ്റേഷന്റെ നല്ല കാലമായിരുന്നുവെന്നു പറയാം.

പാപ്പിനിശ്ശേരി ഇന്നൊരു വ്യവസായ മേഖലയായി പരിവർത്തനം ചെയ്യപ്പെടുകയാണ്. തൊഴിൽ ചെയ്യുന്നവരിൽ ഭൂരിഭാഗവും വ്യവസായ തൊഴിലാളികളാണ്. മറെറങ്ങും കാണാത്തവിധം ഇവിടെ തൊഴിലാളികളെ വേണ്ടത്ര കിട്ടുന്നുവെന്നാണ് വ്യവസായികൾ അഭിപ്രായപ്പെടുന്നത്. വെസ്റ്റേൺ ഇന്ത്യ കോട്ടൺസ്, ബലിയപട്ടം ടൈൽ വർക്സ്, പി. ജി. പ്ലൈവുഡ്സ് തുടങ്ങിയ വൻ വ്യവസായ സ്ഥാപനങ്ങളും, കൈത്തറി, ബീഡി, കയർ, മെററൽ ഇൻഡസ്ട്രി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളും നൂറിലേറെ മററു ചെറുകിട വ്യവസായ യൂണിററുകളും ഇവിടെ പ്രവർത്തിച്ചുപോരുന്നു.

പരമ്പരാഗത വ്യവസായങ്ങൾ ഭൂരിഭാഗവും സഹകരണ മേഖലയിലാണ് പ്രവർത്തിക്കുന്നത്. പാപ്പിനിശ്ശേരി വീവേർസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേററീവ് സൊസൈററി, പാപ്പിനിശ്ശേരി കയർ സഹകരണ സംഘം, കേരളാ ദിനേശ് ബീഡി

യുടെ രണ്ട് യൂണിറ്റുകൾ, പാപ്പിനിശ്ശേരി ഇരിണാവ് കോ-ഓപ്പറേറ്റീവ് ടിമ്പർ ആന്റ് ടൈൽ സൊസൈറ്റി, പവർലൂം ഇൻഡസ്ട്രിയൽ സൊസൈറ്റി എന്നിവ സഹകരണ മേഖലയിലെ പ്രധാന വ്യവസായ സ്ഥാപനങ്ങളാണ്. സ്ത്രീ തൊഴിലാളികളിൽ ഏറിയ പങ്കും കൈത്തറി, ഓട്, കയർ, ഗാർമെന്റ്സ്, തയ്യൽ തുടങ്ങിയ മേഖലകളിലാണ് ജോലി ചെയ്യുന്നത്. കേരളാ ക്ലേസ് ആന്റ് സെറാമിക്സിന്റെ ഓഫീസും, ഖാദിഗ്രാമ വ്യവസായ ബോർഡിന്റെ ഒരു യൂണിറ്റും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മോട്ടോർ റിപ്പെയർ വർക്ക്ഷോപ്പ്, വുഡ് ആന്റ് സ്റ്റീൽ ഫർണിച്ചർ നിർമ്മാണ യൂണിറ്റ്, പൂഴി വാരൽ, സ്റ്റോൺ ക്രഷിങ്ങ്, എഞ്ചിനീയറിംഗ് വർക്ക്സ് തുടങ്ങിയ മേഖലയിൽ നൂറ് കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്നു.

## പ്രശ്നങ്ങൾ:-

ഇനിയും ഏറെ വ്യവസായ വളർച്ചക്ക് സാദ്ധ്യതയുള്ള പ്രദേശമാണ് പാപ്പിനിശ്ശേരി. പക്ഷെ ഏറെ പ്രയാസങ്ങളും പ്രതിസന്ധികളും ഈ മേഖല നേരിടുന്നു.

1 അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ് പ്രധാനമായി നേരിടുന്ന പ്രശ്നം. ഒന്നാമതായി വൈദ്യുതി പ്രശ്നം വ്യവസായ മുരടിപ്പിന്ന് കാരണമാകുന്നു.

2 അസംസ്കൃത പദാർത്ഥങ്ങൾ അധികവും പുറത്തുനിന്നു കൊണ്ടു വരുന്നതാണ്. അവ ആവശ്യത്തിനു ലഭ്യമല്ല.

3 ആധുനിക സാങ്കേതിക ജ്ഞാനം ഇല്ലാത്തതും കാര്യക്ഷമമല്ലാത്തതുമായ മാനേജ്മെന്റുകൾ നഷ്ടത്തിലേക്കും അടച്ചു പൂട്ടലിലേക്കും നയിക്കുന്നു.

4 സാങ്കേതികതയും നിയമപരവുമായ തടസ്സങ്ങൾ പുതിയ വ്യവസായ യൂണിറ്റ് തുടങ്ങുന്നതിനു തടസ്സമാകുന്നു.

5 ചില വ്യവസായങ്ങൾ പരിസര മലിനീകരണത്തിന് ഇടയാക്കുന്നു.

6 പരമ്പരാഗത വ്യവസായ മേഖലയിൽ കുറഞ്ഞ കൂലി നിരക്കാണ് നൽകപ്പെടുന്നത്.

7 ചില വ്യവസായങ്ങളിൽ തൊഴിലാളികളെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നത് അവർക്ക് ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തുന്നു. ഇത് പഞ്ചായത്തിന്റെ വരുമാനത്തിലും കുറവ് വരുത്തുന്നു.

8 കുറഞ്ഞ വേതനവും ആരോഗ്യപരമായ പ്രശ്നങ്ങളും കാരണം തൊഴിലാളികൾ തൊഴിൽ മേഖല മാറിപ്പോകുന്നു.

9 ചില ചെറുകിട കുടിൽ വ്യവസായങ്ങളിൽ വിപണനം ഒരു പ്രധാന പ്രശ്നമായി നിലനില്ക്കുന്നു.

## സാദ്ധ്യതകൾ:-

1 തടി വ്യവസായത്തിന്ന് സാദ്ധ്യതകൾ ഏറെയുണ്ട്. സഹകരണ മേഖലയിൽ തുടങ്ങാനുള്ള ശ്രമം ഉണ്ടാവണം.

2 സഹകരണ മേഖലയിലുള്ള കയർ വ്യവസായം വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപുലീകരിച്ചുകൊണ്ട് തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കണം.

3 സഹകരണ കൈത്തറി മേഖല കൂടുതൽ വികസിപ്പിക്കണം.

4 നിലവിലുള്ള പവർലൂം വ്യവസായം കൂടുതൽ വിപുലീകരിക്കുകയോ പുതിയത് ആരംഭിക്കുകയോ ചെയ്യണം.

5 നാട്ടിൽ ലഭ്യമായ കാർഷികോൽപ്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണം. കൊപ്ര, തേങ്ങാപ്പാൽ, വെളിച്ചെണ്ണ എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾ തുടങ്ങാനാവും.

6 വാർഡ് അടിസ്ഥാനത്തിൽ വനിതാ വ്യവസായ സഹകരണ സംഘങ്ങൾ ഉണ്ടാക്കണം. അച്ചാർ, സ്ക്വാഷുകൾ, കറിപൗഡറുകൾ, വസ്ത്ര നിർമ്മാണം, പേപ്പർബാഗ്, കവർ, മെഴുകുതിരി നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയവ ഈ സംഘങ്ങളുടെ കീഴിൽ തുടങ്ങാവുന്നതാണ്.

7 പാപ്പിനിശ്ശേരി കത്തികൾ പ്രസിദ്ധമാണ്. എന്നാൽ ഈ വ്യവസായം തകർച്ചയുടെ വക്കിലാണ്. ആധുനികവൽക്കരണത്തിലൂടെ ഈ വ്യവസായത്തെ വികസിപ്പിക്കാൻ സാധിക്കണം.

8 സഹകരണ ബേക്കറി യൂണിറ്റിന്റെ പ്രവർത്തനം പുനരുദ്ധീകരിക്കണം.

9 വുഡ്, മെറ്റൽ, സിമന്റ് എന്നിവ ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണ വസ്തുക്കൾ ഉണ്ടാക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ട്. നിർമ്മിതി കേന്ദ്രം സ്ഥാപിക്കണം.

10 സഹകരണ മേഖലയിൽ മോട്ടോർ റിപ്പെയർ വർക്ക് ഷോപ്പ് ആരംഭിക്കണം.

11 പുതിയ വ്യവസായ സംരംഭകർക്ക് ആവശ്യമായ സാങ്കേതികജ്ഞാനവും സാമ്പത്തിക സഹായവും നൽകണം.

12 മിനിവ്യവസായഎസ്റ്റേറ്റുകൾസ്ഥാപിക്കണം.

# വ്യവസായ യൂനിററുകളെ സംബന്ധിച്ച വിവരണം

| വ്യവസായ സ്ഥാപനത്തിൻെറ തരം | യൂനിററുകളുടെ എണ്ണം | പുരുഷ തൊഴിലാളികൾ | സ്ത്രീ തൊഴിലാളികൾ | ആകെ |
|---|---|---|---|---|
| ദിനേശ് ബീഡി സഹകരണ സംഘം | 2 | 148 | 86 | 234 |
| ഫർണിച്ചർ വർക്ക്സ് | 10 | 35 | ... | 35 |
| കൊപ്രമിൽ | 4 | 8 | — | 8 |
| ഫ്ളവർ മിൽ | 5 | 5 | .... | 5 |
| കോട്ടൺ മിൽ (W/Cottons) | 1 | ... | — | 564 |
| പാപ്പിനിശ്ശേരി ടൈൽസ് & സോമിൽ ഇൻഡസ്ട്രി | 1 | 49 | 40 | 89 |
| ചെറുകിട മര വ്യവസായം | 11 | ... | .... | .... |
| സോമിൽ (1 പ്രവർത്തിക്കുന്നില്ല) | 3 | 42 | — | 42 |
| വുഡ് പ്രോസസ്സിംഗ് യൂണിററ് | 7 | — | .... | — |
| മരവ്യവസായം | 7 | .... | .... | .... |
| മെററൽ ഇൻഡസ്ട്രി സഹകരണ സംഘം | 1 | 5 | ... | 5 |
| വീവേർസ് ഇൻ കോ-ഓപ്പ: സൊസൈററി | 2 | 134 | 52 | 186 |
| പ്രിൻറിംഗ് പ്രസ്സ് | 4 | 16 | .... | 16 |
| മോട്ടോർ വർക്ക് ഷോപ്പ് | 4 | 16 | ... | 16 |
| ഗാർമെൻസ് മെയ്ക്കിംഗ് യൂണിററ് | 3 | .... | — | .... |
| സഹകരണ കോ: സ്റ്റോർ | 2 | 3 | 4 | 7 |
| കത്തിക്കമ്പനി | 2 | — | — | .... |
| ഓട്ടോ വർക്ക് ഷോപ്പ് | 2 | .... | — | — |
| ഫ്ളൈവുഡ് | 2 | — | .... | .... |
| മോട്ടോർ വർക്ക് ഷോപ്പ് | 11 | 50 | .... | 50 |
| മിൽക്ക് സൊസൈററി | 2 | 10 | 1 | 11 |
| IRDP പാൽ ഉൽപ്പന്ന വനിതാ സംഘം | 1 | 5 | ... | 5 |
| പി. ജി. ഫ്ളൈവുഡ്സ് | 1 | | | 123 |
| കൈരളി-സൊസൈററി വീവിംഗ് | 1 | 13 | 34 | 47 |
| ബ്ലോക്ക് ബോർഡ് | 2 | 8 | 104 | 117 |

| വ്യവസായ സ്ഥാപനത്തിൻെറ തരം | യൂണിറ്റുകളുടെ എണ്ണം | പുരുഷ തൊഴിലാളികൾ | സ്ത്രീ തൊഴിലാളികൾ | ആകെ |
|---|---|---|---|---|
| ബ്ളാക്ക് സമിതി സഹ. സംഘം | 1 | ... | ... | ... |
| എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് | 1 | .... | ... | ... |
| ഇരുമ്പ്പണി ആയുധങ്ങൾ കത്തി-കത്രിയാരം etc. | 10 | ... | ... | 30 |
| സ്റ്റീൽ ഫർണിച്ചർ | 1 | — | — | ... |
| വുഡ് ഇൻഡസ്ട്രീസ് | | — | — | — |
| കമ്മായം | 1 | ... | — | — |
| ഖാദി | 1 | — | — | — |
| പ്ലാസ്റ്റിക് ഇൻഡസ്ട്രി | 1 | .... | — | — |
| സോപ്പ് കമ്പനി പ്രവർത്തനമില്ല | 1 | ... | ... | — |
| സിനിമ | 1 | 4 | | 4 |
| ഇന്ത്യൻ ബാങ്ക് | | | | 20 |
| കേരള ക്ലേയ് & സിറാമിക്സ് | -- | ... | — | 17 |
| കോ-ഓപ്പ: സർവ്വീസ് ബാങ്ക് | ... | ... | .... | 20 |
| നൈന വുഡ് ഇൻഡസ്ട്രി | — | .... | — | 30 |
| കോ-ഓപ്പ: സൊസൈറ്റി (Se) പാപ്പിനിശ്ശേരി | — | ... | ... | 3 |
| ബലിയപട്ടം ടൈൽസ് വർക്സ് | ... | — | .... | 363 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് ഓഫീസ് | | .... | .... | 27 |
| കോ-ഓപ്പ: റൂറൽ ബേങ്ക് പാപ്പിനിശ്ശേരി (ബ്രാഞ്ച്) | — | 7 | 3 | 10 |
| കൈകൊണ്ടുള്ള ജില്ലി നിർമ്മാണം | 1 | — | ... | 15 |
| ടയർ റീസോറം | 1 | — | — | 3 |
| ജല്ലറി വർക്സ് | 22 | ... | — | 40 |
| ഡൈ ബയ്ക്കിംഗ് | 4 | 13 | — | 13 |
| ഗ്രിൽസ് വർക്സ് | 9 | .... | — | 36 |
| സ്റ്റോൺ ക്രഷർ | 2 | — | — | 40 |
| സിമൻറ് കൊണ്ടുള്ള ഉൽപ്പന്നങ്ങൾ നിർമ്മാണം | 6 | ... | — | 18 |

# വിദ്യാഭ്യാസം

കോലത്തിരി രാജധാനിയിൽ നിന്ന് രണ്ടു കിലോ മീറ്ററും ജില്ലാതലസ്ഥാനത്തു നിന്നും പത്ത് കി:മീ: വടക്ക് മാറി വളപട്ടണം പുഴയുടെ പരിലാളനയിൽപണ്ട് പാപ്പിനികൾ(ബ്രാഹ്മണർ) അധിവസിച്ചിരുന്ന ഗ്രാമമാണ് പാപ്പിനിശ്ശേരി. റെയിൽപാതയും ദേശീയപാതയും ഈ ഗ്രാമത്തെ കിഴക്ക് പടിഞ്ഞാറ് മൂന്നായി വിഭജിക്കുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ തന്നെ ഇവിടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. പാപ്പിനിശ്ശേരിയിലെ ആദ്യ വിദ്യാലയം അരോളി വീട്ടുകാരുടെ സ്ഥലത്ത് ( ഇന്നത്തെ അരോളി ഹൈസ്ക്കൂൾ പറമ്പിൽ ) അരോളി വീട്ടിൽ രയരപ്പൻ നായരും കാമാടൻ വീട്ടിൽ തെനെൻ നായരും 1890ൽ ആരംഭിച്ചു. എഴുത്താണിയും ഓലയും ഉപയോഗിച്ചായിരുന്നു അഭ്യസനം. പെൺകുട്ടികൾക്ക് മാത്രമായിരുന്നു ഈ വിദ്യാലയം.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പ്രസ്തുത സ്ക്കൂളിൽ ആൺകുട്ടികൾക്കും പ്രവേശനം നല്കി. ഡിസ്ട്രിക്ട് ബോർഡ് നിലവിൽ വന്നതോടെ അത് ഗവ:സ്ക്കൂളായി മാറി.പിന്നീട് യു. പി. സ്ക്കൂളായും ഹൈസ്ക്കൂളായും ഉയർത്തപ്പെട്ടു. ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥാപിതമായ സ്ക്കൂളുകളാണ്. പാപ്പിനിശ്ശേരി എൽ.പി സ്ക്കൂൾ (ഗുരിക്കൾ സ്മാരകം-വേളാപുരം) 1909, അരോളി സെൻട്രൽ എൽ,പി (1914), പാപ്പിനിശ്ശേരി വെസ്റ്റ് എൽ.പി [1917],ആറോൺ യു.പി [1921], ഗവ: മാപ്പിള എൽ.പി മാങ്കടവ് (1928) എന്നിവ ഗവ: യു.പി.പാപ്പിനിശ്ശേരി വെസ്റ്റ്,ഗവ: വെൽഫേർ എൽ.പി പാപ്പിനിശ്ശേരി. ഗവ:മാപ്പിള എൽ,പി പാപ്പിനിശ്ശേരി, എന്നിവ പിന്നീട് സ്ഥാപിക്കപ്പെട്ടവയാണ്. അരോളി എൽ.പി കീച്ചേരി പാപ്പിനിശ്ശേരിയിൽ ക്രൂസ്ത്യൻ പള്ളിക്ക് സമീപം ക്രൂസ്ത്യൻ മാനേജ് മെന്റിൽ ഉണ്ടായിരുന്ന ഒരു യു.പി സ്ക്കൂൾ, വേളാപുരത്തിന് പടിഞ്ഞാറ് ഉണ്ടായിരുന്ന ആദി ദ്രാവിഡ എൽ.പി സ്ക്കൂൾ, അരോളി കല്ലൈക്കൽ പള്ളിക്ക് സമീപം ഉണ്ടായിരുന്ന മുസ്ലീം എൽ.പി സ്ക്കൂൾ എന്നിവ പിന്നീട് നിർത്തൽ ചെയ്യപ്പെട്ടു. 1969ൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പഞ്ചായത്ത് ഹൈസ്ക്കൂൾ സ്ഥാപിതമായി. ഇപ്പോൾ ഈ പഞ്ചായത്തിൽ രണ്ട് ഹൈസ്ക്കൂൾ, രണ്ട് യു.പി സ്ക്കൂൾ, ആറ് എൽ.പി സ്ക്കൂൾ എന്നിങ്ങനെ പത്ത് സ്ക്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിൽ ഒരു യു.പി. യും മൂന്ന് എൽ.പി യും സ്വകാര്യ മേഖലയിലും ബാക്കിയുള്ളവ പൊതു മേഖലയിലുമാണ്. അദ്ധ്യാപകരിൽ 74 പേർ പുരുഷൻമാരും 142 പേർ സ്ത്രീകളുമാണ്.

ഗ്രാമത്തിന്റെ പേരുപോലെതന്നെ വിദ്യാഭ്യാസരംഗത്തും സവർണ്ണമേധാവിത്വം നിലനിന്നിരുന്നു. ജനകീയ വിദ്യാഭ്യാസത്തോടെ ദേശീയ– സാമൂഹ്യ– സാംസ്കാരിക രംഗങ്ങളിൽ മാറ്റങ്ങൾ ദൃശ്യമായിത്തുടങ്ങി. അയിത്തോച്ചാടനം സാർവ്വത്രിക പത്രപാരായണം, ട്രേഡ്യൂണിയൻ പ്രവർത്തനങ്ങൾ, ബഹുജന പ്രസ്ഥാനങ്ങൾ എന്നിവ രൂപപ്പെടാൻ തുടങ്ങി. ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യംവരെ ഹൈ സ്ക്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഇവിടെ ഇല്ലായിരുന്നു. ചില വ്യവസായികളുടെ സ്വാർത്ഥ താൽപര്യമാണ് ഇതിന് കാരണമെന്ന് പറയപ്പെടുന്നു. അൽപം ചിലർ ഉന്നതങ്ങളിലെത്തിയത് പഞ്ചായത്തിന് വെളിയിൽ പോയി പഠിച്ച കുടുംബാംഗങ്ങളാണ്.

സാർവ്വത്രികവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തോടെ ഈ രംഗത്ത് വലിയമാറ്റം നമ്മുടെ പഞ്ചായത്തിലും ഉണ്ടായിട്ടുണ്ട്. ആംഗലഭാഷയോടുള്ള അമിതാവേശത്താൽ ഇപ്പോൾ ഈ പഞ്ചായത്തിലെ ധാരാളം രക്ഷിതാക്കൾ അവരുടെ കുട്ടികളെ പഞ്ചായത്തിനകത്തും പുറത്തുമുള്ള ഇംഗ്ലീഷ്മീഡിയം സ്ക്കൂളുകളിൽ അയച്ച് പഠിപ്പിക്കുന്ന പുത്തൻ പ്രവണതയുണ്ട്. ഇത് ഗ്രാമത്തിലെ പൊതുസ്ക്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറയാൻ കാരണമാകുന്നുണ്ട്,സൗകര്യാർത്ഥം പഞ്ചായത്തിന് വെളിയിലുള്ള പൊതു സ്ക്കൂളുകളിൽ പഠനം നടത്തി വരുന്ന കുട്ടികളുമുണ്ട് സെക്കണ്ടറി വിദ്യാഭ്യാസത്തിനുശേഷം ഉന്നത വിദ്യാഭ്യാസത്തിനുള്ള യാതൊരു സൗകര്യവും ഇന്നും ഇവിടെ ഇല്ല.

വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ വളരെ പരിമിതമാണ്. സർക്കാർ വിദ്യാലയങ്ങളിൽ ആവശ്യത്തിന് ഫർണിച്ചറുകളോ കെട്ടിടങ്ങളോ ഇല്ല. ഗവ: മാപ്പിള എൽ.പി മാങ്കടവ്, ഗവ:

മാപ്പിള എൽ.പി പാപ്പിനിശ്ശേരി (കാട്ടിലെപ്പള്ളി) എന്നിവ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത് സ്വകാര്യ വിദ്യാലയങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല. അത്യാവശ്യത്തിന് കെട്ടിടങ്ങൾ ഉണ്ടെങ്കിലും മിക്കതും മുറികൾ തിരിച്ചിട്ടില്ലാത്തവയാണ്. ഇതൊക്കെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട് മിക്കവിദ്യാലയങ്ങളിലും കുട്ടികളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേററുന്നതിനുള്ള സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ് പഠനോപകരണങ്ങളും മററുപഠന സഹായികളും വിരളമായേ അദ്ധ്യാപകർ ഉപയോഗിക്കുന്നുള്ളൂ. ഇത് പ്രത്യേകിച്ച് പ്രൈമറി അഭ്യസനത്തെ അനാകർഷമാക്കുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള അമിതഭ്രമം അവസാനിപ്പിക്കാൻ നമ്മുടെ വിദ്യാലയങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും പഠനനിലവാരം ഉയർത്തുന്നതിനുള്ള ശാസ്ത്രീയ സമീപനം കൈക്കൊള്ളുകയും വേണം

എസ്.എസ്.എൽ.സി വിജയ ശതമാനം വർഷന്തോറും കുറഞ്ഞുവരുന്ന ദയനീയസ്ഥിതിയാണ് ഇന്നുള്ളത്. അക്ഷരമറിയാത്ത എസ്.എസ്.എൽ. സി. ക്ലാസ്സുകാരും ഉണ്ട്.

ഈ കാലത്ത് പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രസക്തി ഏറിവരികയാണ്. ഈ പഞ്ചായത്തിൽ ഒൻപത് അംഗനവാടിയും പത്ത് നഴ്സറി സ്ക്കൂളും ഒരു ശിശുമന്ദിരവുമുണ്ട്. നഴ്സറികളിൽ നാലെണ്ണം ഇംഗ്ലീഷ് മീഡിയവും ഒരെണ്ണം അറബിക് മീഡിയവുമാണ്. മിക്ക പ്രീ പ്രൈമറി വിദ്യാലയങ്ങൾക്കും ആവശ്യത്തിന് സ്ഥലമോ കളിക്കോപ്പുകളോ ഇല്ല.

പഞ്ചായത്തിലെ സാക്ഷരതാശതമാനം തൃപ്തികരമാണെങ്കിലും ചെറിയ ശതമാനം നിരക്ഷരർ ഇപ്പോഴുമുണ്ട്. ഈ രംഗത്ത് നല്ല ഫലം ചെയ്ത സാക്ഷരതാ പ്രവർത്തനം ഫലപ്രദമായി പുനരുജ്ജീവിപ്പിക്കണം. ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ മുസ്ലീം സമുദായത്തിന്റെ മത പഠനത്തിനായി പത്തോളം മദ്രസ്സകളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സ്വകാര്യ വ്യക്തികളുടെ നേതൃത്വത്തിൽ കായികാഭ്യാസത്തിനായി കളരി, ജിംനാസ്റ്റിക്സ്, കരാട്ടെ ക്ലാസ്സുകളും വിവിധഭാഗങ്ങളിലായി നടന്നു വരുന്നുണ്ട്. ഇവക്ക് പുറമേ സാങ്കേതിക തൊഴിൽ മേഖലകളിൽ പരിശീലനം നല്കി വരുന്ന ടൈപ്പ് റൈററിങ്ങ് ഇൻസ്ററിററ്യൂട്ടുകളും തുന്നൽ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ രണ്ടു പാരലൽ കോളേജുകളും ആറ് ട്യൂഷൻ സെൻററുകളും പ്രവർത്തിച്ചു വരുന്നുണ്ട്.

ഗ്രാമ പഞ്ചായത്ത് വിദ്യാഭ്യാസ കാര്യത്തിൽ താല്പര്യം കാണിക്കുന്നുണ്ട്. ഒരു ഹൈസ്ക്കൂൾ സ്വയം നടത്തുന്നുണ്ട്. എസ്. എസ്. എൽ. സി പരീക്ഷക്ക് മികച്ച മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് പാരിതോഷികങ്ങൾ, മററു ക്ലാസുകളിലും പ്രോത്സാഹന സമ്മാനങ്ങൾ, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കുടകൾ എന്നിവ നൽകി വരുന്നു.

## നിർദ്ദേശങ്ങൾ

1 ആറാം വാർഡിലെ ശിശുമന്ദിരത്തിന് സമീപം ഒരു എൽ.പി സ്ക്കൂൾ സ്ഥാപിക്കണം.

2 മാങ്കടവ് ഗവ:മാപ്പിള എൽ.പി സ്ക്കൂൾ, പാപ്പിനിശ്ശേരി വെസ്റ്റ് എൽ.പി സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി സ്ക്കൂളുകൾ ആക്കണം.

3 പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും അധ്യാപകർക്കും പ്രാഥമികാവശ്യങ്ങൾ നിറവേററുന്നതിനുള്ള പ്രത്യേകം പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടുത്തണം.

4 അരോളി ഗവ: ഹൈസ്ക്കൂളിനാവശ്യമായ കെട്ടിടങ്ങൾ പണിത് ഷിഫ്ററ് സമ്പ്രദായം ഒഴിവാക്കണം. കളിസ്ഥലവും സ്റേറജിന് മേൽക്കൂരയും ഉണ്ടാക്കണം.

5 ചുററുമതിലില്ലാത്ത വിദ്യാലയങ്ങൾക്ക് അവ നിർമ്മിക്കണം, ആവശ്യത്തിന് ഫർണിച്ചറുകൾ എല്ലാ വിദ്യാലയങ്ങളിലും ലഭ്യമാക്കണം.

6 വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന മാങ്കടവ് സ്ക്കൂളിനും പാപ്പിനിശ്ശേരി ഗവ:മാപ്പിള എൽ.പി സ്ക്കൂളിനും സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കണം.

7 സ്ക്കൂളുകളിലെ ലബോറട്ടറി - ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. ഹൈസ്ക്കൂളുകളിൽ പത്രമാസികകൾ സൗജന്യമായി ലഭ്യമാക്കണം.

8 പ്രൈമറി തലത്തിൽ മാതൃഭാഷക്കും കണക്കിനും മുഖ്യസ്ഥാനം നല്കണം.

9. കുട്ടികളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ടതാവണം പാഠ്യ പദ്ധതി. ആവശ്യമായ

പഠനോപകരണങ്ങൾ [ചാർട്ടുകൾ, മാപ്പുകൾ എന്നിവ] ലഭ്യമാക്കണം.

10. പാഠപുസ്തകങ്ങളുടെ വലുപ്പം ക്രമീകരിക്കണം

11. അരോളി ഗവ: ഹൈസ്കൂളിൽ നിന്ന് എൽ. പി. ക്ലാസ്സുകൾ വേർപെടുത്തണം.

12. പ്രൈമറിതലത്തിലെ അദ്ധ്യാപകരെ പ്രവൃത്തിദിനങ്ങളിൽ പാഠ്യേതരപ്രവർത്തനങ്ങളിൽ നിന്നും ഒഴിവാക്കണം.

13. വിദ്യാഭ്യാസ ഉപജില്ല പഞ്ചായത്ത് തലത്തിൽ പുനർനിർണ്ണയിക്കണം.

14 പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ കോംപ്ലക്സുകൾ ശക്തിപ്പെടുത്തണം.

15 കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് ക്ലാസ്സ് പി.ടി.എ കളുടെ പ്രവർത്തനം വ്യാപിപ്പിക്കുകയും ശക്തിപ്പെടുത്തുകയും വേണം.

16 പഞ്ചായത്ത് ഹൈസ്കൂളിനോടനുബന്ധിച്ച് ശാസ്ത്ര – സാങ്കേതിക വിഷയങ്ങളിൽ 'പ്ലസ്ടു ' കോഴ്സ് ആരംഭിക്കണം.

17 അരോളി ഗവ: ഹൈസ്കൂളിൽ ജൂനിയർ ടെക്നിക്കൽ ക്ലാസ്സുകൾ കൂടി ആരംഭിക്കണം.

18 ഉച്ച ഭക്ഷണ പരിപാടിക്ക് പുകയില്ലാത്ത അടുപ്പ് ആവശ്യമായ വിദ്യാലയങ്ങളിൽ സ്ഥാപിക്കണം.

19 പതിനൊന്നാം വാർഡിൽ ബോട്ട്ജെട്ടി ഹാജിറോഡ് മേഖലയിൽ അംഗനവാടി സ്ഥാപിക്കണം.

20 സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടവും കളിസ്ഥലവും ഏർപ്പെടുത്തണം.

21 അംഗനവാടികൾക്ക് ആവശ്യത്തിന് കളിക്കോപ്പുകൾ ലഭ്യമാക്കണം.

22 ഉച്ചഭക്ഷണ പരിപാടി അംഗനവാടികളുലേതു പോലെ എല്ലാ നഴ്സറികളിലും ശിശുമന്ദിരങ്ങളിലും വ്യാപിപ്പിക്കണം.

23 ബാലവാടികളിലും ശിശുമന്ദിരങ്ങളിലും കുട്ടികളിൽ നിന്നും വാങ്ങിക്കുന്ന ഫീസ് പൂർണ്ണമായും നിർത്തണം.

24 പഞ്ചായത്ത് കേന്ദ്രമാക്കി ക്രഷ് (ശിശു പരിപാലന കേന്ദ്രം) സ്ഥാപിക്കണം.

25 സാക്ഷരതാ പരിപാടി പുനരുജ്ജീവിപ്പിക്കണം.

26 കലാ-കായിക പരിശീലനത്തിനായി പഞ്ചായത്ത് തലത്തിൽ ഒരു സ്ഥാപനം ആരംഭിക്കണം

27 വൈദ്യുതി എല്ലാ വിദ്യാലയങ്ങൾക്കും ലഭ്യമാക്കണം.

# അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച വിവരങ്ങൾ

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മററ് സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കെട്ടിടം | | ഫർണിച്ചർ | |
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | വേണ്ടത്ര ഉളളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉളളവ | വേണ്ടത്ര ഇല്ലാത്തവ |
| H S | 46 | 61 | 107 | 1576 | 1486 | 3062 | — | 2 | — | 2 |
| U P S | 9 | 32 | 41 | 689 | 586 | 1275 | 1 | 1 | — | 2 |
| L P S | 19 | 41 | 60 | 856 | 798 | 1654 | 3 | 1 | 1 | 4 |
| Pre-Primary | — | 8 | 8 | 56 | 51 | 107 | 2 | 1 | 2 | 1 |
| ആകെ | 74 | 142 | 216 | 3177 | 2921 | 6098 | 6 | 5 | 3 | 9 |

വിദ്യാഭ്യാസ ആവശ്യത്തിന് പഞ്ചായത്ത് ചെലവഴിച്ച തുക 1,65,651.80 രൂപ

മൊത്തം ചെലവിന്റെ എത്ര ശതമാനം 4.1 ശതമാനം

## സാക്ഷരത 1991 ലെ സെൻസസിനെ അടിസ്ഥാനപ്പെടുത്തി

## മൊത്തം സാക്ഷരത : 91.74%

**പുരുഷൻ : 96.52%** **സ്ത്രീ : 87.8%**

### സേവന മേഖലയിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ Ref. F.

| എണ്ണം | വിദ്യാഭ്യാസം | | | | ആരോഗ്യം | | | | മററ് സേവന മേഖലകൾ | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | സർക്കാർ | P H S | സ്വകാര്യ | ആകെ | സർക്കാർ | സഹകരണ | സ്വകാര്യ | ആകെ | സർക്കാർ | സഹകരണ | സ്വകാര്യ | ആകെ |
| സ്ഥാപനങ്ങൾ | 5 | 1 | 4 | 10 | 2 | 2 | 1 | 5 | 17 | 13 | 12 | :2 |
| ജീവനക്കാർ | 106 | 61 | 55 | 222 | 47 | 12 | 10 | 69 | 171 | 293 | 1249 | 1713 |

### സ്ക്കൂളിന്റെ പൊതുവിവരം

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ യു. പി./ എൽ പി പ്രീ പ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത: സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | കുട്ടികളുടെ എണ്ണം: ആൺ | പെൺ | ആകെ | അദ്ധ്യാപകരുടെ എണ്ണം: ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മററ് കുറിപ്പുകൾ ചുററുമതിൽ, അററകുററപണികൾ, ഫർണ്ണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1. ഗവ: വെൽ ഫേർ എൽ. പി. | L P | സർക്കാർ | | | | 125 | 123 | 248 | 9 | 9 | | | 41 സെൻറ് | ഇല്ല | | ചുററുമതിൽ ഇല്ല അററകുററപ്പണികൾ, ഫർണ്ണിച്ചർ റിപ്പയർ നടത്താറുണ്ട്. |
| 2. ഗവ മാപ്പിള എൽ. പി. | L P | സർക്കാർ | | | | 112 | 81 | 193 | 8 | 8 | Nil | Nil | 39 സെൻറ് | 20 സെൻറ് | ഇല്ല | ചുററുമതിലുണ്ട്. പണികൾ നടത്താറുണ്ട്. പി ടി എ മുഖാന്തരം ഫർണിച്ചർ റിപ്പയർ നടത്താറുണ്ട്. |
| 3. വെസ്റ്റ് എൽ പി | L P | | ✓ | | | 137 | 143 | 280 | 10 | 10 | | | 35 സെൻറ് | ഇല്ല | | ചുററുമതിലില്ല. അററകുററപ്പണി, ഫർണിച്ചർ റിപ്പയർ നടത്താറുണ്ട്. |

# സ്കൂളിന്റെ പൊതുവിവരം

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ യു. പി./ എൽ പി പ്രീ പ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | കുട്ടികളുടെ എണ്ണം ആൺ | പെൺ | ആകെ | അദ്ധ്യാപകരുടെ എണ്ണം ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മററ് കുറിപ്പുകൾ ചുററുമതിൽ, അററകുററപണികൾ, ഫർണ്ണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 4. ഗവ: യു പി | U P | ശരി | | | | 341 | 336 | 677 | 19 | 19 | | | 60 സെന്റ് | ഇല്ല | | മതിൽ ഇല്ല. അററകുററപ്പണികൾ, ഫർണിച്ചർ റിപ്പയർ അത്യാവശ്യമാണ്. |
| 5. പഞ്ചായത്ത് ഹൈസ്കൂൾ | H S | | ശരി | | | 808 | 723 | 1531 | 65 | 55 | | | 1 ഏക്കർ 73 സെന്റ് | 2 ഏക്കർ 90 സെന്റ് | | ചുററുമതിൽ മുൻവശവും വടക്കുഭാഗവും മാത്രമേയുള്ളൂ. അററകുററപ്പണികൾ, റിപ്പയർ നടത്താറുണ്ട്. |
| 6 അരോളി സെൻട്രൽ L P സ്കൂൾ | L P | | ശരി | | | 158 | 141 | 299 | 11 | 11 | | | 43 cent | 20 സെ | | ചുററുമതിൽ ഒരു സൈഡും മറുഭാഗത്ത് പകുതിയും ഉണ്ട്. |
| 7. G M L P S മാങ്കടവ് | L P | ശരി | | | | 137 | 141 | 278 | 12 | 11 | 1 | | വാടക | | | ഇല്ല |
| 8. G H S അരോളി | H S | ശരി | | | | 768 | 763 | 1531 | 52 | 52 | | 1 | 1 ഏക്ര 52 cent | ഇല്ല | | വാടകക്കെട്ടിടം |
| 9. പാപ്പിനിശ്ശേരി എൽ. പി. | L P | | ശരി | | | 187 | 169 | 356 | 11 | 11 | | | 73 cent | 26 സെ | | ചുററുമതിൽ ഉണ്ട്. |
| 10. ആറോൺ | U P | | ശരി | | | 348 | 250 | 598 | 22 | 22 | | | 77 cent | 40 സെ | | ഒരുവശം മതിലുണ്ട് |

# ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

| സ്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ് A | | | വരവ് B | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക് | ഉപകരണങ്ങളും ഫർണിച്ചറുകളും/ അറ്റകുറ്റപ്പണി | ഉപകരണങ്ങളും രാസവസ്തുക്കളും ഉപയോഗത്തിനുള്ള സാധനങ്ങളും | സ്പോർട്സ് | കലാവിനോദങ്ങൾക്ക് | ലൈബ്രറികൾക്ക് | ഉച്ചക്കഞ്ഞിക്ക് | മറ്റിനങ്ങൾക്ക് | സർക്കാർ | തദ്ദേശസ്ഥാപനങ്ങൾ | ആകെ | ഫീസിനത്തിൽ | എൻഡോവ്മെന്റ് | പി.ടി.എ ഫണ്ട് | മറ്റ് മാർഗ്ഗത്തിലുള്ള വരവ് | ആകെ വരവ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1. ഗവ. വെൽഫെയർ എൽ പി | 25000 | 2000 | 500ക. | 500 | 1000ക | 500 | 5001 | 1000 ക | 2381 | 2620 | 5001 | | | | | 5001 |
| 2. ഗവ. മാപ്പിള എൽ പി | വാടക കെട്ടിടം | 1000 | 500ക. | 500 | 1000 | 500 | 5000 | 1000 | 1100 | 1100 | 2200 | | | | | 2200 |
| 3. വെസ്റ്റ് L P | 3000 | 1000 | 400ക. | 300 | 2500 | 500 | 5000 | 1000 | 2443 | 2443 | 4886 | 432ക | 250 | | ഇല്ല | 5568 |
| 4. ഗവ U P | 35000 | 1000 | 750ക. | 500 | 1000 | 1000 | 12000 | 1000 | 6475 | 6475 | 12950 | 2388 | 120 | 2500 | | 17958 |
| 5. പഞ്ചായത്ത് ഹൈസ്കൂൾ | 35000 | 20000 | 1000ക. | 5000 | 15000 | 5000 | ഇല്ല | 2000 | | 25000 | 25000 | 10500 | 1000 | 10000 | | 56500 |
| 6. അരോളി സെൻട്രൽ L P സ്കൂൾ | 1365 | 400 | | 200 | 350 | | 5400 | | 2601 | 2601 | 5202 | | | 1629 | M G 884 | 7715 |
| 7. G M L P S മാങ്കടവ് | വാടക കെട്ടിടം | | | 100 | 150 | | 3202 | 100 | 801 | 1136 | 1937 | 508 | | 1007 | 100 | 3552 |
| 8. G H S അരോളി | | | | 1400 | 375 | | 7235 | 500 | 3004 | 3036 | 6046 | 1775 | 118 | 1500 | 71 | 9510 |
| 9. പാപ്പിനിശ്ശേരി L P സ്കൂൾ | | | | | | | 5666 | 500 | 2480 | 2480 | 4960 | | | 500 | 640 | 6100 |
| 10 ആറോൺ U P സ്കൂൾ | | | | 600 | 2000 | | 5765 | 500 | 1985 | 1985 | 3970 | 2315 | | 1040 | 1540 | 8865 |

## അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ ഇല്ല. പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | ലബോറട്ടറി സയൻസ് കോർണർ ഉണ്ട്/ ഇല്ല. പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ഇല്ല | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ എണ്ണം: റേഡിയോ | ടേപ്പ് റെക്കോഡർ | ടി വി സെറ്റ് | VCR, VCP | സിനിമാപ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | black bord: ആവശ്യമുള്ളത് | black bord: നിലവിലുള്ളത് | 95-96ൽ ലഭിച്ച അധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനം | പ്രത്യേക പെരുന്നാൾ അവധികളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനം | മാതൃസംഗമം സജീവം/സജീവമല്ല | ക്ലാസ് PTA കൾ പ്രവർത്തിക്കുന്നു/ ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| 1. ഗവ. വെൽഫേർ എൽ പി | ഉണ്ട് | സയൻസ് കോർണർ | വേണ്ടത്ര ഇല്ല | | | | | | | | | 1 | 8 | 187 | 6 | 6 | | |
| 2. ഗവ. മാപ്പിള എൽ പി | | ,, | ,, | | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | ഇല്ല | | 8 | 183 | 4 | 3 | സജീവം | ഉണ്ട് |
| 3. വെസ്റ്റ് L P | ,, | ഉണ്ട് | ,, | ഉണ്ട് | | | | | | | | 2 | 10 | 187½ | 4 | 7 | | |
| 4. ഗവ U P | | സയൻസ് കോർണർ | ,, | | ഇല്ല | | | | | ഇല്ല | | 5 | 11 | 179 | 2 | 3 | | |
| 5. പഞ്ചായത്ത് ഹൈസ്കൂൾ | ,, | ഉണ്ട് | ,, | | | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | | | 4 | 30 | 188 | 8 | 3 | | PTA സജീവം |
| 6. അരോളി സെൻട്രൽ L P സ്കൂൾ | | ഉണ്ട് | ഉണ്ട് | ഉണ്ട് | | | | | | | ഇല്ല | | 11 | 187 | | 13 | സജീവം | |
| 7. G M L P S മാങ്കടവ് | ,, | ഇല്ല | ,, | | | | | | | | | 3 | 7 | 187 | 14 | 13 | | |
| 8. G H S അരോളി | ,, | ഉണ്ട് | ആവശ്യത്തിനില്ല | | ഉണ്ട് | | | ഉണ്ട് | ഉണ്ട് | ഉണ്ട് | | 25 | 18 | 189 | 11 | 2 | | |
| 9. ആറോൺ U P സ്കൂൾ | | ഇല്ല | ഉണ്ട് | ഉണ്ട് | | ഇല്ല | ഇല്ല | | | | ഇല്ല | | | 189 | | 11 | സജീവം | സജീവം |
| 10 പാപ്പിനിശ്ശേരി L P സ്കൂൾ | ,, | ,, | ഇല്ല | | | | | ഇല്ല | | | | 15 | 10 | 189 | | 11 | | |

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

ആരോഗ്യ പുരോഗതിയുടെ മുഖ്യ സൂചകങ്ങളിലൊന്നാണല്ലോ കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും. പാപ്പിനിശ്ശേരി പഞ്ചായത്തിലെ കുടിവെള്ളത്തിന്റെ മുഖ്യ ഉറവിടം കിണറുകൾ തന്നെയാണ്. പഞ്ചായത്തിലെ 90% വീടുകൾക്കും സ്വന്തമായി കിണറുണ്ട്. ബാക്കിയുള്ളവർ അയൽ വീടുകളിലെ കിണറും പൊതുടാപ്പും ഉപയോഗപ്പെടുത്തി കുടിവെള്ള പ്രശ്നം പരിഹരിക്കുന്നു. 6 കുഴൽ കിണറുകളും പൊതുവായുണ്ട്. ഈന്തോട് ലക്ഷം വീട്ടിലെ കിണർ വല്ലാത്ത ഇരുമ്പ് രുചിയും നിറഭേദവും ഉള്ളതാണ്. എപ്രിൽ, മെയ് മാസങ്ങളിൽ രൂക്ഷമായ ജലക്ഷാമം ചില പ്രദേശങ്ങളിൽ അനുഭവപ്പെടുന്നു. റവന്യൂ വകുപ്പിന്റെ സഹായത്തോടെ വരൾച്ച കാലത്ത് ടാങ്കർ ലോറികളിൽ വെള്ളം കൊണ്ട് പോയി രൂക്ഷമായ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടാണ് പരിമിതമായ തോതിലെങ്കിലും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നത്.

പഞ്ചായത്തിൽ വാട്ടർ അതോറിററിയുടെ നിയന്ത്രണത്തിലുള്ള ചുങ്കം വാട്ടർടാങ്കിൽനിന്ന് പ്രധാനമായും തുരുത്തി സെററിൽമെൻറ് കോളനി, കടവത്ത്‌വയൽ സെററിൽമെൻറു കോളനി, വേളാപുരം കോളനി എന്നിവിടങ്ങളിലും പടിഞ്ഞാറ് പഞ്ചായത്ത് ഹൈസ്ക്കൂൾ കിഴക്ക് വേളാപുരം വരെ റോഡരികിലും ആയി 52 വാട്ടർ ടാപ്പുകൾ ഉണ്ട്. പ്രസ്തുത പദ്ധതിപ്രകാരം വേണ്ടത്ര വെള്ളം ലഭിക്കുന്നില്ല എന്ന് ഗുണഭോക്താക്കൾക്ക് പരാതിയുണ്ട്. അതുകൊണ്ട് ഫലപ്രദമായി ശുദ്ധ ജലവിതരണം ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ പരിഷ്ക്കരണം ഈ പദ്ധതിക്ക് രൂപപ്പെടുത്തിയിരിക്കയാണ്.

പഞ്ചായത്തിലെ 8,9,10, വാർഡുകളിലാണ് വരൾച്ച രൂക്ഷമായി അനുഭവപ്പെടാറുള്ളത്. ഇല്ലിപ്പുറം ഭാഗത്ത് ഉപ്പുരസം കലർന്ന വെള്ളമായതുകൊണ്ട് കുടിവെള്ളത്തിന് വളരെ പ്രയാസം അനുഭവപ്പെടുന്നുണ്ട്.

ശുദ്ധ ജല വിതരണത്തിനായി കുന്നും പുറത്ത് ഒരു കുഴൽ കിണറും പാങ്കുളം ഭാഗത്തും കമ്മാടത്ത് മൊട്ടയിലും ഓരോ കിണറും നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. കൂടാതെ കരിമ്പന ജലവിതരണ പദ്ധതി, തുരുത്തി ജലവിതരണ പദ്ധതി, ഈന്തോട് ലക്ഷംവീട് കോളനിയിൽ ശുദ്ധ ജല വിതരണത്തിനുള്ള പദ്ധതി എന്നിവക്കുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു.

കുടിവെള്ളം 1996
കുഴൽക്കിണർ 6
പൊതുകിണർ 24
പൊതുടാപ്പ് 52

## പ്രശ്നങ്ങൾ

കുടിവെള്ളത്തിന് ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ വാർഡടിസ്ഥാനത്തിൽ

വാർഡ് 1– ചേനങ്കി തോടിന്റെ രണ്ട് വശത്തുമുള്ള വീടുകളിൽ ശുദ്ധജല ക്ഷാമം നേരിടുന്നു.

വാർഡ് 2,5– വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ പുറന്തള്ളുന്നതുകൊണ്ട് ചില പ്രദേശങ്ങളിലെ കിണറുകളിൽ മലിന ജലമായിത്തീരുന്നു.

വാർഡ് 7– ഈന്തോട്, തുരുത്തി, കരിമ്പന, ആസാദ്നഗർ കോളനി, എന്നിവിടങ്ങളിൽ ശുദ്ധ ജലക്ഷാമം നേരിടുന്നു. തുരുത്തി ജലവിതരണം അപര്യാപ്തമാണ്.

വാർഡ് 8– കാട്ടും ലക്ഷംവീട് കോളനി, പറമ്പിലെ കോട്ടം പ്രദേശങ്ങളിൽ ജല ദൌർലഭ്യം ഉണ്ടാകാറുണ്ട്.

വാർഡ് 9– കുന്നും പുറം, പാങ്കുളം പ്രദേശത്തെ കുന്നിൻ പുറങ്ങളിൽ താമസിക്കുന്ന വീട്ടുകാർക്കും ജലക്ഷാമം അതിരൂക്ഷമാണ്.

വാർഡ് 10– കമ്മാടത്ത് മൊട്ട, പാറക്കൽ, കല്ലൂരി എന്നീ പ്രദേശങ്ങളിൽ ശുദ്ധജല ക്ഷാമമുണ്ട്.

വാർഡ് 11– ഈ വാർഡിലെ ചില പ്രദേശങ്ങളിൽ വ്യവസായശാലകളിൽ നിന്ന് പുറന്തള്ളുന്ന മാലിന്യങ്ങൾ കാരണം കുടിവെള്ളം മലിനീകരിക്കുന്നു. പടിഞ്ഞാറ് ഭാഗത്തുള്ള ചതുപ്പ്

പ്രദേശത്ത് ശുദ്ധ ജലം ലഭ്യമല്ല. വാർഡ് 12 പി.ജി. പ്ലൈവുഡ്, ബോട്ട് ജെട്ടി എന്നീ പ്രദേശങ്ങളിലെ കിണറുകളിൽ ഉപ്പുരസം കലർന്ന വെള്ളമായത് കൊണ്ട് ഉപയോഗശൂന്യമാകുന്നു.

## സാദ്ധ്യതകൾ നിർദ്ദേശങ്ങൾ

1 ചുങ്കത്ത് നിന്നുള്ള വാട്ടർ അതോറിററിയുടെ ശുദ്ധജലവിതരണം പുനരുദ്ധരിച്ച് കൂടുതൽ സ്ഥലങ്ങളിൽ വാട്ടർടാപ്പുകൾ സ്ഥാപിച്ച് ശുദ്ധജലവിതരണം വ്യാപിപ്പിക്കണം

2 കുന്നിൻ പുറത്ത് കുഴൽ കിണർ സ്ഥാപിക്കാനുള്ള പദ്ധതി ത്വരിതപ്പെടുത്തുക.

3 പാങ്കുളം ഭാഗത്തും കമ്മാടത്ത്മൊട്ടയിലും കിണറുകൾ കുഴിക്കുന്ന പദ്ധതി ത്വരിതപ്പെടുത്തുക.

4 ടെണ്ടർ നൽകിക്കഴിഞ്ഞ ഈന്തോട് ലക്ഷം വീടുകോളനി ശുദ്ധജലവിതരണ പദ്ധതി ഉടനെ ആരംഭിക്കുക.

5 കമ്മാടത്ത്മൊട്ട, ഇന്തോട് കോളനികളിലെ പഴയ കിണറുകൾ റിപ്പയർ ചെയ്യുക.

6 കാട്ട്യം ലക്ഷം വീട് കോളനി പറമ്പിലെ കോട്ടം പ്രദേശത്ത് ശുദ്ധജലമെത്തിക്കുന്നതിന് കിണർകുഴിക്കാനുള്ള സാദ്ധ്യത പരിശോധിച്ച് പദ്ധതി തയ്യാറാക്കുക.

7 രണ്ട്, പതിനൊന്ന് വാർഡുകളിലെ കിണറുകളിൽ മാലിന്യം കലരുന്നത് തടയാൻ വ്യവസായശാലകളിൽ നിന്ന് പുറന്തള്ളുന്ന മാലിന്യങ്ങൾ നിക്ഷേപിക്കാൻ പ്രസ്തുത വ്യവസായശാലകൾക്ക് പ്രത്യേക സംവിധാനമുണ്ടാക്കാൻ നിർദ്ദേശം കൊടുക്കുക.

8 ചതുപ്പ് നിലപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ശുദ്ധജലമെത്തിക്കന്നുതിനുള്ള പ്രത്യേക സംവിധാനമുണ്ടാക്കുക. ചേനങ്കിതോടിന്റെ പരിസരവാസികൾക്കു പ്രയോജനപ്പെടുന്ന പ്രത്യേക ശുദ്ധജലവിതരണ പദ്ധതി ഉണ്ടാക്കുക.

9 ടെണ്ടർ ആയിക്കഴിഞ്ഞ ഇല്ലിപുറം സെററിൽമെൻറ് കോളനി ജലവിതരണപദ്ധതി ഉടൻ ആരംഭിക്കുക.

10 കമ്മാടത്ത് മൊട്ട ജലവിതരണ പദ്ധതിക്ക് വേഗത കൂട്ടുക.

11 9ാം വാർഡിൽ പ്രത്യേക ജലവിതരണ പദ്ധതി തയ്യാറാക്കുക.

## ആരോഗ്യം

രാജ്യം സ്വാതന്ത്ര്യം നേടുന്നതിന് മുമ്പ് ആരോഗ്യ പരിപാലനരംഗത്ത് വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിരുന്നില്ല. ആദ്യകാലത്ത് പാപ്പിനിശ്ശേരിയിൽ രോഗചികിൽസക്ക് യാതൊരു വിധ സൗകര്യവുമുണ്ടായിരുന്നില്ല. സമീപപ്രദേശത്തും അലോപ്പതി ആശുപത്രികളുണ്ടായിരുന്നില്ല. ആകെക്കൂടിയുണ്ടായിരുന്നത് ധർമ്മാശുപത്രിയെന്ന പേരിലറിയപ്പെട്ടിരുന്ന കണ്ണൂരിലെ ഒരു സർക്കാർ ആശുപത്രിമാത്രമായിരുന്നു. യാത്രാസൗകര്യങ്ങൾ തീരെ കുറവായിരുന്നത്കൊണ്ട് പാപ്പിനിശ്ശേരിയിലുള്ള ജനങ്ങൾക്ക് കണ്ണൂരിലുള്ള ആശുപത്രികൊണ്ട് വലിയ പ്രയോജനമുണ്ടായിരുന്നില്ല. അക്കാലത്ത് പ്രസവം നടന്നിരുന്നത് വീടുകളിൽ വെച്ചായിരുന്നു.വയററാട്ടികൾഎന്ന് അറിയപ്പെട്ടിരുന്ന മലയൻ സമുദായക്കാരികളായ സ്ത്രീകളായിരുന്നു പ്രസവത്തിനു സഹായികൾ. അശാസ്ത്രീയമായ ആ സമ്പ്രദായം കാരണം പ്രസവ സംബന്ധമായ മരണം സാധാരണമായിരുന്നു.

അൽപം ചില പാരമ്പര്യ വൈദ്യൻമാർ നൽകിയിരുന്ന ആയുർവ്വേദ ചികിൽസമാത്രമെ പാപ്പിനിശ്ശേരിയിലുള്ള ജനങ്ങൾക്ക് ഉപയോഗപ്പെട്ടിരുന്നുള്ളു. ഒരു ആയുർവ്വേദ വൈദ്യനായിരുന്ന ശ്രീ. അച്ചുതൻ വൈദ്യരുടെ മകളായ എൽസി ഡോക്ടർ ആണ് ആദ്യമായി പഞ്ചായത്തിൽ ഒരു അലോപ്പതി ക്ലിനിക്ക് ആരംഭിച്ചത്. 1943 ൽ മലബാർ പ്രദേശത്ത് പടർന്നുപിടിച്ച കോളറമൂലം നിരവധിപേർ ഈ പഞ്ചായത്തിലും മരണപ്പെട്ടിട്ടുണ്ട്. ആദ്യകാലത്തുണ്ടായിരുന്ന മാരകമായ പകർച്ച വ്യാധിയായിരുന്നു വസൂരി. വസൂരിരോഗത്തിനെതിരെയുള്ള വാക്സിനേഷൻ ഉണ്ടായിരുന്നുവെങ്കിലും ഫലപ്രദമായിരുന്നില്ല. ക്ഷയംപോലുള്ളരോഗം പിടിപെട്ടാൽ ചികിൽസിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗങ്ങളുണ്ടായിരുന്നില്ല, തമിഴ്നാട്ടിലെ മദനപ്പള്ളിയിലുണ്ടായിരുന്ന ക്ഷയരോഗാശുപത്രി മാത്രമെ അക്കാലത്തുണ്ടായിരുന്നുള്ളു. പാപ്പിനിശ്ശേരിയിലെ വ്യവസായ പ്രമുഖനായിരുന്ന പരേതനായ ശ്രീ. സാമുവൽ ആറോൺ സ്ഥലം നൽകി

പരിയാരത്ത് ക്ഷയരോഗാശുപത്രി സ്ഥാപിച്ചതോടെയാണ് നമ്മുടെ പ്രദേശത്തുമുള്ള ക്ഷയരോഗികൾക്ക് അൽപമൊരാശ്വാസമുണ്ടായത്. മലമ്പനി നിർമ്മാർജ്ജനം ചെയ്തെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും ഇന്നും അൽപാൽപമായി മലമ്പനി രോഗം കണ്ടുവരുന്നുണ്ട്.

പാപ്പിനിശ്ശേരിയിൽ ഇപ്പോൾ അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദ ചികിൽസാ സൗകര്യങ്ങളുണ്ട്. സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രം, സൗകാര്യമേഖലയിൽ പ്രവർത്തിക്കുന്ന എം.എം.ഹോസ്പിററൽ, സഹകരണ മേഖലയിൽ വേളാപുരത്തുള്ള ഹോമിയോ ആശുപത്രി, ഈ അടുത്ത കാലത്ത് ഹാജി റോഡിൽ ആരംഭിച്ച ആയുർവ്വേദ ആശുപത്രി എന്നിങ്ങനെ വിവിധ ചികിൽസാ സൗകര്യങ്ങൾക്കുള്ള സംവിധാനം പാപ്പിനിശ്ശേരിയിലുണ്ട്. രക്തം, മലം, മൂത്രം തുടങ്ങിയവ പരിശോധിക്കാനുള്ള ലബോറട്ടറികൾ പാപ്പിനിശ്ശേരിയിൽ ഇന്ന് ലഭ്യമാണ്. 10 അലോപ്പതി മരുന്നുകടകളും 7 ആയുർവ്വേദ മരുന്നു കടകളും പഞ്ചായത്തിനകത്തു പ്രവർത്തിക്കുന്നു.

പാപ്പിനിശ്ശേരിയിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 4 ഡോക്ടർമാരും 6 നേഴ്സമാരും 2 നേഴ്സിങ്ങ് അസിസ്ററൻറ്മാരും ഒരു ഫാർമസിസ്ററും ഉണ്ട്. ഒരു ഗൈനക്കോളജിസ്റ്റിൻെറയും പിഡിയാട്രിസ്റ്റിൻെറയും സേവനം കൂടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഉണ്ടാകണമെന്ന അഭിപ്രായമുണ്ട്.

കേരളത്തിലെ തന്നെ പ്രസിദ്ധമായ വിഷചികിത്സാ കേന്ദ്രം പാപ്പിനിശ്ശേരിയിലാണുള്ളത്. പാമ്പുകടിയേററ നിരവധി പേരെ വിഷചികിത്സാകേന്ദ്രത്തിൽ കിടത്തി ചികിത്സിച്ച് ഭേദപ്പെടുത്തി വിടുന്നുണ്ട്. ശ്രീ. സി. പി. കുമാരൻ വൈദ്യരുടെയും ഡോ: എ.എം. നായിക്കിൻെറയും മററു ജീവനക്കാരുടെയും സേവനം ഇക്കാര്യത്തിൽ എടുത്ത് പറയത്തക്കതാണ്. 6 അലോപ്പതി ഡോക്ടർമാരും 2ഹോമിയോപ്പതി ഡോക്ടർമാരും സ്വകാര്യ പ്രാക്ടീസ് നടത്തുന്നു. പാപ്പിനിശ്ശേരിയിൽ 6076 വീടുകളിലും 617 കുടിലുകളിലുമായി 30754 ജനങ്ങൾ അധിവസിക്കുന്നുണ്ട്. ഇതിൽ 85% വീടുകൾക്കും കക്കൂസുണ്ട്.

1995-96 ൽ 168 പേർ പഞ്ചായത്തിൽ മരണപ്പെട്ടിരിക്കുന്നു. കേരളത്തിലെ പൊതു മരണനിരക്കായ 5.9ഉംമായി താരതമ്യപ്പെടുത്തുമ്പോൾ പഞ്ചായത്തിലെ മരണ നിരക്ക് അല്പം കുറവാണ്. പഞ്ചായത്തിലെ മരണനിരക്ക് 5.4 മാത്രമാണ്.

1995-96ൽ 943 കുട്ടികൾ ജനിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. അക്കാലയളവിൽ ഒരു വയസ്സിൽ താഴെയുള്ള കുട്ടികളൊന്നും മരണപ്പെട്ടിട്ടില്ല. അത് പോലെ തന്നെ ഗർഭസംബന്ധമായ രോഗങ്ങളാൽ പാപ്പിനിശ്ശേരിൽ 1995-96 വർഷത്തിൽ സ്ത്രീകളാരും മരണപ്പെട്ടിട്ടില്ല.

1995—96 വർഷം പഞ്ചായത്തിലെ ജനനനിരക്ക് 27.4 ആയിരുന്നു. സംസ്ഥാന ശരാശരിയേക്കാൾ ജനന നിരക്ക് കൂടുതലാണ്. ധാരാളം മുസ്ലീം ജനവിഭാഗമുള്ള പഞ്ചായത്തിൽസ്ത്രീകളും പുരുഷൻമാരും കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിക്കാത്തതാണ് ജനനനിരക്ക് സംസ്ഥാന ശരാശരിയേക്കാൾ കൂടാൻ കാരണമെന്ന് അനുമാനിക്കുന്നു.

അംഗവൈകല്യമുള്ളവരായി 30 പേരും മന്ദബുദ്ധികളായി 12 പേരും പഞ്ചായത്തിലുണ്ട്. അംഗവൈകല്യ നിരക്ക് 1.4 എന്ന തോതിലാണ്.

ക്ഷയരോഗികളായ 6 പേർ പഞ്ചായത്തിലുണ്ട്.

കുട്ടികളുടെ ആരോഗ്യപോഷണം നിലവാരം താഴെ കൊടുത്ത പ്രകാരമാണ്.

| | ലഘുവായ പോഷണക്കുറവ് | | മിതമായ പോഷണക്കുറവ് | | ഗുരുതരമായ പോഷണക്കുറവ് | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| ഒരു വയസ്സിന് താഴെ | 98 | 68 | 30 | 33 | 10 | 11 |
| ഒരു വയസ്സിനും 3 വയസ്സിനും മദ്ധ്യേയുള്ള കുട്ടികൾ | 171 | 161 | 68 | 71 | 26 | 28 |
| 3 വയസ്സിനും 6 വയസ്സിനും ഇടയിലുള്ളത് | 260 | 249 | 102 | 123 | 42 | 62 |

1995 വർഷത്തിൽ പാപ്പിനിശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 1766 രോഗികളെ കിടത്തി ചികിത്സിച്ചതായും 30172 പേരെ ഔട്ട് പേഷ്യൻറ് വിഭാഗത്തിൽ ചികിത്സിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു. സന്നദ്ധ സംഘടനകൾ പഞ്ചായത്തിൽ പല ഘട്ടങ്ങളിലായി രക്ത ഗ്രൂപ്പ് നിർണ്ണയം, കണ്ണ് പരിശോധന എന്നിവ നടത്തിയിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാകുന്നില്ല.
2. ലാബർട്ടറിയുടെ സൗകര്യം തൃപ്തികരമല്ല.
3. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഗൈനക്കോളജിസ്ററിൻെറയും പീഡിയാട്രിഷൻെറയും തസ്തിക നിലവിലില്ല. വാച്ച്മാനും ഇല്ല.
4. കുടുംബക്ഷേമ കേന്ദ്രങ്ങളിലെ പ്രവർത്തനം തൃപ്തികരമല്ല.
5. ജനസംഖ്യാനുപാതികമായി ആവശ്യമായ സബ്ബ്സെൻററുകൾ നിലവിലില്ല.
6. കൊതുക് ശല്യം വ്യാപകമായി അനുഭവപ്പെടുന്നു.
7. മത്സ്യ മാർക്കററിൽ ശുചിത്വം പോര
8. അറവ് ശാല ഇല്ലാത്തതു കാരണം വഴിയിൽ വെച്ച് മൃഗങ്ങളെ അറക്കുന്നു.
9. അറവ്മൃഗങ്ങളെ സീൽ ചെയ്യാത്തതു കാരണം രോഗമുള്ള മൃഗങ്ങളെ പോലും അറുത്തു വിൽക്കുന്നു
10. ആശുപത്രിയിൽ കുറിപ്പെഴുതാനും മരുന്നു പൊതിയാനും കടലാസില്ല.

## സാധ്യതകൾ

1. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഗൈനക്കോളജിസ്റ്റിൻെറയും പീഡിയാട്രിഷൻെറയും വാച്ച്മാൻെറയും തസ്തിക സൃഷ്ടിച്ച് അവരുടെ സേവനം ലഭ്യമാക്കണം.
2. ലാബററ്ററി സൗകര്യം വിപുലപ്പെടുത്തണം
3. ആവശ്യമായ മരുന്ന് സ്റ്റോക്ക് ചെയ്യാനുള്ള സംവിധാനം വേണം.
4. പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ സബ് സെൻററുകൾ സ്ഥാപിക്കണം
5. കൊതുക് നിർമാർജ്ജനത്തിന് ആവശ്യമായ മരുന്ന്തളി വ്യാപകമാക്കണം.
6. കക്കൂസ് ഇല്ലാത്ത മുഴുവൻ വീടുകൾക്ക് കക്കൂസ് നിർമ്മിക്കാൻ പഞ്ചായത്ത് പദ്ധതി തയ്യാറാക്കണം.
7. കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
8. കിണറുകളിലെ വെള്ളം കാലാ കാലങ്ങളിൽ ക്ലോറിനേററ് ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.
9. മാലിന്യങ്ങൾ നിക്ഷേപിക്കാൻ തൊട്ടികൾ സ്ഥാപിച്ച് ഇടക്കിടെ അതിൽനിന്ന് മാലിന്യങ്ങൾനീക്കം ചെയ്യാൻപദ്ധതി ഉണ്ടാക്കണം
10. പൊതു മൂത്രപ്പുരകളും കക്കൂസും വേണം.
11. വാടകക്ക് കെട്ടിടങ്ങൾ നല്കുമ്പോൾ കക്കൂസുകൾ നിർമ്മിക്കാൻ കെട്ടിട ഉടമകളിൽ നിർബന്ധം ചെലുത്തണം.
12. ഹോട്ടലുകളും പരിസരങ്ങളും അധികൃതർ ഇടയ്ക്കിടെ പരിശോധിക്കണം.
13. ആശുപത്രി അധികൃതർ ഇടയ്ക്കിടെ കോളനികളിലും മററും രോഗനിർണ്ണയ ക്യാമ്പുകൾ വെച്ച് സമൂഹത്തിൽ ശ്രദ്ധിക്കപ്പെടാത്ത രോഗികളെ കണ്ടെത്തണം.

1 അമ്മമാരുടെ എണ്ണം (ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

| | | |
|---|---|---|
| a) | 1 കുട്ടി | : 866 |
| b) | 2 കുട്ടികൾ | : 1313 |
| c) | 2 ൽ കൂടുതൽ കുട്ടികൾ | : 2043 |

2 കുടുംബാസൂത്രണമാർഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

| | | |
|---|---|---|
| a) | 1 കുട്ടി | : 7 |
| b) | 2 കുട്ടികൾ | : 775 |
| c) | 2 ൽ കൂടുതൽ കുട്ടികൾ | : 1233 |

3 അംഗവൈകല്യമുള്ളവർ

| | | |
|---|---|---|
| a) | അന്ധർ | : 14 |
| b) | ബധിരർ | : 5 |
| c) | മൂകർ | : 2 |
| d) | ബധിര-മൂകർ | : 1 |
| e) | ചലന വൈകല്യങ്ങൾ | : 8 |
| | ആകെ | : 30 |

4 മന്ദബുദ്ധികൾ

പ്രായം

| | | | |
|---|---|---|---|
| a) | 0-5 : 1 | : | a) 11-15 : 5 |
| b) | 6-10 : 3 | : | b) 16നു മേൽ : 3 |

5 സ്ഥായിയായ രോഗബാധിതർ

| | | |
|---|---|---|
| a) | രക്തസമ്മർദ്ദം | : — |
| b) | പ്രമേഹം | : — |
| c) | കാൻസർ | : — |
| d) | കുഷ്ഠം | : 6 |
| e) | ക്ഷയം | : 5 |
| f) | ഹൃദ്രോഗം | : |
| | ആകെ | : |

6 a) ഒരുവയസ്സിനുതാഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം : 544

b) പ്രതിരോധ കുത്തിവെയ്പു നടത്തിയവർ 530

7 ആകെ ഗർഭിണികൾ 550

8 പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ—(സ്ത്രീകളെ അടിസ്ഥാനപ്പെടുത്തി)

| | |
|---|---|
| 15-19 വയസ്സുകാർ | 175 |
| 20-24 | 765 |
| 25-29 | 1145 |
| 30-34 | 897 |
| 35-39 | 785 |
| 40-44 | 455 |

## ജനന മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993 | 1241 | 172 | 18 |
| 1994 | 989 | 153 | 12 |
| 1995 | 843 | 168 | 7 |

## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ |
|---|---|---|---|
| 1993-94 | 2353 | 9787 | 52 |
| 1994-95 | 2341 | 8873 | 99 |
| 1995-96 | 2392 | 7612 | 22 |

## കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 13 | 14 | 5 | 3 | — | 1 | — | — |
| 1–3 വയസ്സ് | 28 | 23 | 11 | 25 | — | 6 | — | — |
| 3-6 വയസ്സ് | 40 | 35 | 32 | 28 | 6 | 3 | 1 | 1 |

1-ാം ഗ്രേഡ്—ലഘുവായ പോഷക കുറവുള്ളവർ — 104

2-ാം ഗ്രേഡ്—മിതമായ പോഷണക്കുറവുള്ളവർ — 16

3-ാം ഗ്രേഡ്—ഗുരുതരമായ പോഷണക്കുറവുള്ളവർ — 2

# ഗതാഗതം

പാപ്പിനിശ്ശേരി പഞ്ചായത്തിൽ സമാന്യം മെച്ചപ്പെട്ട നിലയിൽ തന്നെ റോഡ് ശൃംഖല നിലവിലുണ്ട്. N.H 17 പഞ്ചായത്തിന്റെ ഏതാണ്ട് മധ്യഭാഗത്തു കൂടിയാണ് കടന്നു പോകുന്നത്. വളപട്ടണം പാലം മുതൽ കല്ല്യാശ്ശേരി പഞ്ചായത്ത് അതിർത്തിയായ വയക്കിലെ പാലം വരെ 5:കി:മി ദൈർഘ്യമുണ്ട്. മറ്റൊരു പ്രധാനപ്പെട്ട റോഡായ പഴയങ്ങാടി റോഡ് വളപട്ടണം പാലം മുതൽ കല്ല്യാശ്ശേരി പഞ്ചായത്ത് അതിർത്തിയിലെ കൊട്ടപ്പാലം വരെ സ്ഥിതി ചെയ്യുന്നു. നാഷണൽ ഹൈവെയിലും പഴയങ്ങാടി റോഡിലും നിത്യേന ആയിരക്കണക്കിന് വാഹനങ്ങൾ കടന്നു പോകുന്നുണ്ട്. പഞ്ചായത്തിനകത്ത് 25.5 കി:മി: ദൂരം ടാർ ചെയ്ത റോഡുകളാണ്.

42 കി.മി. ദൂരത്തിൽ ടാറിടാത്ത റോഡുകളുണ്ട്. ചെറിയ റോഡുകളിൽ പലതും ജനങ്ങളുടെ ശ്രമദാനത്തിൽ ആരംഭിച്ചതാണ്. അതുപോലെ തന്നെ പുതിയ റോഡിന്റെ ആവശ്യങ്ങളുമായി വരുന്നതോടൊപ്പം അവയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ജനങ്ങൾ മുന്നോട്ടു വരുന്നുണ്ട്. അവയൊക്കെ ഏറ്റെടുത്ത് നടപ്പിലാക്കാൻ പഞ്ചായത്തിന് സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. ഏതാണ്ട് മൂന്ന് ഭാഗവും വളപട്ടണം പുഴയതിർത്തിയായി നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ ജലഗതാഗതം വേണ്ടത്ര മുന്നോട്ട് പോയിട്ടില്ല. മൂന്നുഭാഗത്തും പുഴയുണ്ടെങ്കിലും യാത്രക്ക് ജലഗതാഗതം ഇന്ന് നിലവിലില്ല. മുമ്പ് ബോട്ട് സർവീസുകൾ ഉണ്ടായിരുന്നു. എങ്കിലും മാട്ടൂൽ മടക്കര ഭഗത്തുനിന്നു അപൂർവമായി വെള്ളപ്പുഴയും പാറക്കൽ പുഴയിൽനിന്ന് തടിച്ച പൂഴിയും കടത്താൻ തോണി ഉപയോഗിക്കുന്നുണ്ട്.

പഞ്ചായത്തിനകത്തെ റോഡുകളെ മൂന്നായി തിരിക്കാം.

1 നേഷണൽ ഹൈവെ
2 പി.ഡബ്ല്യൂ ഡി റോഡ്
3 പഞ്ചായത്ത് റോഡ്

1 നാഷണൽ ഹൈവേ— എൻ. എച്ച്. 17 ഈ പഞ്ചായത്തിലൂടെ കണ്ണൂർ, തളിപ്പറമ്പ് വഴി കടന്നുപോകുന്നു.

2 പി.ഡബ്ല്യൂ.ഡി. റോഡ്— കണ്ണൂർ പഴയങ്ങാടി റോഡ്, ചുങ്കം സ്റ്റേഷൻറോഡ്, വളപട്ടണം കടവ്. ചുങ്കംറോഡ്, വേളാപുരം മാങ്കടവ് റോഡ്, ഹാജിറോഡ്, ഇല്ലിപ്പുറം റോഡ്, എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു.

3 പഞ്ചായത്ത് റോഡ്—കീച്ചേരികുന്ന് റോഡ്, പഞ്ചായത്താപ്പീസ് — കല്ലൂരിറോഡ്, ചുങ്കം ചക്കസുപ്പിറോഡ്, കല്ലയിക്കൽ കാവിലെ വളപ്പ് റോഡ്, മോറോന്നുമ്മൽ - തുരുത്തിറോഡ്, വേളാപുരം - പഴഞ്ചിറ റോഡ്, വേളാപുരം കോളനിറോഡ്, മെരളിറോഡ്, ബിന്ദുടാക്കീസ് മെരളി റോഡ്, ലിജിമ - കോലത്ത് വയൽറോഡ്, പഴയങ്ങാടിറോഡ്, എലിക്കൊവ്വൽ റോഡ്, ധർമ്മക്കിണർറോഡ്, ഹെൻട്രിറോഡ്, ധർമ്മക്കിണർ-കുറുക്കനാൽ പാലറോഡ്, ബാപ്പിക്കാൻതോട് റോഡ്, ഹൈസ്ക്കൂൾ - റെയിൽവെ ലൈൻറോഡ് എ.കെ.ജി മന്ദിരം - ഇല്ലിപ്പുറം റോഡ്, പുതിയകാവ്-ഇല്ലിപ്പുറംറോഡ്, പോസ്റ്റാഫീസ്-മഠത്തിൽ കൊവ്വൽറോഡ്, കരിക്കൻകുളം റെയിൽവേലൈൻ റോഡ്, കരിക്കൻകുളം ഇല്ലിപ്പുറം റോഡ്, കമ്മാടത്ത്മൊട്ടറോഡ്, എന്നിവ പഞ്ചായത്ത് റോഡുകളാണ്.

ഇതിൽ കീച്ചേരിക്കുന്ന് റോഡ്, പഞ്ചായത്താപ്പീസ് കല്ലൂരി റോഡ്, വേളാപുരം പഴഞ്ചിറ റോഡിൽ പകുതി ഭാഗം, വേളാപുരം കോളനിറോഡ്, ലിജിമ കോലത്തുവയൽ റോഡ്, പഴഞ്ചിറ ധർമ്മക്കിണർ റോഡ് എന്നിവ ടാറിട്ടവയാണ്. റോഡുകൾക്ക് പുറമെ ജനപങ്കാളിത്തത്തോടെ നിർമ്മിച്ച ഒട്ടേറെ നടപ്പാതകളും പഞ്ചായത്തിലുണ്ട്.

റെയിൽപാത — പഞ്ചായത്തിലൂടെ 2.5 കി:മി. നീളത്തിൽ റെയിൽ പാതയുണ്ട്. ഇതിനിടയിൽ ആരംഭകാലം മുതൽ സ്ഥാപിതമായ തീവണ്ടി സ്റ്റേഷനും കാണാം. വളപട്ടണം റോഡ് പാലവും റോഡ് ഗതാഗതവും ഇന്നത്തെപ്പോലെ വർദ്ധിച്ച തോതിലില്ലാതിരുന്ന കാലത്ത് ചരക്ക് കടത്തും ജനസഞ്ചാരവും നല്ല നിലയിൽ റെയിൽ വഴി നടന്നിരുന്നു. ഇന്ന് ലോക്കൽ വണ്ടി മാത്രമേ പാപ്പിനിശ്ശേരി സ്റ്റേഷനിൽ നില്ക്കാറുള്ളുവെങ്കിലും

മദ്രാസ് മെയിൽ ഒരു കാലത്ത് ഇവിടെ നിർത്തിയിരുന്നുവെന്ന് പഴമക്കാർ ഓർക്കുന്നു. ഈ റെയിൽവേസ്റ്റേഷനിൽ നിന്ന് ഇന്ന് ഒരു ദിവസം ശരാശരി 77 പേർ വണ്ടി കയറുന്നുണ്ട്. ചരക്ക് ബുക്കിങ്ങ് 125 ക്വിൻറൽ ആണ്. കാവൽക്കാരനുള്ള ഒരു റെയിൽവേഗെയിററ് പഞ്ചായത്തിലുണ്ട്. പഞ്ചായത്തിനകത്ത് ഓടുന്ന ചരക്ക് കടത്ത് ലോറികളുടെ എണ്ണം 56 വരും ജീപ്പുകൾ 3 ഓടുന്നുണ്ട്. ടാക്സി കാറുകൾ 73 എണ്ണമാണ് പഞ്ചായത്തിൽ ഓടുന്നത്. ഓട്ടോറിക്ഷകൾ 53 ഉം ഓടുന്നു. ഓട്ടോഗുഡ്സ് 10 ടെമ്പോവാൻ 5. എങ്കിലും പഞ്ചായത്തിൽ ഇതുവരെ അംഗീകൃത ലോറി, ടേക്സി, ഓട്ടോ സ്റ്റാൻറുകൾ സ്ഥാപിതമായിട്ടില്ല. പഞ്ചായത്ത് ഓഫീസ് കേന്ദ്രത്തിലുള്ള വാഹനത്തിരക്കും ഒരു പരിധി വരെ വാഹന അപകടങ്ങളും ഒഴിവാക്കാൻ ഇവക്ക് വേറെ വേറെ സ്റ്റാൻറുകൾ ആവശ്യം തന്നെ. സൈക്കിൾ, മോട്ടോർ സൈക്കിൾ, സ്ക്കൂട്ടർ എന്നിവ സാധാരണക്കാരൻെറ വാഹനമായി പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. കൃത്യമായ കണക്കുകളില്ല.

കല്ലൂരിക്കടവ് കടക്കാൻ കടത്തു വള്ളം ഉപയോഗിക്കുന്നു. ജെട്ടി ഇല്ലെങ്കിലും തോണിയിൽ കയറുന്നതിന് പ്രയാസമൊന്നും അനുഭവപ്പെടുന്നില്ല. ഇപ്രകാരമുള്ള യാത്രക്കാരുടെ എണ്ണം കുറഞ്ഞു വരുന്നു.

## പ്രശ്നങ്ങൾ

1 പല റോഡുകളും കാലവർഷക്കെടുതിയിൽ തകർന്ന് ഗതാഗതയോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട്.

2 ഇടമുറിയാതെ വാഹനങ്ങൾ ഹൈവേയിലൂടെ അതിവേഗത്തിൽ ഓടുന്നത് ഒരു പാട് റോഡ് അപകടങ്ങൾക്ക് ഇടയാക്കുന്നു.

3 പ്രധാന നാൽക്കവലകളായ ചുങ്കം, പഞ്ചായത്ത് ഓഫീസ് പരിസരം, വേളാപുരം, കീച്ചേരി എന്നിവിടങ്ങളിൽ റോഡപകടം വർദ്ധിച്ചു വരുന്നു.

4 നേഷണൽ ഹൈവേക്ക് പല സ്ഥലങ്ങളിലും വീതി പോര.

5 റോഡരുകിലെ പണ്ടു സ്ഥാപിച്ച പല ഇലക്ട്രിക് പോസ്ററുകളും ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നു.

6 പഴയങ്ങാടി റോഡിനു വീതി വളരെ കുറവാണ്.

7 പല കൾവർട്ടുകൾക്കും വീതി പോര.

8 റോഡുകൾക്ക് ഓവു ചാൽ ഇല്ലാത്തത് കാരണം റോഡ് വേഗം പൊട്ടിപ്പൊളിയുന്നു.

9 രാത്രികാലങ്ങളിൽ ലൈററില്ലാത്ത സൈക്കിൾ യാത്ര അപകടമുണ്ടാക്കുന്നു.

10 റോഡരികിൽ നിർമ്മാണ വസ്തുക്കൾ ഇറക്കി വെച്ച് മാസങ്ങളോളം ചിലർ തടസ്സം ഉണ്ടാക്കുന്നു.

11 മരക്കമ്പനികൾ റോഡരികിൽ തന്നെ മരം ഇറക്കി റോഡ് തകരാറാക്കുന്നതിന് പുറമെ യാത്രാ തടസ്സവും ഉണ്ടാക്കുന്നു.

## നിർദ്ദേശങ്ങൾ
## സാദ്ധ്യതകൾ

1 ഫണ്ടിൻെറ ലഭ്യതക്കനുസരിച്ച് പഞ്ചായത്ത് റോഡുകൾ ടാറിടുക.

2 ഗ്രാമസഭകളിൽ ഉയർന്നുവന്ന റോഡുകൾ നിർമ്മിക്കൽ സംബന്ധിച്ച ആവശ്യങ്ങൾ മുൻഗണനാക്രമത്തിൽ ജനപങ്കാളിത്തത്തോടെ നിർമ്മിക്കണം.

3 റോഡുകൾ നിർമ്മിക്കുമ്പോൾ ഓവുചാലുകൾ കൂടി ഉണ്ടാക്കാൻ ശ്രദ്ധിക്കണം.

4 ആവശ്യമായിടങ്ങളിലെല്ലാം ഫൂട്ട്പാത്ത് നിർമ്മിക്കണം.

5 റോഡരികിൽ തണൽ മരങ്ങൾ വെച്ചു പിടിപ്പിച്ച് അവ സംരക്ഷിക്കാൻ സന്നദ്ധസംഘടനകളെ ഏൽപ്പിക്കണം.

6 കാലവർഷക്കെടുതിയിൽ തകർന്ന റോഡുകൾ അടിയന്തരമായി റിപ്പേർ ചെയ്യുക.

7 അരോളി പ്രദേശത്തെ ഇടവഴികൾ ജനപങ്കാളിത്തത്തോടെ വീതികൂട്ടി റോഡാക്കണം

8 പഞ്ചായത്ത് ഓഫീസ്–കല്ലൂരി വഴി ബസ് സർവ്വീസ് പുനഃസ്ഥാപിക്കുക.

9 നേഷണൽ ഹൈവേയിലെങ്കിലും ഫൂട്ട് പാത്ത് നിർമ്മിക്കണം.

10 അപകടാവസ്ഥയിലുള്ള പാലങ്ങൾ പുതുക്കി പണിയണം.

11 നേഷണൽ ഹൈവേയിലെങ്കിലും പോരാത്തിടങ്ങളിൽ അടിയന്തിരമായി വീതി കൂട്ടണം.

12 പഴയങ്ങാടി റോഡിൽ റെയിൽവെ ലെവൽ ക്രോസ് ഒഴിവാക്കി ഓവർബ്രിഡ്ജ് പണിയണം.

13 വേഗത നിയന്ത്രിക്കണം. സ്ക്കൂൾ, ആശുപത്രി പ്രദേശങ്ങളിൽ ഡ്രൈവർമാർക്കുള്ള നിർദ്ദേശങ്ങൾ വലുതാക്കി സ്ഥാപിക്കണം.

14 ഭഗത്സിംഗ് അയലണ്ടിലേക്ക് ബോട്ട് സർവീസ് ഏർപ്പെടുത്തി ടൂറിസത്തിനു സാദ്ധ്യത കണ്ടെത്തുക.

15 പ്രധാന റോഡരികിലുള്ള ഫാക്ടറികളെ മതിൽകെട്ടി വേർതിരിക്കുകയും അവരുടെ കയററിയിറക്ക് കമ്പനി വളപ്പിൽ വെച്ച് മാത്രം നടത്തുകയും ചെയ്യാൻ കർശന നടപടി എടുക്കണം.

16 വിദ്യാർത്ഥികൾക്കിടയിൽ ഗതാഗതനിയമങ്ങൾ സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം.

# ഊർജ്ജം

പഴയ കാലത്തെന്നല്ല ഇന്നും ഗൃഹാവശ്യങ്ങൾക്കുളള പ്രധാന ഊർജ്ജസ്രോതസ്സ് വിറകുതന്നെ. പണ്ട് ചുള്ളിയും കൊമ്പും ശേഖരിക്കാൻ സ്ത്രീകൾ കൂട്ടമായി കുന്നിൻ പ്രദേശങ്ങൾ നോക്കിപ്പോകുമായിരുന്നു. തെങ്ങിന്റെ ഓല തുടങ്ങിയ എല്ലാ ഭാഗങ്ങളും ഉണക്കി കത്തിച്ചു പോന്നു. ചാണകം പരത്തി ഉണക്കി പരടിയാക്കിയും കത്തിച്ചിരുന്നു. അതിനുവേണ്ടി വേനൽകാലത്ത് സ്ത്രീകളും കുട്ടികളും വൈകുന്നേരങ്ങളിൽ കൂട്ടമായി വയലുകളിൽ അന്ന് നടക്കുക പതിവ് കാഴ്ചയാണ്. കരപ്പറമ്പുകളിലും സമീപ പ്രദേശങ്ങളിലുമുള്ളവർ ചപ്പ് അടിച്ചു വാരി[ഉണങ്ങിയ ഇലകൾ] ഭക്ഷണം പാകം ചെയ്യാൻ ഉപയോഗിച്ചു പോന്നു. സാധാരണക്കാർ കൊയ്ത്തു കഴിഞ്ഞാൽ വയലിൽ നിന്ന് ഒടുവും (നെൽചെടിയുടെ ബാക്കി നിൽക്കുന്ന ഭാഗം) മുളിയും പൊൻചൂതും ശേഖരിച്ച് ഉണക്കി കത്തിക്കാൻ ഉപയോഗിച്ചിരുന്നു. വേനൽക്കാലത്തേക്കും സൗകര്യമുള്ളവർ ഇതെല്ലാം ശേഖരിച്ചു വെച്ചു പോന്നു.

തീപ്പെട്ടിക്കമ്പനിയും പോള കമ്പനികളും പാപ്പിനിശ്ശേരിയിൽ സ്ഥാപിക്കപ്പെട്ടതോടെ അവിടങ്ങളിൽ, നിന്ന് ഉപേക്ഷിക്കുന്ന പാഴ് വസ്തുക്കൾ ഉപയോഗിച്ചു തുടങ്ങി. ഇപ്രകാരം ശേഖരിക്കുന്ന ഈർച്ചപ്പൊടി ഉപയോഗിക്കാൻ പ്രത്യേക അടുപ്പുകൾ തന്നെ തയ്യാറാക്കിയിരുന്നു. തള്ളുന്ന മരപോളകളും ഉപയോഗിച്ചു പോന്നു.

വിളക്കു കത്തിക്കാൻ പണ്ടുമുതൽക്കേ സാർവ്വത്രികമായി മണ്ണെണ്ണയാണ് ഉപയോഗിച്ചിരുന്നത്. രണ്ടാം ലോക മഹായുദ്ധത്തെത്തുടർന്ന് മണ്ണെണ്ണ ക്ഷാമം വന്നപ്പോൾ ഇന്ധനം കുറച്ച് ഉപയോഗിക്കാൻ പററിയ കളിമൺ വിളക്കുകൾപ്പോലും പ്രചാരത്തിലുണ്ടായി. ഉന്നത കുടുംബങ്ങൾ വിളക്കിൽ വെളിച്ചെണ്ണയും ഉപയോഗിച്ചിരുന്നു. മണ്ണെണ്ണ തന്നെ ഗ്യാസാക്കി മാററുന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചുളള ഗ്യാസ് ലൈററുകളായിരുന്നു ആഘോഷങ്ങൾക്കും മററും ഉപയോഗിച്ചത്.

ഒന്നു രണ്ടു ദശകങ്ങൾക്കുളളിൽ പാപ്പിനിശ്ശേരിയിൽ ഊർജ്ജം ഉപയോഗിക്കുന്നതിലുണ്ടായ മാററം അത്ഭുതാവഹമാണ്. ഗൾഫ് സംസ്കാരം ഇലക്ട്രിക്ക് ഹീററും പാചകവാതകസിലിണ്ടറും എമർജൻസി ലൈററും ഇടത്തരം വീടുകളിൽ പോലും എത്തിച്ചു. വൈദ്യുതി കണക്ഷനുകൾ വല്ലാതെ വർദ്ധിച്ചു. ടി.വികളും ഫ്രിഡ്ജുകളും വൈദ്യുതിയുടെ പഞ്ചായത്തിന്റെ ഉപയോഗം കണക്കററ് വർദ്ധിപ്പിച്ചിരിക്കുന്നു. കപ്പതൂക്കിവിൽക്കുന്നതുപോലെ കിലോ കണക്കിലാണ് ഇന്ന് വിറക് തൂക്കി വാങ്ങുന്നത് അതും റബ്ബർ തടികളാണ്. അതുകൊണ്ടുതന്നെ അൽപം സാമ്പത്തികശേഷിയുളളവരെല്ലാം പാചകവാതകത്തിലേക്ക് തിരിഞ്ഞു തുടങ്ങി.

വിറക് ഉപയോഗിക്കുന്നവരിൽ ചിലർ പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്നുണ്ട് ചാണകവാതക പ്ലാൻറുകൾ പഞ്ചായത്തിൽ ഇല്ല. അപൂർവ്വം ചിലർ സൗരോർജ്ജവിളക്കുകൾ ഉപയോഗിക്കുന്നു.

ചുരുങ്ങിയ ചിലവിൽ നമുക്ക് ലഭിക്കുന്ന വൈദ്യുതോർജ്ജത്തിന്റെ വിതരണത്തെപ്പററിയും വോൾട്ടേജിനെപ്പററിയും പരാതി മാത്രമേ ഏതു ഭാഗത്ത് ചെന്നാലും കേൾക്കാനുള്ളു.

പാപ്പിനിശ്ശേരി പഞ്ചായത്തിനാവശ്യമായ വൈദ്യുതി വിതരണം നടക്കുന്നത് കല്ല്യാശ്ശേരിയിലെ മാങ്ങാട് 110 കെ.വി സ്റേറഷനിൽ നിന്നാണ്. അതിനുവേണ്ടി പഞ്ചായത്തിൽ ഒരു മേജർസെക്ഷൻ ഓഫീസുണ്ട്. ചുററുമുള്ള പഞ്ചായത്തുകളുടെ വൈദ്യുതി വിതരണ നിയന്ത്രണവും ഇവിടെ വെച്ചു തന്നെയാണ്. പഞ്ചായത്തിൽ ആകെയുള്ള 23 ട്രാൻസ്ഫോമറുകളും അധിക ഭാരം വഹിക്കുന്നവയാണ്. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്ഷൻ ലോഡിലും വൻവർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആകെ ഉപഭോഗത്തിന്റെ ഭൂരിഭാഗവും ഗാർഹികാവശ്യത്തിനാണ് ഉപയോഗിക്കുന്നത്. പ്രധാന വ്യവസായ സ്ഥാപനങ്ങളായ വെസ്റ്റേൺ ഇന്ത്യാ കോട്ടൻസ്, ബലിയപട്ടം ടൈൽസ്, പി ജി പ്ലൈവുഡ്സ്, സ്വരാജ് പ്ലൈവുഡ്സ്, കോ-ഓപറേററീവ് ടൈൽസ്, എന്നിവക്കുപുറമെ ചെറുകിട ബ്ലോക്ക് ബോഡുകൾ, പ്രസ്സുകൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവയാണ് മററു പ്രധാന ഉപഭോക്താക്കൾ.

പഞ്ചായത്ത് വക ആകെ 360 തെരുവ് വിളക്കുകൾകത്തിക്കുന്നു. ഇതിൽ 275 എണ്ണം 40 വോൾട്ടിന്റേതും 33 എണ്ണം 100 വോൾട്ടിന്റേതുമാണ്. ഇതിൽ തന്നെ ചിലത് ട്യൂബുകളും സോഡിയം

വേപ്പർ ലാമ്പുകളുമാക്കി മാററിയിട്ടുണ്ട്. 27 ട്യൂബുകളും 25 സോഡിയം വേപ്പർ ലാമ്പുകളുമാണ് ഇത്തരത്തിൽ തെരുവ് വിളക്കുകളുടെ കൂട്ടത്തിൽ ഉള്ളത്. തെരുവ് വിളക്കുകൾക്ക് വേണ്ടി വരുന്ന ഗ്രാമപഞ്ചായത്തിന്റെ വാർഷിക ചെലവ് 61556 രൂപയാണ്.

വോൾട്ടേജ് കുറവ് കാരണം ഉപഭോക്താക്കൾ 110 വോൾട്ടിന്റെ ബൾബുകൾ ഉപയോഗിക്കാൻ നിർബന്ധിതരാകുന്നു. സ്റ്റെപ്പപ്പിന്റെ ഉപയോഗവും കൂടിവരുന്നു. അത് മററ് ഉപഭോക്താക്കളെ വല്ലാതെ ബാധിക്കുന്നു. അപൂർവ്വം ചില ഷോപ്പുകളെ ജനറേറ്റർ ഉപയോഗിക്കുന്നുള്ളു. വൈദ്യുതി വിതരണത്തിലെ ക്രമക്കേടുകൾ ആഘോഷങ്ങൾക്കും മററും ജനറേററുകൾ ഒരാവശ്യ ഘടകമാക്കിമാററുന്നു.

## പ്രശ്നങ്ങൾ

1. കുറഞ്ഞവോൾട്ടേജാണ് ഊർജ്ജരംഗത്ത് കണ്ടുവരുന്ന പ്രധാന പ്രശ്നം. അധികഭാരവും ഏറെ ദൈർഘ്യമുള്ള വിതരണ ലൈനുകളും നിമിത്തം ചില പ്രദേശങ്ങളിൽ 20 വോൾട്ടിൽ കുറഞ്ഞ വൈദ്യുതി മാത്രമേ ലഭിക്കുന്നുള്ളു.
2. അററകുററപണികൾ വേണ്ട വിധത്തിൽ നടക്കുന്നില്ല.
3. വൃക്ഷങ്ങളുടെ ശാഖകൾ ലൈനുകളിൽ തട്ടി പ്രസരണ നഷ്ടം ഉണ്ടാകുന്നു.
4. തെരുവ് വിളക്കുകൾ കൃത്യമായി കത്തുന്നില്ല. ഒരു വർഷത്തിലേറെയായി കണ്ണു തുറക്കാത്ത തെരുവ് ബൾബുകൾ ഏറെയാണ്.
5. തെരുവ് വിളക്കിന് ഉപയോഗിക്കുന്ന ബൾബുകൾ ഗുണം കുറഞ്ഞവയാണെന്ന സംശയം വ്യാപകമായുണ്ട്.
6. വോൾട്ടേജ് കുറവ് കാരണം ട്യൂബുകൾ കേടാകുന്നു.
7. വൈദ്യുതി മേഖലയിൽ ഗ്രാമപഞ്ചായത്ത് എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ പാപ്പിനിശ്ശേരി മേജർ സെക്ഷൻ ഓഫീസ് താൽപര്യം കാട്ടുന്നില്ല.
8. വേണ്ടത്ര ജീവനക്കാരില്ല.
9. വിറക് ക്ഷാമം അനുഭവപ്പെടുന്നു.
10. മണ്ണെണ്ണ പെർമിററ് ആവശ്യാനുസരണം കിട്ടുന്നില്ല.
11. പവർ കട്ട് വ്യവസായവികസനത്തെ പ്രതികൂലമായി ബാധിക്കുന്നു.

## സാധ്യതകൾ നിർദ്ദേശങ്ങൾ

1. വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ 1, 2, 3, 4 5, 6, 7, വാർഡുകളിലായി പഞ്ചായത്തിൽ 7 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണം.
2. മുൻഗണനാക്രമത്തിൽ എല്ലാ വാർഡുകളിലും തെരുവ് വിളക്ക് ഇല്ലാത്ത റോഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കണം, ലക്ഷം വീട് റോഡുകൾക്ക് മുൻഗണന നൽകണം.
3. പ്രധാന കേന്ദ്രങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണം
4. സ്ഥലം ഉടമകളുടെ അനുവാദം ലഭിക്കാത്തത് കാരണം വർഷങ്ങളായി വയറിംഗ് നടത്തി കാത്തിരിക്കുന്നവർക്ക് വൈദ്യുതി കണക്ഷൻ കിട്ടാത്ത കാര്യത്തിൽ അധികൃതർ ഇടപെട്ട് പരിഹാരം കണ്ടെത്തണം.
5. കണ്ണൂർ പവർ പ്രോജക്ടിന്റെ പണി ഉടൻ ആരംഭിക്കണം
6. വിറക്ക്ഷാമം പരിഹരിക്കാൻ തരിശുകളിൽ വൃക്ഷങ്ങൾ വ്യാപകമായി വെച്ചു പിടിപ്പിക്കണം.
7. പാപ്പിനിശ്ശേരിയിൽ ഒരു പാചകവാതക ഏജൻസി ആവശ്യമുണ്ട്
8. മണ്ണെണ്ണ പെർമിററുകൾ ഉദാരമാക്കണം
9. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കണം.
10. സൗരോർജ്ജത്തിന്റെ സാധ്യതകളെപ്പററി ബോധവൽക്കരണം നടത്തണം

11 വിദ്യുച്ഛക്തി ഓഫീസിൽ ആവശ്യത്തിന് ജീവനക്കാരുണ്ടെന്ന് ഉറപ്പുവരുത്തണം.

12 വൈദ്യുതി രംഗത്തെ പോരായ്മകൾ തീർക്കാനും വികസന പ്രവർത്തനങ്ങൾക്കും വേണ്ടി പഞ്ചായത്തിലെവിദ്യുച്ഛക്തിഅധികൃതർ ഗ്രാമ പഞ്ചായത്തിന്റെ സഹകരണത്തോടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം.

13 ഗ്രാമ പഞ്ചായത്തുകളിലെ തെരുവ് വിളക്ക് സ്ഥാപിക്കലും കത്തിക്കുന്ന ചുമതലയും സംബന്ധിച്ച് ആവശ്യമായ മാററങ്ങൾ സർക്കാറും വൈദ്യുതി ബോർഡും ആലോചിച്ച് ഉടൻ നടപ്പിലാക്കണം,

14 പഞ്ചായത്തിൽ വൈദ്യുതി വിതരണം ഉള്ള ദിവസങ്ങളിലെ തെരുവ് വിളക്ക് കത്തുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ വേണ്ട നടപടി അടിയന്തരമായും ഉണ്ടാക്കണം,

# മാർക്കററ്

തേങ്ങയും നെല്ലുമാണ് പഞ്ചായത്തിലെ പ്രധാന ഉല്പന്നങ്ങൾ. കുരുമുളകും കശുവണ്ടിയും പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ മാത്രമായി ഒതുങ്ങി നിൽക്കുന്ന ഉല്പന്നങ്ങളാണ്. നെല്ല് വില്പന പാപ്പിനിശ്ശേരിയിൽ അപൂർവ്വവും രഹസ്യവുമായി നടക്കുന്ന ഒരു ഏർപ്പാടാണ്. ഉല്പാദനം അത്രമാത്രം പരിമിതമാണെന്നതാണ് കാരണം. മാർക്കററിങ്ങ് എന്നത് ഒരു ചർച്ചാവിഷയമാകുന്നത് കൊപ്ര, കുരുമുളക്, കശുവണ്ടി, അടക്ക എന്നിവയുടെ കാര്യത്തിലാണ്. ചില വ്യക്തികൾ കൊപ്ര ശേഖരിച്ച് മംഗലാപുരത്തേക്കും മററും കയററി അയച്ചിരുന്നു. ഇന്ന് പ്രധാനമായും പഞ്ചായത്തിനകത്തും സമീപ പ്രദേശങ്ങളിലുമുള്ള എണ്ണയാട്ട് മില്ലുകളെ ആശ്രയിച്ചാണ് കൊപ്ര വ്യാപാരം നടക്കുന്നത്.

സ്വന്തം വീട്ടാവശ്യം കഴിച്ച് ബാക്കി വരുന്ന തേങ്ങ എണ്ണത്തിൽ അതെത്രകുറവായിരുന്നാലും ഉണക്കി കൊപ്രയാക്കി ചുമന്ന് മില്ലുകളിൽ എത്തിക്കുകയാണ് ചെയ്യുന്നത്. യഥാർത്ഥവില കിട്ടുന്നു എന്ന് പറഞ്ഞുകൂട. പത്രങ്ങളിലെ മാർക്കററ് നിലവാരം നോക്കി അതിലും വിലകുറച്ച് കണക്കാക്കുകയും ഉണക്കമില്ലെന്ന് പറഞ്ഞ് തൂക്കത്തിൽ കുറവ് വരുത്തുകയും ചെയ്തു വരുന്നു. അടക്ക, കുരുമുളക് എന്നിവ ഉണക്കി തളിപ്പറമ്പ്, വളപട്ടണം, പുതിയതെരു മാർക്കററിൽ എത്തിക്കുന്നു. ഇവിടെയെല്ലാം കൃഷിക്കാർക്ക് യഥാർത്ഥ വില കിട്ടുന്നില്ലന്നതാണ് യാഥാർത്ഥ്യം കശുവണ്ടി വ്യക്തികൾ ശേഖരിച്ചും കൃഷിക്കാർ ഒററക്കും പുറത്തുള്ള മാർക്കററിൽ എത്തിക്കുന്നു.

സംഘംചേർന്ന് നിർമ്മിക്കുന്ന ഗാർമെൻസ് കത്തിപോലുള്ള ഗൃഹോപകരണങ്ങൾ ഇവക്കെല്ലാം വിപണനം ഇന്നൊരു പ്രശ്നമാണ്. കോഴികർഷകർ മുട്ടയും മാംസവും വിപണനം ചെയ്യാൻ പ്രയാസപ്പെടുന്നു.

### നിർദ്ദേശം

1 പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ ഈ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്യണം.

2 നാണ്യവിളകളടക്കമുള്ള ഉല്പന്നങ്ങൾ വിപണനം ചെയ്യാൻ ഉദ്ദേശിച്ച് പ്രവർത്തനക്ഷമമായതും ഗോഡൗൺ സൌകര്യമുള്ളതുമായ മാർക്കററിങ്ങ് സൊസൈററി രൂപപ്പെടുത്തണം

# പാർപ്പിടം

പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിൽ അമ്പത് വർഷം മുമ്പുണ്ടായിരുന്ന വീടുകളുടെ എത്രയോ ഇരട്ടി വീടുകൾ ഇന്നുണ്ട്. അന്ന് പഞ്ചായത്തിന്റെ ഭൂരിഭാഗം കൃഷി സ്ഥലങ്ങളായിരുന്നു. ഇന്ന് കാണുന്ന NH-17 റോഡിൽ കൂടി പടിഞ്ഞാറ് നോക്കിയാൽ റെയിൽവെ ട്രാക്കിൽ കൂടി വണ്ടി പോകുന്നത് അന്ന് കാണാമായിരുന്നു. അന്ന് മൺകട്ടകൾ കൊണ്ട് വീട് നിർമ്മിച്ചിരുന്നു. ഓലയും പുല്ലും കൊണ്ട് മേൽപ്പുര മേയുകയായിരുന്നു പതിവ്. പരസ്പരം സഹായിച്ചാണ് മേൽപ്പുര പണിയുന്നത്.

ഇത്തരം വീടുകളിൽ ചിലത് വളരെ പ്രൗഢിയുള്ളതായും ഉണ്ടായിരുന്നു. അവ വലിയ ധനിക കൃഷിക്കാരുടേതാണ്. ഇതിൽ നിന്നെല്ലാം ചെറിയ ചെറിയ മാറ്റങ്ങൾ വന്ന് തുടങ്ങിയത് 1957-ൽ വന്ന അവിഭക്ത കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടിന്റെ ഭരണപരമായ നിയമങ്ങൾ പ്രാബല്യത്തിൽ വന്നതോട് കൂടിയാണ്. കൂടാതെ വ്യവസായ തൊഴിലാളികളായ ധാരാളം പേർ പ്രസ്തുത പഞ്ചായത്തിൽ ഉള്ളതിനാൽ അവിടെയുള്ള തൊഴിലാളികളുടെ സാമ്പത്തിക പോരാട്ട സമരത്തിന്റെ അന്തിമമായ വിജയത്തിലുണ്ടാകുന്ന മാറ്റം കൊണ്ടും സഹകരണ സംഘങ്ങളിൽ നിന്നുള്ള ധന വായ്പാസഹായം കൊണ്ട് ഭവന നിർമ്മാണ രംഗത്ത് ഒരു കുതിച്ചു ചാട്ടം ഉണ്ടായിയെന്നുള്ളത് വിസ്മരിക്കാൻ കഴിയാത്ത വസ്തുതയാണ്.

1971-ൽ കാർഷിക ബന്ധ നിയമവും കുടികിടപ്പ് നടപ്പിൽ വന്നതോടെ അവശ വിഭാഗ ജാതിക്കാരുടെ പാർപ്പിട പ്രശ്നത്തിലും വലിയ പരിവർത്തനം ഉണ്ടായി. പഴയ കാലത്ത് കൃസ്തീയമത വിഭാഗങ്ങൾക്ക് സ്വന്തമായ വീടുകൾ വളരെ വിരളമായേ ഉണ്ടായിരുന്നുള്ളൂ. ആശാരി, സ്വർണ്ണപണിക്കാർ എന്നിവർക്കും ജോലിയുടെ സ്വഭാവത്തിന്റെ പ്രാത്യകത കൊണ്ട് സ്വന്തമായി വീട് വെച്ച് താമസിച്ചിരുന്നില്ല. പിന്നീട് ഇവരിൽ ചിലർക്ക് കുടികിടപ്പവകാശം കിട്ടിയതോടെ സ്വന്തമായി ഭവനങ്ങൾ വേണമെന്ന ചിന്ത വളർന്നു വന്നു.

1975 കാലഘട്ടം മുതൽ ഇങ്ങോട്ട് കല്ലും ഓടും കൊണ്ടുള്ള വീടുകൾ ഉണ്ടാക്കിയ സ്ഥാനത്ത് കോൺക്രീററ് കെട്ടിടങ്ങളുണ്ടാക്കി തുടങ്ങി. നമ്മുടെ പഞ്ചായത്തിനുകൂടി അനുമതി ലഭിച്ച കല്ല്യാശ്ശേരി പഞ്ചായത്തിൽ സ്ഥാപിതമായ സഹകരണ ഹൗസിങ്ങ് സൊസൈററിയുടെ പ്രവർത്തനവും വീട് നിർമ്മാണ രംഗത്ത് ഒരു പരിധിവരെ സഹായമായിട്ടുണ്ട്. കൂടാതെ ഗൾഫ് രാജ്യങ്ങളിൽ നിന്ന് നമ്മുടെ പഞ്ചായത്തിൽ താമസിക്കുന്ന കുടുംബങ്ങളിലേക്ക് വരുന്ന വിദേശ പണവും ഭവന നിർമ്മാണത്തിൽ വളരെയധികം മുന്നേററം ഉണ്ടാക്കിയിരിക്കുന്നു.

പാപ്പിനിശ്ശേരി പഞ്ചായത്തിൽ 6076 എണ്ണം വാസയോഗ്യമായ വീട് നിലവിൽ ഉണ്ട്. ചുരുങ്ങിയ നിർമ്മാണ ചെലവുള്ള വീടുകൾക്ക് പഞ്ചായത്ത് നികുതിയിളവ് അനുവദിച്ചിട്ടുണ്ട് പഞ്ചായത്തിൽ ഇപ്പോൾ നിലവിൽ ഏററവും കുറഞ്ഞ നികുതി രൂപയും ഏററവും കൂടിയ വീട്ടു നികുതി 1020.65 രൂപയുമാണ്. പഞ്ചായത്തിൽ നികുതിയില്ലാത്ത 617 കുടിലുകൾ ഉണ്ട് 95-96 വർഷത്തിൽ വീട് നികുതിയിനത്തിൽ 3,44,824/35 രൂപ വരുമാനമുണ്ട്.

ദുർബല ജന വിഭാഗങ്ങളുടെ പാർപ്പിട സൗകര്യം ഒരു പരിധിവരെയെങ്കിലും പരിഹരിക്കാൻ സാധിച്ചത് പ്രസ്തുത പഞ്ചായത്തിൽ വേളാപുരം ഹരിജൻ കോളനി, ഈന്തോട് ലക്ഷംവീട് കോളനി കാട്ട്യം ലക്ഷംവീട് കോളനി [ചാൽ], കാട്ട്യം, നാല് സെൻറ് വിഹിത കോളനി, കമ്മാടത്ത് മൊട്ട നാല് സെൻറ് കോളനി, കരിക്കൻകുളം ലക്ഷംവീട് കോളനി എന്നിവ സ്ഥാപിതമായതോട് കൂടിയാണ് ഇവയിൽ അനുവദിച്ച ഇരട്ടവീട് നിർമ്മിച്ചിരുന്നത്, ഇപ്പോൾ വളരെ പഴക്കം ചെന്നതും ദുർബലപ്പെട്ടതുമായ വീടുകളാണ്. കോളനികളിൽ വേളാപുരം ഹരിജൻ കോളനിയിലെ ഭവനങ്ങളാണ് മേത്തരം നല്ലത് ഭവന നിർമ്മാണ കാര്യങ്ങളെപ്പററി പരിശോധിക്കുമ്പോൾ പൊതുവിൽ നമ്മുടെ പഞ്ചായത്ത് മുന്നേറുകയാണ്.

## പ്രശ്നങ്ങൾ

1 സ്ഥിര വരുമാനമില്ലാത്തവർക്ക് ഭവന നിർമ്മാണത്തിന് വായ്പ ലഭിക്കുന്നില്ല.

2 ദുർബ്ബല വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്ന പദ്ധതി

കുറഞ്ഞ വിലക്ക് ഭൂമി ലഭ്യമില്ലാത്തതിനാൽ പഞ്ചായത്തിന് ഫലപ്രദമായി ആവശ്യാനുസരണം നടപ്പിലാക്കുവാൻ സാധിക്കുന്നില്ല.

3 അവശ വിഭാഗങ്ങളിൽ അർഹതയുള്ള ധാരാളം പേർ അപേക്ഷ സമർപ്പിച്ചും വീട് നിർമ്മാണ ധന സഹായം ലഭിച്ച് കാണുന്നില്ല.

## നിർദ്ദേശങ്ങൾ

1 പാപ്പിനിശ്ശേരി പഞ്ചായത്ത് പ്രദേശത്ത് വസിക്കുന്ന ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് മുഴുവനായും വീട് നിർമ്മാണ ഗ്രാൻറ് പദ്ധതി നടപ്പിലാക്കണം.

2 പഞ്ചായത്തിൽ താമസിക്കുന്ന പാവപ്പെട്ടവർക്കും ഭൂരഹിതർക്കും വീട് വെക്കുന്നതിനുള്ള അനുയോജ്യമായ സ്ഥലം പതിച്ച്നൽകണം.

3 പാപ്പിനിശ്ശേരി പഞ്ചായത്ത് പ്രദേശത്ത് മാത്രമായി ഒരു ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കണം.

4 പാപ്പിനിശ്ശേരി പഞ്ചായത്തിൽ മഠത്തിൽ കോവിലിന് പടിഞ്ഞാറു ഭാഗത്തുള്ള ഭൂമി ഏറ്റെടുത്തു ദരിദ്രഭൂരഹിതർക്ക് വിതരണം ചെയ്ത് കോളനിയാക്കണം.

5 പാപ്പിനിശ്ശേരി പഞ്ചായത്തിൽ ദുർബല വിഭാഗത്തിൽപ്പെട്ടവർ വസിക്കുന്ന വീട് റിപ്പേർ ആനുകൂല്യം ലഭ്യമാക്കണം.

6 ദുർബല വിഭാഗക്കാർക്ക് കുറഞ്ഞ വിലക്ക് 4 സെൻറ് ഭൂമി വീതം വിലക്ക് വിതരണം ചെയ്യുന്നതിന് വേണ്ടി പഞ്ചായത്ത് ഭൂമി വിലക്ക് വാങ്ങുന്ന പദ്ധതി നടപ്പാക്കണം.

## പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിൽ ദുർബല വിഭാഗങ്ങൾക്ക് അനുവദിച്ച വീടുകളുടെ എണ്ണം

| വർഷം | പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് | വിവിധബ്ലോക്ക് ഫണ്ട് ഉപയോഗിച്ച് | | മൊത്തം |
|---|---|---|---|---|
| 1990–91 | ഇല്ല | MWS 24 എണ്ണം | | |
| 91–92 | 14 എണ്ണം | MWS 5 എണ്ണം | IAY 3 എണ്ണം | |
| 92–93 | 10 എണ്ണം | ഇല്ല | IAY 5 എണ്ണം | |
| 93–94 | 11 എണ്ണം | MWS 13 എണ്ണം | IAY 2 എണ്ണം | |
| 94-95 | ഇല്ല | JRY 10 എണ്ണം | IAY 3 ,, | |
| 95-96 | 5 എണ്ണം | JRY 5 എണ്ണം | IAY 6 ,, | |
| | മൊത്തം 40 | 57 + | 19 = 76 | 116 |

# സംസ്ക്കാരം

സ്വന്തമായ ഒരു സാംസ്ക്കാരിക പാരമ്പര്യം അവകാശപ്പെടാവുന്ന ഒരു പ്രദേശമാണ് പാപ്പിനിശ്ശേരി. ഈ നൂററാണ്ടിന്റെ മൂന്ന് നാല് ദശകങ്ങളിൽ അയിത്തത്തിനും അന്ധവിശ്വാസത്തിനുമെതിരെയുള്ള സമരങ്ങൾ നമ്മുടെ ദേശീയപ്രസ്ഥാനത്തിന്റെ മുദ്രാവാക്യങ്ങൾക്കൊപ്പം വളർന്നുവന്നു. ആറോൺ കമ്പനിയുടെ രൂപീകരണവും വളർച്ചയും സാമുദായികമൈത്രി വളർത്തുന്നതിന് കാരണമായി. സുപ്രസിദ്ധമായ മൂന്നുപെററുമ്മാ പള്ളി (കാട്ടിലെ പള്ളി) യും മതസൗഹാർദ്ദം നിലനിർത്തുന്നതിനു സഹായകമായിരുന്നു. നമ്മുടെ കാവുകളും ക്ഷേത്രങ്ങളും ആരാധനാലയങ്ങളെന്നതിലുപരി പുരാതന സാംസ്ക്കാരിക കേന്ദ്രങ്ങൾ കൂടിയായിരുന്നു. ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് നടത്തിയിരുന്ന ഉത്സവങ്ങൾ, തെയ്യങ്ങൾ, തിറകൾ, മററ് ആഘോഷങ്ങൾ എന്നിവ ഗ്രാമീണ ജീവിതത്തിലെ കൂട്ടായ്മയുടേയും പ്രതീക്ഷയുടേയും അഭിലാഷങ്ങളുടേയും പ്രതീകങ്ങൾ കൂടിയായിരുന്നു.

വ്യത്യസ്ത മതവിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശമാണെങ്കിലും സാമുദായിക സൗഹാർദ്ദവും മതമൈത്രിയും കാത്തുസൂക്ഷിക്കുന്ന ഒരു പ്രദേശമാണ് നമ്മുടേത്. വ്യത്യസ്ത മതവിഭാഗങ്ങളുടെ 60ലേറെ ആരാധനാലയങ്ങൾ പാപ്പിനിശ്ശേരിലുണ്ട്. (പട്ടിക കാണുക) തിടമ്പുനൃത്തം തെയ്യങ്ങൾ, തിറകൾ, പൂരക്കളി, മറത്തുകളി തുടങ്ങിയവ നമ്മുടെ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട ഉത്സവങ്ങളാണ്. മതമൈത്രിയുടെ പ്രതീകമായ മൂന്നുപെററുമ്മാ പള്ളി (കാട്ടിലെ പള്ളി) ആണ്ടുനേർച്ചയിൽ പങ്കുകൊളളുന്നതിന് നാനാജാതിമതസ്ഥർ എത്തിച്ചേരാറുണ്ട്. ക്രിസ്തുമതവിശ്വാസികളുടേതായ രണ്ട് ആരാധനാലയങ്ങൾ പാപ്പിനിശ്ശേരിയിലുണ്ട്. ഇവ കേന്ദ്രീകരിച്ച് ക്രിസ്തുമസ് കാലത്ത് ആഘോഷങ്ങൾ നടത്താറുണ്ട്.

പുള്ളുവൻപാട്ട്, ഗന്ധർവൻ പാട്ട്, കണ്ണേറ്പാട്ട്, കോതാമ്മൂരി, വേടൻ, തുടങ്ങിയ നമ്മുടെ അനുഷ്ഠാന കലകളിൽ പലതും കാലഹരണപ്പെട്ടിട്ടുണ്ട്. തെരണ്ട് കല്യാണം, വണ്ണാത്തിമാററ്, മന്ത്രിച്ച്കെട്ടൽ, കാതുകുത്തൽ തുടങ്ങിയവ ഇല്ലാതായി. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട വ്യക്തികളും കുടുംബങ്ങളും മാത്രമാണ് പുല, ബാലായ്മ, എന്നിവ ആചരിച്ചുവരുന്നത്. ലളിതമായി നടത്തിവന്നിരുന്ന വിവാഹ ചടങ്ങുകൾ ഇന്ന് ആർഭാടത്തിലേക്കും ധൂർത്തിലേക്കും വഴിമാറുകയാണ്.

പാപ്പിനിശ്ശേരിയിലെ ജാതിമതഘടന പരിശോധിച്ചാൽ ഹിന്ദുമത വിശ്വാസികളാണ് കൂടുതൽ എന്ന് കാണാൻ കഴിയും. ഇതിൽ മററ് പിന്നോക്ക വിഭാഗത്തിൽ പെടുന്നവരാണ് കൂടുതലുള്ളത്. പട്ടിക ജാതിക്കാർ പാപ്പിനിശ്ശേരിയിലെ ജനസംഖ്യയുടെ 9 ശതമാനത്തോളം വരും. വിരലിലെണ്ണാവുന്ന പട്ടികവർഗക്കാരുമുണ്ട്. മുസ്ലിം ക്രിസ്തുമതവിശ്വാസികളാണ് മററുള്ളവർ. ഇവരിൽ മതവിശ്വാസികളാണ് കൂടുതൽ.

പാപ്പിനിശ്ശേരിയിലെ സാംസ്ക്കാരിക മുന്നേററത്തിൽ നമ്മുടെ വായനശാലകൾക്കും ഗ്രന്ഥാലയത്തിനും നല്ല പങ്കുവഹിക്കാൻ സാധിച്ചിട്ടുണ്ട്. 1938 ൽ അരോളിയിൽ സ്ഥാപിച്ച രാജൻബാബു വായനശാല 1942 ൽ സ്ഥാപിച്ച യങ്ങ്മെൻസ് സ്പോർട്സ് ക്ലബ് ആൻറ് റീഡിങ്ങ് റൂം എന്നിവയാണ് പാപ്പിനിശ്ശേരിയിലെ ആദ്യകാല വായനശാലകൾ. പുസ്തകവായനക്ക് പുറമെ മററ് സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കും വായനശാലകൾ നേതൃത്വം വഹിച്ചിരുന്നു. മഹാകവി ചങ്ങമ്പുഴ, കുട്ടമത്ത്, പി. കുഞ്ഞിരാമൻ നായർ തുടങ്ങിയ മഹാൻമാർ സ്വാതന്ത്ര്യത്തിനു മുമ്പ് വിവിധ സാംസ്ക്കാരിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പാപ്പിനിശ്ശേരി സന്ദർശിച്ചിരുന്നു.

പാപ്പിനിശ്ശേരിയിൽ ഇന്ന് 16 വായനശാലകളും 8 ഗ്രന്ഥാലയങ്ങളും 40ൽ അധികം കലാ-കായിക സമിതികളും പ്രവർത്തിച്ചുവരുന്നു. (പട്ടിക കാണുക) വായനശാലകളിൽ 7 എണ്ണം പഞ്ചായത്തിന്റെ കീഴിലുള്ളതാണ്. സാമ്പത്തിക പ്രയാസം മൂലം ആനുകാലികങ്ങൾ മുടക്കം കൂടാതെ വരുത്തുന്നതിന് പല വായനശാലകൾക്കും സാധിക്കുന്നില്ല. പാപ്പിനിശ്ശേരിയിലെ ഗ്രന്ഥാലയങ്ങളിലൊന്ന് പഞ്ചായത്തിന്റെ കീഴിലാണ്. ഗ്രന്ഥാലയത്തിന്റെ പ്രായംകൊണ്ടും പുസ്തകങ്ങളുടെ എണ്ണംകൊണ്ടും ജില്ലയിലെ പ്രധാന ഗ്രന്ഥാലയങ്ങളിലൊന്നാണിത്. 6300ൽ അധികം പുസ്തകങ്ങൾ ഈ ലൈബ്രറിയിലുണ്ട്. പത്രങ്ങളുടെയും മററ് ആനുകാലികങ്ങളുടേയും വായന വ്യാപകമായിട്ടുണ്ടെങ്കിലും പുസ്തകവായന പൊതുവെ കുറഞ്ഞുവരുന്നതായി കാണുന്നു. പുസ്തകങ്ങൾ വീട്ടിലെത്തിച്ച് കൊടുക്കാനുള്ള സംവിധാനമുണ്ടാക്കിയാൽ സ്ത്രീകളുടെയും കുട്ടികളുടെയും വായനാശീലം വളർത്തുന്നതിന് സഹായിക്കും. പുതിയ പുസ്തകങ്ങളുടെ അഭാവം ചില ഗ്രന്ഥാലയങ്ങളിൽ വായനക്കാർ കുറഞ്ഞുവരുന്നതിന് കാരണമാകുന്നു. പുസ്തകവിതരണത്തിന് പുറമേ നിരവധി പ്രവർത്തനങ്ങൾ നമ്മുടെ ഗ്രന്ഥാലയങ്ങളിൽ നടക്കാറുണ്ട്. ചർച്ചകൾ ക്ലാസുകൾ, സെമിനാറുകൾ, സാക്ഷരതാ പ്രവർത്തനം തുടങ്ങിയവ നടന്നുവന്നിരുന്നു. എന്നാൽ ഇപ്പോൾ ഇത്തരം പ്രവർത്തനങ്ങൾ കുറഞ്ഞുവരികയാണ്. കുട്ടികളുടെയും എഴുതി തുടങ്ങുന്നവരുടെയും കലാവാസനകൾ പ്രദർശിപ്പിക്കുന്നതിന് ഒരു കാലത്ത് കൈ

എഴുത്ത് മാസികകൾ സജീവമായിരുന്നു. എന്നാൽ ഇന്ന് അവ ഇല്ലെന്നുതന്നെ പറയാം. ചില വായനശാലകളിൽ ടെലിവിഷൻ ഉണ്ടെങ്കിലും ആൾക്കൂട്ടത്തെ ഉണ്ടാക്കുന്നതിലുപരി അത് പ്രയോജനപ്പെടുത്താൻ കഴിയാറില്ല. ഗ്രന്ഥശാലാ പ്രവർത്തനത്തിൽ വൈവിധ്യവൽക്കരണം നടത്തി ഗ്രാമത്തിന്റെ സാംസ്കാരിക കേന്ദ്രമാക്കാ ശ്രമം വേണ്ടത്ര നടക്കുന്നില്ല.

മാതൃഭൂമി, ദേശാഭിമാനി, മലയാള മനോരമ, കേരള കൗമുദി, മാധ്യമം, മംഗളം, ചന്ദ്രിക എന്നീ മലയാള പത്രങ്ങളും ഏതാനും സായാഹ്ന പത്രങ്ങളും പഞ്ചായത്തിൽ പ്രചരിക്കുന്നുണ്ട്. ഇന്ത്യൻ എക്സ്പ്രസ്, ഹിന്ദു തുടങ്ങിയ ഇംഗ്ലീഷ് പത്രങ്ങളും ചുരുങ്ങിയ തോതിൽ പ്രചാരത്തിലുണ്ട്. മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന ഒട്ടുമിക്ക വാരികകളും മാസികകളും ഏതാനും ഇംഗ്ലീഷ് ആനുകാലികങ്ങളും പാപ്പിനിശ്ശേരിയിൽ പ്രചരിക്കുന്നുണ്ട്. പൈങ്കിളി വാരികകളാണ് കൂടുതൽ പ്രചാരത്തിലുള്ളത് എന്നത് വായനയുടെ ലക്ഷ്യബോധമില്ലായ്മയെ സൂചിപ്പിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ നിന്നു ഒരു സായാഹ്ന ദിനപത്രം പ്രസിദ്ധീകരിച്ചിരുന്നെങ്കിലും ചുരുങ്ങിയ കാലംകൊണ്ട് പ്രസിദ്ധീകരണം നിർത്തിവെക്കുകയാണുണ്ടായത്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം നമ്മുടെ വായനാശീലത്തെ കാര്യമായി ബാധിച്ചിട്ടുള്ളതായി കാണുന്നു.

ഒരു കാലഘട്ടത്തിൽ വളരെ സജീവമായി പ്രവർത്തിച്ചുവരുന്ന ഒട്ടേറെ കലാസമിതികൾ പാപ്പിനിശ്ശേരിയിലുണ്ടായിരുന്നു. അവയിൽ മിക്കതും ചുരുങ്ങിയ കാലം കൊണ്ട് പ്രവർത്തന രഹിതമായി തീരുകയാണുണ്ടായത്. ഇതിൽനിന്നു വ്യത്യസ്തമായി 50കളുടെ ആദ്യം രൂപം കൊണ്ട അരോളി ശാന്തിപ്രഭയും ഐക്യകേരള കലാനിലയവും ഇപ്പോഴും സജീവത കൈവിടാതെ പ്രവർത്തിക്കുന്നു. നാടകാവതരണങ്ങൾ, പ്രദർശനങ്ങൾ സിമ്പോസിയം, കലോൽസവങ്ങൾ, മൽസരങ്ങൾ എന്നിവ നല്ല രീതിയിൽ നടത്തിവരാറുണ്ടായിരുന്നെങ്കിലും ഇന്ന് ഇതെല്ലാം ഗണ്യമാംവിധം കുറഞ്ഞിട്ടുള്ളതായി കാണാം. കഴിവുള്ള കലാകാരൻമാരെ കണ്ടെത്തുന്നതിനോ വളർത്തിക്കൊണ്ടുവരുന്നതിനോ കാര്യമായ പരിശ്രമമൊന്നും നടക്കുന്നില്ല. പഞ്ചായത്തിലെ കലാസമിതികളിൽ മിക്കതിന്റേയും പ്രവർത്തനം വാർഷികാഘോഷങ്ങളിൽ ഒതുങ്ങി നിൽക്കുന്നു. പ്രൊഫഷണൽ സംഘങ്ങളുടെ നാടകങ്ങളോ, മിമിക്രി, ഗാനമേള തുടങ്ങിയ പരിപാടികളോ ആണ് വാർഷികങ്ങളുടെ ഭാഗമായി അരങ്ങേറുന്നത്.

സംസ്ഥാനതലത്തിലുള്ള കായികതാരങ്ങളെ സംഭാവന ചെയ്ത ഒരു പ്രദേശമാണിത്. ഫുട്ബോൾ, കബഡി, ബാഡ്മിന്റൺ തുടങ്ങിയ കളികളിൽ ജില്ലയിൽ അറിയപ്പെടുന്ന ടീമുകൾ പാപ്പിനിശ്ശേരിയിലുണ്ടായിരുന്നു. എന്നാൽ ഇന്ന് കായികരംഗത്തെ നമ്മുടെ പ്രവർത്തനം ആശാവഹമല്ല. കായികതാരങ്ങളെ കണ്ടെത്തുന്നതിനോ അവരെ വളർത്തിക്കൊണ്ടു വരുന്നതിനോ കാര്യമായ പരിശ്രമങ്ങൾ ഒന്നും ഉണ്ടാകുന്നില്ല. കളിസ്ഥലങ്ങളുടെ അപര്യാപ്തതയും കായികരംഗത്തെ വളർച്ചയ്ക്ക് തടസ്സം നിൽക്കുന്നു. ക്രിക്കറ്റ് പോലുള്ള കളികളുടെ ആവിർഭാവം ശാരീരികവും മാനസികവുമായി ഉല്ലാസം തരുന്ന നമ്മുടെ നാടൻ കളികളെ വിസ്മൃതിയിലാക്കുന്നു. വിദ്യാലയങ്ങളിൽ കായിക പരിശീലനം നടക്കുന്നില്ല. ബഹുഭൂരിഭാഗം സ്കൂളുകൾക്കും സ്വന്തമായി കളിസ്ഥലങ്ങളില്ല. കായിക പരിശീലനം പാഠ്യപദ്ധതിയുടെ ഭാഗവുമല്ല. പഞ്ചായത്തിൽ രണ്ട് കരാട്ടേ പരിശീലനകേന്ദ്രങ്ങളും ഒരു ജിംനേഷ്യം പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ രംഗത്ത് കാര്യക്ഷമമായ പ്രവർത്തനം കാഴ്ച വെക്കുന്നതിന് ഇവയ്ക്കു സാധിക്കുന്നില്ല. കലാകായിക പ്രതിഭകളെ കണ്ടെത്തുന്നതിനും വളർത്തിക്കൊണ്ടുവരുന്നതിനുമുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ രൂപം കൊടുക്കണം.

പ്രശ്നങ്ങൾ:–

1. ഗ്രന്ഥശാലകളുടെ പ്രവർത്തനം സജീവമല്ല. പുസ്തകവായനക്കാർ കുറഞ്ഞുവരുന്നു.
2. വായനശാലകൾ അനുബന്ധപ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ താല്പര്യം കാണിക്കുന്നില്ല.
3. കലാ-കായിക പ്രതിഭകളെ കണ്ടെത്തുന്നതിനോ അവർക്ക് പരിശീലനം നൽകുന്നതിനോ സാധിക്കുന്നില്ല.
4. പ്രാദേശിക കലാകാരൻമാർക്ക് പ്രോൽസാഹനം നൽകുന്നില്ല.
5. സ്ത്രീകളിലും കുട്ടികളിലും വായനാശീലം കുറഞ്ഞുവരുന്നു.
6 നാടൻ കലാ-കായിക വിനോദങ്ങളെ പ്രോൽസാഹിപ്പിക്കുന്നില്ല.
7. സ്കൂളുകളിൽ കളിസ്ഥലങ്ങളില്ല, കായികപരിശീലനം നടക്കുന്നില്ല.
8. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
9. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വായനശാലകൾ ഇല്ല.
10. കളിസ്ഥലങ്ങളുടെ അപര്യാപ്തത.
11. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം വായന കുറയുന്നതിന് കാരണമാകുന്നു.
12. അനുഷ്ഠാന കലകൾ അന്യംനിന്ന് തുടങ്ങിയിരിക്കുന്നു.

നിർദ്ദേശങ്ങൾ:-

1. വായനശാലകളും ഗ്രന്ഥാലയങ്ങളും ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുന്നതിന് നടപടി എടുക്കുക.
2. പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിനും ആനുകാലികങ്ങൾ മുടക്കം കൂടാതെ വരുത്തുന്നതിനും ഗ്രാൻറ് അനുവദിക്കുക.
3. സ്ത്രീകളിലും കുട്ടികളിലും വായനാശീലം വളർത്തുന്നതിന് സഞ്ചരിക്കുന്ന പുസ്തകശാല ആരംഭിക്കുക.
4. പഞ്ചായത്ത് ഗ്രന്ഥാലയത്തിൻെറ പ്രവർത്തനസമയം രാത്രി 8 മണിവരെ ദീർഘിപ്പിക്കുക.
5. കലാ-കായിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരിൽ അവശത അനുഭവിക്കുന്നവരുണ്ടെങ്കിൽ അവർക്ക് സാമ്പത്തിക സഹായം നൽകുക.
6. നാടൻ പാട്ടുകൾ, നാട്ടറിവുകൾ എന്നിവ ശേഖരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുക.
7. വായനയെ പ്രോൽസാഹിപ്പിക്കുന്നതിന് മൽസരങ്ങൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുക.
8. നാടൻ കലാ-കായിക വിനോദങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് ഗ്രാമീണ മേളകൾ സംഘടിപ്പിക്കുക.
9. പഞ്ചായത്തിൻെറ പടിഞ്ഞാറ് ഭാഗത്ത് ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുക.
10. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന തരത്തിൽ പഞ്ചായത്തിൽ ഒരു കമ്മ്യൂണിററി ഹാൾ സ്ഥാപിക്കുക.
11. കളിസ്ഥലങ്ങൾ ഇല്ലാത്ത പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ ബഹുജന പങ്കാളിത്തത്തോടെ കളിസ്ഥലം നിർമ്മിക്കുക.
12. പഞ്ചായത്ത് ഹൈസ്ക്കൂൾ ഗ്രൗണ്ട് സൗകര്യമാക്കി ഉയർത്തുക.
13. പഞ്ചായത്തിൽ ഒരു കേന്ദ്ര കലാസമിതി രൂപീകരിച്ച് നാടകം, നൃത്തം, സംഗീതം തുടങ്ങിയ വ്യത്യസ്ത കലാശാഖകളിൽ ശാസ്ത്രീയ പരിശീലനം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുക.
14. പഞ്ചായത്തിൽ ക്ലബ്ബുകളുടെ കോ-ഓർഡിനേഷൻ സമിതി രൂപീകരിച്ച് കായികരംഗത്ത് താത്പര്യമുള്ളവരുടെ രജിസ്ട്രേഷൻ നടത്തി അവർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുക.
15. വായനശാലകളിലെ ടെലിവിഷൻ ഗുണകരമായി ഉപയോഗപ്പെടുത്തുക. ടി. വി. പരിപാടികൾ തെരഞ്ഞെടുത്തതും സമയ നിയന്ത്രണം പാലിച്ചും കാണിക്കണം. വീഡിയോ കാസററുകൾ തെരഞ്ഞെടുത്ത് കാണിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.
16. പഞ്ചായത്തിൻെറ കീഴിലുള്ള ഭഗത്സിംഗ് ഐലൻറ് ഒരു വിനോദസഞ്ചാര കേന്ദ്രമായി വളർത്തുക.
17. സ്ത്രീകൾക്ക് പ്രത്യേക കായിക വിനോദ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
18. സാംസ്കാരിക പാരമ്പര്യം വിളിച്ചറിയിക്കുന്ന ഒരു പഞ്ചായത്ത് മ്യൂസിയം ആരംഭിക്കുക.

## ലൈബ്രറികൾ, വായനശാലകൾ സംബന്ധിച്ച വിവരങ്ങൾ

Ref. AV, G.

| ലൈബ്രറികൾ | | | വായനശാലകൾ | | |
|---|---|---|---|---|---|
| പഞ്ചായത്ത വക | മററുള്ളവ | ആകെ | പഞ്ചായത്ത് വക | മററുള്ളവ | ആകെ |
| 1 | 5 | 6 | 7 | 9 | 16 |

ലൈബ്രറി, വായനശാല ആവശ്യത്തിലേക്ക് പഞ്ചായത്ത് ചെലവഴിച്ച തുക (1995-96) — 40028.30

# ഗ്രന്ഥാലയങ്ങൾ

| നമ്പ്ര് | പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | മററ് അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | പൊതുജന വായനശാല & ഗ്രന്ഥാലയം, കരിക്കൻകുളം | 1976 | .... | 2200 | 230 | 6 | പ്രഭാഷണങ്ങൾ, ചർച്ചാക്ലാസുകൾ സംഘടിപ്പിക്കാറുണ്ട് |
| 2 | മാർക്സിസ്റ്റ് സ്റ്റഡി സെൻറർ പാപ്പിനിശ്ശേരി വെസ്റ്റ് | 1991 | .... | 538 | 40 | 6 | .... |
| 3 | തായാട്ട് ശങ്കരൻ സ്മാരക വായനശാല & ഗ്രന്ഥാലയം, ധർമ്മക്കിണർ | 1990 | .... | 493 | 85 | 4 | പ്രഭാഷണങ്ങൾ, ചെറുകഥാ ശില്പശാല |
| 4 | പഞ്ചായത്ത് ഗ്രന്ഥാലയം | 1962 | ബി | 6365 | 750 | 11 | .... |
| 5 | ലേബർ സ്പോർട്സ് ക്ലബ്ബ്, വായനശാല & ഗ്രന്ഥാലയം കീച്ചേരി | 1984 | .... | 1550 | 300 | 17 | പ്രതിമാസ ചർച്ചാക്ലാസുകൾ കുട്ടികളുടെ ലൈബ്രറി, ഓണാഘോഷ പരിപാടികൾ |
| 6 | അരോളി റീഡിംഗ് റൂം & ലൈബ്രറി (ശാന്തിപ്രഭ - അരോളി) | .... | .... | 900 | പുസ്തക വിതരണം നടക്കുന്നില്ല | .... | .... |
| 7 | ബി. ടി. ആർ. വായനശാല & ഗ്രന്ഥാലയം | 1990 | .... | 500 | 60 | 3 | .... |
| 8 | എം. എം. ലൈബ്രറി | 1996 | .... | 248 | വിതരണം യതിംഖാന കുട്ടികൾക്ക് മാത്രം | .... | .... |

# പാപ്പിനിശ്ശേരിയിലെ കലാ-കായിക സമിതികൾ

1. പവർവോയ്സ്, കൊട്ടപ്പാലം
2. യൂത്ത്വിംഗ്സ്, കരിക്കൻകുളം
3. ന്യൂകേരള ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കരിക്കൻകുളം
4. റെഡ്സ്റ്റാർ സ്പോർട്സ് ക്ലബ്ബ്, കരിക്കൻകുളം
5. ന്യൂബ്രദേർസ്, കരിക്കൻകുളം
6. തരംഗ് കലാസാംസ്കാരിക കേന്ദ്രം
7. മാർക്സിസ്റ്റ് സ്റ്റഡി സെൻറർ പാപ്പിനിശ്ശേരി വെസ്റ്റ്
9. സപര്യ സാംസ്കാരിക കേന്ദ്രം, പാപ്പിനിശ്ശേരി വെസ്ററ്
10. ബ്ലൂസ്ററാർ സ്പോർട്സ് ക്ലബ്ബ്, പാപ്പിനിശ്ശേരി വെസ്ററ്
11. വോയ്സ് ഓഫ് പഴഞ്ചിറ
12. ബ്രദേർസ്, പഴഞ്ചിറ
13. പാസ്ക്, പാപ്പിനിശ്ശേരി വെസ്റ്റ്
14. നാഷണൽ സ്പോർട്സ് ക്ലബ്ബ്
15. സർഗ്ഗവേദി, പാപ്പിനിശ്ശേരി വെസ്റ്റ്
16. വി. ഹെൽപ് ടീം, ,,
17. റെഡ്സ്റ്റാർ, റെയിൽവെ ഗേററ്
18. റോവേർസ് സ്പോർട്സ് ക്ലബ്ബ്, പാപ്പിനിശ്ശേരി വെസ്റ്റ്
19. ജെട്ടി ബ്രദർസ്, ബോട്ടുജെട്ടി
20. താരാ തീയറേറർസ്, ഹാജീറോഡ്
21. റെഡ്സ്ററാർ, ചുങ്കം
22. ഐക്യകേരള കലാനിലയം
23. മേജർ യൂത്ത്ക്ലബ്ബ്, പാപ്പിനിശ്ശേരി
24. യുവതരംഗ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പഴഞ്ചിറ
25. കണ്ടം ബ്രദേർസ്, മൈതാനി
26. Y. M. C., പമ്പാല
27. റെഡ്സ്റ്റാർ, A. K. G സെൻറർ
28. റെഡ്സ്റ്റാർ, ഈന്തോട്
29. ഗ്രാമീണ കലാസമിതി
30. ലേബർ സ്പോർട്സ് ക്ലബ്ബ്, കീച്ചേരി
31. ബി. ടി. ആർ. സ്മാരക
32. സർഗം കലാവേദി
34. കോറണേഷൻ ക്രിക്കററ് ക്ലബ്ബ്, കീച്ചേരി
35. യുവജന കലാസമിതി
36. ഐക്കൺ ആർട്സ് & സ്പോർട്സ് ക്ലബ്ബ്
37. ശാന്തിപ്രഭ, അരോളി
58. സ്വരാജ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്
39. അനുപമ മാതൃഭൂമി സ്റ്റഡിസെൻറർ
40. ഇസ്ലാമിക കൾച്ചറൽ സെൻറർ
41. കവിതാ ആർട്സ് & സ്പോർട്സ് ക്ലബ്ബ്

# പഞ്ചായത്തിലെ ആരാധനാലയങ്ങൾ

| വാർഡ് | ഹിന്ദു ആരാധനാലയം | മുസ്ലീം ആരാധനാലയം | ക്രിസ്ത്യൻ ആരാധനാലയങ്ങൾ |
|---|---|---|---|
| 1 | 1. പാട്ടേത്ത് പുതിയഭഗവതിക്ഷേത്രം<br>2. അഞ്ചിരിയൻ കോട്ടം<br>3. മഠത്തിൽ കോവിൽ | 1. ബദർ പള്ളി | |
| 2 | 4. വേട്ടക്കൊരുമകൻ കോട്ടം<br>5. പാപ്പിനിശ്ശേരി ശിവക്ഷേത്രം<br>6. നാഗകന്യകത്തറ<br>7. കേളുപണിക്കരുടെ വീട്ടുമുററത്തെ ക്ഷേത്രം<br>8. ശിവപ്പെരുവണ്ണാന്റെ വീട്ടുമുററത്തെ ക്ഷേത്രം | | |
| 3 | 9. പറത്തിവളപ്പ് മാപ്പുര മുത്തപ്പൻ ക്ഷേത്രം<br>10. പഴഞ്ചിറ മുത്തപ്പൻ ക്ഷേത്രം | | |
| 4 | 11. റെയിൽവെ മുത്തപ്പൻ ക്ഷേത്രം<br>12. ചുങ്കം മുത്തപ്പൻ ക്ഷേത്രം<br>13. വെള്ളക്കുടിയൻ രാഘവന്റെ വക പൊട്ടൻ ഗുളികൻ ക്ഷേത്രം | 2. ബിലാൻ പള്ളി<br>3. കാട്ടിലെ പള്ളി<br>4. ഹൈദ്രോസ് പള്ളി<br>5. ചുങ്കത്തെ പള്ളി<br>6. തെക്കൻമാരുടെ പള്ളി | |
| 5 | 14. ചക്കിയ വിഭാഗത്തിന്റെ വിളക്കുംതറ ക്ഷേത്രം | | |
| 6 | 15. വടുവത്തിരിയൻ ഗോപാലന്റെ വീട്ടിലെ ചിറക്കുററി പൊട്ടൻ<br>16. തെക്കൻ കുമാരന്റെ വീട്ടിലെ തെക്കുഭാഗത്ത് തറ | 7. പഴഞ്ചിറ ജുമാ-അത്ത് പള്ളി | അമലോത്ഭവ പള്ളി വേളാപുരം |

| വാർഡ് | ഹിന്ദു ആരാധനാലയം | മുസ്ലീം ആരാധനാലയം | ക്രിസ്ത്യൻ ആരാധനാലയം |
|---|---|---|---|
| 7 | 17. മോറോന്നുമ്മൽ പൊട്ടൻതറ<br>18. ചാണോക്കുണ്ട് കോട്ടം<br>19. തുരുത്തി മുണ്ടയാട്ട് കോട്ടം | 8. കല്ലെക്കൽ മുസ്ലീം പള്ളി | |
| 8 | 20. പാലോട്ട് കാവ്<br>21. കീച്ചേരിക്കാവ്<br>22. കീച്ചേരി സ്വാമിക്കോവിൽ<br>23. മേപ്പേരി മുത്തപ്പൻ ക്ഷേത്രം<br>24. പറമ്പിലെ കോട്ടം<br>25. വടേശ്വരം അമ്പലം<br>26. പുലക്കറവയൽ നമ്പിപ്പറമ്പിലെ പൊട്ടൻതെയ്യം<br>27. കൊവ്വപുറം മലയകുടുംബം വക പൊട്ടൻ തെയ്യം | 9. മുസ്ലീം പള്ളി, കീച്ചേരി | സി. എസ്. ഐ. ചർച്ച് ചുങ്കം |
| 9 | 28. തട്ടാൻകോട്ടം അരയാല<br>29. മീനാക്ഷി ക്ഷേത്രം അരയാല<br>30. ചിറ്റോത്തടം ക്ഷേത്രം | 10. ജുമാ-അത്ത് പള്ളി മാങ്കടവ്<br>11. കുന്നുംപുറം മൊഹയ്ദ്ദീൻ പള്ളി<br>12. പാങ്കുളം [illegible]ബുലി പള്ളി<br>13. കല്ലൂരി പുതിയ പള്ളി<br>14. ചാലിൽ ജുമാ-അത്ത് പള്ളി<br>15. മാങ്കടവ് മന്ന ക്വാം<br>16. മാങ്കടവ് മന്ന ജാറം | |
| 10 | 31. നാടാച്ചേരി കാവ്<br>32. കല്ലൂരി കാവ്<br>33. കൊഴക്കാട്ടെ പരവ ക്ഷേത്രം<br>34. പെരുമ്പുഴയച്ചൻ കോട്ടം<br>35. പാറക്കൽ സ്രാസി ശിവക്ഷേത്രം<br>36. കൊഴക്കാട്ടെ ശിവക്ഷേത്രം<br>37. പയ്യൻകോട്ടം<br>38. മേച്ചിറക്കോട്ടം | 17. പാറക്കൽ പള്ളി | |
| 11 | 39. ശ്രീ മുണ്ടയാട് ഭഗവതിക്ഷേത്രം | 18. ഖിളർ മന്ന പള്ളി<br>19. ജുമാ-അത്ത് പള്ളി പാപ്പിനിശ്ശേരി<br>20. റിഫായി പള്ളി | |
| 12 | | 21. നൂർ മസ്ജിദ്<br>22. റഹ്മത്ത് പള്ളി<br>23. അറത്തിൽ ജുമാ-അത്ത് പള്ളി | |

# വനിതാ ക്ഷേമം

ആറോൺ കമ്പനി സമര കാലത്തുതന്നെ സ്ത്രീശക്തി തെളിയിച്ചു കാണിച്ചവരാണ് പാപ്പിനിശ്ശേരിയിലെ സ്ത്രീകൾ. ഇല്ലായ്മയ്ക്കും വല്ലായ്മയ്ക്കും ഇടയിൽ, സാമൂഹ്യ അനാചാരങ്ങൾക്കുള്ളിൽ വിദ്യാഭ്യാസത്തിലും, ആരോഗ്യ കാര്യങ്ങളിലും എന്നുവേണ്ട മിക്കവാറും എല്ലാ കാര്യങ്ങളിലും എന്നും പിറകിൽ തന്നെയായിരുന്നു നമ്മുടെ സ്ത്രീകൾ. വയലേലകൾ സമൃദ്ധമായിരുന്ന കാലത്ത് കാർഷികവൃത്തി സ്ത്രീയുടെ കുത്തകയായിരുന്നു. കാലക്രമേണ, ഇന്നത്തെ പരിഷ്കൃത സമൂഹത്തിന്റെ പരിച്ഛേദം എന്നോണം പ്രത്യക്ഷത്തിൽ ഇവിടത്തെസ്ത്രീകളും വളർന്നിരിക്കുന്നു. എന്നാൽ അടിയൊഴിക്കു പരിശോധിച്ചാൽ സ്ത്രീകളെ സംബന്ധിക്കുന്ന നീറുന്ന പ്രശ്നങ്ങൾ ഒരുപാടു കാണാം.

പാപ്പിനിശ്ശേരിയിലെ മൊത്തം ജനസംഖ്യ 30754 ആണ്. 15186 പുരുഷന്മാരും 15568 സ്ത്രീകളും അതായത് 50%ലധികം സ്ത്രീകളാണെന്നർത്ഥം. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പഞ്ചായത്തിൽ സ്ത്രീ പുരുഷ വിത്യാസം ഇല്ല. ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ സ്ക്കൂളിൽ പോകുന്നത് കുറവാണ്. പഞ്ചായത്തിലെ 6098 വിദ്യാർത്ഥികളിൽ 2921 പേർ പെൺകുട്ടികളാണ്. സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം പൊതുവെ കുറവായി കാണുന്നു. വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്കും വനിതാ ജീവനക്കാർക്കുമുള്ള പ്രാഥമിക സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്. അടുത്ത കാലത്ത് മദർ പി.ടി.എ രൂപീകരിക്കപ്പെട്ടതോടുകൂടി അമ്മമാർ മക്കളുടെ വിദ്യാഭ്യാസ കാര്യത്തിൽ അല്പം താല്പര്യമെടുക്കുന്നതായി കാണുന്നുണ്ട്. പഠിക്കുന്നത് മിക്കവാറും പെൺകുട്ടികൾക്ക് ഒരു 'ഫാഷൻ' ആയി മാറിയിട്ടുണ്ട്. കല്ല്യാണം വരെ വെറുതെയിരിക്കുന്നതിനു പകരമായിട്ടുള്ള ഒരു സംവിധാനമായിട്ടായോ ഇത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഗൗരവതരമായ ചർച്ചക്ക് വിധേയമാകേണ്ട ഒരു കാര്യമാണിത്.

സാക്ഷരതാ പരിപാടിയുടെ ഫലമായി പഠിക്കാൻ അവസരം നഷ്ടപ്പെട്ടുപോയ പഞ്ചായത്തിലെ ധാരാളം സ്ത്രീകൾക്ക് അക്ഷരജ്ഞാനം കിട്ടിയിരുന്നു. യുവതികൾ ധാരാളമായി അതിന്റെ നടത്തിപ്പിൽ പങ്കാളികളായിട്ടുണ്ട്. തുടർപരിപാടിയുടെ അഭാവം വീണ്ടും നിരക്ഷരതയിലേക്കു തള്ളിവിടുന്ന സ്ഥിതി ഉണ്ടാക്കിയിരിക്കുകയാണ്.

സാധാരണയായി സ്ത്രീകൾക്കുണ്ടാകുന്ന രോഗങ്ങളല്ലാതെ അസാധാരണമായ ആരോഗ്യ പ്രശ്നങ്ങളൊന്നും പഞ്ചായത്തിലില്ല എന്ന് ആശുപത്രി കണക്കുകൾ വ്യക്തമാക്കുന്നു. ആശുപത്രികളിൽ എത്തുന്ന രോഗികളിൽ പകുതിയോളം സ്ത്രീകളാണ്. പഞ്ചായത്തിൽ ആകെ ഒരു ഹെൽത്ത് സെൻററാണുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകമായിട്ട് അവിടെ യാതൊരു സൗകര്യങ്ങളും ഇല്ല. ഉള്ള സൗകര്യങ്ങൾ തന്നെ തീർത്തും അപര്യാപ്തമാണ്.

വിദ്യാലയങ്ങളിൽ ഒഴിച്ച് വിവിധ മേഖലകളിൽ സ്ത്രീയുടെ പങ്കാളിത്തം കുറഞ്ഞുവരികയാണ്. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന 216 അദ്ധ്യാപകരിൽ 142 പേർ വനിതകളാണ്. തൊഴിലവസരങ്ങളുടെ കുറവ് ഇതിന് പൊതുവായ ഒരു കാരണമാണ്. കാർഷികമേഖലയിൽ സ്ത്രീ പങ്കാളിത്തം ഇപ്പോൾ വളരെ കുറവാണ് കൃഷിഭൂമി കുറഞ്ഞ് തൊഴിൽ ദിനങ്ങൾ ഇല്ലാതായതിന്റെ ഫലമായിട്ടാണിത്. പരമ്പരാഗതവ്യവസായരംഗത്തും പങ്കാളിത്തത്തിന് ഇടിവുണ്ടായിട്ടുണ്ട്. വ്യവസായത്തകർച്ചയും, ആ മേഖലയിലെ യന്ത്രവൽക്കരണവും ഒക്കെ ഇതിന് കാരണമായിട്ടുണ്ട്. നമ്മുടെ സമൂഹത്തിന്റെ പൊതുവായ ഒരു പ്രശ്നമാണല്ലോ രൂക്ഷമായ തൊഴിലില്ലായ്മ. അതിന്റെ ഭാഗമായിട്ടുതന്നെ തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണവും കുറഞ്ഞുവരികയാണ്.

സ്ഥിരം തൊഴിലില്ലാത്ത വീട്ടമ്മമാർ വരുമാനമുണ്ടാക്കുന്ന മററു ജോലികളിലേർപ്പെടുന്ന പതിവ് കുറവു തന്നെ. അപൂർവ്വം ചിലർ പച്ചക്കറികൃഷി നടത്തിയും ആടുമാടുകളെ വളർത്തിയും വിറക് ശേഖരിച്ചുമൊക്കെ വരുമാനത്തിന് സഹായിക്കുന്നതായി കാണുന്നുണ്ട്. എന്നാൽ ഭൂരിഭാഗവും മാധ്യമങ്ങൾക്കുമുന്നിൽ ചടഞ്ഞുകൂടി സമയം പാഴാക്കുന്ന ഒരു സ്ഥിതിയാണുള്ളത്.

ഇന്ന് പ്രധാനമായും ചുമടെടുപ്പിലും നിർമ്മാണ മേഖലയിലുമാണ് അധികം സ്ത്രീകളും നിലയുറപ്പിച്ചിരിക്കുന്നത്. കൈത്തറി നെയ്ത്തിലും

സ്ത്രീകൾ കടന്നു കയറാൻ തുടങ്ങിയിട്ടുണ്ട്. കൈത്തറി വ്യവസായത്തിലെ നല്ലിചുററൽ സ്ത്രീകളുടെ കുത്തക തൊഴിലാണ്. കൂലിയിൽ സ്ത്രീ പുരുഷാന്തരം വ്യക്തമായി കാണപ്പെടുന്നു. ഒരേ തൊഴിലിന് വ്യത്യസ്ത കൂലിനിരക്ക്,സ്ത്രീ എന്ന നിലയിലുള്ള വിവേചനം തന്നെയാണ് കാണിക്കുന്നത്. ചില സ്ഥാപന ഉടമകൾ സ്ത്രീകളെ തൊഴിലിനെടുക്കാൻ മടികാണിക്കുന്ന അവസ്ഥയും ഉണ്ട്.

സ്ത്രീകളുടെ നിയന്ത്രണത്തിൽ പുലരുന്ന ഒട്ടേറെ കുടുംബങ്ങൾ പാപ്പിനിശ്ശേരിയിൽ ഉണ്ട്. അർഹരായ സ്ത്രീകൾക്ക് കർഷകത്തൊഴിലാളി പെൻഷൻ, വിധവാപെൻഷൻ എന്നീ സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നു.

പഞ്ചായത്തിൽ 9 അംഗൻവാടികളുണ്ട്. ഇവയുടെ പരിധിയിൽ വരുന്ന മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരം വിതരണം ചെയ്യപ്പെടുന്നുണ്ട്. അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമാണ്.അവ അവയുടെ പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് പരമാവധി സേവനം നല്കുന്നുണ്ട്. സ്വന്തമായി കെട്ടിടങ്ങളില്ലാത്ത അംഗൻവാടികൾ ഉണ്ട്. അംഗൻവാടികളുടെയും അവയിലെ ജീവനക്കാരുടെയും പ്രശ്നങ്ങൾ അടിയന്തര ശ്രദ്ധയോടെ പരിഹരിക്കാൻ കഴിഞ്ഞാൽ ഈ സ്ഥാപനങ്ങളെ സമൂഹത്തിൻെറ ശ്രദ്ധാകേന്ദ്രങ്ങളാക്കിത്തന്നെ മാററാൻ കഴിഞ്ഞേക്കും.

DWCRA യൂനിററുകളുടെ പ്രവർത്തനം പഞ്ചായത്തിൽ ഫലപ്രദമായിട്ടില്ല. അംഗൻവാടികളിലെ മഹിളാസമാജങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല.

പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. ബഹുജന സംഘടനകളിലൊന്നും തന്നെ വനിതകൾക്ക് നേതൃത്വം ഇല്ല. വനിതകളുടേതുമാത്രമായ സംഘടനകൾ നിലവിലുണ്ട്. പൊതുരംഗത്തേക്കുവരാൻ സ്ത്രീകൾക്ക് പൊതുവെ വൈമുഖ്യം കാണപ്പെടുന്നത്, വ്യക്തമായ കാഴ്ചപ്പാടിലൂടെ അവരെ സംഘടിപ്പിച്ചുകൊണ്ടുള്ള ബോധവൽക്കരണത്തിൻെറ അഭാവം കൊണ്ടാണെന്നുകാണാം.സാമൂഹ്യരാഷ്ട്രീയ സംഘടനകൾ സ്ത്രീകളുടെ എണ്ണത്തിനാനുപാതികമായി അവർക്ക് പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിൽ താൽപര്യം എടുക്കുന്നുമില്ല.

സാർവത്രികമായി സ്ത്രീധനം വാങ്ങുകയും കൊടുക്കുകയും ചെയ്യുന്ന ഏർപ്പാട് പഞ്ചായത്തിലില്ലെങ്കിലും ചില സാമുദായങ്ങളുടെയിടയിൽ സ്ത്രീധനസമ്പ്രദായം നടപ്പിലുണ്ട്. അതിനോടനുബന്ധിച്ചുള്ള സ്ത്രീപീഡനം ഇല്ല എന്നു പറയാം സ്ത്രീകളോടുള്ള അക്രമവും ഇല്ല. സ്ത്രീകളെ അശ്ളീലമായി ചിത്രീകരിക്കുന്ന സിനിമാപോസ്റ്ററുകൾ ഉണ്ടാവാറുണ്ട്. ചില വാർഡുകളിൽ യുവാക്കൾ സംഘടിച്ച് അവ നശിപ്പിച്ചുകളയുന്ന പതിവും ഉണ്ട്.

മദ്യപാനം മൂലം ദുരിതമനുഭവിക്കുന്നവർ അപൂർവ്വം ചിലരുണ്ട്. ചാരായനിരോധനം വേണ്ടതുതന്നെ. എന്നാൽ വ്യാജമദ്യത്തിൻെറ ഒഴുക്ക് കർശനമായി തടഞ്ഞുകൊണ്ട് എല്ലാ അർത്ഥത്തിലുമുള്ള മദ്യനിരോധനം നടപ്പാക്കണം.

## പ്രശ്നങ്ങൾ

1. പ്രാഥമികാരോഗ്യകേന്ദ്രത്തിലെ സൗകര്യങ്ങളുടെ അപര്യാപ്തത സ്ത്രീകൾക്കും കുട്ടികൾക്കും ഏററവുമധികം ദുരിതമുണ്ടാക്കുന്നു.
2. സ്ത്രീകളുടെ തൊഴിലില്ലായ്മ, കൂലിയിലുള്ള വിവേചനം,
3. കാർഷികമേഖലയിലെ സ്ത്രീപങ്കാളിത്തത്തിൻെറ കുറവ്.
4. വിവിധ സർക്കാർ സാമ്പത്തിക സഹായങ്ങൾ അർഹരായിരുന്നിട്ടും ധാരാളം പേർക്ക് കിട്ടാത്ത അവസ്ഥ.
5. അംഗൻ വാടികളുടെയും അവയിലെ ജീവനക്കാരുടെയും പ്രശ്നങ്ങൾ.
6. സ്ത്രീകൾക്കായുള്ള ക്ഷേമപദ്ധതികളുടെ അഭാവം.
7. പൊതുരംഗത്തേക്ക് വരുന്നതിലെ വൈമുഖ്യം
8. സ്ത്രീകൾക്കിടയിലെ ദാരിദ്ര്യം
9. സ്ത്രീകളിലെ വിദ്യാഭ്യാസനിലവാരക്കുറവ്

## സാദ്ധ്യതകൾ

ആരോഗ്യകേന്ദ്രത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തൽ.

സന്നദ്ധരായ സ്ത്രീകളെ ഉൾപ്പെടുത്തിക്കൊണ്ട് പച്ചക്കറികൃഷി, ഔഷധസസ്യകൃഷി ഉദ്യാനകൃഷി, പാലുല്പന്നങ്ങളുടെ ഉല്പാദന വിതരണം തുടങ്ങിയ കാർഷിക പദ്ധതികൾ നടപ്പിലാക്കുക.

ചെറുകിട പരമ്പരാഗത വ്യവസായ മേഖലകളിൽ സ്ത്രീകൾക്ക് മാത്രമായിട്ടുള്ള തൊഴിൽ സംരംഭങ്ങൾക്ക് രൂപം കൊടുത്ത് നടപ്പിലാക്കുക.

സർക്കാറിന്റെ സാമ്പത്തിക സഹായങ്ങൾ അർഹരായവർക്കു മുഴുവനും ഉറപ്പാക്കുക.

അംഗൻവാടികളുടെയും അവയിലെ ജീവനക്കാരുടെയും സ്ഥിതി മെച്ചപ്പെടുത്തുക.

സ്ത്രീകൾക്കായുള്ള ക്ഷേമ പദ്ധതികളും ദാരിദ്ര്യനിർമാർജന പരിപാടികളും പഞ്ചായത്തിൽ ഫലപ്രദമായി നടപ്പിലാക്കുക.

പ്രശ്നങ്ങളെക്കുറിച്ച് സ്ത്രീകളെ ബോധവതികളാക്കുന്നതിനായി വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടു കൊണ്ട് വാർഡ് തലത്തിലോ പഞ്ചായത്തടിസ്ഥാനത്തിലോ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

കാർഷികവ്യവസായ മേഖലകളിലെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പഞ്ചായത്തിൽ മാർക്കററംഗ് സമ്പ്രദായം ഏർപ്പെടുത്തിക.

# സഹകരണം

പാപ്പിനിശ്ശേരിയുടെ വ്യാവസായിക ചരിത്രത്തിലെന്നപോലെ തന്നെ സഹകരണപ്രസ്ഥാനത്തിന്റെ ചരിത്രത്തിലും ആറോൺ കമ്പനിക്ക് സുപ്രധാന സ്ഥാനമാണുള്ളത്. പാപ്പിനിശ്ശേരിയിലെ ആദ്യത്തെ സഹകരണ സംഘമായ ആറോൺമിൽ എംപ്ലോയീസ് കോ-ഓപ് സ്റ്റോർ 1942ൽ നിലവിൽ വന്നു. സുമിത്രൻ ആറോൺ ആയിരുന്നു സംഘത്തിന്റെ പ്രസിഡണ്ട്. ആറോൺ കമ്പനിയിലെ തൊഴിലാളികൾ മാത്രം അംഗങ്ങളായിരുന്ന പ്രസ്തുത സഹകരണ സംഘത്തിന്റെ പ്രവർത്തനം പരിമിതമായിരുന്നു. രണ്ടാം ലോക മഹായുദ്ധത്തെ തുടർന്ന് ക്ഷാമവും പൂഴ്തിവെപ്പും വ്യാപകമായപ്പോൾ ജനങ്ങൾ മുൻകൈയ്യെടുത്ത് പ്രൊക്യൂർമെന്റ് & കൺസ്യൂമേർസ് കോ-ഓപ്പ് സൊസൈററികൾ (PCC സൊസൈററി) രൂപീകരിച്ച് ദുരിതത്തിന് അറുതി വരുത്താൻ ശ്രമിച്ചു. പൂഴ്ത്തിവെപ്പിനെതിരെ ഒരുഭാഗത്ത് കർഷകരും ഇതര ജനവിഭാഗങ്ങളും ചെറുത്ത് നിൽപ്പ് സമരം നടത്തിയപ്പോൾ മറുഭാഗത്ത് പി.സി.സി സൊസൈററികൾ വഴി റേഷൻ സാധനങ്ങൾ സംഭരിക്കുകയും വിതരണം നടത്തുകയുമായിരുന്നു. പാപ്പിനിശ്ശേരി, കല്ല്യാശ്ശേരി, മോറാഴ, ആന്തൂർ പ്രദേശങ്ങൾ ഉൾപ്പെടുത്തി 1947ൽ രൂപീകരിച്ച പി.സി.സി സൊസൈററിയുടെ ആസ്ഥാനം പാപ്പിനിശ്ശേരിയായിരുന്നു. ഈ സ്ഥാപനമാണ് പിന്നീട് പാപ്പിനിശ്ശേരി കോ - ഓപ് റൂറൽ ബേങ്കായി മാറിയത്.

പാപ്പിനിശ്ശേരി വില്ലേജ് പ്രവർത്തന പരിധിയായി രൂപീകരിച്ച ആദ്യസംഘം ഐക്യനാണയ സംഘമാണ്. 1956ൽ രൂപീകരിച്ച ഈ സൊസൈററിയുടെ ആദ്യ പ്രസിഡണ്ട് ശ്രീ. കെ. വി. ഗോപാലനും സെക്രട്ടറി എലിയൻ കണ്ണനുമായിരുന്നു. ഈ സംഘമാണ് പിന്നീട് 1962 ൽ പാപ്പിനിശ്ശേരി സർവ്വീസ് സഹകരണബേങ്കായി മാറിയത്. 1957 ലെ ഇ.എം.എസ് മന്ത്രിസഭയുടെ കാലത്ത് നടപ്പാക്കിയ ഹരിജനോദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി പാപ്പിനിശ്ശേരിയിൽ ഹരിജനങ്ങളുടെ ഒരു സഹകരണസംഘം നിലവിൽ വന്നു. 1958ൽ ആദിദ്രാവിഡ ഐക്യനാണയ സംഘം എന്ന പേരിൽ രൂപം കൊണ്ട പ്രസ്തുത സംഘം ഇന്ന് പാപ്പിനിശ്ശേരി പട്ടികജാതി സർവ്വീസ് സഹകരണ സംഘം എന്ന പേരിൽ ചുങ്കത്തിനടുത്ത് പ്രവർത്തിച്ചു വരുന്നു.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 20 സഹകരണസംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട് ഇവയിൽ 4 സംഘങ്ങൾ ക്രഡിററ് സംഘങ്ങളാണ്. ശേഷിക്കുന്നത് വായ്പേതര സംഘങ്ങളും. വായ്പേതര സംഘങ്ങളിൽ 9 എണ്ണം വ്യവസായ സംഘങ്ങളും 2 എംപ്ലോയീസ് സഹകരണസംഘങ്ങളും 3 സ്ക്കൂൾ കോ-ഓപ് സ്റ്റോറുകളുമാണ്. ക്ഷീരവ്യവസായം, കൺസ്യൂമർ സഹകരണസംഘം എന്നിവ ഓരോന്ന് വീതമുണ്ട്. ഇതിന് പുറമേ അടുത്ത കാലം വരെ പ്രവർത്തിച്ചു വന്നതും ഇപ്പോൾ പ്രവർത്തനം നിലച്ചതുമായ 7 സംഘങ്ങളുണ്ട്. പാപ്പിനിശ്ശേരി കേന്ദ്രമായി റജിസ്ററർ ചെയ്തചില സംഘങ്ങൾ പ്രവർത്തനം ആരംഭിക്കാതെയും ഉണ്ട്.

## വായ്പാ സംഘങ്ങൾ-

വായ്പാ സംഘങ്ങളിൽ പാപ്പിനിശ്ശേര സർവ്വീസ് ബേങ്ക്, പാപ്പിനിശ്ശേരി റൂറൽ ബേങ്കിന്റെ ശാഖകൾ എന്നിവ കാർഷികവായ്പാസംഘവും വനിതാ സഹകരണസംഘം പട്ടികജാതി സർവ്വീസ് സഹകരണസംഘം എന്നിവ കാർഷികേതര സംഘങ്ങളുമാണ്. കാർഷിക വായ്പാ സംഘങ്ങൾ പൊതുവെ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെക്കുന്നുണ്ടെങ്കിലും കർഷകർക്കാവശ്യമായ വായ്പകൾ വിതരണം ചെയ്യുന്നതിന് വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല.

പാപ്പിനിശ്ശേരിയിൽ വിതരണം ചെയ്ത വായ്പയുടെ ഒരു ശതമാനത്തിൽ താഴെ മാത്രമാണ് കൃഷിക്കായി വിതരണം ചെയ്തതായി കാണുന്നത്. നിക്ഷേപങ്ങൾ സമാഹരിക്കുന്നതിലും അതിനാനുപാതികമായി വായ്പകൾ വിതരണം ചെയ്യുന്നതിലും ഈ സംഘങ്ങൾക്ക് മുന്നോട്ട് പോകാൻ സാധിച്ചിട്ടുണ്ട്. സ്വന്തം ഫണ്ട് ഉപയോഗിച്ച് വ്യക്തിഗത വായ്പകളുംമററ് വായ്പകളും ഈ സംഘങ്ങൾ വിതരണം ചെയ്തു വരുന്നുണ്ട്.

വായ്പകളുടെ തിരിച്ചടവിൽ കാണുന്നകുറവ് വായ്പാസംഘങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. 2 വായ്പാ സഹകരണ സംഘങ്ങളിൽ മാത്രം ഒരു വർഷ അവധി കഴിഞ്ഞുനിൽക്കുന്ന കട സംഖ്യ 20,40,639 രൂപയാണ് [സ്ഥാപനങ്ങൾ നൽകിയ കണക്കിൽ നിന്ന്]. പൊതുവിതരണ കേന്ദ്രം, കൺസ്യൂമർ സ്റേറാർ രാസവളംവില്പന ഡിപ്പോ എന്നിവ സർവ്വീസ് ബേങ്ക് ഏറെറടുത്ത് നടത്തിവരുന്ന പദ്ധതികളാണ്. വായ്പാസംഘങ്ങൾ എല്ലാം തന്നെ ലാഭകരമായി നടത്തുന്നവയാണ്. പ്രവർത്തനമേഖല കൂടുതൽ വിശാലമാക്കുകയും വായ്പാനടപടി ക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്താൽ ഇനിയും ഏറെ മുന്നേറുവാൻ ഈ സംഘങ്ങൾക്ക് സാധിക്കും.

## വായ്പേതരസംഘങ്ങൾ

പഞ്ചായത്തിലെ വായ്പേതരസംഘങ്ങളിൽ ഭൂരിഭാഗവും വ്യവസായ സഹകരണ സംഘങ്ങളാണ്. പവർലൂം (1) കൈത്തറി വ്യവസായം [2] കയർവ്യവസായം (1) ടൈൽസ് [1] വനിതാവ്യവസായം (1) പ്രിൻറിംഗ് പ്രസ്സ് (1) മെററൽവ്യവസായം [1] ദിനേശ് ബീഡി (2 യൂനിററ്) എന്നിവയാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യവസായസംഘങ്ങൾ പട്ടികജാതി ഗ്രാമവ്യവസായസംഘം ബ്ലാക്ക് സ്മിത്തി & കാർപ്പെൻററി വർക്കേർസ് സൊസൈററി എന്നിവ അടുത്ത കാലത്തായി പ്രവർത്തനം നിലച്ചസഹകരണ സംഘങ്ങളാണ്.

കൈത്തറിവ്യവസായം പൊതുവെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. വിപുലീകരണത്തിന് ഇനിയും ഏറെ സാധ്യതയുള്ളതാണ് പാപ്പിനിശ്ശേരിയിലെ കൈത്തറി വ്യവസായ സംഘങ്ങൾ. ഇടത്തട്ടുകാരുടെ രംഗപ്രവേശം ഈ മേഖലയിലെ ലാഭം കുറക്കുന്നതിന് കാരണമാകുന്നുണ്ട്. കയററുമതി ലൈസൻസ് നേടി എടുക്കുകയോ ലൈസൻസുള്ള ഇതര സംഘങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുകയോ ചെയ്താൽ ഈ മേഖലയിൽ ഇനിയും മുന്നേറാൻ സാധിക്കും.

പരമ്പരാഗത വ്യവസായരംഗത്തെ പാപ്പിനിശ്ശേരിയിലെ പ്രധാനപ്പെട്ട സംരംഭമാണ് മെററൽ വർക്കേർസ് കോട്ടേജ് ഇൻറ കോ-ഓപ്പ് സൊസൈററി. കേരളത്തിലും അയൽ സംസ്ഥാനങ്ങളിലും നല്ല വിപണിയുള്ള വിവിധതരം കത്തികൾ ഈ സംഘത്തിൻെറ ഉൽപ്പന്നമാണ് തൊഴിലാളി ക്ഷാമംകൊണ്ടും അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം കൊണ്ടും ഈ വ്യവസായം ഇന്ന് തകർച്ചയുടെ വക്കിലാണ്. വൈവിധ്യവൽക്കരണത്തിലൂടെ ഈ വ്യവസായത്തിൻെറ ഇന്നത്തെ മുരടിപ്പ് മാററിയെടുക്കാൻ കഴിയും.

10-9-80 ന് രജിസ്റ്റർ ചെയ്ത് 5-10-90 ന് ഇഷ്ടിക ഉൽപാദനം ആരംഭിച്ച ടൈൽ & സോമിൽ വ്യവസായ സംഘത്തിൻെറ പ്രവർത്തനം ഓട് വ്യവസായത്തിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുകയാണ്. ഈ സംഘത്തിൻെറ കീഴിൽ സോമിൽ വ്യവസായ യൂനിററ് കൂടി ആരംഭിച്ചാൽ ഫർണിച്ചർ നിർമ്മാണം ഉൾപ്പെടെ അനുബന്ധ യൂനിററുകളും തുടങ്ങുവാനുള്ള സാധ്യതയുണ്ട്

പാപ്പിനിശ്ശേരി വിമൻസ് മൾട്ടി കോ-ഓപ്പ് സൊസൈററിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഈ സംഘത്തിൽ നിന്നുള്ള ഉൽപാദനവും വിൽപനയും കുറഞ്ഞു വരികയാണ്. വിപണന സാധ്യതയുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുവാനും ആധുനിക ആവശ്യങ്ങൾക്കനുസരിച്ച് ഡിസൈൻ ചെയ്യാനുമുള്ള ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ സംഘം കാര്യക്ഷമമാക്കാൻ സാധിച്ചാൽ കൂടുതൽ വനിതകൾക്ക് തൊഴിൽ നൽകുവാൻ നമുക്ക് സാധിക്കും.

ക്ഷീരവ്യവസായ സഹകരണ സംഘത്തെ പാപ്പിനിശ്ശേരിയിലെ ഏക സഹകരണ സംഘമാണ് പാപ്പിനിശ്ശേരി പാൽ വിതരണ സഹകരണ സംഘം, ഈ സംഘം നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പാപ്പിനിശ്ശേരിയിലെ പാൽ ഉപഭോഗവുമായി താരതമ്യം ചെയ്യുമ്പോൾ ഈ സംഘംവഴി ശേഖരിക്കുന്ന പാലിൻെറ അളവ് തുച്ഛമാണെന്ന് കാണാം. ഈ സംഘത്തിൻെറ കീഴിൽ അടുത്ത കാലത്തായി പാൽ ഉൽപന്ന നിർമ്മാണ യൂനിററ് ആരംഭിച്ചിട്ടുണ്ട്. കന്നുകാലികളുടെ ഫാം രൂപീകരിക്കുന്നതുൾപ്പെടെ ഈ രംഗത്തെ വിപുലീകരണത്തിനുള്ള സാധ്യത പരിശോധിക്കേണ്ടിയിരിക്കുന്നു.

കൺസ്യൂമർ സഹകരണ സംഘങ്ങൾക്ക് പാപ്പിനിശ്ശേരിയിൽ നല്ല സാധ്യതകൾ ഉണ്ടെങ്കിലും അത് വിനിയോഗിക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല. മൂന്ന് കൺസ്യൂമർ സ്റ്റോർ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഒന്ന്മാത്രമാണ് പ്രവർത്തിക്കുന്നത്. ഈസംഘത്തിൻെറപ്രവർത്തനം കാര്യക്ഷമമാണെന്ന് പറയാൻ വയ്യ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഉപഭോക്ത സഹകരണ സംഘത്തിൻെറ പ്രവർത്തനം വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. കാര്യക്ഷമമായ മാനേജ്മെൻറുകളുടെ അഭാവം ചില സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുള്ളതായി

കാണുന്നു. മൂലധനത്തിന്റെ ലഭ്യതക്കുറവ്, മാർക്കററില്ലായ്മ, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് എന്നിവ വിവിധ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങളാണ്.

## പ്രശ്നങ്ങൾ

1 വായ്പാനിബന്ധനകൾഉദാരമല്ലാത്തതിനാൽ സാധാരണ ജനങ്ങൾക്ക് വായ്പകൾ ലഭിക്കുന്നതിന് പ്രയാസം ഉണ്ടാകുന്നു.

2 കാർഷിക വായ്പയെ സംബന്ധിച്ച വിവരങ്ങൾ യഥാസമയം കൃഷിക്കാർ അറിയുന്നില്ല, സീസൺ വിളകൾക്ക് യഥാസമയം വായ്പകൾ ലഭിക്കുന്നില്ല.

3 തിരിച്ചടവിന്റെ ശതമാനം കുറഞ്ഞുവരുന്നു.

4 വ്യവസായ സഹകരണ സംഘങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ വേണ്ടത്ര ലഭിക്കുന്നില്ല.

5 കാര്യക്ഷമമായ മാനേജ്മെൻറുകളുടെ അഭാവം

6 പ്രവർത്തന മൂലധനത്തിന്റെ അഭാവം.

7 ചില വ്യവസായങ്ങൾക്ക് തൊഴിലാളികളെ വേണ്ടത്ര ലഭിക്കുന്നില്ല.

8 ആധുനിക വൽക്കരണത്തിന്റെ അഭാവം

9 ഉൽപന്നങ്ങൾക്ക് വിപണി ലഭ്യമല്ലാത്ത അവസ്ഥ.

## സാധ്യതകൾ,നിർദ്ദേശങ്ങൾ

1 വായ്പാ സംഘങ്ങൾ വായ്പാ നടപടി ക്രമങ്ങൾ സാധാരണക്കാർക്ക് ഉതകുന്ന തരത്തിൽ ഉദാരമാക്കുക.

2 കർഷകരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള വായ്പാ സ്കീമുകൾ തയ്യാറാക്കി വായ്പകൾ വിതരണം ചെയ്യുക.

3 അതാത് കാലഘട്ടത്തിൽ സംഘങ്ങൾ നൽകുന്ന കാർഷിക വായ്പയെ സംബന്ധിച്ച് കൃഷിക്കാരെ അറിയിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

4 സ്വയംതൊഴിൽ, ചെറുകിടവ്യവസായങ്ങൾ തുടങ്ങിയ മേഖലകൾക്ക് വിതരണം ചെയ്യുന്നതിന് കൂടുതൽ ഫണ്ട് നീക്കിവെക്കുക.

5 കാർഷിക രംഗത്തെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് കൃഷിക്കാരുടെ സഹകരണ സംഘം രൂപീകരിക്കുക.

6 സഹകരണാടിസ്ഥാനത്തിൽ ചെമ്മീൻ കൃഷി നടത്തുന്നതിനും ചെമ്മീൻ സംസ്കരണ യൂനിററുകൾ തുടങ്ങുന്നതിനുമുള്ള സാധ്യത ഉപയോഗപ്പെടുത്തുക.

7 കാർഷിക മേഖലയിലെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് കർഷക തൊഴിലാളി സഹകരണസംഘം രൂപികരിക്കുക.

8 പാൽവിതരണ സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുക. ഇതിന്റെ ഭാഗമായി കൂടുതൽ പാൽസംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുക. കന്നുകാലികളുടെ ഫാം രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുക.

9 ഉപഭോക്തൃ സഹകരണ സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുക. പഞ്ചായത്ത് തലത്തിൽ ഒരു സൂപ്പർമാർക്കററ് സംവിധാനം ആരംഭിക്കുക.

10 സഹകരണ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകുക.

11 പാപ്പിനിശ്ശേരി മെററൽ വർക്കേഴ്സ് കോ-ഓപ് കോളേജ് ഇൻറ. സൊസൈററി വിപുലീകരിച്ച് ഗ്രിൽസ്, അലൂമിനിയം ഫാബ്രിക്കേഷൻ തുടങ്ങിയ മേഖലകളിൽ പ്രവർത്തനം വ്യാപിപ്പിക്കുക.ഈ സംഘത്തിൻ കീഴിൽ തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുക.

12 കയർ വ്യവസായ സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുക. കയർ ഉൽപന്നങ്ങളുടെ നിർമ്മാണം യന്ത്രവൽകൃത ചകിരി വ്യവസായ യൂനിററ്, ചകിരിച്ചോറ് ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങി വിപുലീകരണത്തിനുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുക.

13 സ്ക്കൂൾ കുട്ടികൾക്കാവശ്യമായ യൂനിഫോറവും സ്റേറഷനറി സാധനങ്ങളുൾപ്പെടെ മുഴുവൻ സാധനങ്ങളും സ്ക്കൂൾ സൊസൈററി വഴി വിതരണം നടത്തേണ്ടതാണ്.

14 കെട്ടിടനിർമ്മാണരംഗത്തെ വിദഗ്ദ്ധരെയും തൊഴിലാളികളെയും ഉൾപ്പെടുത്തി ലേബർ കോൺട്രാക്ട് സൊസൈററി രൂപീകരിക്കുക.

15 വിവിധ ചെറുകിട വ്യവസായ യൂനിററുകൾ ആരംഭിക്കുന്നതിനും പച്ചക്കറികൃഷി നടത്തുന്നതിനും വനിതാസംഘങ്ങൾ രൂപീകരിക്കുക

16 പവർലൂം വ്യവസായ സംഘത്തിൻെറ പ്രവർത്തനം നവീകരിക്കുക.

17 പഞ്ചായത്തിൽ റജിസ്ററർ ചെയ്യപ്പെട്ടതും പ്രവർത്തിക്കാത്തതുമായ സംഘങ്ങളുടെ സാധ്യതകൾ പരിശോധിച്ച് പ്രവർത്തനം ആരംഭിക്കുക.

## വായ്പാ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ / തൊഴിലാളികളുടെഎണ്ണം | ഓഹരി മൂലധനം | ടേൺ ഓവർ | ലാഭം/നഷ്ടം |
|---|---|---|---|---|---|---|---|
| 1 | പാപ്പിനിശ്ശേരി സർവ്വീസ് സഹകരണബേങ്ക് | 1956 | 14916 | 17 | 1758946 | 10 കോടി | ലാഭം |
| 2 | പാപ്പിനിശ്ശേരി കോ.ഓപ്പറേററീവ് റൂറൽ ബേങ്ക് (രണ്ട് ശാഖകൾ) | 1947 | 18450 | | 4386094 | — | ലാഭം |
| 3 | പാപ്പിനിശ്ശേരി പട്ടികജാതി സർവ്വീസ് സഹകരണബേങ്ക് | 1958 | 1238 | 6 | 58746 | 3 ലക്ഷം | നഷ്ടം |
| 4 | പാപ്പിനിശ്ശേരി വനിതാസഹകരണ സംഘം | 1992 | 613 | 16 | 77550 | 40 ലക്ഷം | ലാഭം |

## വായ്പേതര സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ/ തൊഴിലാളികളുടെഎണ്ണം | ഓഹരിമൂലധനം | ടേൺഓവർ | ലാഭം/നഷ്ടം |
|---|---|---|---|---|---|---|---|
| 1 | പാപ്പിനിശ്ശേരി വീവേഴ്സ് ഇൻറ. (വർക്ക്ഷോപ്പ്) കോ.ഓപ്പ് സൊസൈററി | 1972 | 257 | 204 | 15 ലക്ഷം | 1.35കോടി | ലാഭം |
| 2 | കൈരളി ഹരിജൻ വീവേഴ്സ് ഇൻറ.സൊസൈററി കീച്ചേരി | 1984 | 133 | 40 | 152925 | 18ലക്ഷം | ലാഭം |
| 3 | പാപ്പിനിശ്ശേരി പവർലൂംവീവേഴ്സ് ഇൻറ. കോ-ഓപ്പ് സൊസൈററി | 1973 | 100 | 27 | 323979 | 8 ലക്ഷം | നഷ്ടം |
| 4 | പാപ്പിനിശ്ശേരി മെററൽ വർക്കേർസ് കോ-ഓപ്പ് കോട്ടേജ് ഇൻറ. സൊസൈററി | 1958 | 58 | 5 | 65657 | 150000 | ലാഭം |
| 5 | പാപ്പിനിശ്ശേരി ടൈൽ ആൻറ് സോമിൽ വർക്കേഴ്സ് ഇൻറ.കോ-ഓപ്പ് സൊസൈററി | 1980 | 710 | 76 | 1303000 | 41,16059/ | നഷ്ടം |
| 6 | പാപ്പിനിശ്ശേരി ഹരിജൻ പ്രിൻറിങ്ങ് ഇൻറ കോ-ഓപ്പ് സൊസൈററി | 1986 | 30 | 5 | 30000 | 150000 | ലാഭം |
| 7 | പാപ്പിനിശ്ശേരി-ഇരിണാവ് കയർ വ്യവസായ സഹകരണ സംഘം | 1961 | 437 | 45 | 347100 | | ലാഭം |
| 8 | പാപ്പിനിശ്ശേരി വിമൻ മരട്ടി ഇൻറ. കോ-ഓപ്പ് സൊസൈററി | 1981 | 63 | 6 | 30165 | 1 ലക്ഷം | ലാഭം |
| 9 | പാപ്പിനിശ്ശേരി പാൽ വിതരണ സഹകരണ സംഘം | 1968 | 431 | 13 | 8370 | 3ലക്ഷം | ലാഭം |
| 10 | പാപ്പിനിശ്ശേരി കോ-ഓപ്പ് സ്റേറാർ | 1962 | 1443 | 7 | 93875 | 2ലക്ഷം | ലാഭം |
| 11 | വെസ്റേറൺ ഇന്ത്യാ കോട്ടൻസ് എംപ്ലോയീസ് കൺസ്യൂമർ സ്റേറാർ | 1964 | 531 | 3 | 7800 | 12ലക്ഷം | ലാഭം |
| 12 | പാപ്പിനിശ്ശേരി വീവേഴ്സ് കോ-ഓപ്പ് സൊസൈററി—എമ്പ്ലോയീസ് കോ-ഓപ്പ് സൊസൈററി | 1988 | 185 | | 5930 | 30000 | ലാഭം |
| 13 | അരോളി ഗവ: ഹൈസ്കൂൾ ഗ്രൂപ്പ് കോ-ഓപ്പ് സ്റേറാർ | 1976 | A-69 B-5200 | | 5800 | | ലാഭം |
| 14 | പാപ്പിനിശ്ശേരി പഞ്ചായത്ത് ഹൈസ്കൂൾ കോ-ഓപ്പ് സ്റേറാർ | 1976 | 960 | | 6065 | | ലാഭം |
| 15 | പാപ്പിനിശ്ശേരി വെസ്ററ് സ്കൂൾ ഗ്രൂപ്പ് കോ-ഓപ്പ് സ്റേറാർ | 1976 | 1524 | | 1662 | 40000 | ലാഭം |
| 16 | കേരളാ ദിനേശ്ബീഡി (രണ്ട് യൂനിററ്) | 1969 | | 194 | | | ലാഭം |

## പ്രവർത്തിക്കാത്ത സംഘങ്ങൾ

1. പാപ്പിനിശ്ശേരി വെസ്ററ് കൺസ്യൂമർ സ്റ്റോർ
2. പാപ്പിനിശ്ശേരി കോ- ഓപ്പ് മാർക്കററിങ്ങ് & പ്രോസസിങ്ങ് സൊസൈററി
3. പാപ്പിനിശ്ശേരി പട്ടികജാതി ഗ്രാമവ്യവസായ സഹകരണസംഘം
4. പാപ്പിനിശ്ശേരി ബ്ലാക്ക്സ്മിത്തി ആൻറ് കാർപെൻററി വർക്കേർസ് ഇൻറ.കോ-ഓപ്പ് സൊസൈററി
5. പാപ്പിനിശ്ശേരി കോ-ഓപ് റസ്റ്റോറൻറ് സൊ:
6. പാപ്പിനിശ്ശേരി ലേബർ കോൺട്രാക്ട് സൊ:

6 അരോളി കൺസ്യൂമർ സ്റ്റോർ
8 പാപ്പിനിശ്ശേരി ബേക്കറി വർക്കേർസ് കോ-ഓപ്. സൊസൈററി
9 പാപ്പിനിശ്ശേരി ഖാദി ഗ്രാമവ്യവസായ സഹകരണ സംഘം
10 പാപ്പിനിശ്ശേരി ലൈം ഷെൽ വർക്കേഴ്സ് ഇൻറ. കോ-ഓപ് സൊസൈററി
11 പാപ്പിനിശ്ശേരി ടൂറിസം ഹോട്ടൽ വർക്കേർസ് കോ-ഓപ് സൊസൈററി

# പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

പട്ടികജാതിക്കാരെക്കുറിച്ച് പറയുമ്പോൾ സർക്കാർ കണക്കനുസരിച്ച് 68 ഉപജാതിയിൽപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് പട്ടികജാതി എന്നു പറയുന്നത്. നമ്മുടെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ പ്രധാനമായും പുലയൻ, മലയൻ, വണ്ണാൻ, വള്ളുവർ എന്നീ സമുദായങ്ങളും നാമമാത്രമായി. കണ്ണാടത്ത്മൊട്ട പ്രദേശത്ത് ഒരു പട്ടിക വർഗ്ഗ കുടുംബവും ഉൾപ്പെടുന്നു.

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട 300 കുടുംബങ്ങളും പട്ടികവർഗത്തിൽപ്പെട്ട ഒരു കുടുംബവുമാണുള്ളത് ഈ പഞ്ചായത്തിലെ പട്ടികജാതിക്കാരായ പഴയ തലമുറയുടെ ജീവിത രീതിയും പാർപ്പിടവും ഇന്ന് കാണുന്ന നിലയിലായിരുന്നില്ല. വളരെ ശോചനീയമായ നിലയിലായിരുന്നു. ജന്മിമാരുടെ കൃഷിയെ സംരക്ഷിക്കാൻ കാവൽക്കാരായി നിർത്തുന്നതിന് വേണ്ടി കുടിലുകൾ കെട്ടി താമസിപ്പിക്കുകയാണ് ചെയ്തിരുന്നത്. വിദ്യാഭ്യാസം തീരെ ഉണ്ടായിരുന്നില്ല. ആരെങ്കിലും വിദ്യാഭ്യാസം ചെയ്യണമെന്ന് ഉദ്ദേശിച്ചാൽപോലും അതിന് അനുവദിച്ചിരുന്നില്ല. ബ്രിട്ടീഷ് ഭരണകൂടം അധഃസ്ഥിതർക്ക് പ്രത്യേകം സ്ക്കൂളുകൾ സ്ഥാപിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ വേളാപുരം കോളനിയിൽ നിന്ന് അൽപം പടിഞ്ഞാറ് മാറി ഹരിജൻ കുട്ടികൾക്കുവേണ്ടി മാത്രം ഒരു ആദിദ്രാവിഡ സ്ക്കൂൾ സ്ഥാപിക്കപ്പെടുകയുണ്ടായി. അത് പിന്നീട് വേണ്ടെന്ന് വെച്ചു. മററു വിദ്യാലയങ്ങളിലും ഹരിജൻ കുട്ടികളെ ചേർത്ത് തുടങ്ങി. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളെ പഠിപ്പിക്കുന്നതിന് വേണ്ടി ഹരിജൻ വെൽഫേർ സ്ക്കൂളുകൾ അനുവദിച്ചു അതിന്റെ ഫലമായി 1959ൽ പാപ്പിനിശ്ശേരി ചുങ്കത്തിന് സമീപം ഒരു സ്ക്കൂൾ സ്ഥാപിതമായി പട്ടികജാതിക്കാരുടെ ക്ഷേമം ഉദ്ദേശിച്ച് മാത്രമാണ് ഇത്തരം സ്ക്കൂളിന്റെ പ്രവർത്തനം ആരംഭിച്ചത് ധാരാളം പട്ടികജാതിക്കാർക്ക് പ്രാഥമിക വിദ്യാഭ്യാസം ഇതിന്റെ എല്ലാം ഫലമായി നേടാൻ സാധിച്ചു. പട്ടികജാതിക്കാരുടെ ഉപജീവനമാർഗം അന്ന് പ്രധാനമായും കൃഷിയെ ആശ്രയിച്ചായിരുന്നു. കൂടാതെ പരമ്പരാഗത തൊഴിൽ ആയി പായനെയ്ത്ത്, മത്സ്യംപിടിക്കൽ ആട് വളർത്തൽ മുതലായവയിലും ഏർപ്പെട്ടുപോന്നു. തുലാപത്ത് നാളുകളിൽ സ്വന്തമായി ഉരലിൽ ഇടിച്ചുണ്ടാക്കിയ അവിലും പഴക്കുലയും ജന്മിമാർക്ക് കാഴ്ചവെക്കുകയും ഇതിന് പാരിതോഷികമായി അൽപം ധാന്യമോ, പുതിയ ഒററമുണ്ടോ സ്വീകരിക്കുക പതിവായിരുന്നു.

പട്ടികജാതിയിൽപ്പെട്ട ഒരു വിഭാഗത്തിന്റെ കുലദൈവങ്ങളായ പൊട്ടൻ,ഗുളികൻ,ഗുരുനാഥൻ, കുറത്തി തുടങ്ങിയ തെയ്യങ്ങളും വേടൻ, കോതാമൂരി തുടങ്ങിയ കോലങ്ങളും കെട്ടി വീടുകളിൽ ചെന്ന് കാട്ടിയാടുന്ന പരമ്പരാഗത അനുഷ്ഠാനം ഇന്നും നിലനിൽക്കുന്നു. ദൈവവിശ്വാസികളും കള്ളം പറയാൻ മടിക്കുന്നവരുമായിരുന്നു പഴയ കാലഘട്ടങ്ങളിൽ പട്ടികജാതിക്കാർ.

പട്ടികജാതിക്കാരായ കുടുംബങ്ങൾക്ക് പരിമിതമായ സൗകര്യങ്ങളേ ഉണ്ടായിരുന്നുള്ളുവെങ്കിലും അവർക്കിടയിൽ കൂട്ടുകുടുംബ സമ്പ്രദായമാണ് നിലനിന്നിരുന്നത്. എത്ര അദ്ധ്വാനിച്ചാലും ദാരിദ്ര്യം മാറാത്ത അവസ്ഥയിലായിരുന്നു.

1957 ൽ കേരളം ഭരിച്ച ഇ.എം.എസ് മന്ത്രിസഭയുടെ ഭരണകാലത്താണ് പാപ്പിനിശ്ശേരി വേളാപുരത്തുള്ള കോളനിക്ക് വേണ്ടി സ്ഥലം അക്വയർ ചെയ്തത്. പ്രസ്തുത സ്ഥലം പട്ടികജാതി വിഭാഗത്തിന് വിതരണം ചെയ്തത് 1964 ൽ ആയിരുന്നു ഇത് പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നത്തിന് ഒരു പരിധി വരെ അറുതി വരുത്തി.

1970 കാലഘട്ടത്തിൽ ഭൂപരിഷ്കൃത നിയമം നിലവിൽ വന്നതോട് കൂടി ജൻമി കുടിയാൻ വ്യവസ്ഥ ഇല്ലാതായി. ജന്മിമാരുടെ ഭൂമിയിൽ താമസിക്കുന്നവർക്കെല്ലാം സ്വന്തമായി ഭൂമി പതിച്ചു കിട്ടുകയും അതിൽ ഉൽപ്പാദിപ്പിക്കുന്നദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സ്വന്തമാക്കാനും സാധിച്ചു. ഓലമേഞ്ഞ വീടുകൾ ക്രമേണ അപ്രത്യക്ഷമാവുകയും ചെയ്തു. ഈ മാററം ഉണ്ടാക്കാൻ സർക്കാറിന്റെ വലിയ നിലയിലുള്ള സഹായങ്ങൾ ഉണ്ടായിട്ടുണ്ട്.

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് വേണ്ടി വിദ്യാഭ്യാസ സൗകര്യങ്ങളും ആനുകൂല്യങ്ങളും കിട്ടിയെങ്കിലും പ്രതീക്ഷിച്ച വളർച്ച ഉണ്ടായി

ട്ടില്ല. ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞാൽ തുടർന്നുള്ള പഠന മരവിപ്പാണ് കാണുന്നത്. ഇതിന് പ്രധാന കാരണം വീടുകളിലുള്ള സാമ്പത്തിക പ്രയാസം, രക്ഷിതാക്കൻമാരുടെ കാര്യശേഷി കുറവും, സമൂഹത്തിന്റെ പ്രോൽസാഹനവും ഇല്ലായ്മയാണ്. ഉയർന്ന് പഠിച്ചവരിൽ ഒരു പരിധിവരെ സർക്കാർ തലത്തിൽ ജോലി ലഭിച്ചതായി കാണാൻ സാധിക്കുന്നുണ്ട്. ഇത് പട്ടികജാതി സമൂഹത്തിൽ ഗണ്യമായ മാററങ്ങൾ വരുത്തിത്തീർത്തിട്ടുണ്ട്.

നമ്മുടെ നാട്ടിൽ ചെറുതും വലുതുമായ ഒട്ടേറെ വ്യവസായ സ്ഥാപനങ്ങളുള്ളതിനാൽ എളുപ്പം ലഭിക്കാവുന്ന താൽക്കാലിക ജോലിക്ക് വേണ്ടി പല യുവാക്കളും വിദ്യാഭ്യാസം വേണ്ടെന്ന് വെക്കുന്നത് പട്ടികജാതി വിഭാഗത്തിന്റെ ഉയർച്ചയിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്.

രാഷ്ട്ര പുരോഗതിക്ക് വേണ്ടി തൊഴിലിനു പരി സാമൂഹ്യ നവോത്ഥാന പ്രവർത്തനങ്ങളിൽ പട്ടിക ജാതിക്കാരുടെ പങ്ക് അത്യന്താപേക്ഷിതമാണ്. അടിസ്ഥാന വർഗ്ഗമായ ഇവരുടെ മോചനത്തിലൂടെ മാത്രമെ സോഷ്യലിസത്തിന്റെ പാത കണ്ടെത്താൻ സാധിക്കുകയുള്ളു.

## നിർദ്ദേശങ്ങൾ

1 ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക. ബോധവൽക്കരണ ക്ലാസ്സുകൾ നൽകുക.

2 ഭൂരഹിതർക്ക് ഭൂമിയും, വീടില്ലാത്തവർക്ക് വീട് നിർമ്മിക്കാനുള്ള സാമ്പത്തിക സൗകര്യങ്ങളും ചെയ്യുക.

3 കോളനികളിൽ താമസിക്കുന്നവരും അല്ലാത്തവരുമായ പട്ടിക ജാതിക്കാരുടെ അടിസ്ഥാന സൗകര്യങ്ങളായവയിൽ പ്രധാനമായ കക്കൂസ്, വൈദ്യുതി, കുടിവെള്ളം, ഫൂട്പാത്ത്, വീട് റിപ്പയർ എന്നീ പദ്ധതികൾ ലഭ്യമാക്കണം.

4 പട്ടികജാതിക്കാർ താമസിക്കുന്ന ഇല്ലിപ്പുറം, കടവത്ത്വയൽ തുരുത്തിയുടെ വടക്ക് ഭാഗം എന്നീ പ്രദേശങ്ങൾ സെററിൽമെൻറ് കോളനിയായി അംഗീകരിക്കുക.

5 നിരക്ഷരരെ കണ്ടെത്തി സാക്ഷരതാ പ്രവർത്തനം പുനർജീവിപ്പിക്കുക.

6 11-ാം വാർഡിൽ കുയ്യാൽ തോടിന് പാലം നിർമ്മിക്കുക. തെക്കുഭാഗത്തുള്ള തോടിന് സ്ലാബ് വാർത്തിടണം.

7 കരിമ്പന പ്രദേശത്ത് വെള്ളം കെട്ടി നിൽക്കുന്നത് പരിഹരിക്കാൻ കരിമ്പന റോഡ് മുതൽ പഴയ തീപ്പെട്ടി കമ്പനിക്കടുത്തുള്ള തോട് വരെ രണ്ടടി വീതിയിൽ 300 മീററർ നീളത്തിൽ ഓവ് ചാൽ നിർമ്മിക്കുക.

8 കോളനികളിൽ തെരുവ് വിളക്ക് ഇല്ലാത്ത സ്ഥലത്ത് തെരുവ് വിളക്ക് സ്ഥാപിക്കുകയും ഉള്ളയിടങ്ങളിൽ കത്തിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാക്കുകയും ചെയ്യുക.

9 പട്ടികജാതി കോളനി കേന്ദ്രമാക്കി ദുർബല ജനവിഭാഗങ്ങൾ കൂടുതൽ അധിവസിക്കുന്ന പ്രദേശം കണ്ടെത്തി സിവിൽ സപ്ലൈസ് കോർപറേഷന്റെ, മാവേലി സ്റ്റോർ അനുവദിക്കുക.

10 വേളാപുരം പട്ടികജാതി കോളനിയിലും 3ാം വാർഡിലും ഓരോ അംഗൻവാടി അനുവദിക്കണം.

11 വേളാപുരം പട്ടികജാതി കോളനിയിലും പരിസരത്തും കെട്ടിക്കിടക്കുന്ന വെള്ളം ഒഴുക്കി കളയുവാൻ ചുങ്കം തോടുമായി ബന്ധിപ്പിക്കുന്ന ഡ്രൈനേജ് നിർമ്മിക്കണം.

12 1ാം വാർഡിലെയും 6ാം വാർഡിലെയും പുലയൻ സമുദായ ശ്മശാനങ്ങൾ സംരക്ഷിച്ച് ചുററ് മതിൽ കെട്ടാൻ ധന സഹായം അനുവദിക്കണം.

13 കമ്മാടത്ത് മൊട്ട കോളനി റോഡ്, ടാറിടേണ്ടതാണ്. മോറോന്നുമ്മൽ എളമ്പക്ക തോട് റോഡും മുണ്ടോകണ്ടി ചക്കസൂപ്പി റോഡും സോളിങ്ങ്നടത്തി ടാറിടേണ്ടതുണ്ട്. കരിക്കൻകുളം സെററിൽമെൻറ് കോളനി റോഡിന് സോളിങ്ങ് നടത്തി ടാറിടേണം.

14 പട്ടികജാതി കോളനികളിൽ റീഡിങ്ങ്- സ്പോർട്സ് ക്ലബുകൾ സ്ഥാപിക്കണം.

15 സഹകരണാടിസ്ഥാനത്തിൽ കൊട്ടമടയൽ പായമടയൽ എന്നീ പരമ്പരാഗത തൊഴിലുകൾ പുന: സംഘടിപ്പിക്കണം. ആവശ്യമായ സഹായം നൽകണം.

## പട്ടികജാതി കോളനികൾ 10

ജനസംഖ്യ 1670. പുരുഷൻമാർ ; 828 സ്ത്രീകൾ : 842

| | | വീടുകൾ | ആവശ്യമുള്ളത് | കക്കൂസ് | ആവശ്യമുള്ളത് |
|---|---|---|---|---|---|
| 1 | എലിക്കൊവ്വൽ | 15 | 1 | 11 | 4 |
| 2 | പഴഞ്ചിറ | 28 | 1 | 23 | 5 |
| 3 | ഇല്ലിപ്പുറം | 48 | 8 | 17 | 31 |
| 4 | മുണ്ടയാട് | 20 | — | 13 | 7 |
| 5 | വേളാപുരം | 52 | – | 45 | 7 |
| 6 | പാപ്പിക്കാൻ തോട് | 15 | 4 | 5 | 10 |
| 7 | ഈന്തോട് | 23 | – | 7 | 16 |
| 8 | കടവത്ത്വയൽ | 12 | 2 | 5 | 7 |
| 9 | തുരുത്തി | 38 | 1 | 27 | 11 |
| 10 | പാറക്കൽ | 36 | – | 23 | 12 |
| | ആകെ | 286 | 17 | 176 | 110 |

---

## പട്ടികജാതികോളനി ( വിദ്യാഭ്യാസ നിലവാരം )

10ാം ക്ലാസ്സിൽ താഴെ 861 10ാം ക്ലാസ്സിനു മുകളിൽ 259

പ്രീഡിഗ്രിക്കു മുകളിൽ 24 ഐ ടി ഐ 14

എഞ്ചിനീയറിംഗ് 1

---

പട്ടികജാതി കോളനി-തൊഴിൽ ഘടന

കർഷകത്തൊഴിലാളികൾ 138

സർക്കാർ ജീവനക്കാർ 50

വ്യവസായത്തൊഴിലാളികൾ 135

മററുളളവർ 246

# വിഭവ സമാഹരണം

ഈ പഞ്ചായത്തിന്റെ വികസനത്തിൽ പൊതുവെയും 9-ാം പദ്ധതി നടത്തിപ്പിൽ പ്രത്യേകിച്ചും പഞ്ചായത്തിനകത്തെ വിഭവസമാഹരണത്തെപ്പററി പര്യാലോചിക്കുന്നതിനു് മുമ്പായി പഞ്ചായത്തിന്റെ തൊട്ടു് മുമ്പത്തെ വർഷത്തെ ആയവ്യയ കണക്കുകൾ പരിശോധിക്കേണ്ടതുണ്ടു്. 1995-'96 വർഷത്തെ തനതു് വരവു് എത്രമാത്രമുണ്ടായിരുന്നുവെന്നു് നോക്കാം.

| | |
|---|---|
| വിവിധഇനം നികുതികൾ | 7,75,485 65 |
| ലേലം വഴി വരവു് | 7,64,552 00 |
| ഷോപ്പിങ്ങ് കോംപ്ലക്സ് വാടക | 1,68,988 00 |
| ആകെ | 17,09,025 65 |

ഇനി ചെലവാകട്ടെ

| | |
|---|---|
| ഭരണച്ചെലവു് | 5,35,500 00 |
| റോഡു് സംരക്ഷണം | 3,24,406 50 |
| തെരുവു് വിളക്കു് | 61,556 00 |
| ശുദ്ധജല വിതരണം | 44,200 00 |
| ഉച്ചക്കഞ്ഞി, പത്രം, സാമൂഹ്യക്ഷേമം | 86,570 20 |
| കടം തിരിച്ചടവു് (ഷോപ്പിങ്ങ് കോംപ്ലക്സ്) | 2,54,853 00 |
| ആകെ | 13,07,085 70 |

(95-'96 ലെ വിശദമായ വരവു് ചെലവു് പട്ടിക അന്യത്ര)

ഇതിൽനിന്നു് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കു് അത്യാവശ്യ ചെലവു് കഴിച്ചു് കഴിഞ്ഞ വർഷം തനതു് വരുമാനത്തിൽ നിന്നു് നീക്കി വെക്കാൻ കഴിഞ്ഞതു് 4,01,939.95 രൂപയാണെന്നു് വരുന്നു.

കഴിഞ്ഞ വർഷത്തെ സർക്കാർ ഗ്രാന്റുകളും മററു സഹായങ്ങളും ഇപ്രകാരം സംഗ്രഹിക്കാം.

| | |
|---|---|
| നികുതിവിഹിതം | 3,15,000 00 |
| അൺടൈഡ് ഫണ്ടു് | 2,50,750 00 |
| വിവിധ ഗ്രാന്റുകൾ | 6,02,000 00 |
| ആകെ | 11,67,750 00 |

ഇതു് രണ്ടും ചേർന്ന തുക 95-'96 വർഷം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കു് ചെലവഴിച്ചിട്ടുണ്ടു്.

പഞ്ചായത്തിന്റെ വിഭവശേഷിയുടെ ശക്തി ദൗർബല്യങ്ങൾ അനാവരണം ചെയ്യാൻ ഇനി നമുക്കു് കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ പ്രധാന വരവു് ചെലവു് ഇനങ്ങൾ ഒന്നു താരതമ്യപ്പെടുത്തി നോക്കാം.

## പ്രധാന വരുമാനങ്ങൾ (പഞ്ചായത്തു് രേഖകളിൽ നിന്നു്)

| | | 90—91 | 91—92 | 92—93 | 93—94 | 94—95 | 95—96 |
|---|---|---|---|---|---|---|---|
| 1 | കെട്ടിട നികുതി | 2,21,000 | 2,26,500 | 310000 | 3,34,500 | 356700 | 3,84,800 |
| 2 | തൊഴിൽ നികുതി | 2,62,000 | 2,25,000 | 2,36,500 | 2,65,900 | 309600 | 3,60,100 |
| 3 | വിനോദ നികുതി | 47000 | 46,500 | 45,500 | 46000 | 30200 | 50,400 |
| 4 | ലൈസൻസ് ഫീസ് | 13800 | 14050 | 13900 | 18000 | 16000 | 16000 |
| 5 | ഗേത്'സിംഗ് ഐലന്റ് പാട്ടത്തിനു് | 148500 | 121250 | 1,17000 | | 78200 | 1,20,950 |
| 6 | പൂഴി ശേഖരിക്കൽ | 68,600 | 53000 | 55000 | | 382000 | 6,35200 |
| 7 | മാർക്കററു്, കടവു് | 8600 | 6500 | 7100 | 11850 | 9400 | 7300 |
| 8 | ഗ്രാന്റുകൾ | 120,500 | 42500 | 199000 | 79680 | 2,13,200 | 2,22000 |
| 9 | അൺടൈഡ് ഫണ്ടു് | 1,50,000 | 166000 | 183100 | 1,79,000 | 2,36,000 | 250750 |
| 10 | ജെ. ആർ. വൈ ഫണ്ടു് | 571232 | 517398 | 543821 | 436875 | 344268 | 344200 |

## ചെലവ്

| | 90—91 | 91—92 | 92—93 | 93—94 | 94—95 | 95—96 |
|---|---|---|---|---|---|---|
| ഭരണ ചെലവ് | 386967 60 | 508054 36 | 619851 10 | 623075 55 | 691079 45 | 690064 45 |
| പൊതുമരാമത്ത് അററകററ പണി അടക്കം | 516405 97 | 382704 49 | 353621 70 | 985791 00 | 1148397 00 | 2113346 30 |
| പത്രം | 21761 20 | 17675 52 | 22976 70 | 32510 20 | 33571 55 | 40038 30 |
| വിദ്യാഭ്യാസം, ഉച്ചക്കഞ്ഞി | 58981 90 | 59127 66 | 34411 70 | 58545 70 | 30168 90 | 77451 60 |
| തെരുവ് വിളക്ക് | 51859 25 | 51576 00 | 64046 50 | 54144 00 | 52896 00 | 61556 00 |
| ജലവിതരണം | | | | 33750 00 | | 16324 00 |
| ജെ. ആർ. വൈ പദ്ധതികൾ | 593858 00 | 511551 00 | 584002 00 | 460702 00 | 322321 00 | 356978 00 |

1990–91 മുതൽ ഇങ്ങോട്ട് 5 വർഷക്കാലം പഞ്ചായത്തിന് ലഭ്യമായ സാമ്പത്തിക വരുമാനപട്ടികയാണ് ഇവിടെ ചേർത്തിട്ടുള്ളത്. പ്രസ്തുത പട്ടിക കെട്ടിടനികുതിയിനത്തിൽ അഞ്ചുവർഷക്കാലംകൊണ്ട് 1,63,800 രൂപയുടെ വർധനവ് നേടാൻ കഴിഞ്ഞിട്ടുണ്ടെന്ന് കാണിക്കുന്നു. തൊഴിൽനികുതിയിലും ഒരു ലക്ഷത്തിൽ താഴെയുള്ള വർധനവ് കാണാം. വിനോദനികുതിയിൽ കാര്യമായ വർധനവ് ഉണ്ടായിട്ടില്ല. ഇത് യഥാർത്ഥത്തിൽ സിനിമാ പ്രദർശന രംഗത്തെ പ്രതിസന്ധിതന്നെയാണോ എന്ന് പരിശോധിക്കണം. ലൈസൻസ് ഫീസ് ഇനത്തിൽ 2200 രൂപയുടെ വർദ്ധനവേ ഉണ്ടായിട്ടുള്ളു. വ്യാവസായിക വ്യാപാരരംഗത്തെ വളർച്ചയുടെ വേഗതക്കുറവിനെയാണ് അത് കാണിക്കുന്നത്. ഭഗത്സിംഗ് അയലണ്ടിലെ തെങ്ങിൻതോപ്പിൽനിന്നുള്ള വരുമാനം 5 വർഷംകൊണ്ട് 17, 550 രൂപ കുറഞ്ഞതായി കാണുന്നു. നാളികേരത്തിന് ഈ കാലയളവിലുണ്ടായ വിലനിലവാരം പരിഗണിച്ചാൽ ഈ കുറവ് പഠനാർഹമാണ്. ഉൽപാദനക്കുറവ് സംഭവിച്ചോ എന്നു പരിശോധിക്കണം. പുഴിലേലത്തിൽ ഏററക്കുറച്ചൽ കാണുന്നു. മാർക്കററ് കടവ് ലേലത്തിലും വരുമാനം കുറഞ്ഞുവരുന്നു. സർക്കാറിൽനിന്ന് കിട്ടേണ്ടുന്ന വിവിധയിനം ഗ്രാൻറുകളിൽ ഒരുലക്ഷത്തിൽപരം രൂപയുടെ വർദ്ധനവേ ഉണ്ടായിട്ടുള്ളു. ഇത് പഞ്ചായത്തിൻെറ വികസനത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. അൺടൈഡ് ഫണ്ടിൽ കാര്യമായ വർദ്ധനവ് കാണുന്നു. ദുർബ്ബലവിഭാഗത്തെ സഹായിക്കാൻ ഉദ്ദേശിച്ചുള്ളതാണ് ജെ. ആർ. വൈ. ഫണ്ട്. ഈ ഫണ്ട് ദരിദ്രരേഖക്ക്താഴെയുള്ളവരുടെ ക്ഷേമകാര്യങ്ങൾക്കും തൊഴിൽദാന പദ്ധതികൾക്കും ലക്ഷ്യമിട്ടിരിക്കുന്നു. ഈ ഫണ്ട് പഞ്ചായത്തിന് ലഭിക്കുന്നകാര്യത്തിൽ 2, 27, 032 രൂപയുടെ ഇറക്കമാണ് കാണുന്നത്. ഇതു് കാണിക്കുന്നതു് പഞ്ചായത്തിനകത്തെ ദുർബലവിഭാഗങ്ങൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾക്ക് അഞ്ചുവർഷക്കാലത്തിനിടയിൽ പ്രതീക്ഷിച്ച വളർച്ച ഉണ്ടാക്കാൻ കഴിഞ്ഞില്ലെന്നതാണ്.

അഞ്ചുകൊല്ലംകൊണ്ട് ഭരണചെലവ് ഇരട്ടിയോളം വർദ്ധിച്ചിരിക്കുന്നു. പൊതുമരാമത്ത് അററകുററപ്പണികൾക്ക് നീക്കിവെക്കുന്ന തുക 4 ഇരട്ടിയായി വർദ്ധിച്ചിരിക്കുന്നുവെന്ന് പട്ടിക ചൂണ്ടിക്കാട്ടുന്നു. വായനശാലകൾക്ക് പത്രങ്ങൾ വിതരണം ചെയ്യുന്നവകയിൽ ചെലവ് ഇരട്ടിയായിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് പഞ്ചായത്ത് വളർത്തിക്കൊണ്ടുവന്ന താൽപര്യവും പട്ടിക വ്യക്തമാക്കുന്നുണ്ട്. തെരുവ് വിളക്കുകളുടെ കാര്യത്തിലും വർദ്ധനവ് കാണിക്കുന്നു. താരതമ്യപഠനം സാമ്പത്തികരംഗത്തെപ്പററി പ്രത്യാശ നൽകുന്നുണ്ട്.

## കാർഷിക മേഖലയിൽനിന്ന്

പഞ്ചായത്തിൻെറ മിക്ക ഭാഗങ്ങളും ഇന്നും കാർഷിക മേഖല തന്നെയാണ്. പ്രധാന വിളകൾ നെല്ലും നാളികേരവുമാണ്. 208 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഒന്നാംവിളയായി ചെയ്യുമ്പോൾ 42 ഹെക്ടർ സ്ഥലത്തുമാത്രമേ രണ്ടാംവിള ചെയ്യുന്നുള്ളു. മൊത്തം 6, 55, 738 കിലോ നെല്ല് ഉല്പാദിപ്പിക്കുന്നു. 867 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃ

ഷിയാണ്. മൊത്തം കേരവൃക്ഷങ്ങളുടെ എണ്ണം 1, 71, 400 ആണ്. ഇതിൽ 10, 700 തെങ്ങുകൾ രോഗബാധയുള്ളവയാണെന്ന് കൃഷിഭവൻ രേഖകൾ കാണിക്കുന്നു പഞ്ചായത്തിലെ മൊത്തം തേങ്ങ ഉൽപാദനം 4017500 ആണെന്ന് കണക്കാക്കുന്നു. ഇത് കൊപ്ര, വെളിച്ചെണ്ണ, ചകിരിനാര് എന്നിങ്ങനെ വിവിധ വസ്തുക്കളായി വിപണനം ചെയ്യുന്നു. പഞ്ചായത്തിന്റെ വിഭവ സ്രോതസ്സുകളിൽ മുഖ്യ ഘടകമാണ് നാളികേര ഉല്പന്നങ്ങൾ. 50,000 കി. കുരുമുളകും 4,000 കി. കശുവണ്ടിയും ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നു. വിദേശ നാണയ സമ്പാദനത്തിലും ഇപ്രകാരം പഞ്ചായത്ത് അതിന്റെ പങ്ക് നിർവ്വഹിക്കുന്നുവെന്ന് വേണമെങ്കിൽ പറയാം.

## വ്യവസായ മേഖലയുടെ സ്വാധീനം

50 ലക്ഷത്തിലേറെ വിററുവരവുള്ള പ്രധാനപ്പെട്ട 4 സ്ഥാപനങ്ങളെങ്കിലും പഞ്ചായത്തിനകത്തുണ്ട്. വെസ്റ്റേൺ ഇന്ത്യാ കോട്ടൻസ്, ബലിയപട്ടം ടൈൽസ്, സ്വരാജ് പ്ലൈവുഡും അനുബന്ധ യൂനിററുകളും, സഹകരണ ടൈൽസ് എന്നിവയാണവ. അവയുടെ മൂലധനം വർഷാന്ത വിററുവരവ് എന്നിവ താഴെ കൊടുക്കുന്നു. (കമ്പനി ഓഫീസുകളിൽ നിന്നു ശേഖരിച്ചത്)

| | പ്രവർത്തനമൂലധനം — | വർഷാന്ത വിററുവരവ |
|---|---|---|
| 1 വെസ്റ്റേൺ ഇന്ത്യാ കോട്ടൺസ് | 9, 36, 00, 000 രൂപ. | 30, 73, 00 000 രൂപ. |
| 2 ബലിയപട്ടം ടൈൽസ് | 90, 15, 000 രൂപ. | 6, 00, 00, 000 രൂപ. |
| 3 സ്വരാജ് പ്ലൈവുഡും അനുബന്ധ യൂനിററുകളും | 45, 00, 000 രൂപ. | 2, 02, 00, 000 രൂപ. |
| 4 സഹകരണ ടൈൽസ് | 41, 16, 559 രൂപ. | 66, 46, 000 രൂപ. |

ത്വരിതഗതിയിൽ വ്യവസായവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ മുഖചിത്രമാണ് ഇവിടെ ചേർത്തിട്ടുള്ള സ്ഥിതിവിവര പട്ടിക. ഇവയിൽ നിന്നും മററു വ്യവസായ സ്ഥാപനങ്ങളിൽനിന്നും ഉൽപാദിപ്പിക്കപ്പെടുന്ന വിവിധതരം ഉൽപ്പന്നങ്ങളും അവിടങ്ങളിലെ കൂറോടെ പ്രവർത്തിക്കുന്ന തൊഴിലാളികളും അവയുടെ മാനേജ്മെൻറും ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിൽ ചെലുത്തുന്ന സ്വാധീനം ചെറുതൊന്നുമല്ല. ഇവിടുത്തെ സേവന-വേതന വ്യവസ്ഥകളും ട്രെയിഡ് യൂനിയൻ പ്രസ്ഥാനവും ഈ പഞ്ചായത്തിലെ കാർഷിക മേഖലയിലടക്കം പ്രവർത്തിച്ചു വരുന്ന തൊഴിലാളികളുടെപോലും സേവന - വേതന വ്യവസ്ഥകളെ പണ്ടുമുതൽക്കേ സ്വാധീനിച്ചുപോന്നിരുന്നു.

പദ്ധതി നടത്തിപ്പിനുള്ള വിഭവ സമാഹരണത്തിൽ താഴെ പറയുന്ന രീതിയിൽ പങ്കാളിത്തവും അതിന്നാവശ്യമായ ആസൂത്രണവും സംഘടിപ്പിക്കാൻ കഴിയണം. വിഭവങ്ങളെ താഴെപറയുന്ന രീതിയിൽ ഇനംതിരിക്കണം.

1 9-ാം പദ്ധതിയുടെ സർക്കാർ വിഹിതം
2 നികുതിവഴി പഞ്ചായത്ത് സ്വരൂപിക്കുന്ന മിച്ചധനം
3 വാടക വരവ്, മാർക്കററ്
4 പ്രകൃതിവിഭവം
5 കാർഷിക വിഭവം
6 സാമ്പത്തിക ഏജൻസികളിൽനിന്ന്
7 വ്യക്തികളിൽനിന്ന്
8 സന്നദ്ധപ്രവർത്തനം

**1 പദ്ധതിയുടെ സർക്കാർവിഹിതം**: 9-ാം പദ്ധതിയുടെ അടങ്കൽ നിശ്ചയിക്കുന്നതോടെ അതിൽ പഞ്ചായത്തിന്റെ വിഹിതം എത്രയെന്ന് കൃത്യമായി പറയാനാകും. സംസ്ഥാനത്തിനു കിട്ടുന്ന പദ്ധതിവിഹിതത്തിൽ 30—40 ശതമാനം ത്രിതല പഞ്ചായത്തുകൾക്ക് വീതിക്കുമെന്നാണ് അറിയുന്നത്.

**2 നികുതികൾ :** കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി എന്നിവയാണ് പഞ്ചായത്തിന്റെ നികുതി വരുമാനങ്ങൾ.

95-'96 ലെ കെട്ടിട നികുതി വരുമാനം 3,84,824 35 രൂപയും തൊഴിൽ നികുതി 3,60,108 രൂപയും വിനോദ നികുതി 30,553 രൂപയുമായിരുന്നു. 97 ഏപ്രിലിൽ കെട്ടിട നികുതി പുനർനിർണ്ണയം ചെയ്യാൻ പോവുകയാണ്. സേവന നികുതി പഞ്ചായത്തിൽ ഇപ്പോൾ നിലവിലില്ല.

**3 വാടകവരവ്-മാർക്കററ് :** കാലോചിതമായി പരിഷ്കരിച്ച് വർദ്ധനവ് വരുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ നിക്ഷേപങ്ങൾ നടത്തിയും വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

**4 പ്രകൃതിവിഭവം;** കല്ലൂരി, പാറക്കൽ പുഴയിൽ നിന്ന് പൂഴി വാരാൻ ലേലം ചെയ്തുകൊടുക്കുക വഴി 6,35,247 രൂപ കഴിഞ്ഞ വർഷം പഞ്ചായത്തിന് ലഭിക്കുകയുണ്ടായി. ഇതിൽ കാലാകാലം ഏററക്കുറച്ചിൽ സംഭവിച്ചു കാണുന്നു.

**5 കാർഷികവിഭവം ;** വളപട്ടണം പുഴയുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന 5 ചെറു ദ്വീപുകളാണ് ഭഗത്സിംഗ് അയലണ്ട് എന്ന പേരിൽ അറിയപ്പെടുന്നത്. അയലണ്ടിൽ പഞ്ചായത്ത് വക തെങ്ങുകൃഷി ചെയ്യുന്നുണ്ട്. തേങ്ങയിടാനും കള്ള് ചെത്താനും പാട്ടത്തിന് ലേലംചെയ്തു കൊടുക്കുകയാണ് പതിവ്. കഴിഞ്ഞ വർഷം ആ വകയിൽ ഉണ്ടായ വരുമാനം 1,20,950 രൂപയാണ്.

**6 സാമ്പത്തിക ഏജൻസികൾ ;** 5 ധനകാര്യ സ്ഥാപനങ്ങളാണ് പഞ്ചായത്തിനകത്ത് പ്രവർത്തിച്ചു വരുന്നത്. ഒരു സർവ്വീസ് ബേങ്ക്, ഒരു റൂറൽ ബേങ്ക് ശാഖ, രണ്ട് പൊതുമേഖലാ ബേങ്കുകൾ എന്നിവയാണവ.

| | | പ്രവർത്തന മൂലധനം |
|---|---|---|
| 1 | പാപ്പിനിശ്ശേരി സർവ്വീസ് കോപ്പററീവ് ബേങ്ക് | 5,42,17,603 രു |
| 2 | പാപ്പിനിശ്ശേരി കോപ്പററീവ് റൂറൽ ബേങ്ക്, കല്ല്യാശ്ശേരിയുടെ ശാഖ | 3,08,91,435 രു |
| 3 | കേരളാ സ്റ്റെയിററ് ഫിനാൻഷ്യൽ എൻറർപ്രൈസസ് ശാഖ | 10,00,000 രു |
| 4 | സ്റ്റെയിററ് ബേങ്ക് ഓഫ് ഇന്ത്യ ശാഖ | ലഭ്യമല്ല |
| 5 | ഇന്ത്യൻ ബേങ്ക് ശാഖ | ലഭ്യമല്ല |

കണക്ക് ലഭ്യമാക്കിയ 3 ധനകാര്യ സ്ഥാപനങ്ങളും കൂടി 95-96ൽ പഞ്ചായത്തിൽ നിന്നു ശേഖരിച്ച നിക്ഷേപം 8,20,11,808 രൂപയാണ്. ഇത്രയും സംഖ്യ മററു രണ്ട് ബേങ്കുകളും നിക്ഷേപമായി സ്വീകരിച്ചിരിക്കാനാണ് സാദ്ധ്യത. കണക്ക് നൽകിയ മൂന്നു സ്ഥാപനങ്ങളും കൂടി കഴിഞ്ഞ വർഷം നൽകിയ വായ്പ 6,71,61,338 രൂപയാണ്. ഏതാണ്ട് ഡെപ്പോസിററിന്റെ 82 ശതമാനം വരും. ജനങ്ങളെ ലക്ഷ്യമാക്കി പ്രത്യേക വികസന പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ലെങ്കിലും ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ ശാഖ ഒഴികെ മററു സ്ഥാപനങ്ങൾ ഐ ആർ ഡി. പി പോലുള്ള സർക്കാർ സ്കീമുകൾക്ക് പലിശ ഇളവോടെ വിവിധ ഇനം കടം നൽകി വരുന്നു. പെഴ്സണൽ ലോൺ വഴി വ്യക്തികളെ സഹായിക്കുന്നുണ്ട്. വ്യക്തികൾക്ക് വ്യവസായ വായ്പകളും കാർഷിക വായ്പകളും നൽകുന്നുണ്ട്. വികസനോന്മുഖ വിഭവസമാഹരണത്തിൽ ഈ ധനകാര്യ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്താവുന്നതാണ്. (കണക്കുകൾ സ്ഥാപനങ്ങൾ നൽകിയത്.

നൂറു രൂപക്ക് 10 രൂപ മാസപ്പലിശ വാങ്ങുന്ന കഴുത്തറുപ്പൻ സ്വകാര്യ ഇടപാടുകളും പഞ്ചായത്തിൽ വ്യാപകമായി നടക്കുന്നുണ്ട്. വിഭവസമാഹരണത്തിലും വിതരണത്തിലും നമ്മുടെ ധനകാര്യ സ്ഥാപനങ്ങൾ പോരാതെ വരുന്നുവെന്നാണിത് കാണിക്കുന്നത്. ഇതൊരു സാമൂഹ്യപ്രശ്നമാണ്. ഇത്തരത്തിൽ ലക്ഷങ്ങൾ ഇടപാട് നടത്തുന്ന ഇരുപതോളം വ്യക്തികൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. മിക്കവാറും കള്ളപ്പണമാണ് ഈ മേഖലയിൽ വ്യാപരിക്കുന്നത്. ഈ എട്ടുകാലി വലയിൽപെട്ടാൽ ഉത്തമർണ്ണന് ഉള്ളതെല്ലാം വിട്ടൊഴിഞ്ഞ് കൊടുക്കുകയേ നിവൃത്തിയുള്ളു.

**7 വ്യക്തികളിൽനിന്ന് :** പഞ്ചായത്തിനകത്തുനിന്ന് 1400 പേർ വിദേശത്ത് ജോലി ചെയ്യു

നുണ്ടെന്നാണ് ഒരു ഏകദേശ കണക്ക്. ഇവർ വഴി എത്രമാത്രം പണം പഞ്ചായത്തിൽ എത്തിച്ചേരുന്നുവെന്ന് അറിയുന്നില്ല എന്നിരുന്നാലും ആദായകരമായ പദ്ധതികളിലേക്ക് മൂലധന നിക്ഷേപമായി ഈ പണം ഉപയോഗപ്പെടുത്താനാവും. മാത്രവുമല്ല ബെങ്ക് നിക്ഷേപങ്ങളിൽ ഒരു നല്ല ശതമാനം ഈ വരുമാനംവഴിയുള്ളതാകാനാണ് സാദ്ധ്യത.

**8 സന്നദ്ധ പ്രവർത്തനം :** പദ്ധതി നടത്തിപ്പിൽ മനുഷ്യ വിഭവം എന്ന നിലയിൽ സന്നദ്ധ പ്രവർത്തനംവഴി 25 ശതമാനത്തിന്റെ പങ്കാളിത്തം കണ്ടെത്താനാവും. സി. പി. ഐ. (എം.), മുസ്ലിം ലീഗ്, കോൺഗ്രസ് (ഐ) തുടങ്ങിയ രാഷ്ട്രീയ സംഘടനകളും അവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന യുവജനസംഘടനകൾക്കും നല്ല വേരോട്ടമുള്ള മണ്ണാണ് പാപ്പിനിശ്ശേരിയുടേത്. കർഷകസംഘം, ട്രെയിഡ് യൂനിയനുകൾ മഹിളാ അസോസിയേഷൻ എന്നീ പ്രസ്ഥാനങ്ങളും സുസംഘടിതമായുണ്ട്. അവരെ കർമ്മോന്മുഖരാക്കാൻ കഴിയണം. ശ്രീ. സുമിത്രനാരോൻ മെമ്മോറിയൽ ട്രസ്റ്റ് നല്ല സാമ്പത്തിക അടിത്തറയുള്ള പാപ്പിനിശ്ശേരിയിലെ ഒരു സന്നദ്ധ സംഘടനയാണ്, സാമൂഹ്യ സേവാ സംഘങ്ങളും രംഗത്തുണ്ട്. ക്ലബ്ബുകളിലും, വായനശാലകളിലും, കലാസമിതികളിലും ഒതുങ്ങിക്കഴിയുന്ന യുവശക്തികളെ നിർമ്മാണ പ്രവർത്തനങ്ങളിൽ നമുക്ക് ഉപയോഗിക്കാനാവും. ഒരോപദ്ധതി സ്കീമും രൂപപ്പെടുത്തുമ്പോൾ ഏതേത് മേഖലക്ക് എത്രത്തോളം ഇവയെല്ലാം ഉൾപ്പെടുത്താനാകും എന്ന് പരിഗണിക്കാവുന്നതാണ്.

## പഞ്ചായത്തിന്റെ വിഭവശേഷി വർദ്ധിപ്പിക്കാൻ ചില നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു

1 സേവന നികുതി ചുമത്തുക

2 ഗേത്സിംഗ് അയലണ്ടിൽ ഒഴിഞ്ഞു കിടക്കുന്നിടമടക്കം പുറംപോക്കുകളിൽ തെങ്ങ്കൃഷി വ്യാപിപ്പിക്കുക

3 പൂഴി വാരി കരയിൽ ശേഖരിക്കാൻ പററിയ സ്ഥലം പഞ്ചായത്തിന് സ്വന്തമായി ഉണ്ടാക്കുക

4 നിലവിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സ് മാതൃകയിൽ പാപ്പിനിശ്ശേരി വെസ്റ്റിൽ കോംപ്ലക്സ് പണിയാൻ ലഘു പലിശക്ക് കടം കിട്ടാൻ ഏർപ്പാടുണ്ടാവുക

5 സാമൂഹ്യസേവനം നടത്താൻ തയ്യാറുള്ള സന്നദ്ധ പ്രവർത്തകരെ വാർഡ് അടിസ്ഥാനത്തിൽ തിരിച്ച് റജിസ്റ്റർ ചെയ്ത് സൂക്ഷിക്കുക.

# വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് * | ബാക്കി | Revission/write of |
|---|---|---|---|---|
| 1 | 2 | 3 | 4 | |
| കെട്ടിട നികുതി | 386223 80 | 384824 35 | 1399 45 | |
| സർവ്വീസ് ചാർജ്ജ് | — | — | | |
| തൊഴിൽ നികുതി | 382005 00 | 360108 00 | 18175 00 | 3722 00 |
| വാഹന നികുതി | — | — | | |
| വിനോദ നികുതി | 30553 30 | 30553 30 | | |
| അഡി. വിനോദ നികുതി | 19835 35 | 19835 35 | | |
| പ്രദർശന നികുതി | 2160 00 | 2160 00 | | |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 540 00 | 540 00 | | |
| ചന്ത വരവ് | 5760 00 | 5760 00 | | |
| ലാൻറ് സെസ്സ് | — | .... | — | |
| ലൈസൻസ് ഫീസ് | 16063 00 | 16063 00 | | |
| കെട്ടിട നികുതി സർചാജ്ജ് | .... | — | | |
| വസ്തു കൈമാററ നികുതി 75% | 286414 00 | 286414 00 | | |
| വസ്തു കൈമാററ നികുതി 25% | — | ... | | |
| സർക്കാർ ഗ്രാൻറുകളും മററും ഒഴികെയുള്ള മററു വരവുകൾ | 1649881 16 | 1283559 11 | 366322 05 | |
| സംഭാവന | — | — | | |
| ഡെപ്പോസിററ് | 673762 29 | 673762 29 | | |
| മററുള്ളവ (Grants) | 882743 00 | 882743 00 | | |
| ആകെ | 43,35,940 90 | 39,46,322 40 | 3,85,896 50 | 3722 00 |

* നിയമനടപടികൾ സ്വീകരിച്ചു.

## ചെലവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 579573 65 |
| പൊതുമരാമത്ത് | 2113346 30 |
| വിദ്യാഭ്യാസം | 165651 80 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 100857 50 |
| തെരുവ് വിളക്കുകൾ കത്തിക്കുന്നത് | 61556 00 |
| മറ്റുള്ളവ | 1084484 20 |
| ആകെ | 4105469 45 |

## പൊതു സാമ്പത്തിക നില

| | പൊതു കണക്ക് | മൂലധന കണക്ക് | കടംസംബന്ധിച്ച കണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 2646409 92 | 421215 24 | 878697 24 |
| ചെലവ് | 1685515 75 | 1669930 30 | 750023 40 |

## പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് | | |
|---|---|---|---|---|
| | | ഗ്രാൻറ് തുക | പഞ്ചാ. ഫണ്ട് | ആകെ |
| 1 | 2 | 3 | 4 | 5 |
| റോഡ് | 1442000 00 | 720800 00 | 1094803 00 | 1815603 00 |
| തോട് | 15000 00 | — | 14274 00 | 14274 00 |
| കെട്ടിടം | 10000 00 | — | 9530 00 | 9530 00 |
| നടപ്പാലം | 1000 00 | — | 1000 00 | 1000 00 |
| മറ്റുള്ളവ | 352000 00 | 227000 00 | 177212 00 | 404212 00 |
| ആകെ | 1820000 00 | 947800 00 | 1296819 00 | 2244619 00 |

## സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ

| വകവിവരം | വില്ലേജിന്റെ പേര് | വിസ്തീർണ്ണം | മതിപ്പ് വില |
|---|---|---|---|
| ഭേത്സിംഗ് ഷെലൻറ് | പാപ്പിനിശ്ശേരി | 10 43 ഏക്ര | 2500000 00 |
| ഹൈസ്കൂം സ്ഥലം | ,, | 4.45 ,, | 5000000 00 |
| മാർക്കററ് | ,, | 0 03 ,, | 10000 00 |
| RWS Tank Site | ,, | 0.04 ,, | 5000 00 |
| ഓഫീസ് കോമ്പൗണ്ട് | ,, | 0.53 ,, | 200000 00 |
| പൊതു മത്സ്യ മാർക്കററ് | പാപ്പിനിശ്ശേരി | 0.11 ഏക്ര | 20000 00 |
| കളിസ്ഥലം | ,, | 1.09 ,, | 200000 00 |
| പൊതു ശ്മശാനം | ,, | 0.20 ,, | 5000 00 |
| നഴ്സറി സ്കൂം | ,, | 0.05 ,, | 5000 00 |
| ആകെ | | 16.93 ഏക്ര | 79,45,000 00 |

## പഞ്ചായത്ത് രാജ് നിയമപ്രകാരം മററു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

| വകുപ്പ് | തുക | | ആകെ |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | |
| മൃഗസംരക്ഷണം | .... | 132 00 | 132 00 |
| ആരോഗ്യം | .... | .... | |
| കൃഷി | 39525 00 | .... | 39525 00 |
| P. W. D. | .... | .... | |
| ഹരിജനക്ഷേമം | .... | 424 00 | 424 00 |
| മററുള്ളവ M. I | 2500 00 | .... | 2500 00 |
| ആകെ | 42025 00 | 556 00 | 42581 00 |

## ഗ്രാൻറ് വിവരങ്ങൾ

| | VRM രൂ | MI രൂ | VTC രൂ | അടിസ്ഥാന നികുതി | | Spl. Grand രൂ | IRY രൂ | അൺടൈഡ് ഫണ്ട് രൂ | ആകെ |
|---|---|---|---|---|---|---|---|---|---|
| | | | | 25 % രൂ | 75 % രൂ | | | | |
| തുക | 7218 00 | 4700 00 | 117506 00 | | 28499 00 | | 343200 00 | 250750 00 | 751873 00 |

## ലേലവരുമാനം സംബന്ധിച്ച വിവരങ്ങൾ

| ചന്ത | സ്റ്റാന്റ് | ചവറ് | പട്ടമരങ്ങൾ | ഫലവൃക്ഷങ്ങൾ | ഷോപ്പിങ്ങ് കോംപ്ലക്സ്/ കടകൾ | പുഴി ലേലം മററുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 5760 | 19536 | — | --- | 120945 | 149452 | 635247 | 930940 |

. :0 95

# കണ്ണൂർ ജില്ല





COVER DESIGN & PRINTED BY :
SWETHA ADVERTISING SYSTEMS PAPPINISSERY - KNNUR 670 561

Printed at **PIPCOS** Pappinisseri 670561